

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2026-28)

രണ്ടാമത്..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) അദ്ധ്യായം III ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

.....രണ്ടാമത്..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) അദ്ധ്യായം III ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1
അനുബന്ധം I പ്രധാനപ്പെട്ട നിഗമനങ്ങളും /ശിപാർശകളും	:	112
അനുബന്ധം II ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി	:	118

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2026-28) യുടെ നൂറ്റാമത് ... റിപ്പോർട്ട് സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) അദ്ധ്യായം III ലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) അദ്ധ്യായം III ലെ ഓഡിറ്റ് ഖണ്ഡികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതിയുടെ ആസൂത്രണവും നടപ്പാക്കലും

ആമുഖം

കേന്ദ്ര സർക്കാർ (ജി.ഒ.ഐ.) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ (1997-2002) വനിതാ ഘടക പദ്ധതി (ഡബ്ല്യൂ.സി.പി.) അതിന്റെ സുപ്രധാന പരിപാടിയായി അംഗീകരിച്ചു. കേരള സർക്കാർ (ജി.ഒ.കെ.) 1998 ജൂണിൽ വനിതാ ഘടക പദ്ധതി തദ്ദേശ സ്വയംഭരണ തലത്തിൽ അവതരിപ്പിച്ചു തുടർന്നുള്ള വർഷങ്ങളിലും കേരള സർക്കാർ വനിതാ ഘടക പദ്ധതി തദ്ദേശ തലത്തിൽ തുടരുകയും വികസന ഫണ്ടിന്റെ[1] 10 ശതമാനം സ്ത്രീകൾക്ക് പ്രത്യേകമായുള്ള പദ്ധതികൾക്ക് മാറ്റിവയ്ക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തു. വനിതാ ഘടക പദ്ധതിയുടെ പ്രധാന ലക്ഷ്യം സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക എന്നതായിരുന്നു. കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകൾ (2013 നവംബർ) നിർദ്ദേശിക്കുന്നത് സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമൂഹ്യ സാമ്പത്തിക

1 വനിതാ ഘടക പദ്ധതിയുടെ കാര്യത്തിൽ വികസന ഫണ്ട് എന്നത് വികസനഫണ്ട് (പൊതുവായത്), പ്രത്യേക ഘടക പദ്ധതി ഫണ്ട് (എസ്.സി.പി.) പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ട് (റ്റി.എസ്.പി.), കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (2015-16) വരെ , 2016-17 മുതൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തിയിരുന്നില്ല.

നിലവാരം ഉയർത്തുന്നതുമായ പദ്ധതികൾ, അതായത് സ്ത്രീകൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന പദ്ധതികൾ മാത്രമേ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവൂ എന്നതാകുന്നു.

ഐക്യരാഷ്ട്ര സംഘടന (യു.എൻ.) 2015 വർഷത്തിൽ 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും (സസ്റ്റെയിനബിൾ ഡെവലപ്പ്മെന്റ് ഗോൾ (എസ്.ഡി.ജി.)) 169 അനുബന്ധ ലക്ഷ്യങ്ങളും നിർദ്ദേശിച്ചു. ഇത്, നമ്മുടെ ലോകം മാറ്റപ്പെടുന്നു: സുസ്ഥിരവികസനത്തിനുള്ള 2030 അജൻഡ എന്ന് ഔദ്യോഗികമായി അറിയപ്പെടുന്നു. സുസ്ഥിര വികസന ലക്ഷ്യം 5 പരാമർശിക്കുന്നത് ലിംഗസമത്വം കൈവരിക്കുന്നതിനെയും എല്ലാ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തെയും കുറിച്ചാണ്. ഐക്യരാഷ്ട്ര സംഘടനയുടെ എസ്.ഡി.ജി. കേരള സർക്കാർ അംഗീകരിക്കുകയും സ്ത്രീ ശാക്തീകരണത്തിനുള്ള പദ്ധതികൾ/ പരിപാടികൾ നടപ്പാക്കുന്നതിനായി കേരള സർക്കാരിന്റെ സാമൂഹ്യ നീതി വകുപ്പിനെ നോഡൽ വകുപ്പായി തെരഞ്ഞെടുക്കുകയും ചെയ്തു. 2030 ഓടെ എസ്.ഡി.ജി. കൈവരിക്കുന്നതിനായി വേണ്ട പദ്ധതികൾക്ക് രൂപം നൽകുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും (തസ്വഭ) പ്രത്യേക പരിഗണന നൽകണമെന്ന് സാമൂഹ്യനീതി വകുപ്പ് നിർദ്ദേശിച്ചു.

സംഘടനാ രൂപം

വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾ/ ഏജൻസികൾ ഏർപ്പെട്ടിരിക്കുന്നു.

ദേശിയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ പ്രിൻസിപ്പൽ സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി തലവനായ കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിനെ അധികാരപ്പെടുത്തിയിരിക്കുന്നു. ഗ്രാമീണനഗര പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (പി.ആർ.ഐ.) എന്നും നഗര തദ്ദേശ സ്ഥാപനങ്ങൾ (യു.എൽ.ബി.) എന്നും പരാമർശിക്കുന്നു. സംസ്ഥാനത്തെ ത്രിതല[2] പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ

2 ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്.

തലവും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്ക് (ഡി.പി.സി.) സമർപ്പിക്കുകയും, വിവിധ നടപ്പാക്കൽ ഏജൻസികൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും യുഎൽബികളിലും ജാഗ്രതാസമിതികൾ കേരള സർക്കാർ രൂപീകരിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വികേന്ദ്രീകരണ പ്രക്രിയയിൽ ജെൻഡർ മുഖ്യധാരയിൽ ആക്കുന്നതിനും വേണ്ടിയുള്ള സംസ്ഥാന വനിതാ കമ്മീഷന്റെ ഒരു സംരഭമാണ് ജാഗ്രതാസമിതി.

ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെ പറയുന്നവ വിലയിരുത്താനായിരുന്നു.

i) സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള പദ്ധതികളും/ പരിപാടികളും രൂപം നൽകിയതും നടപ്പാക്കിയതും ചെലവു ചുരുക്കിയും, കാര്യക്ഷമമായും, ഫലപ്രദമായും ആയിരുന്നോ എന്നും കേന്ദ്ര സർക്കാർ അംഗീകരിച്ച ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യത്തിലെ ജെൻഡർ ലിംഗ സമത്വം കൈവരിക്കാനുള്ള ലക്ഷ്യത്തോടെയായിരുന്നുവോ;

ii) വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമവും, പദ്ധതികൾ/പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സാമ്പത്തിക സഹായം പര്യാപ്തമായിരുന്നുവോ.

ഓഡിറ്റിന്റെ മാനദണ്ഡം

പ്രവർത്തനക്ഷമതാ ഓഡിറ്റ് വിലയിരുത്തുന്നതിനായുള്ള ഓഡിറ്റ് മാനദണ്ഡം ഉരുത്തിരിഞ്ഞത് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നായിരുന്നു:

i) 1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം,

ii) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം,

iii) കേന്ദ്ര സർക്കാർ /കേരള സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇറക്കിയ പദ്ധതി/ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ / സർക്കുലറുകൾ /ഉത്തരവുകൾ,

iv) ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ,

(v) സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം ഇറക്കിയ ജെൻഡർ ബജറ്റിംഗ് ഹാൻഡ് ബുക്ക് 2007-ഉം 2015-ഉം

ഓഡിറ്റിന്റെ വ്യാപ്തിയും പ്രവർത്തന രീതിയും

2012-13 മുതൽ 2016-17 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി പ്രവർത്തനക്ഷമതാ ഓഡിറ്റ് 2017 മേയ് മുതൽ ഒക്ടോബർ വരെ നടത്തി. പ്രവർത്തനക്ഷമതാ ഓഡിറ്റ് ആരംഭിച്ചത് തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ.എസ്.ജി.ഡി.) അഡീഷണൽ സെക്രട്ടറിയുമായുള്ള ഒരു പ്രാരംഭ കൂടിക്കാഴ്ചയോടെയായിരുന്നു (2017 ജൂൺ). പ്രസ്തുത യോഗത്തിൽ ഓഡിറ്റിന്റെ ഉദ്ദേശ്യങ്ങൾ, മാനദണ്ഡം, ഓഡിറ്റിന്റെ പ്രവർത്തന രീതി എന്നിവ വിശദമായി ചർച്ച ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2018 ജനുവരി 9 ന് ഒരു സമാപന സമ്മേളനം നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. റിപ്പോർട്ടിന് അന്തിമ രൂപം നൽകിയപ്പോൾ ലഭിച്ച മറുപടികൾ പരിഗണിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ സൂക്ഷ്മ പരിശോധന, ചോദ്യാവലിയും, സംയുക്ത സ്ഥല പരിശോധനയിലൂടെയുമുള്ള വിവരശേഖരണം എന്നിവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ പ്രവർത്തന രീതി. സുലേഖാ[3], സാംഖ്യ[4], എന്നീ ഡാറ്റാബേസുകളും, സെൻസസ് വിവരങ്ങളും ഡാറ്റാ അനലിറ്റിക്സിന് ലിങ്ക് ചെയ്തിരുന്നു. ഡാറ്റാ അനലിറ്റിക്സിൽ നിന്നും ഉരുത്തിരിഞ്ഞ ഫലങ്ങൾ ഓഡിറ്റ് ആസൂത്രണം ചെയ്യുന്നതിനും സാമ്പിളുകൾ തെരഞ്ഞെടുക്കുന്നതിനും സബ്സ്റ്റാന്റീവ് ഓഡിറ്റിൽ

---

3 പദ്ധതി രൂപീകരണം, വിലയിരുത്തൽ, അംഗീകാരം, പുന:പരിശോധന പ്രക്രിയ. പ്ലാൻ പദ്ധതികളുടെ വകയിരുത്തലിനെതിരെയുള്ള ചെലവ് എന്നിവ നിരീക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വെബ് ആപ്ളിക്കേഷൻ സൂട്ട്.

4 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്രുവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ.

ഓഡിറ്റ് ശ്രദ്ധിക്കേണ്ട സുപ്രധാന മേഖലകൾ കണ്ടെത്തുന്നതിനും ഉപയോഗിച്ച ഐഡിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് സ്റ്റാറ്റിഫൈഡ് സാംപ്ലിംഗ് രീതിയിലൂടെ വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് 30-യൂണിറ്റുകൾ[5] തെരഞ്ഞെടുത്ത ഇവ ചുവടെ കാണിച്ചിരിക്കുന്നു.

2016-17 -ൽ സറണ്ടർ ചെയ്ത ഫണ്ട്

മുഖ്യ ശീർഷകം	ചുമതല	ബജറ്റ് വകയിരുത്തൽ (₹)	സറണ്ടർ (₹)	സറണ്ടറിന്റെ ശതമാനം	അസ്സൽ ബജറ്റ് (₹)
2202	പൊതുവിദ്യാഭ്യാസം	76492000	58067000	76	18425000
2210	വൈദ്യസഹായ രംഗവും പൊതുജന ആരോഗ്യവും	80757000	7323000	9	73434000
2217	നഗര വികസനം	11336000000	3646782000	32	7689218000
2225	പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമം	2261479000	921340000	41	1340139000
2230	തൊഴിലും തൊഴിൽ സൗകര്യങ്ങളും	402283000	112747000	28	289536000
2235	സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	48705946000	8399364000	17	40306582000
2401	ധാന്യവിളകൾ	124344000	418000	0	123926000
2402	മണ്ണ്-ജല സംരക്ഷം	450000	16000	4	434000
2501	ഗ്രാമവികസനത്തിനുള്ള പ്രത്യേക പരിപാടികൾ	3860402000	2087993000	54	1772409000
2515	മറ്റു ഗ്രാമവികസന പരിപാടികൾ	381576000	188618000	49	192958000
2851	ഗ്രാമ ചെറുകിട വ്യവസായങ്ങൾ	500000	0	0	50000
	ആകെ	67230229000	15422668000	23	51807561000

5 രണ്ട് കോർപ്പറേഷനുകൾ, അഞ്ച് മുനിസിപ്പാലിറ്റികൾ, നാല് ജില്ലാ പഞ്ചായത്തുകൾ, അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ, 14 ഗ്രാമപഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) 3.1.1, 3.1.2, 3.1.4, 3.1.5 ഓഡിറ്റ് ഖണ്ഡികൾ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫണ്ട് നൽകൽ

കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത് വനിതാ ഘടക പദ്ധതിയ്ക്ക് വികസന ഫണ്ടിന്റെ 10 ശതമാനം നിർബന്ധമായും വകയിരുത്തണമെന്നാണ്. 2012-13 മുതൽ 2016-17 കാലയളവിലെ വികസന ഫണ്ടിന്റെ ആകെ വകയിരുത്തൽ, വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തിയ തുക അതിന്റെ വിനിയോഗം ചുവടെ കാണിച്ചിരിക്കുന്നു.

വനിതാ ഘടക പദ്ധതിയ്ക്ക് സംസ്ഥാനത്താകെയുള്ള വകയിരുത്തലും ചെലവും

(₹ കോടിയിൽ)

വർഷം	ആകെ വികസന ഫണ്ട്	വനിതാ ഘടക പദ്ധതിയ്ക്കു കീഴിലെ വകയിരുത്തൽ	വകയിരുത്തലിന്റെ ശതമാനം	വനിതാ ഘടക പദ്ധതിയ്ക്കു കീഴിലെ ചെലവ്	വകയിരുത്തലിന് അഭിമുഖമായുള്ള ചെലവിന്റെ ശതമാനം
2012-13	3482.47	429.81	12.34	291.25	67.76
2013-14	4613.22	529.13	11.47	406.82	76.88
2014-15	5454.64	611.26	11.21	440.77	72.11
2015-16	5701.63	603.93	10.59	432.95	71.69
2016-17	4603.53	560.46	12.17	335.64	59.89
ആകെ	**23855.49**	**2734.59**	**11.46**	**1907.43**	**69.75**

സ്രോതസ്സ്: ഇൻഫൊർമേഷൻ കേരള മിഷൻ

2012-13 മുതൽ 2016-17 കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതിയ്ക്കായി ₹2734.59 കോടി വകയിരുത്തിയിരുന്നത്

വികസന ഫണ്ടിന്റെ 11.46 ശതമാനമായിരുന്നു. അതിനാൽ നിർബന്ധമായുള്ള 10 ശതമാനം വകയിരുത്തൽ എന്നത് കൈവരിച്ചു. എന്നാൽ ഈ കാലയളവിലെ വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വിനിയോഗം 59.89 മുതൽ 76.88 ശതമാനമായിരുന്നു. ഓഡിറ്റ് നിരീക്ഷണങ്ങളോട് യോജിക്കവെ കേരള സർക്കാർ പറഞ്ഞത് (2018 ജനുവരി) വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലെ കുറഞ്ഞ ചെലവിന്റെ പ്രധാനകാരണങ്ങൾ പാരിസ്ഥിതിക, സാമൂഹ്യ, പ്രാദേശിക പ്രശ്നങ്ങളാണെന്നും, പദ്ധതി ആസൂത്രണ മാർഗ്ഗരേഖയും പ്രസക്ത സർക്കാർ ഉത്തരവുകളും പാലിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് (ജിപി) നിർദ്ദേശങ്ങൾ നൽകും എന്ന് കൂട്ടി ചേർത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ നിർബന്ധിത 10 ശതമാനം വകയിരുത്തിയെങ്കിലും, അതിന്റെ പൂർണ്ണ വിനിയോഗം ഉറപ്പുവരിത്താൻ സർക്കാർ പരാജയപ്പെട്ടു എന്നുള്ള വസ്തുത നിലനിൽക്കുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഖണ്ഡിക 3.1.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. വനിതാ ഘടക പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ വകുപ്പിന് സംഭവിച്ച വീഴ്ചകൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ വനിതാ ഘടക പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ മാറ്റം വന്നിട്ടുണ്ടെന്നും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വനിത ഘടക പദ്ധതി ഫണ്ടിനത്തിൽ 10 ശതമാനം വകയിരുത്തുന്നതിനും ജെന്റർ ബഡ്ജറ്റ് നടത്തുമ്പോൾ ലിംഗനീതി ഉറപ്പാക്കുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. പ്രസ്തുത പ്രവർത്തനങ്ങളിൽ വീഴ്ചവന്നതായാണ് സി&എ.ജി. 2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും എങ്ങനെയാണ്,

എവിടെയാണ് വീഴ്ച വന്നത് എന്നത് സംബന്ധിച്ച് വ്യക്തമാക്കണമെന്നും ഇതു സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തി സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് വകുപ്പു സെക്രട്ടറിയുമായി ആലോചിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫൊമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

2. വനിതാ ഘടക പദ്ധതിയിൽ പ്രായോഗികമായ പദ്ധതികളല്ല നടപ്പിലാക്കുന്നതെന്നും പ്രായോഗികമായ മാതൃകാ പദ്ധതികൾ ലഭ്യമാക്കാൻ സഹായിക്കുന്ന സ്ഥാപനങ്ങളുടെ ഒരു പാനൽ വകുപ്പ് തയ്യാറാക്കി പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണകരമായിരിക്കുമെന്നും പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ടിന്റെ നല്ലൊരു ശതമാനം കെട്ടിട നിർമ്മാണത്തിനായിട്ടാണ് വിനിയോഗിക്കുന്നതെന്നും എന്നാൽ കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കാൻ കഴിയുന്നില്ലെന്നും വകയിരുത്തുന്ന തുക എല്ലായിടത്തും ഒരുപോലെ ആവശ്യമായി വരില്ലെന്നും ഫണ്ടിന്റെ 10 ശതമാനവും കെട്ടിട നിർമ്മാണത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ സാധിക്കാത്ത പ്രദേശങ്ങളുണ്ടെന്നും ക്ലസ്റ്റർ സംവിധാനമുപയോഗിച്ച് അയൽ പഞ്ചായത്തുകളുമായി ജോയിന്റ് പ്രോഗ്രാമുണ്ടാക്കി കെട്ടിടങ്ങൾ എല്ലാ വ്യവസായങ്ങൾക്കും ഉപയോഗയോഗ്യമാക്കാൻ കഴിയണമെന്നും വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം വകുപ്പുകൾ/കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താവ് ഒരാൾ തന്നെയാകുന്ന സാഹചര്യമുണ്ടാകുന്നുണ്ടെന്നും അത് ഒഴിവാക്കണമെന്നും അതിന് ആവശ്യമായ സാങ്കേതിക ഉപദേശം നല്കുന്നതിന് എല്ലാ പഞ്ചായത്തിലും വ്യവസായ വകുപ്പ് മുഖേന ഒരു ഉദ്യോഗസ്ഥനെ നിയമിച്ചാൽ പ്രവർത്തനരഹിതമായ വ്യവസായ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നും അതിനായി മാർക്കറ്റ് സ്റ്റഡി ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

3. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ഫണ്ട്/പ്രയോജനം, തെരഞ്ഞെടുക്കേണ്ട പദ്ധതി എന്നിവ സംബന്ധിച്ച് വകുപ്പ് വഴി ബോധവത്കരണം

നൽകണമെന്നും പദ്ധതി നടപ്പിലാക്കുന്നത് ക്ലസ്റ്റർ അടിസ്ഥാനത്തിലാണെങ്കിൽ ഇത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമെന്നും സീനിയർ ഡി.എ.ജി. വ്യക്തമാക്കി.

4. വനിതാ ഘടക പദ്ധതി സംബന്ധിച്ച് പഞ്ചായത്തുകളെ ഏകോപിപ്പിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കത്തക്ക വിധത്തിൽ ഏകീകൃത പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് ഫലപ്രദമായിരിക്കുമെന്നും പദ്ധതികൾ പ്രായോഗികത ഉള്ളതാണോ എന്ന് പരിശോധിച്ച ശേഷം മാത്രമേ അംഗീകാരം കൊടുക്കൂ എന്ന കർശന നിലപാട് ഡി.പി.സി.സ്വീകരിക്കണമെന്നും പ്രാദേശിക വിഭവങ്ങളുടെയും മാർക്കറ്റ് പഠനങ്ങളുടെയും വിദഗ്ധ പരിശീലനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം പദ്ധതികൾ തെരഞ്ഞെടുക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

5. വനിതാ ഘടക പദ്ധതി ഇനത്തിൽ ആകെ ഫണ്ടിന്റെ പത്ത് ശതമാനം വകയിരുത്തണമെന്ന് വ്യവസ്ഥയുണ്ടെന്നും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേർന്നുള്ള പരിശോധന, വനിതാ പരിശീലന പരിപാടി എന്നിവയ്ക്ക് ശേഷമാണ് പദ്ധതികൾ തയ്യാറാക്കുന്നതെങ്കിലും ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ്, ഗ്രൂപ്പ് സംരംഭങ്ങളിൽ ഗ്രൂപ്പ് രൂപീകരണം സാധ്യമാകാതിരിക്കുക, ബാങ്കിൽ നിന്നുള്ള ബുദ്ധിമുട്ട്, സബ്സിഡി ലഭ്യമാകാതിരിക്കുക, വൈദ്യുതി ചാർജ്ജ് എന്നിവ മൂലം കാറ്ററിംഗ് സ്ഥാപനങ്ങൾ , ഗാർമെന്റ്സ്, കംപ്യൂട്ടർ യൂണിറ്റുകൾ തുടങ്ങിയ പല സംരംഭങ്ങളും പരാജയപ്പെടുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാസം/ത്രൈമാസം തോറും പദ്ധതി നിർവ്വഹണം വിലയിരുത്താറുണ്ടെങ്കിലും വനിതാ ഘടക പദ്ധതി സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തിയിട്ടില്ലെന്നും സി.&എ.ജി.യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പ്രവർത്തനവും നടന്നിട്ടില്ലാത്ത പഞ്ചായത്തുകളിൽ പരിശോധന നടത്തുന്നത് നല്ലതായിരിക്കുമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

6. ഡി.പി.സി. -യിൽ അവതരിപ്പിക്കപ്പെട്ട ശേഷം പദ്ധതി അംഗീകരിക്കേണ്ടതല്ലെന്ന്

പറയാൻ കഴിയില്ലെന്നും ഡി.പി.സി.യിൽ സമർപ്പിക്കുന്നതിന് മുൻപ് തന്നെ പദ്ധതികളുടെ പ്രായോഗികത, വകുപ്പ് ഉറപ്പ് വരുത്തണമെന്നും എഴുപതോളം പഞ്ചായത്തുകളുടെ പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് ഡി.പി.സി.ക്ക് സമയം ലഭിക്കില്ലെന്നും ഡി.പി.സി. ചേർന്നുള്ള പരിശോധന, വനിത പരിശീലന പരിപാടി എന്നിവയ്ക്ക് ശേഷമാണ് പദ്ധതി അംഗീകരിക്കുന്നതെന്നും വിജയകരമായി നടക്കുന്ന വ്യവസായ യൂണിറ്റുകളുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി കുറവുകളുണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ സഹായം വനിതാ യൂണിറ്റുകൾക്ക് നൽകണമെന്നും അതിന് വകുപ്പ് മുൻകൈ എടുക്കണമെന്നും ഇത്തരം ഓഡിറ്റ് പരാമർശം ഉണ്ടാകാൻ പാടില്ലാത്തതാണെന്നും ഇക്കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് തിരുത്തലുകൾ വരുത്തണമെന്നും നിർദ്ദേശിച്ചു

7. പദ്ധതികളുടെ ഇംപ്ളിമെന്റിംഗ് സ്റ്റേജിൽ എം.എൽ.എ.മാർ ഇടപെടണമെന്നും കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും ഡി.പി.സി. യോഗങ്ങളിൽ എം.എൽ.എ.മാരെ പങ്കെടുപ്പിക്കണമെന്നും വ്യവസായം ആവശ്യമില്ലാത്ത പഞ്ചായത്തിലും പത്ത് ശതമാനം ചെലവാക്കണമെന്ന് നിർബന്ധമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

8. കേരളത്തിൽ 2024-ഓടെ ജലജീവൻ മിഷൻ പദ്ധതി പൂർത്തിയാകുമെന്നും പദ്ധതി കമ്മീഷൻ ചെയ്തതിന് ശേഷം ഇതുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്ക് പ്രാദേശിക ഐ.ടി.ഐ./പോളിടെക്നിക്കുകളിൽ നിന്ന് പ്ളംബിംഗ്/ഇലക്ട്രിഫിക്കേഷൻ മേഖലകളിൽ വനിതകൾക്ക് പരിശീലനം നൽകി ഒരു ടീമിനെ സജ്ജമാക്കുന്നത് നല്ലതായിരിക്കുമെന്നും ഇക്കാര്യത്തിൽ വനിതാ വികസന വകുപ്പാണ് മുൻകൈ എടുക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ/ ശിപാർശകൾ

9. 2012-13 മുതൽ 2016-17 കാലയളവിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതിക്കായി വികസന ഫണ്ടിന്റെ 10% വകയിരുത്തിയെങ്കിലും, അതിന്റെ പൂർണ്ണ വിനിയോഗം ഉറപ്പു വരുത്തുന്നതിന് സർക്കാരിന്

സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2012-17 കാലയളവിൽ വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയ തുക ചെലവാക്കുന്നതിൽ ഉണ്ടായ വീഴ്ച പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും

തെരഞ്ഞെടുത്ത 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും ചുവടെ വിവരിച്ചിരിക്കുന്നു.

തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വകയിരുത്തലും വിനിയോഗവും

(₹ കോടിയിൽ)

വർഷം	ആകെ വകയിരുത്തിയ വികസന ഫണ്ട്	വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലെ വകയിരുത്തൽ	ആകെ വികസന ഫണ്ടിനഭിമുഖമായി വകയിരുത്തലിന്റെ ശതമാനം	നേരിട്ട ചെലവ്		സ്ത്രീകൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് നൽകിയ ഫണ്ട്	ആകെ വികസന ഫണ്ടിനഭിമുഖമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് നൽകിയ ഫണ്ടിന്റെ ശതമാനം	സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കുള്ള വിനിയോഗം	ആകെ വികസന ഫണ്ടിനഭിമുഖമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കുള്ള വിനിയോഗത്തിന്റെ ശതമാനം
				തുക	വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തിയതിനഭിമുഖമായി ചെലവിന്റെ ശതമാനം				
2012-13	399.70	31.64	7.92	13.69	43.27	22.49	5.63	8.30	2.08
2013-14	563.12	52.07	9.25	24.09	46.26	37.75	6.70	14.56	2.59
2014-15	694.33	71.36	10.28	41.13	57.64	41.62	5.99	18.91	2.72
2015-16	770.25	63.11	8.19	35.05	55.54	37.67	4.89	15.51	2.01
2016-17	634.75	68.87	10.85	35.66	51.78	45.39	7.15	15.90	2.50
ആകെ	**3062.15**	**287.05**	**9.37**	**149.62**	**52.12**	**184.92**	**6.04**	**73.18**	**2.39**

(സ്രോതസ്സ് : ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരം)

വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വകയിരുത്തലിലും വിനിയോഗത്തിലും ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ താഴെ വിവരിക്കുന്നു.

- കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നതനുസരിച്ച് വീട്/ശൗചാലയം നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ, അതുപോലെ പുരുഷൻമാർക്കും സ്ത്രീകൾക്കും ഒരുപോലെ പ്രയോജനമുള്ള പദ്ധതികൾ, അംഗനവാടി കെട്ടിട നിർമ്മാണം, അംഗനവാടി പോഷകാഹാര പരിപാടി മുതലായവ വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല. എന്നാൽ മുതിർന്ന പുരുഷ അംഗങ്ങൾ ഇല്ലാത്ത, സ്ത്രീകൾ തലപ്പത്തുള്ള കുടുംബങ്ങൾക്കുള്ള ഭവന പദ്ധതികൾ/ കുടിവെള്ള പദ്ധതികൾ എന്നിവ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി ആസൂത്രണവും/സബ്സിഡിയും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്നതല്ലാത്ത കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണം/പുതുക്കി പണിയൽ, അംഗനവാടി കെട്ടിടങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, ഡിസ്പെൻസറികൾ, റോഡുകൾ മുതലായവയുടെ നിർമ്മാണം പോലുള്ള പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്തി. അത്തരം പദ്ധതികൾ ഒഴിവാക്കിയാൽ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ വനിതാ ഘടക പദ്ധതി ഫണ്ടുകൾ ആകെ വികസന ഫണ്ടിന്റെ 5.63 മുതൽ 7.15 ശതമാനമായിരുന്നു. തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന വെളിപ്പെടുത്തിയത് നിർദ്ദിഷ്ട 10 ശതമാനം വകയിരുത്തൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ചത് 2014-15 ലും 2016-17 ലും മാത്രമായിരുന്നു എന്നാണ്. കായണ്ണ ഗ്രാമപഞ്ചായത്ത് ഒഴികെ ലാക്ഷണിക പരിശോധന നടത്തിയ ഒരു തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളും വികസന ഫണ്ടിന്റെ നിർദ്ദിഷ്ട 10 ശതമാനം വകയിരുത്തൽ 2012-

13 മുതൽ 2016-17 വരെയുള്ള മുഴുവൻ കാലയളവിലും നടത്തിയിരുന്നില്ല (ചുവടെ ചേർത്തിരിക്കുന്നു) എന്ന് ഓഡിറ്റ് നിരീക്ഷിച്ചത്.

ന്യൂനതയുള്ള ബജറ്റ് തയ്യാറാക്കിയ/ബജറ്റ് അവതരണത്തിൽ കാലതാമസം വരുത്തിയ തസ്വഭ സ്ഥാപനങ്ങളുടെ പട്ടിക

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	ന്യൂനതയുടെ സ്വഭാവം		
			ബജറ്റ് അവതരണത്തിലെ കാലതാമസം	അവതരണ ദിവസം തന്നെ പാസാക്കൽ	സപ്ലിമെന്ററി ബജറ്റ് ഇല്ലാതെ ബജറ്റിൽ ചെലവ് അധികരിക്കൽ
ബ്ലോക്ക് പഞ്ചായത്ത്					
1.	കൽപ്പറ്റ	2013-14			1
	ആകെ				**1**
ഗ്രാമ പഞ്ചായത്തുകൾ					
1.	പഴയന്നൂർ	2014-15			1
2.	മതിലകം	2015-16			1
3.	പീരുമേട്	2013-14	1	1	
4.	വെൺമണി	2013-14	1	1	
5.	മൺറോ തുരുത്ത്	2012-13	1	1	
6.	കരുർ	2013-14	1	1	
7.	ചമ്പക്കുളം	2014-15		1	
8.	പായിപ്പാട്	2013-14	1	1	
9.	ആയവന	2014-15	1	1	
10.	വടക്കേക്കര	2013-14	1	1	
11.	കോടംതുരുത്ത്	2013-14	1	1	
12.	വട്ടവട	2014-15		1	
ആകെ			**7**	**10**	**2**
ഒട്ടാകെ			**7**	**10**	**3**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സ്ത്രീകൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന പദ്ധതികൾ രൂപീകരിക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തത് വനിത ഘടക പദ്ധതിയുടെ കീഴിൽ പദ്ധതികൾ രൂപം നൽകുന്നതിനെയും നടപ്പാക്കലിനെയും പ്രതികൂലമായി ബാധിച്ചു എന്ന അഞ്ച്[6] തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പറഞ്ഞു (2017 നവംബർ). പരിശീലനത്തിന്റെയും അവബോധത്തിന്റെയും അഭാവം കാരണം ചില വർഷങ്ങളിൽ പദ്ധതി രൂപീകരണ സമയത്ത് വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ 10 ശതമാനം വകയിരുത്തൽ നടത്തിയിട്ടില്ലന്നും മറുപടി പറഞ്ഞു. വനിത ഘടക പദ്ധതിയ്ക്ക കീഴിൽ ഉൾപ്പെടുത്താൻ വർക്കിംഗ് ഗ്രൂപ്പ് തെരഞ്ഞെടുത്ത ധാരാളം പദ്ധതികൾ മുനിസിപ്പൽ കൗൺസിലിന്റെ ഭാഗത്തുള്ള താൽപര്യക്കുറവ് കാരണം പരിഗണിച്ചില്ല എന്ന് തലശ്ശേരി മുനിസിപ്പാലിറ്റി പറഞ്ഞു (2017 നവംബർ). മാർഗ്ഗരേഖകൾ പിൻതുടരണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു (2018 ജനുവരി). എന്നാൽ വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ആവശ്യമായ 10 ശതമാനം വകയിരുത്തൽ എന്നത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കിയിരുന്നില്ലെന്ന വസ്തുത നിലനിൽക്കുന്നു.

1) തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2012-17 കാലയളവിൽ, വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വിനിയോഗം വകയിരുത്തലിന്റെ 43.27 മുതൽ 57.64 ശതമാനമായിരുന്നു. ഈ കാലയളവിൽ, തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2152 പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും, 1413 പദ്ധതികൾ മാത്രമെ യഥാർത്ഥത്തിൽ നടപ്പിലാക്കിയിരുന്നുള്ളൂ. തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികളുടെയും വിനിയോഗിച്ച ഫണ്ടുകളുടെയും വിശദാംശങ്ങൾ (ചുവടെ ചേർത്തിരിക്കുന്നു).

---

6 കൊച്ചി കോർപ്പറേഷൻ, കല്പറ്റയിലേയും തിരുരങ്ങാടിയിലേയും ബി.പി. കൾ, പള്ളിവാസലിലേയും, തൊണ്ടർ നാടിലേയും ജി.പി.കൾ

ന്യൂനതയുള്ള ബജറ്റ് തയ്യാറാക്കിയ/ബജറ്റ് അവതരണത്തിൽ കാലതാമസം വരുത്തിയ തസ്വഭ സ്ഥാപനങ്ങളുടെ പട്ടിക

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	ന്യൂനതയുടെ സ്വഭാവം		
			ബജറ്റ് അവതരണത്തിലെ കാലതാമസം	അവതരണ ദിവസം തന്നെ പാസാക്കൽ	സപ്ലിമെന്ററി ബജറ്റ് ഇല്ലാതെ ബജറ്റിൽ ചെലവ് അധികരിക്കൽ
ബ്ലോക്ക് പഞ്ചായത്ത്					
1.	കൽപ്പറ്റ	2013-14			1
	ആകെ				**1**
ഗ്രാമ പഞ്ചായത്തുകൾ					
1.	പഴയന്നൂർ	2014-15			1
2.	മതിലകം	2015-16			1
3.	പീരുമേട്	2013-14	1	1	
4.	വെൺമണി	2013-14	1	1	
5.	മൺറോ തുരുത്ത്	2012-13	1	1	
6.	കരുർ	2013-14	1	1	
7.	ചമ്പക്കുളം	2014-15		1	
8.	പായിപ്പാട്	2013-14	1	1	
9.	ആയവന	2014-15	1	1	
10.	വടക്കേക്കര	2013-14	1	1	
11.	കോടംതുരുത്ത്	2013-14	1	1	
12.	വട്ടവട	2014-15		1	
		ആകെ	**7**	**10**	**2**
		ഒട്ടാകെ	**7**	**10**	**3**

₹287.05 കോടി വകയിരുത്തിയതിൽ ചെലവാക്കിയത് ₹149.62 കോടി ആയിരുന്നു (52.12 ശതമാനം). ഇതിൽ ₹73.18 കോടി മാത്രമേ സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളായ സ്ത്രീകൾ തലപ്പത്തുള്ള കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുക, സ്ത്രീകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം, സ്ത്രീകളുടെ ക്ഷേമത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, സ്ത്രീകൾക്ക് വേണ്ടി വൈദ്യപരിശോധനാ ക്യാമ്പുകൾ നടത്തുക മുതലായവയ്ക്ക് വിനിയോഗിച്ചുള്ളു.

പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് ചെലവാക്കിയത് വികസന ഫണ്ടിന്റെ കീഴിലെ ആകെ വകയിരുത്തലിന്റെ 2.39 ശതമാനം മാത്രമായിരുന്നു.

ആയതിനാൽ, എല്ലാ വർഷവും കുറഞ്ഞത് നിർദ്ദിഷ്ട 10 ശതമാനം ഫണ്ട് വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തുവാനും ഈ ഫണ്ടുകൾ സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ പരാജയം, സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുമായിരുന്ന പ്രയോജനങ്ങൾ നിഷേധിക്കുന്നതിന് ഇടയാക്കി. ലിംഗ ഭേദമില്ലാത്ത പദ്ധതികൾ നടപ്പാക്കേണ്ടത് പ്ളാൻ ഫണ്ട് (ജനറൽ) ഉപയോഗിച്ചാണെന്നും വനിത ഘടക പദ്ധതി ഫണ്ടുകൾ സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മാത്രമേ വിനിയോഗിക്കാവൂ എന്നും അന്തിമ കൂടിക്കാഴ്ചയിൽ (2018 ജനുവരി) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (എൽ.എസ്.ജി.ഡി) പറഞ്ഞു. വനിത ഘടക പദ്ധതി ഫണ്ടുകളുടെ കുറഞ്ഞ വിനിയോഗം, ഭരണ സ്ഥിരതയില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ കുറവ്, ജലദൗർലഭ്യം, ഗുണഭോക്താക്കളുടെ നിസ്സഹകരണം തുടങ്ങിയ രാഷ്ട്രീയ സാമൂഹ്യ ഘടകങ്ങൾ മൂലമാണെന്ന് കേരള സർക്കാർ മറുപടി പറഞ്ഞു (2018 ജനുവരി). അപാകതകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമെന്നും കൂട്ടിച്ചേർത്തു. സാധ്യമായ എല്ലാ ഉദ്യമങ്ങളും നടത്തി പദ്ധതികൾ നടപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യത ആയതിനാൽ മറുപടി സ്വീകാര്യമല്ല.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.7]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

10. പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും 10% തുക വകയിരുത്തുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടെന്നും മുൻ വർഷം പള്ളിവാസൽ പദ്ധതിയുടെ ഭാഗമായി മൂന്നാറിനോട് ചേർന്നുള്ള ടൂറിസ്റ്റ് ഏരിയയിൽ മൂന്ന് നിലകളിലായി 16

മുറികളും ഡോർമിറ്ററിയുമുൾപ്പെടുന്ന ഷീ ലോഡ്ജ് എന്ന പദ്ധതി ഏറ്റെടുത്തിരുന്നെന്നും മൂന്ന് ഘട്ടങ്ങളായി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും അടുത്ത ഘട്ടത്തോടെ പദ്ധതി പൂർത്തിയാകുമെന്നും തുടർന്ന് ഷീ ലോഡ്ജിന്റെ നടത്തിപ്പ് കുടുംബശ്രീയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും റവന്യൂ ടൂറിസം വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹോസ്പിറ്റലിനോട് ചേർന്ന് ഒരു പിങ്ക് കഫേ നിലവിലുണ്ടെന്നും കൂടാതെ കരടിപ്പാറ 'ടേക്ക് എ ബ്രേക്കിൽ പുതിയൊരു പിങ്ക് കഫേ മെയ് 16 ഓടെ ഉദ്ഘാടനം ചെയ്യുമെന്നും വനിതകളുടെ ഉന്നമനം സാധ്യമാക്കുന്ന പദ്ധതികളാണ് വനിതാ സെക്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

11. എസ്റ്റേറ്റ് മേഖലയായതിനാൽ എസ്.സി. ഫണ്ടിന്റെ വ്യക്തിഗത പ്രോജക്ടുകൾ കൂടുതൽ കിട്ടുന്നുണ്ടെന്നും എന്നാൽ എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പല വിധ ബുദ്ധിമുട്ടുകളുണ്ടെന്നും ആയതിന് 50 വർഷത്തെ ഹെറിഡിറ്റി തെളിയിക്കണമെന്നാണ് റവന്യൂ വകുപ്പ് ആവശ്യപ്പെടുന്നതെന്നും മറ്റ് നാടുകളിൽ നിന്ന് കുടിയേറിയവർക്ക് എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഒരു കുടുംബത്തിൽപ്പെട്ടവർക്ക് പല ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്ന അവസ്ഥയുണ്ടെന്ന് സമിതി അംഗം ചൂണ്ടിക്കാട്ടി. ഇത് പരിഹരിക്കാൻ കഴിയുന്ന കാര്യമാണെന്നും ദരിദ്രകുടുംബങ്ങൾക്ക് റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ്, പെൻഷൻ എന്നിവയിൽ ഏതിലാണോ പരിഹാരം ആവശ്യമുള്ളത് ആയത് ലഭ്യമാക്കി ദാരിദ്ര്യം ഇല്ലാതാക്കുന്ന പദ്ധതി കേരള സർക്കാർ നടപ്പാക്കുന്നുണ്ടെന്നും എസ്.സി. വിഭാഗത്തിൽപ്പെട്ട ശ്രീലങ്കൻ വംശജർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനമായിട്ടുണ്ടെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

12. എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫൊമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞതിന്,

പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വന്നാൽ പെട്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ വരുമെന്നും ഇല്ലെങ്കിൽ പഞ്ചായത്ത് അതിന് നടപടി സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ് ജോയിന്റ് ഡയറക്ടർ (ചീഫ് രജിസ്ട്രാർ) അഭിപ്രായപ്പെട്ടു.പട്ടികജാതി വികസന വകുപ്പിനും അക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ടെന്നും വിഷയം കിർത്താർഡ്സിന് അയയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു പള്ളിവാസൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

13. പത്തനാപുരം, പുളർ, കണ്ണാടി, പെരിങ്ങമ്മല, തൊണ്ടർനാട്, നടത്തറ, മൂന്നിലവ്, വേങ്ങപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു.

14. മുത്തോലി ഗ്രാമപഞ്ചായത്തിൽ 2015-16, 2016-17 വർഷങ്ങളിൽ ഉണഭോക്താക്കളുടെ നിസ്സഹകരണം മൂലം പദ്ധതി പൂർത്തീകരിച്ചില്ലെന്ന സർക്കാർ മറുപടിയിൽ സമിതി അതൃപ്തി പ്രകടിപ്പിച്ചു. നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ ചില തർക്കങ്ങൾ ഉണ്ടായിരുന്നെങ്കിലും ഐ.ഒ.യൂണിറ്റിന്റെ കെട്ടിടത്തിൽ നിലവിൽ കുടുംബശ്രീ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് മുത്തോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. പരിശീലനത്തിലും നൈപുണ്യത്തിലുമുള്ള കുറവ് മൂലമാണ് തർക്കം ഉണ്ടായതെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ചീഫ് രജിസ്ട്രാർ) സമിതിയെ അറിയിച്ചു. ഉണഭോക്താക്കളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലായിരിക്കണം പദ്ധതികൾ തെരഞ്ഞെടുക്കേണ്ടതെന്ന് സമിതി വ്യക്തമാക്കി. മാർഗ്ഗരേഖയനുസരിച്ച് നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

15. മുണ്ടക്കയം, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകൾ, കുത്തുപറമ്പ് നഗരസഭ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

16. ഓഡിറ്റ് പരാമർശക്കാലയളവിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും 2021-22 വർഷത്തിൽ എല്ലാ പദ്ധതികളും 2022-23 വർഷത്തിൽ ഉൾപ്പെടുത്തിയ പത്തിൽ ആറ് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണെന്നും വനിതാ ഘടക പദ്ധതിയിൽ 2014-15 വർഷം എസ്.എസ്.എ. വിഹിതം വകയിരുത്തിയത് തെറ്റായിട്ടായിരുന്നുവെന്നും നിലവിൽ അത്തരം വീഴ്ചകൾ ഇല്ലെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിച്ചാണ് പ്രവർത്തിക്കുന്നതെന്നും തലശ്ശേരി മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. തലശ്ശേരി മുനിസിപ്പാലിറ്റിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

17. കൊച്ചി നഗരസഭയിൽ ഗുണഭോക്താക്കളുടെ അഭാവം പരിഹരിക്കാൻ സ്വീകരിച്ച ബോധവത്കരണ നടപടികൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രശ്നം പരിഹരിച്ചതാണെന്നും പിറവം നഗരസഭ, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകൾ, പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവയെക്കുറിച്ചാണ് പ്രസ്തുത ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

18. വനിതാ ഘടക പദ്ധതിയിൽ സർക്കാർ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഡി.പി.സി. വാലിഡേഷൻ പ്രകാരമുള്ള ഫണ്ട് നഗരസഭ വകയിരുത്തിയിട്ടുള്ളതാണെന്നും ഫണ്ട് വിനിയോഗത്തിൽ കുറവുണ്ടായിട്ടുണ്ടെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധ്യമാകാത്തത് ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ് മൂലമാണെന്നും പദ്ധതി ആസൂത്രണ/ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള മുൻഗണന അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്

പൂർത്തീകരിക്കാൻ സാധിക്കാത്തത് പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നാണ് കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച സർക്കാർ മറുപടിയെന്ന് നിയമസഭാ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

19. ആരോഗ്യ/വ്യവസായ/ഉല്പാദന മേഖലകളിൽ ഫണ്ട് വകയിരുത്തൽ സംബന്ധിച്ച നിർദ്ദേശം പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് വ്യക്തികൾ, നൈപുണ്യകേന്ദ്രങ്ങൾ, വികസന പരിപാടികൾ തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കുന്നതെന്നും വ്യവസായ വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കണമെന്നും ബാങ്കുകളിൽ നിന്നും ലോണെടുത്തായിരിക്കും പദ്ധതികൾ ഏറ്റെടുക്കുന്നതെന്നും പദ്ധതി ആരംഭിച്ച് ആറ് മാസം നല്ല രീതിയിൽ പ്രവർത്തിച്ച ശേഷമാണ് ബാങ്കിൽ നിന്നും സബ്സിഡി കൊടുക്കുന്നതെന്നും അതിനാൽ ഉല്പാദന മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കാൻ കാലതാമസം വരാറുണ്ടെന്നും കൊച്ചി നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

20. ഗുണഭോക്താക്കളെ ബോധവത്ക്കരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മുൻകാലങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നെങ്കിലും സർക്കാർ ഉത്തരവിനെ തുടർന്ന് പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ മാത്രമാണ് നിലവിൽ നടത്തുന്നതെന്നും പരിശീലനം ആവശ്യമുള്ള പദ്ധതികൾക്ക് അവ ഏറ്റെടുത്ത് നൽകാറുണ്ടെന്നും ഗുണഭോക്തൃ വിഹിതം 'ബാക്ക് എൻഡ് സബ്സിഡി'യായാണ് നല്കുന്നതെന്നും വ്യവസായവുമായി ബന്ധപ്പെട്ട ഗ്രൂപ്പ് സംരംഭങ്ങളിൽ ഒരുപോലെ ഫയലുകൾ തയ്യാറാക്കി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം നേരിടാറുണ്ടെന്നും കൊച്ചി നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

21. വൻകിട വായ്പ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വേണ്ടത്ര അവബോധം നൽകിയില്ലെങ്കിൽ പദ്ധതിയെക്കുറിച്ച് മനസ്സിലാക്കാൻ കഴിയാതെ വരുമെന്നും ഗുണഭോക്താക്കളുടെ അഭാവം നേരിടുമെന്നും സി & എ.ജി. യുടെ ഓഫീസിലെ സീനിയർ ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാട്ടി.

22. നിലവിൽ കോർപ്പറേഷനിൽ ജനകീയാസൂത്രണം കൂടാതെ നാഷണൽ അർബൻ

ലൈവ്‌ലിഹുഡ് മിഷൻ (എൻ. യു. എൽ. എം) എന്ന പ്രോഗ്രാമുണ്ടെന്നും അതിൽ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാമിനും ഗ്രൂപ്പ് സംരംഭങ്ങൾക്കുവേണ്ടിയും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നും ബാങ്ക് ലോണെടുത്താണ് പദ്ധതികൾ ആരംഭിക്കുന്നതെങ്കിൽ പ്രസ്തുത ബാങ്കുകളുടെ യോഗം വിളിച്ച് ലോൺ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താറുണ്ടെന്നും കൊച്ചി നഗരസഭ സെക്രട്ടറി ബോധിപ്പിച്ചു. വകുപ്പിൽ നിന്ന് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

23. ഷൊർണ്ണൂർ, പത്തനംതിട്ട എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം തീരുമാനിക്കുകയും ചെയ്തു.

24. പിറവം നഗരസഭയിൽ നടപ്പിലാക്കാത്ത പദ്ധതി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 2016-17 കാലഘട്ടത്തിൽ വനിതാ ഘടക പദ്ധതിക്കായി ചെലവഴിക്കാൻ സാധിക്കാതിരുന്ന തുക അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി ചെലവഴിച്ചിട്ടുണ്ടെന്നും തുടർന്നുള്ള എല്ലാ വർഷങ്ങളിലും പൂർണ്ണമായും തുക ചെലവഴിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങിക്കാമെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി പിറവം നഗരസഭാ സെക്രട്ടറി അറിയിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരാഞ്ഞ് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

25. തിരുവനന്തപുരം നഗരസഭയെ സംബന്ധിച്ച സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

26. 2017-18,2018-19 വർഷങ്ങളിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ലെന്നും ആയത് സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് പ്രിൻസിപ്പൾ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ അപ്രകാരം ചെയ്യാമെന്ന് ബോധിപ്പിച്ചു

27. പാറശ്ശാല, കൽപ്പറ്റ, തീരൂരങ്ങാടി. ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചും, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ ശിപാർശകൾ

28. മുത്തോലി ഗ്രാമപഞ്ചായത്ത് 2015-16, 2016-17 വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ ഗുണഭോക്താക്കളുടെ നിസ്സഹകരണം മൂലം പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ മുത്തോലി ഗ്രാമപഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

29. മാർഗ്ഗരേഖയനുസരിച്ച് വനിതാ ഘടക പദ്ധതി പ്രവർത്തനങ്ങൾ മുത്തോലി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

30. 2016-17 വർഷം വനിതാ ഘടക പദ്ധതിക്കായി പിറവം നഗരസഭ വകയിരുത്തിയ തുക സ്പിൽ ഓവർ ആയി അടുത്ത സാമ്പത്തിക വർഷം ചെലവഴിച്ചതായി മനസ്സിലാക്കിയ സമിതി, സ്പിൽ ഓവർ ആയി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

31. 2017-18, 2018-19 വർഷങ്ങളിൽ വനിതാ ഘടക പദ്ധതികൾക്കായി ₹120.52 ലക്ഷം, ₹77.12 ലക്ഷം അട്ടപ്പാടി ബ്ളോക്ക് പഞ്ചായത്ത് വകയിരുത്തിയിരുന്നെങ്കിലും ₹63.02 ലക്ഷം, ₹48.79 ലക്ഷം മാത്രമാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി, വകയിരുത്തിയ തുക ചെലവാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

32. വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പത്തനാപുരം, പള്ളിവാസൽ, പുളർ, കണ്ണാടി, പെരിങ്ങമല,

തൊണ്ടർനാട്, നടത്തറ, മുന്നിലാവ്, വേങ്ങപ്പള്ളി, മുണ്ടക്കയം, നെൻമേനി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും, ക്ലത്തുപറമ്പ്, തലശ്ശേരി, കൊച്ചി, ഷൊർണ്ണൂർ, പത്തനംതിട്ട, തിരുവനന്തപുരം എന്നീ നഗരസഭകളുടെയും പറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെയും കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു.

ആസൂത്രണം

വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ

തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം ഉയർത്തുന്നതുമായ പദ്ധതികൾ മാത്രമേ വനിത ഘടക പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താവൂ എന്ന് കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു.

പദ്ധതി ആസൂത്രണ പ്രക്രിയയിലെ കുറവുകൾ സ്ത്രീകൾക്ക് പ്രയോജനമുള്ള പദ്ധതികൾ കണ്ടെത്താതിരിക്കുന്നതിനും അർഹമല്ലാത്ത പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും, വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ച വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

(എ)ജെൻഡർ ബജറ്റ് തയ്യാറാക്കാതിരിക്കൽ

ജെൻഡർ ബജറ്റിംഗ്[7] (ജിബി) സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും, സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറിയും (2012 ഒക്ടോബർ) സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം സെക്രട്ടറിയും (2013 ഫെബ്രുവരി) സംസ്ഥാനചീഫ് സെക്രട്ടറിമാരോട് ആവർത്തിച്ച്

7 ലിംഗ ഭേദ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള ഫണ്ടുകളുടെ വകയിരുത്തൽ, ചെലവിന്റെ മേൽ നിരീക്ഷണം, പൊതു സേവനം എത്തിക്കൽ എന്നിവ മനസ്സിലാക്കുന്നതിനായി ഉദ്ദേശിച്ചുള്ള ഒരു വികസന സങ്കല്പം ആണ് ജെൻഡർ ബജറ്റിംഗ്.

ആവശ്യപ്പെട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും പാലിക്കേണ്ടുന്ന നിർദ്ദേശങ്ങളിൽ, എല്ലാ വകുപ്പുകളും, മുനിസിപ്പൽ സ്ഥാപനങ്ങളും, ജില്ലാ പഞ്ചായത്തുകളും ജൻഡർ ബജറ്റിംഗ് സ്വീകരിച്ചതായ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിക്കൽ, ജെൻഡർ ബജറ്റിംഗ് സെല്ലിന്റെ രൂപീകരണം മുതലായവ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിരുന്നില്ല. ജെൻഡർ ബജറ്റിംഗ് തയ്യാറാക്കുന്നതിനുള്ള ഒരു പ്രധാന ആസൂത്രണ ഉപകരണമാണ് ജെൻഡർ വിശകലനം[8]. ജെൻഡർ തരംതിരിച്ചുള്ള വിവരങ്ങൾ[9] ജെൻഡർ വിശകലനത്തിന് ആവശ്യമായ വസ്തുതകൾ നൽകുന്നു.

2012-17 കാലയളവിൽ പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു ജെൻഡർ വിശകലനം നടത്തുകയോ ജെൻഡർ സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. എന്തെന്നാൽ ജെൻഡർ തിരിച്ചുള്ള വിവരങ്ങൾ അവർ സൂക്ഷിച്ചിരുന്നില്ല. ജെൻഡർ ബജറ്റിംഗ് സെൽ (ജിബിസി) ഇതുവരെ (2017 ഒക്ടോബർ) തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ചിട്ടില്ല എന്നും നിരീക്ഷിച്ചു. അതിനാൽ, ജെൻഡർ അനുകൂല പദ്ധതികൾ നടപ്പാക്കാനുള്ള ബജറ്റ് വകയിരുത്തലുകൾ പര്യാപ്തമായിരുന്നോ എന്നും ഉദ്ദേശിച്ചതുപോലെ പണം യഥാർത്ഥമായി ചെലവഴിച്ചോ എന്നും ആർക്ക് എന്തെക്കെ പ്രയോജനങ്ങളാണ് നൽകിയത് എന്നും കൂടുതൽ ജെൻഡർ സമത്വം പ്രോത്സാഹിപ്പിക്കുകയും കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യം നേടിയോ എന്നും വിലയിരുത്തുവാനും മേൽ നിരീക്ഷിക്കാനും കേരള സർക്കാരിന് കഴിഞ്ഞിരുന്നില്ല. ഇത് ആരോഗ്യം,പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യ വികസനം, പരിശീലനം, ശുചിത്വ പരിപാലനം, സാമൂഹ്യ സുരക്ഷ, ഭവന നിർമ്മാണം മുതലായ ഉപമേഖലകളിൽ സ്ത്രീകൾക്ക് ശാക്തീകരണം നൽകുക എന്നതുമായി ബന്ധപ്പെട്ട പദ്ധതികളുടെ/പരിപാടികളുടെ അനുചിതമായ ആസൂത്രണത്തിനും നടപ്പാക്കലിനും ഇടയായി.

---

8 സ്ത്രീകൾ, പുരുഷന്മാർ, ആൺകുട്ടികൾ, പെൺകുട്ടികൾ, എന്നിവരുടെ വിവിധ പ്രവർത്തങ്ങൾ, സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള ബന്ധങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും വിഭവങ്ങളുമായുള്ള സാമീപ്യത്തിന്റെയും നിയന്ത്രണത്തിന്റെയും മാതൃക എന്നിവ കണ്ടെത്തുകയും വിശകലനം ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് ജെൻഡർ വിശകലനം.

9 ആവശ്യങ്ങൾ യഥാർത്ഥത്തിൽ തിട്ടപ്പെടുത്തുന്നതിനു വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയുമുള്ള സർക്കാർ ഇടപെടലുകൾ പിന്നീട് വിലയിരുത്തുന്നതിനുള്ള ജെൻഡർ തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

ജെൻഡർ ബജറ്റിംഗിനെ കുറിച്ചുള്ള നിരീക്ഷണം ഗ്രാമീണ മേഖലയിലെ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒഴിവാക്കാനാവാത്തതും മർമ്മ പ്രധാനവിഷയമാണെന്നും കേരള സർക്കാർ പറഞ്ഞു (2018 ജനുവരി). ഭാവിയിൽ ജെൻഡർ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുമെന്നും കൂട്ടിചേർത്തു.

ശിപാർശ 1

സ്ത്രീകളുടെ സാമ്പത്തിക സാമൂഹ്യ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനും അതിനനുസരണമായി പദ്ധതികൾക്ക് രൂപം നൽകുന്നതിനും ജെൻഡർ വിശകലനം, ജെൻഡർ ബജറ്റിംഗ് എന്നി നടപടികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അവലംബിക്കാവുന്നതാണ്.

(ബി) പ്രത്യേക ഗ്രാമസഭാ/ വാർഡ് സഭാ യോഗങ്ങൾ വിളിച്ചു കൂട്ടൽ

ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ ഉന്നയിക്കുന്നതിനും/നിർദ്ദേശിക്കുന്നതിനും, ഇതിനകം നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ചർച്ച ചെയ്യുന്നതിനും, വികസന നടപടികൾക്കു മുൻഗണന നിശ്ചയിക്കുന്നതിനും ഉള്ള വേദിയാണ് ഗ്രാമ സഭ/വാർഡ് സഭ(ജിഎസ്/ഡബ്ള്യുഎസ്) സ്ത്രീകളും, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും, ഗ്രാമസഭ/ വാർഡ് സഭ യോഗങ്ങൾക്ക് ഹാജരാകുമ്പോൾ പോലും അവരുടെ പ്രശ്നങ്ങളും വികസന ആവശ്യങ്ങളും ശരിയായി കണ്ടെത്തി പരിഹരിക്കുകയോ വികസന അജൻഡയിലെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയോ ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ, നിർദ്ദിഷ്ട നാല് ഗ്രാമ സഭ/വാർഡ് സഭ യോഗങ്ങളിൽ ഒരെണ്ണം പ്രത്യേക വിഭാഗക്കാരായ കുട്ടികൾ, സ്ത്രീകൾ, യുവാക്കൾ, വികലാംഗർ, മുതിർന്ന പൗരൻമാർ ഇതുപോലുള്ളവർക്കായി സംഘടിപ്പിക്കണമെന്നും അങ്ങനെയായാൽ പ്രത്യേക വിഭാഗക്കാരുടെ ആവശ്യങ്ങൾക്കായി ഗ്രാമ സഭ/ വാർഡ് സഭകൾക്ക് ഊർജ്ജസ്വലമായ നടപടികൾ എടുക്കാൻ സാധിക്കുമെന്നും, പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ വിഭാഗക്കാരുടെ സജീവ സാന്നിദ്ധ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സാധിക്കുമെന്നും സർക്കാർ നിർദ്ദേശിച്ചു (2013 ജനുവരി).

ലാക്ഷണിക പരിശോധന നടത്തിയതിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വനിതകൾക്കായുള്ള പ്രത്യേക ഗ്രാമസഭ/വാർഡ്സഭ സംഘടിപ്പിച്ചിരുന്നില്ല. ആയതിനാൽ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ പദ്ധതികൾ തയ്യാറാക്കിയപ്പോൾ വനിതകളുടെ ആവശ്യങ്ങൾ വേണ്ടവിധം കണ്ടെത്തുകയോ പരിഹരിക്കുകയോ ചെയ്തില്ല. വനിതകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ഭാവിയിൽ വനിതകൾക്കായി പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് കേരള സർക്കാർ മറുപടി പറഞ്ഞു (2018 ജനുവരി).

(സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിക്കൽ

കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട അംഗം ചെയർപേഴ്സണായി വ്യത്യസ്ത ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് (ഡബ്ല്യുജി) രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പദ്ധതി രൂപീകരണം സംബന്ധിച്ച സ്റ്റാന്റിംഗ് കമ്മിറ്റിക്കോ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കോ ഉപദേശം നൽകുക, സാദ്ധ്യതാ പദ്ധതികൾ തയ്യാറാക്കുക, പദ്ധതികളുടെ നടപ്പാക്കൽ മേൽ നിരീക്ഷിക്കുക, മുതലായവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. പദ്ധതി ആസൂത്രണത്തിന്റെ ആദ്യപടി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുക എന്നതാണ്. ആദ്യത്തെ പൊതുയോഗത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, കരട് പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടതും തുടർന്നുള്ള നിരന്തര പ്രവർത്തനങ്ങൾക്കുള്ള ഭാവി പരിപാടിയിൽ എത്തിച്ചേരേണ്ടതുമാണ്. ആവശ്യമുള്ളപ്പോൾ എല്ലാം യോഗങ്ങൾ കൂടണമെന്ന്

മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നു.

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 9 എണ്ണത്തിൽ 2012-13 മുതൽ 2016-17 കാലയളവിൽ വനിതകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചില വർഷങ്ങളിൽ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 22 എണ്ണത്തിൽ ഒരു യോഗം മാത്രമേ ചില വർഷങ്ങളിൽ നടത്തിയിരുന്നുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

കെ.എസ്.എ.ഡി.യ്റ്റ് എ.എഫ്.എസ്. അയയ്ക്കാൻ താമസം വരുത്തിയ തസ്വഭ സ്ഥാപനങ്ങളുടെ പട്ടിക

ക്രമ നമ്പർ	തസ്വഭ സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	അയയ്ക്കേണ്ട തീയതി	അയച്ച തീയതി	വരുത്തിയ താമസം (മാസക്കണക്കിൽ)
കോർപ്പറേഷൻ					
1.	കൊല്ലം	2013-14	31.07.2014	30.09.2014	2
മുനിസിപ്പാലിറ്റി					
1.	കൽപ്പറ്റ	2013-14	31.07.2014	10.09.2014	1
ഗ്രാമപഞ്ചായത്തുകൾ					
1.	ചെങ്കൽ	2013-14	31.07.2014	23.06.2015	11
2.	സീതത്തോട്	2014-15	31.07.2015	30.09.2015	2

ഓഡിറ്റ് നടത്തിയ കാലയളവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ നടത്തുന്നതിൽ താൽപര്യം കുറഞ്ഞുവരുന്ന പ്രവണതയും ഓഡിറ്റ് നിരീക്ഷിച്ചു. വർക്കിംഗ് ഗ്രൂപ്പുകളെ ഏൽപ്പിച്ചിട്ടുള്ള ഭാരിച്ച ചുമതലകൾ പരിഗണിച്ചാൽ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ശരിയായ ആസൂത്രണത്തിനും നടപ്പാക്കലിനും കൃത്യമായി യോഗങ്ങൾ ചേരേണ്ടത് അത്യാവശ്യമാണ്.

യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്താതിരുന്നത്, വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സാദ്ധ്യത വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തിയിരുന്നില്ല എന്നും ഓഡിറ്റ് കണ്ടെത്തി. തന്മൂലം പദ്ധതി നിർദ്ദേശങ്ങൾ

തയ്യാറാക്കിയത് ബന്ധപ്പെട്ട മേഖലയെക്കുറിച്ച് ആവശ്യമായ പഠനം നടത്താതെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഇല്ലാതെയും ആയിരുന്നു എന്ന് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ വിവരിക്കുന്നു.

വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ യോഗങ്ങളിൽ പതിവായി പങ്കെടുക്കാനും പദ്ധതി രൂപീകരണത്തിൽ സജീവമായി ഇടപെടാനും വിമുഖത കാണിക്കുന്നതും, ബന്ധപ്പെട്ട മേഖകളിലെ വിദഗ്ധരുടെ അഭാവവും/യോഗങ്ങളിൽ പങ്കെടുക്കാനുള്ള അത്തരം വിദഗ്ധരുടെ വിമുഖതയും വനിത ഘടക പദ്ധതിയ്ക്ക് കീഴിലെ പദ്ധതികളുടെ ഫലപ്രദമായ രൂപീകരണത്തെ പ്രതികൂലമായി ബാധിച്ചു എന്ന് മൂന്ന്[10] തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ പറഞ്ഞു.

ഓരോ വർക്കിംഗ് ഗ്രൂപ്പായും ബന്ധപ്പെട്ട മേഖലകളെ സംബന്ധിച്ച പദ്ധതി ആഘാത വിലയിരുത്തൽ നടത്തണമെന്നും, പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ സഭ/വാർഡ് സഭയ്ക്ക് മുമ്പാകെ ഹാജരാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കണമെന്നും മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു (2016 - ജനുവരി) അങ്ങനെ, ഓരോ വർക്കിംഗ് ഗ്രൂപ്പും നൽകുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ ക്രോഡീകരിക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾ (ജിപി) ബ്ളോക്ക് പഞ്ചായത്തുകൾക്ക് (ബിപി) സമർപ്പിക്കുകയും, ബ്ലോക്ക് പഞ്ചായത്തുകൾ അവ ജില്ലാ പഞ്ചായത്തുകൾക്ക് (ഡിപി) നൽകുന്നു. എന്നാൽ സബ്സിഡി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിരുന്ന പദ്ധതി ആഘാത വിലയിരുത്തൽ ലാക്ഷണിക പരിശോധന നടത്തിയ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെയ്തിരുന്നില്ല.

ഓഡിറ്റിന്റെ കണ്ടത്തലുകളോട് കേരള സർക്കാർ യോജിക്കുകയും (2018 ജനുവരി) ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് കർശനമായി പാലിക്കണമെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുമെന്നും മറുപടി പറഞ്ഞു.

ശിപാർശ 2

ഗ്രാമസഭ/ വർക്കിംഗ് ഗ്രൂപ്പ് പോലുള്ള വേദികൾ വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനു വനിതകളെ ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ

10 തിരുരങ്ങാടി ബ്ളോക്ക് പഞ്ചായത്ത്, മുതേതാലി ജില്ലാ പഞ്ചായത്ത്, തൊണ്ടർനാട് ജി. പി.

സജീവമായി ചർച്ച ചെയ്യുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.8.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയിട്ടുള്ള മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

33. വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ, പിറവം മുനിസിപ്പാലിറ്റി എന്നിവ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

34. കൊച്ചി കോർപ്പറേഷൻ, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി എന്നിവർ ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

35. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ജൂബിലി കോംപ്ലക്സിലെ വനിതാ റീഡേഴ്സ് സെന്ററിന് സി.ആർ.ഇസഡ്. ന്റെയും ആർക്കിയോളജിയുടെയും അനുമതി ആവശ്യമായിരുന്നതിനാൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും പ്രീമെട്രിക് ഹോസ്റ്റൽ, മാടപ്പീടികയിലെ തൊഴിൽ പരിശീലന കേന്ദ്രം എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും ജെന്റർ ബഡ്ജറ്റ് സുതാര്യമായി ഓഡിറ്റ് ചെയ്യ് ഡാറ്റ കളക്ട് ചെയ്തിട്ടുണ്ടെന്നും തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. കൃത്യമായി ഡാറ്റ ശേഖരിച്ച് വിശകലനം നടത്തിയതിനു ശേഷമാണോ പദ്ധതികൾ അംഗീകരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ഇതിനായി ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കിയിട്ടുണ്ടെന്നും അടിസ്ഥാന ഡാറ്റാ ബേസ് ശേഖരിച്ചിട്ടുള്ള ലോക്കൽ ബോഡിയാണ് തലശ്ശേരി മുൻസിപ്പാലിറ്റിയെന്നും പ്രസ്തുത ഡാറ്റയുടെ അടിസ്ഥാനത്തിൽ ജെന്റർ ബഡ്ജറ്റ് തയ്യാറാക്കാൻ കഴിയുന്നുണ്ടെന്നും മുൻസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

36. സ്ത്രീ സമത്വം രൂപപ്പെടുത്തുകയാണ് ജെന്റർ ബഡ്ജറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും പദ്ധതി പ്രകാരം കെട്ടിടം നിർമ്മിച്ചതുകൊണ്ട് മാത്രം

കാര്യമില്ലെന്നും ജെന്റർ ബഡ്ജറ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വകുപ്പിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ടെന്നും കൃത്യമായി ഡാറ്റാ ബേസ് തയ്യാറാക്കണമെന്നും പ്രായോഗികമല്ലാത്ത പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുന്ന സ്ഥിതിയാണുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

37. ജെന്റർ ബഡ്ജറ്റിംഗിനെക്കുറിച്ച് ധാരണയില്ലാതെ നഗരസഭകൾ കെട്ടിടം നിർമ്മിച്ച ശേഷം അതിൽ മറ്റ് സൗകര്യങ്ങൾ ഉണ്ടാക്കാൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുകയാണെന്നും ജെന്റർ ബഡ്ജറ്റിനു വേണ്ടിയുള്ള ഡാറ്റ നഗരസഭയിൽ ലഭ്യമല്ലെന്നും സ്ത്രീ, പുരുഷൻ, വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഡാറ്റ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുകയും അത് പ്രകാരം അതത് മേഖലകളിലാവശ്യമായ പ്രോജക്ടുകൾ വയ്ക്കുകയും ചെയ്യണമെന്നും വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം, തൊഴിൽരഹിതരായ വിധവകൾ/സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, സാമ്പത്തിക സഹായം (തിരിച്ചടവ് ഉള്ളത് / ഇല്ലാത്ത ബാങ്ക് വായ്പ), എന്നിവയെല്ലാം ജെന്റർ ബഡ്ജറ്റിൽ ഉൾപ്പെടുമെന്നും 10 ശതമാനം തുക എങ്ങനെയെങ്കിലും നീക്കിവയ്ക്കുക/ ചെലവഴിക്കുക എന്ന രീതിയിലാണ് ജെന്റർ ബഡ്ജറ്റിംഗിനെ കാണുന്നതെന്നും നഗരകാര്യ വകുപ്പ് ഇക്കാര്യത്തിൽ വേണ്ടപോലെ ഇടപെട്ടിട്ടില്ലെന്നും പൊതുവായൊരു വിശകലനം മാത്രമേ നടത്താറുള്ളൂവെന്നും സമിതിയിൽ വന്ന പ്രസ്തുത പരാമർശങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും നഗരകാര്യ വകുപ്പ് സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

38. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നയപരമായി വിലയിരുത്തി സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മോണിറ്ററിംഗ് നടത്തുകയോ അല്ലാത്തപക്ഷം പദ്ധതികൾ നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിന് വകുപ്പ് തലത്തിൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫൊമൻസ് ഓഡിറ്റ് ഓഫീസർ സമിതി

മുൻപാകെ ബോധിപ്പിച്ചു.

39. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ജെന്റർ ബഡ്ജറ്റിംഗിന്റെ ഭാഗമായി വാർഡ് സഭ /വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ച് ചേർക്കാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷം ആറ് യോഗം വരെ കൂടിയിട്ടുണ്ടെന്നും ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

40. കുത്തുപറമ്പ് മുനിസിപ്പാലിറ്റി, അട്ടപ്പാടി, പാറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, എന്നീ ബ്ളോക്ക് പഞ്ചായത്തുകൾ എന്നിവ സംബന്ധിച്ചും കണ്ണൂർ, കോട്ടയം, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ സംബന്ധിച്ചും സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

41. വനിതാ ഘടക പദ്ധതികളുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കൊച്ചി കോർപ്പറേഷനും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും ലഭ്യമാക്കിയ മറുപടികൾ തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്ക് കൊച്ചി കോർപ്പറേഷന്റെയും, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെയും വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

42. വനിതാ ഘടക പദ്ധതികളുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ തിരുവനന്തപുരം കോർപ്പറേഷൻ, പിറവം, തലശ്ശേരി, പത്തനംതിട്ട, കുത്തുപറമ്പ്, എന്നീ മുനിസിപ്പാലിറ്റികളുടെയും അട്ടപ്പാടി, പാറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെയും, കണ്ണൂർ, കോട്ടയം, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

43. ലിംഗഭേദ കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് ഫണ്ടുകൾ വകയിരുത്തുന്നതിന് ജെന്റർ ബഡ്ജറ്റ് തയ്യാറാക്കേണ്ടത് ആവശ്യമാണെന്നും, സ്ത്രീ, പുരുഷൻ, വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഡാറ്റകൾ ഉണ്ടെങ്കിൽ മാത്രമേ ജെൻഡർ ബജറ്റിംഗ് ശരിയായ രീതിയിൽ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളുവെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിൽ ബജറ്റിംഗ്

തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റകൾ ഇല്ലാത്ത കാര്യം സമിതി അതൃപ്തിയോടെ വീക്ഷിക്കുന്നു. ആയതിനാൽ ജെന്റർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ആയത് കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജെന്റർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് ഭരണ വകുപ്പിന്റെ ശ്രദ്ധയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ

പട്ടികജാതി (എസ്.സി)/പട്ടികവർഗ്ഗ (എസ്.റ്റി) വനിതൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനായി വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികൾക്ക് ഫണ്ടുകൾ വകയിരുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നീരീക്ഷിച്ചത് താഴെ വിവരിക്കുന്നു. അപ്രകാരം ദുർബല വിഭാഗങ്ങളിലെ വനിതകൾക്ക് മെച്ചപ്പെട്ട ആരോഗ്യവും ജീവിതനിലവാരവും നിഷേധിക്കപ്പെട്ടു

- അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ എസ്.റ്റി വനിതകൾ ആകെ വനിതകളുടെ 43.12 ശതമാനമായിരുന്നു. എന്നാൽ 2014-15 മുതൽ 2016-17 കാലയളവിൽ എസ്.റ്റി വനിതകളുടെ വികസനത്തിനായി ഫണ്ടുകൾ ഒന്നും തന്നെ വകയിരുത്തിയിരുന്നില്ല.
- നെന്മേനി ഗ്രാമപഞ്ചായത്തിൽ. എസ്.റ്റി വനിതകളുടെ ജനസംഖ്യ 67.19 ശതമാനമായിരുന്നു. എന്നാൽ 2012-13, 2015-16, 2016-17 വർഷങ്ങളിൽ എസ്.റ്റി. വനിതകളുടെ നന്മയ്ക്കായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല.
- പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 9.20 ശതമാനമായിരുന്നു. എന്നാൽ 2012-13 മുതൽ 2015-16 വരെ എസ്.സി വനിതകൾക്ക് ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല പക്ഷേ 2016-17-ൽ വകയിരുത്തിയ മുഴുവൻ തുകയും (40.16 ശതമാനം) വിനയോഗിച്ചു. 2012-13 മുതൽ 2015-16 വരെ ഫണ്ടുകൾ വകയിരുത്തിയിരുന്നെങ്കിൽ, അവ ബ്ലോക്ക്

പഞ്ചായത്തിലെ എസ്.സി വനിതകളുടെ ക്ഷേമത്തിന് വിനിയോഗിക്കാമായിരുന്നു.

- മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 29.98 ശതമാനമായിരുന്നു. 2015-16-ലും 2016-17-ലും എസ്.സി വനിതകളുടെ ക്ഷേമത്തിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല.

- പുളർ ഗ്രാമ പഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 28.24 ശതമാനമായിരുന്നു. എന്നാൽ 2012-13, 2015-16, 2016-17 വർഷങ്ങളിൽ എസ്.സി വനിതകളുടെ വികസനത്തിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനത്തിനായുള്ള വകയിരുത്തലുകളുടെ പര്യാപ്തതയെ സംബന്ധിച്ച് ആസൂത്രണം ഇല്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിദൂരങ്ങളിലും ഒറ്റപ്പെട്ടു കിടക്കുന്നതുമായ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ആരോഗ്യരക്ഷയുടെ അഭാവത്തെ കുറിച്ച് കേരള സർക്കാരിന്റെ 2013-ലെ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക നിലവാരത്തെ കുറിച്ചുള്ള റിപ്പോർട്ട് പ്രതിപാദിച്ചിരുന്നു. ഭക്ഷ്യസുരക്ഷ, ശുചിത്വം, സുരക്ഷിതമായ കുടിവെള്ളം എന്നിവയുടെ അഭാവം, മോശമായ പോഷക ആഹാര വിതരണം, ഉയർന്ന ദാരിദ്ര നിലവാരം സാക്ഷതരയില്ലായ്മ, വിശ്വാസ സമ്പ്രദായവും സാംസ്കാരിക ആചാരങ്ങളും, അനാരോഗ്യകരമായ ജീവിതശൈലി എന്നിവ ഗോത്രവർഗ്ഗക്കാരുടെ മോശമായ ആരോഗ്യനിലവാരം സങ്കീർണ്ണമാക്കുന്നു. പഞ്ചായത്തുകളിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ പരിശീലനവും അവബോധ പരിപാടികളും സംഘടിപ്പിക്കുമെന്നും, പട്ടിക വർഗ്ഗ വനിതകൾക്ക് പ്രയോജനം ഉണ്ടാകുന്ന മാതൃകാ വനിതാ ഘടക പദ്ധതികൾ ആവിഷ്കരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അന്തിമ കൂടിക്കാഴ്ചയിൽ പറഞ്ഞു (2018 ജനുവരി)

ഓഡിറ്റ് കണ്ടത്തലുകളോട് കേരള സർക്കാർ യോജിക്കുകയും പട്ടികജാതി/ പട്ടികവർഗ്ഗ വനിതകൾക്കായി വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഫണ്ടുകളുടെ നിമയപരമായ വകയിരുത്തലുകൾ ഉറപ്പാക്കാൻ അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും പറഞ്ഞു (2018 ജനുവരി).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഖണ്ഡിക 3.1.8.2]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

44. പട്ടികജാതി /പട്ടികവർഗ്ഗ വനിതകൾക്ക് വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നെന്മേനി, പുളൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ, പാറശ്ശാല, അട്ടപ്പാടി എന്നീ ബ്ളോക്ക് പഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

45. മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ നിലവിൽ എസ്.സി. വനിതകളുടെ വികസനത്തിനായി ഫണ്ട് വകയിരുത്തുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉണ്ടെന്നും ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നെന്നും മൂന്നിലവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്തിൽ പ്രസ്തുത വിഭാഗക്കാർ ജനസംഖ്യയുടെ 29.88 ശതമാനമാണെന്നും 2015, 2016 വർഷങ്ങളിൽ പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമത്തിനായി ഫണ്ട് വകയിരുത്തിയില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും സി & എ.ജി.യുടെ ഓഫീസിലെ സീനിയർ ഡി.എ.ജി. ചൂണ്ടിക്കാട്ടിയതിന് പ്രസ്തുത പഞ്ചായത്തിൽ എസ്.സി. വിഭാഗത്തെക്കാൾ കൂടുതൽ എസ്.ടി. വിഭാഗക്കാരാണെന്നും ജനറൽ - എസ്.ടി.വിഭാഗങ്ങൾക്ക് ഉല്പാദന-സേവന മേഖലകളിൽ പ്രത്യേകം തുക വകയിരുത്തി ചെലവഴിക്കാറുണ്ടെന്നും മൂന്നിലവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമായിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ എസ്.സി. വിഭാഗത്തെക്കാൾ പ്രാധാന്യം എസ്.ടി. വിഭാഗമാണുള്ളത് എന്നതിനാൽ അവർക്കും കൂടി തുക ചെലവഴിക്കേണ്ടി വരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫൊമൻസ് ഓഡിറ്റ് ഓഫീസർ, അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

46. ഇടുക്കിയിലെ ചില പഞ്ചായത്തുകളിൽ എസ്.ടി. വിഭാഗക്കാരാണ് കൂടുതലെന്നും 10 ശതമാനം തുകയിൽ നിന്നും എസ്.ടി. വിഭാഗക്കാർക്കാണ് കൂടുതൽ വിഹിതം വയ്ക്കേണ്ടതെന്നും മലയോര – തീരദേശ മേഖലകളെ ഒരുപോലെ കാണുന്നതുകൊണ്ടാണ് പ്രശ്നമുണ്ടാകുന്നതെന്നും പ്രസ്തുത പദ്ധതി ഫ്ളെക്സിബിളാക്കിയില്ലെങ്കിൽ തുക യഥോചിതം ഉപയോഗിക്കാൻ കഴിയില്ലെന്നും എല്ലാ വർഷവും ഗുണഭോക്താക്കൾ ഒന്നു തന്നെയായിരിക്കുമെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. 15 ശതമാനം എസ്.സി. വിഭാഗത്തിനും 7.5 ശതമാനം എസ്.ടി. വിഭാഗത്തിനുമായാണ് എം.പി. ഫണ്ട് വകയിരുത്തുന്നതെന്നും ഇത് സംബന്ധിച്ച് പുന:പരിശോധനയില്ലാത്തതുകൊണ്ടാണ് പല പഞ്ചായത്തിലും പ്രസ്തുത ഫണ്ട് യഥോചിതം വിനിയോഗിക്കാത്തതെന്നും സീനിയർ ഡി.എ.ജി. വിശദമാക്കി. ഫണ്ട് അനുവദിക്കുന്നതിൽ ജനസംഖ്യ അനുസൃതമായ പുന:പരിശോധന ആവശ്യമാണെന്നും എൽ.എസ്.ജി.ഡി.യിൽ ഫണ്ട് അനുവദിക്കുന്നത് ജനസംഖ്യാനുസൃതമായാണെന്നും എന്നാൽ എം.പി. ഫണ്ട് എല്ലായിടത്തും ഒരുപോലെയാണെന്നും സമിതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

47. പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് വനിതാഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

48. പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് വനിതാഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നെന്മേനി, പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൻമേലും, അട്ടപ്പാടി, പാറശ്ശാല, എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൻമേലും സർക്കാർ ലഭ്യമാക്കിയ മറുപടികൾ അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നടപ്പാക്കൽ

വനിതാ ഘടകപദ്ധതിയ്ക്ക് കീഴിൽ തയ്യാറാക്കിയ/നടപ്പാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിശകലനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്തിയിരുന്നത് മൂന്ന മേഖലകൾക്കാണ്. സേവനം, ഉത്പാദനം, അടിസ്ഥാന സൗകര്യം. സേവന മേഖലകളിൽ ഉൾപ്പെട്ടിരുന്നത് വിദ്യാഭ്യാസം, ആരോഗ്യം, മാതൃ ശിശു സംരക്ഷണം, തൊഴിൽ, സാമൂഹ്യ ക്ഷേമം മുതലായവയാണ്. ഉത്പാദന മേഖലയിൽ ഉൾപ്പെട്ടിരുന്നത് കൃഷി, മണ്ണും ജലവും സംരക്ഷണം, ജലസേചനം, വ്യവസായം മുതലായവയാണ് അടിസ്ഥാന സൗകര്യ മേഖലയിൽ ഉൾപ്പെട്ടിരുന്നത് ഊർജ്ജം, ഗതാഗതം, പൊതുകെട്ടിടങ്ങൾ മുതലായവയാണ്.

ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും മേഖല തിരിച്ച് വിശകലനം ചെയ്തത് താഴെ വിവരിച്ചിരിക്കുന്നു.

(എ) സേവന മേഖല

2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ, ₹168.56 കോടി (1,148 പദ്ധതികൾ) വകയിരുത്തിയതിൽ ₹100.31 കോടി (59.51 ശതമാനം) വിനിയോഗിച്ചു. (754 പദ്ധതികൾ). ₹168.56 കോടി വകയിരുത്തിയതിൽ ₹97.49 കോടി (57.84 ശതമാനം) വകയിരുത്തിയിരുന്നത് അനർഹമായ പദ്ധതികൾക്കാണ്. അതായത് വനിതകൾക്ക് നേരിട്ട് പ്രയോജനം ചെയ്യാത്ത പദ്ധതികൾ[11] (ചുവടെ ചേർക്കുന്നു)

സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	എഎഫ്എസും വാർഷിക ഓഡിറ്റ് റിപ്പോർട്ടും പ്രസിദ്ധീകരിക്കാതിരിക്കൽ	എഎഫ്എസിൽ താരതമ്യ തുക ഉൾപ്പെടുത്താത്തത്	എഎഫ്എസിന്റെ അനുബന്ധ പത്രിക തയ്യാറാക്കാത്തത്	തുകകളെ തൊട്ടടുത്ത രൂപയിലേയ്ക്ക് മാറ്റാത്തത്	പ്രൊവിഷൻ വയ്ക്കാത്തത്
മുനിസിപ്പാലിറ്റികൾ						
കുന്നുപറമ്പ്	2011-12		1		1	
നെടുമങ്ങാട്	2013-14			1		1
കൽപ്പറ്റ	2013-14				1	
	ആകെ		**1**	**1**	**2**	**1**

11 സ്ത്രീകൾ ഗൃഹനാഥയാകുന്ന കുടുംബങ്ങൾക്ക് ഉദ്ദേശിച്ച ഭവനങ്ങളുടെ നിർമ്മാണം/ സംരക്ഷണം ഒഴിച്ച് (66.92%)അംഗനവാടികളുടെ നിർമ്മാണം/സംരക്ഷണം (16.69%) അംഗനവാടികൾക്കുള്ള പോഷകാഹാരം പരിപാടി (10.36%) വിദ്യാഭ്യാസത്തിന് (സർവ്വശിക്ഷ അഭിയാൻ) നൽകിയ തുക (0.54%), മറ്റുള്ളവ (5.49%).

ജില്ലാപഞ്ചായത്തുകൾ						
കാസർഗോഡ്	2013-14		1			
കോഴിക്കോട്	2013-14		1			1
	ആകെ		**2**			**1**
ബ്ലോക്ക് പഞ്ചായത്തുകൾ						
ചമ്പക്കുളം	2012-13		1	1		
പറവൂർ	2013-14		1	1		
ചിറ്റുമല	2014-15	1		1		
ശാസ്താംകോട്ട	2013-14			1		
അതിയന്നൂർ	2014-15			1		1
ചേലന്നൂർ	2014-15		1			
കാറഡുക്ക	2013-14		1			
കാസർഗോഡ്	2012-13		1			
ഓച്ചിറ	2013-14	1				
	ആകെ	**2**	**5**	**5**		**1**
ഗ്രാമപഞ്ചായത്തുകൾ						
പീരുമേട്	2013-14	1		1		
വെൺമണി	2013-14	1				
മണിയൂർ	2013-14		1			
കാവാലം	2012-13			1		
മൺറോതുരുത്ത്	2012-13	1		1		
പായിപ്പാട്	2013-14			1		
കുമിളി	2013-14		1			1
മണിമല	2013-14		1			
കല്ലറ	2012-13			1		
ശാസ്താംകോട്ട	2014-15			1		
ചെങ്കൽ	2013-14	1		1		1
പനവൂർ	2013-14			1		
നാദാപുരം	2013-14		1	1		

കുലശേഖരപുരം	2013-14	1	1	1		
എലിക്കുളം	2014-15					1
നെടുമുടി	2014-15			1		
വാളകം	2013-14			1		
ആയവന	2014-15			1		
പാണാവള്ളി	2013-14					1
നാരങ്ങാനം	2014-15					1
ചോറോട്	2014-15		1		1	1
കോടംതുരുത്ത്	2013-14			1		
പുന്നപ്ര തെക്ക്	2014-15			1		1
കുറിച്ചി	2014-15			1		
വേങ്ങര	2012-13				1	
വരാപ്പുഴ	2014-15			1		
ഏരിയാട്	2014-15					1
ബാലുശ്ശേരി	2014-15		1			
പോരുവഴി	2013-14			1		
വേലൂർ	2014-15					1
കടപ്ര	2014-15			1		
ചെമ്മനാട്	2014-15		1		1	1
വട്ടവട	2014-15			1		
ആനിക്കാട്	2014-15			1		
പഴയന്നൂർ	2014-15			1		
കോടോം ബേളൂർ	2014-15		1		1	1
വാഴക്കാട്	2014-15			1		
മതിലകം	2015-16		1	1		
വരവൂർ	2014-15		1	1	1	
കാങ്കോൽ-	2014-15		1			

ആലപ്പടമ്പ						
ചപ്പാരപ്പടവ്	2014-15		1		1	
നാഗലശ്ശേരി	2014-15		1	1	1	
അശമന്നൂർ	2015-16		1	1	1	
കടകരപ്പള്ളി	2014-15		1	1		1
ആകെ		**5**	**16**	**28**	**8**	**12**
ഒട്ടാകെ		**7**	**24**	**34**	**10**	**15**

ഈ അനർഹമായ വകയിരുത്തലായ ₹97.49 കോടിയിൽ, ₹73.32 കോടി ചെലവാക്കി. അനർഹമായ വകയിരുത്തലിന്റെ 66.92 ശതമാനം വനിതകൾക്ക് പ്രയോജനം ചെയ്യുന്നതല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഈ സന്ദർഭത്തിൽ പരാമർശിക്കാൻ പ്രസക്തമായ ഒരു കാര്യം തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 മുതൽ 2016-17 വരെ ഭവന പദ്ധതികൾക്ക്[12] വകയിരുത്തിയ ₹1035.49 കോടിയിൽ വിനിയോഗം (2017 മാർച്ച്) ₹429.52 കോടി (41.48 ശതമാനം) മാത്രമായിരുന്നു. അതിനാൽ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്ത ഭവന പദ്ധതികൾക്കുള്ള ധനസഹായം വനിതാഘടക പദ്ധതിയിൽ ഒഴിച്ചുള്ള ഇതര പദ്ധതികൾക്ക് കീഴിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകളുടെ സാമൂഹ്യ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുദ്ദേശിച്ച് വിദ്യാഭ്യാസം, ആരോഗ്യം എന്നീ ഉപമേഖലകളിൽ കഴിഞ്ഞ അഞ്ചു വർഷം വകയിരുത്തിയ ഫണ്ടുകൾ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ആകെ വകയിരുത്തിയതിന്റെ 3.09 ശതമാനവും 5.31 ശതമാനവും മാത്രമായിരുന്നു. ഇതിൽ വിനിയോഗം യഥാക്രമം 53.75 ശതമാനവും 57.88 ശതമാനവുമായിരുന്നു. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട ഈ ഉപമേഖലകൾക്ക് ആവശ്യമായ ഊന്നൽ നൽകിയിരുന്നില്ല എന്നതാണ്. ഈ ഉപമേഖലകളിലെ വകയിരുത്തലും വിനിയോഗവും ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് പ്രായോഗികമായ

12 കേരള സർക്കാരിന്റെ ഇ.എം.എസ് ഭവനപദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാൻമന്ത്രി ആവാസ് യോജന.

പദ്ധതികൾകണ്ടെത്തുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നാണ് തൽഫലമായ്, ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകിയും മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ പ്രദാനം ചെയ്തും തൊഴിലുകൾ ഏറ്റെടുക്കുന്നതിന് വനിതകളെ പ്രാപ്തമാക്കുക വഴി സ്ത്രീശാക്തീകരണം എന്ന വനിതാ ഘടക പദ്ധതിയുടെ ലക്ഷ്യം വേണ്ട രീതീയിൽ കൈവരിക്കാൻ കഴിഞ്ഞില്ല.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഖണ്ഡിക 3.1.9.1 എ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

49. മുണ്ടക്കയം, വേങ്ങപ്പള്ളി, പള്ളിവാസൽ, കാന്തല്ലൂർ, കായണ്ണ, പുളൂർ, കണ്ണാടി, പെരിങ്ങമ്മല, നടത്തറ, പത്തനാപുരം, മൂന്നിലവ് എന്നീ ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകൾ, പിറവം മുൻസിപ്പാലിറ്റി എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

50. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്, 2013-14 മുതൽ 2016-17 വരെ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക സംബന്ധിച്ച് വകുപ്പിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

51. മുത്തോലി ഗ്രാമപഞ്ചായത്ത് വീഡിയോ കോൺഫറൻസ് മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി വ്യക്തമല്ലാത്തതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

52. ഭവനനിർമ്മാണം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ചുള്ള നെന്മേനി ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം എന്താണെന്ന് സമിതി ആരാഞ്ഞതിന് മുതിർന്ന പുരുഷന്മാരില്ലാത്ത വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് വേണ്ടിയുള്ള ഭവനനിർമ്മാണം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ

ബോധിപ്പിച്ചു. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾ സമയബന്ധിതമായി കരാർ വയ്ക്കാത്തതും സ്റ്റേജ് ക്രമമനുസരിച്ച് പൂർത്തിയാക്കുന്നതിലുള്ള കാലതാമസവും കൊണ്ടും പ്രസ്തുത പദ്ധതി ഒഴിവാക്കി പകരം പുഷ്പകൃഷിക്ക് സബ്സിഡി, വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം എന്നിവ ആസൂത്രണം ചെയ്യുന്നുണ്ടെന്നും നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

53. നെന്മേനി ഗ്രാമപഞ്ചായത്തിൽ ട്രൈബൽ കുടുംബങ്ങളും അവിവാഹിതരായ അമ്മമാരുമുണ്ടെന്നും വനിതകൾക്കായി ആടുകളെ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിനുത്തരമായി നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

54. വയനാട് ജില്ലയിലുള്ള അവിവാഹിതരായ അമ്മമാർ ഒറ്റപ്പെട്ടാണ് ജീവിക്കുന്നതെന്നും പ്രസ്തുത സ്ത്രീകളാണ് അവിടെ ഗൃഹനാഥകളെന്നും അതിനാൽ അവർക്ക് സംരക്ഷണം ലഭിക്കുന്നില്ലെന്നും ഭവനനിർമ്മാണത്തിന് പകരം ആട് - കോഴി വിതരണ പദ്ധതികളാണ് അവിടെ നടപ്പാക്കുന്നതെന്നും അത് പരിശോധിക്കേണ്ടതാണെന്നും വനിതാഘടകപദ്ധതിയുടെ പരിശോധനയ്ക്കായി വനിതാ വികസന-പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ സേവനം ആവശ്യമാണെന്നും വയനാട്ടിലെ ട്രൈബൽ കോളനികളുടെ സ്ഥിതി ശോചനീയമാണെന്നും ട്രൈബൽ വനിതകളുടെ ഉന്നമനത്തിന് വകുപ്പുകളുടെ ഏകോപനം ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുകൾ നടപ്പാക്കുന്ന ഭവന/കക്കൂസ് നിർമ്മാണം പോലുള്ള വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പും നടപ്പാക്കുന്നുണ്ടെന്നും വകുപ്പുകളുടെ ഏകോപനമില്ലായ്മ പദ്ധതി നടത്തിപ്പിനെ പല വിധത്തിൽ ബാധിക്കുന്നുണ്ടെന്നും സീനിയർ ഡി.എ.ജി. അഭിപ്രായപ്പെട്ടു.

55. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മുനിസിപ്പാലിറ്റിയിൽ 2016-17 സാമ്പത്തിക വർഷം വനിതാ ഘടകപദ്ധതിയിൽ ആകെ വകയിരുത്തിയ ₹ 93,77,400/- രൂപയിൽ 9 പദ്ധതികളിലായി ₹ 45,52,171/- രൂപ (48.54 ശതമാനം) ചെലവായതായും വനിതകളുടെയും കുട്ടികളുടെയും

വികസന പദ്ധതിയിൽ മൂന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത വർഷം ചേർന്നിട്ടുണ്ടെന്നും 2016-17 സാമ്പത്തിക വർഷം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ കടമുറികളുടെ നിർമ്മാണം 2018-19, 2019-20 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടി കടമുറികളുടെ സ്ഥലം വേർതിരിക്കാതെ നിലവിലുള്ള സ്ഥലത്ത് വനിത കൊപ്ര യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും കൂടുതൽ ആളുകൾ ആവശ്യവുമായി വന്നാൽ സ്ഥലം വേർതിരിച്ചു നല്കുന്നതാണെന്നും 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഇ-ടോയ്ലെറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഷൊർണ്ണൂർ, കുളപ്പുള്ളി എന്നീ ബസ് സ്റ്റാൻഡ് പ്രദേശങ്ങളിലായാണ് ഇ-ടോയ്ലെറ്റ് സ്ഥാപിച്ചിട്ടുള്ളതെന്നും എന്നാൽ ഭയം മൂലം സ്ത്രീകൾ ഇത് ഉപയോഗിക്കുന്നില്ലെന്നും ജാഗ്രത സമിതികൾ കൃത്യമായി കൂടുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്നും ഷൊർണ്ണൂർ മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു

56. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച 24 കടമുറികൾ വനിതകളുടെ ഏത് പദ്ധതിയുമായി ബന്ധപ്പെടുത്തിയാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടാണോ അവ നിർമ്മിച്ചതെന്നും സമിതി അംഗം ആരാഞ്ഞു. വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുള്ള അങ്കണവാടി കെട്ടിടങ്ങളാണ് അവയെന്നും അവ 24 വാർഡുകളിലായാണ് നിർമ്മിച്ചിരിക്കുന്നതെന്നും അങ്കണവാടിയിലെ പ്രവർത്തകരും സഹായികളും സ്ത്രീകളായതിനാലാണ് അത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും അങ്കണവാടി വനിതാ - ശിശുക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണെന്നും അത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണെന്നും സമിതി വിലയിരുത്തി. നിർമ്മിച്ച 24 കെട്ടിടങ്ങളിൽ വനിതകൾക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദമായി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

57. തലശ്ശേരി, കുത്തുപറമ്പ് എന്നീ മുൻസിപ്പാലിറ്റികൾ, പാറശ്ശാല ,കൽപ്പറ്റ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച് വകുപ്പിൽ നിന്നും സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ

ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

58. പത്തനംതിട്ട മുനിസിപ്പാലിറ്റിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

59. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ വനിതകൾക്ക് നേരിട്ട് പ്രയോജനപ്പെടുന്ന പദ്ധതികൾക്കാണ് ഡബ്ല്യു.സി.പി.ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതെന്നും അട്ടപ്പാടി സർക്കാർ ടൈബൽ ആശുപത്രിയിലും സ്പെഷ്യൽ ആശുപത്രിയിലും ഫണ്ട് വകമാറ്റിയത് എന്തടിസ്ഥാനത്തിലാണെന്നും വനിതകളുടെ സാമൂഹിക – ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിന് വകയിരുത്തിയ തുകയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, ബ്ലോക്ക് പഞ്ചായത്തിൽ വ്യക്തിഗതാനുമതിയുള്ള പദ്ധതിയില്ലാത്തതുകൊണ്ടും ഗ്രൂപ്പടിസ്ഥാനത്തിലായതുകൊണ്ടും നോൺ ലിങ്ക്ഡ് പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നതുകൊണ്ടും സെന്റർ ലഭിക്കാത്തതുകൊണ്ടുമാണ് അപ്പോൾ ചെയ്യാൻ കഴിയാതിരുന്നതെന്നും പിന്നീടുള്ള വർഷങ്ങളിൽ ആയത് കൃത്യമായി ചെയ്തുപോന്നിട്ടുണ്ടെന്നും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

60. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 2013-2017 കാലയളവിൽ വനിതാ ഘടകം പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ ചെലവാക്കിയ തുക സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

61. മുത്തോലി ഗ്രാമപഞ്ചായത്ത് 2012-17 വരെ കാലയളവിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

62. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി 24 കെട്ടിടങ്ങൾ പൂർത്തീകരിച്ച്, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, കെട്ടിട നിർമ്മാണം വനിതാ ഘടക പദ്ധതിയുടെ സേവന മേഖലയിൽ ഉൾപ്പെടുന്ന പദ്ധതിയല്ലെന്ന് ചൂണ്ടികാണിച്ചു. സേവന മേഖലയിൽ ഉൾപ്പെടുത്തിയ ഈ 24 കെട്ടിടങ്ങളിൽ വനിതകൾക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

63. പത്തനംതിട്ട മുൻസിപ്പാലിറ്റി 2012-2017 വരെയുള്ള കാലയളവിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

64. മുണ്ടക്കയം, വേങ്ങപ്പള്ളി, പള്ളിവാസൽ, കാന്തല്ലൂർ, കായണ്ണ, പൂളൂർ, കണ്ണാടി, പെരിങ്ങമ്മല, നടത്തറ, പത്തനാപുരം, മൂന്നിലവ്, നെൻമേനി, എന്നീ ഗ്രാമപഞ്ചായത്തുകളുടെയും, കൊച്ചി, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളുടെയും, പിറവം, തലശ്ശേരി, കുത്തുപറമ്പ്, എന്നീ മുനിസിപ്പാലിറ്റികളുടെയും, പാറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളുടെയും, പാലക്കാട്, കൊല്ലം, കണ്ണൂർ, കോട്ടയം ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടികൾ അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

(ബി) ഉത്പാദന മേഖല

ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് ഉത്പാദന മേഖല, എന്തെന്നാൽ, അത് ലക്ഷ്യമിടുന്നത് കാർഷിക സംബന്ധമായ ഉത്പാദനം മെച്ചപ്പെടുത്തി അതുവഴി ഗ്രാമീണ ജനതയ്ക്ക് ഉപജീവനമാർഗ്ഗം പ്രദാനം ചെയ്യുക എന്നുള്ളതാണ്. ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2012-17 കാലയളവിൽ ഉത്പാദന മേഖലയിൽ ₹87.28 കോടിയുടെ 714 പദ്ധതികൾ നിർദ്ദേശിച്ചിരുന്നതിൽ ₹36.34 കോടി (41.64 ശതമാനം) വിനിയോഗിച്ച് 496 പദ്ധതികൾ മാത്രമേ നടപ്പാക്കിയിരുന്നുള്ളൂ. ഇതിൽ ₹2.51 കോടി (6.91 ശതമാനം) വിനിയോഗിച്ചത് വനിതകൾക്ക് നേരിട്ടു പ്രയോജനം ലഭിക്കാത്ത 12 പദ്ധതികൾക്കായിരുന്നു (പട്ടികയിൽ ചേർത്തിരിക്കുന്നു).

എഎഫ്എസിൽ പോരായ്മകൾ വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക

സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	എഎഫ്എസും വാർഷിക ഓഡിറ്റും റിപ്പോർട്ടും പ്രസിദ്ധീകരിക്കാതിരിക്കൽ	എഎഫ്എസിൽ താരതമ്യ തുക ഉൾപ്പെടുത്താത്തത്	എഎഫ്എസിന്റെ അനുബന്ധ പത്രിക തയ്യാറാക്കാത്തത്	തുകകളെ തൊട്ടടുത്ത രൂപയിലേയ്ക്ക് മാറ്റാത്തത്	പ്രൊവിഷൻ വയ്ക്കാത്തത്
മുനിസിപ്പാലിറ്റികൾ						
കുത്തുപറമ്പ്	2011-12		1		1	
നെടുമങ്ങാട്	2013-14			1		1

കൽപ്പറ്റ	2013-14				1	
	ആകെ		**1**	**1**	**2**	**1**
ജില്ലാപഞ്ചായത്തുകൾ						
കാസർഗോഡ്	2013-14		1			
കോഴിക്കോട്	2013-14		1			1
	ആകെ		**2**			**1**
ബ്ലോക്ക് പഞ്ചായത്തുകൾ						
ചമ്പക്കുളം	2012-13		1	1		
പറവൂർ	2013-14		1	1		
ചിറ്റൂമല	2014-15	1		1		
ശാസ്താംകോട്ട	2013-14			1		
അതിയന്നൂർ	2014-15			1		1
ചേലന്നൂർ	2014-15		1			
കാറഡുക്ക	2013-14		1			
കാസർഗോഡ്	2012-13		1			
ഓച്ചിറ	2013-14	1				
	ആകെ	**2**	**5**	**5**		**1**
ഗ്രാമപഞ്ചായത്തുകൾ						
പീരുമേട്	2013-14	1		1		
വെൺമണി	2013-14	1				
മണിയൂർ	2013-14		1			
കാവാലം	2012-13			1		
മൺറോതുരുത്ത്	2012-13	1		1		
പായിപ്പാട്	2013-14			1		
കുമിളി	2013-14		1			1
മണിമല	2013-14		1			
കല്ലറ	2012-13			1		
ശാസ്താംകോട്ട	2014-15			1		
ചെങ്കൽ	2013-14	1		1		1
പനവൂർ	2013-14			1		

നാദാപുരം	2013-14		1	1		
കുലശേഖരപുരം	2013-14	1	1	1		
എലിക്കുളം	2014-15					1
നെടുമുടി	2014-15			1		
വാളകം	2013-14			1		
ആയവന	2014-15			1		
പാണാവള്ളി	2013-14					1
നാരങ്ങാനം	2014-15					1
ചോറോട്	2014-15		1		1	1
കോടംതുരുത്ത്	2013-14			1		
പുന്നപ്ര തെക്ക്	2014-15			1		1
കുറിച്ചി	2014-15			1		
വേങ്ങര	2012-13				1	
വരാപ്പുഴ	2014-15			1		
ഏരിയാട്	2014-15					1
ബാലുശ്ശേരി	2014-15		1			
പോരുവഴി	2013-14			1		
വേലൂർ	2014-15					1
കടപ്ര	2014-15			1		
ചെമ്മനാട്	2014-15		1		1	1
വട്ടവട	2014-15			1		
ആനിക്കാട്	2014-15			1		
പഴയന്നൂർ	2014-15			1		
കോടോം ബേളൂർ	2014-15		1		1	1
വാഴക്കാട്	2014-15			1		
മതിലകം	2015-16		1	1		
വരവൂർ	2014-15		1	1	1	

കാങ്കോൽ-ആലപ്പടമ്പ	2014-15		1			
ചപ്പാരപ്പടവ്	2014-15		1		1	
നാഗലശ്ശേരി	2014-15		1	1	1	
അശമന്നൂർ	2015-16		1	1	1	
കടകരപ്പള്ളി	2014-15		1	1		1
ആകെ		**5**	**16**	**28**	**8**	**12**
ഒട്ടാകെ		**7**	**24**	**34**	**10**	**15**

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏഴെണ്ണത്തിലെ 25 പദ്ധതികൾക്ക് ഉത്പാദന മേഖലയുടെ ഉപമേഖലകളായ മൃഗസംരക്ഷണം, ക്ഷീര വികസനം, കൃഷി മുതലായവയ്ക്ക് വിനിയോഗിച്ച ഫണ്ടുകൾ 50 ശതമാനത്തിനു താഴെ ആയിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ പദ്ധതികൾ 18.490 വനിതാ ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകാൻ ഉദ്ദേശിച്ചിരുന്നതാണെങ്കിലും ₹2.94 കോടി വകയിരുത്തിയതിൽ ₹0.85 കോടി വിനിയോഗിച്ച് 5927 വനിതകൾക്ക് മാത്രമേ പ്രയോജനം ലഭിച്ചിരുന്നുള്ളൂ (പട്ടികയായി ചേർത്തിരിക്കുന്നു).

ബാലൻസ് ഷീറ്റിലും വരവു ചെലവു സ്റ്റേറ്റ്മെന്റിലും പോരായ്മകളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക

സ്ഥാപനത്തിന്റെ പേര്	വർഷം	ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ കണക്കുകൾ	വരവുകളുടെയും ചെവുകളുടെയും തെറ്റായ കണക്കുകൾ
കോർപറേഷൻ			
കൊല്ലം	2013-14	1	
	ആകെ	**1**	
മുനിസിപ്പാലിറ്റികൾ			
മാവേലിക്കര	2013-14	1	
കൂത്തുപറമ്പ്	2011-12	1	
നെടുമങ്ങാട്	2013-14	1	

പരവൂർ	2013-14	1	1
ചെങ്ങന്നൂർ	2013-14	1	1
	ആകെ	**5**	**2**
ജില്ലാപഞ്ചായത്തുകൾ			
വയനാട്	2013-14	1	1
തൃശ്ശൂർ	2013-14	1	1
കോഴിക്കോട്	2013-14	1	1
മലപ്പുറം	2013-14	1	
പാലക്കാട്	2013-14	1	
കാസർഗോഡ്	2012-13	1	
	ആകെ	**6**	**3**
ബ്ലോക്ക് പഞ്ചായത്തുകൾ			
ഓച്ചിറ	2013-14	1	
ശാസ്താംകോട്ട	2013-14	1	
അതിയന്നൂർ	2014-15	1	1
അമ്പലപ്പുഴ	2013-14	1	1
കൽപ്പറ്റ	2013-14	1	
ചേലന്നൂർ	2014-15	1	
കാറഡുക്ക	2013-14	1	1
കാസർഗോഡ്	2013-14	1	
	ആകെ	**8**	**3**
ഗ്രാമ പഞ്ചായത്തുകൾ			
വെൺമണി	2013-14	1	
മണിയൂർ	2013-14	1	1
കാവാലം	2012-13	1	
മൺറോതുരുത്ത്	2012-13		1
കുത്തുർ	2013-14	1	
ചമ്പക്കുളം	2014-15	1	1
പായിപ്പാട്	2013-14	1	
കുമളി	2013-14	1	
മണലൂർ	2014-15	1	1
മണിമല	2013-14	1	

കല്ലറ	2012-13	1	
പെരുവയൽ	2013-14		1
ശാസ്താംകോട്ട	2014-15	1	
ചെങ്കൽ	2013-14	1	1
കുലശേഖരപുരം	2013-14	1	
എലിക്കുളം	2014-15	1	
നെടുമുടി	2014-15	1	
വാളകം	2013-14	1	1
ആയവന	2014-15	1	1
ആനക്കയം	2012-13	1	
പാണാവള്ളി	2013-14	1	
വടക്കേക്കര	2013-14	1	1
നാരങ്ങാനം	2014-15	1	
ആളൂർ	2013-14	1	1
ചോറോട്	2014-15	1	1
ചൊവ്വന്നൂർ	2014-15	1	
കോടംതുരുത്ത്	2013-14	1	
സീതത്തോട്	2014-15		1
കുറിച്ചി	2014-15	1	
മാവേലിക്കര-തെക്കേക്കര	2014-15	1	1
വേങ്ങര	2012-13	1	1
കാണക്കാരി	2014-15	1	
പുലിയൂർ	2013-14	1	1
നിരണം	2014-15	1	
മാമ്പാട്	2014-15	1	1
ചെറിയനാട്	2014-15	1	
വാരാപ്പുഴ	2014-15	1	1
പൊൻമല	2014-15	1	1
ഏറിയാട്	2014-15	1	1
കഠിനംകുളം	2014-15	1	
പോരുവഴി	2013-14	1	1
വേലൂർ	2014-15	1	1

നെടുവത്തൂർ	2014-15	1	1
കടപ്ര	2014-15	1	
ചെമ്മരുത്തി	2014-15	1	1
ചെമ്മനാട്	2014-15	1	
വട്ടവട	2014-15	1	
വടക്കാഞ്ചേരി	2014-15	1	
പൂന്നയൂർ	2014-15	1	
ചിറ്റാർ	2014-15		1
ആനിക്കാട്	2014-15	1	
പഴയന്നൂർ	2014-15	1	
ഒളുക്കുങ്ങൽ	2014-15	1	
കോടോം ബേളൂർ	2014-15	1	1
വാഴക്കാട്	2014-15	1	
മതിലകം	2015-16	1	
ഉടുമ്പൻചോല	2014-15		1
തിരുവമ്പാടി	2014-15	1	
വരവൂർ	2014-15	1	
കാങ്കോൽ-ആലപ്പടമ്പ	2014-15	1	
ചപ്പാരപ്പടവ്	2014-15	1	1
നാഗലശ്ശേരി	2014-15	1	
അശമന്നൂർ	2015-16	1	
കടകരപ്പള്ളി	2014-15		1
ആകെ		**58**	**28**
ഒട്ടാകെ		**78**	**36**

ഈ ഉപമേഖലകളിൽ ഫണ്ടുകളുടെ കുറഞ്ഞ വിനിയോഗത്തെക്കുറിച്ച് ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയതിൽ വെളിപ്പെട്ടത് പദ്ധതികൾ തയ്യാറാക്കുന്നതിനു മുമ്പ് സാദ്ധ്യതാ പഠനം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ പരാജയം സാമ്പത്തിക വർഷത്തിന്റെ അവസാന പാദങ്ങളിൽ ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയത് സാമ്പത്തിക

ബുദ്ധിമുട്ടുകൾ കാരണം ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ എസ്.സി./എസ്.റ്റി ഗുണഭോക്താക്കൾക്കുള്ള വിമുഖത എന്നിവയായിരുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഖണ്ഡിക 3.1.9.1(ബി)]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

65. **കണ്ണാടി, മുണ്ടക്കയം, നടത്തറ, പുത്തൂർ, കായണ്ണ, പത്തനാപുരം** എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

66. പദ്ധതി നിർവ്വഹണം ഫലപ്രദമായി നടക്കുന്നുണ്ടെന്നും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ എല്ലായിടത്തും എത്തുന്നുണ്ടെന്നും നിലവിൽ പ്രശ്നങ്ങളില്ലെന്നും കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലർക്കും 2017-ന ശേഷമുള്ളതും വനിത ഘടക പദ്ധതിയുമായി ബന്ധപ്പെട്ടും പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിലവിലുള്ള എല്ലാ പദ്ധതി പ്രവർത്തനങ്ങളും നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്നും അതിനെല്ലാം മെച്ചപ്പെട്ട ചെലവ് വരുന്നുണ്ടെന്നും പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും അറിയിച്ചു.

67. **കാന്തല്ലൂർ, പെരിങ്ങമ്മല, മൂന്നിലവ്** എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

68. 6667 പേരെ ടാർജറ്റ് ചെയ്തെങ്കിലും 2416 ഗുണഭോക്താക്കളെയാണ് കിട്ടിയതെന്നും ഗുണഭോക്താക്കളുടെ അഭാവം മൂലമാണ് പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവന്നതെന്നും നിലവിൽ പദ്ധതി പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും ഗുണഭോക്തൃ വിഹിതം ഒഴിവാക്കി മുഴുവനും സബ്സിഡി നൽകുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളതായുള്ള തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ചുള്ള സർക്കാർ മറുപടിയിലുണ്ടെന്നും അതിൽ എന്തെങ്കിലും

തീരുമാനം എടുത്തിട്ടുണ്ടോയെന്ന് ഡി.എ.ജി.യും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനമെന്താണെന്ന് സമിതിയും ആരാഞ്ഞതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ലെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കോർപ്പറേഷൻ തുടർനടപടി സ്വീകരിച്ചാൽ മാത്രമേ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അത് റിപ്പോർട്ടായി വരുവെന്നും ചർച്ച വന്നിട്ടില്ലെന്നും ഇതിനായി കത്തയച്ചിരുന്നെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, അഡീഷണൽ ഡയറക്ടറും 2018-ലാണ് കത്തയച്ചതെന്നും 5 വർഷമായിട്ടും മാർഗ്ഗരേഖ ഭേദഗതി ചെയ്തിട്ടില്ലെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിച്ചു. ഓഡിറ്റ് പരാമർശം അവസാനിപ്പിക്കാൻ കഴിയില്ലെന്നും കോർപ്പറേഷൻ കോ-ഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഇത് സംബന്ധിച്ച് വിശദീകരണം സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് ഒഴിവാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് കൊടുത്ത കത്തിന്റെ പകർപ്പ് ലഭ്യമാക്കിയാൽ അന്നേ ദിവസം ചേരുന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചോദിക്കാമായിരുന്നെന്നും തലേദിവസം നടത്തിയ റിവ്യൂ മീറ്റിംഗിലും കോർപ്പറേഷൻ വിശദാംശം നൽകിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ അടുത്ത മീറ്റിംഗിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ നൽകിയാൽ കോർപ്പറേഷനിൽ അത് നീട്ടിവയ്ക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം കൈക്കൊണ്ട് വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

69. സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്ക് ഉതകുന്ന പദ്ധതികൾ നിലവിൽ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്നും ഷീ ലോഡ്ജ്, ജനകീയ ഹോട്ടൽ എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കുടുംബശ്രീ യൂണിറ്റുകൾ മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി

പത്തനംതിട്ട നഗരസഭ സെക്രട്ടറി മറുപടി നൽകി.

70. ഗുണഭോക്താക്കളുടെ അഭാവം നേരിടുന്ന പദ്ധതികൾ ആവർത്തിക്കുന്നത് ശരിയായ പ്രവണതയല്ലെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ ഗ്രാമസഭകൾ വിളിക്കുമ്പോൾ ആവശ്യമുള്ള പദ്ധതികൾ സമർപ്പിക്കണമെന്ന് വനിതകളോട് നിർദ്ദേശിക്കാറുണ്ടെങ്കിലും പദ്ധതികൾ സമർപ്പിക്കുന്നതിൽ കുറവ് അനുഭവപ്പെടുന്നുണ്ടെന്നും മാർഗ്ഗരേഖ പ്രകാരം പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം വനിതകൾക്ക് മാറ്റിവച്ചിരിക്കുയാണെന്നും പത്തനംതിട്ട നഗരസഭ സെക്രട്ടറി അറിയിച്ചു വനിതകൾക്ക് പദ്ധതി വിഹിതം അനുവദിച്ചാൽ മാത്രമേ പദ്ധതിക്ക് അംഗീകാരം ലഭിക്കു എന്നാണെങ്കിൽ മാർഗ്ഗരേഖ ഭേദഗതി ചെയ്യുന്നതാണ് ഉചിതമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. വാർഡ് സഭകളിൽ നിന്നുള്ള പ്രൊപ്പോസൽ അനുസരിച്ചാണ് പദ്ധതികൾ നിശ്ചയിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ചൂണ്ടിക്കാട്ടി.

71. കാലാനുസൃതമായി മേഖലാ വിഭജനത്തിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ മാറ്റം വരുത്തണമെന്നും പദ്ധതി വിഹിതമായ പത്ത് ശതമാനത്തിൽ കുറവ് വരുത്തേണ്ടതില്ലെന്നും വിലയിരുത്തിയ സമിതി പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞു. പത്തനംതിട്ടയിലെ രണ്ട് പദ്ധതികൾ സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും ആട് വളർത്തൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജയകരമായി നടപ്പാക്കി വരുന്നുണ്ടെന്നും ഗുണഭോക്താക്കളുടെ അഭാവം നേരിടുന്നതായി ഓഡിറ്റ് പരാമർശമുള്ളതിനാൽ വരും വർഷങ്ങളിൽ അത്തരം പദ്ധതികൾ ഒഴിവാക്കി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ ഏറ്റെടുക്കണമെന്നും പദ്ധതി വിഹിതത്തിന്റെ 10 ശതമാനത്തിൽ അധികം തുക വനിത പദ്ധതികൾക്ക് വകയിരുത്തണമെന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പദ്ധതി വിഷയത്തിലാണ് അഭിപ്രായ വ്യത്യാസമുള്ളതെന്നും ഗുണഭോക്തൃ വിഹിതം നൽകേണ്ട പദ്ധതികളിലും ഗുണഭോക്താക്കളുടെ അഭാവം നേരിടുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ പറഞ്ഞു.

72. ഗ്രാമ/വാർഡ് സഭകളിൽ വിശദമായി ചർച്ച ചെയ്യാതെ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനാലാണ് ഗുണഭോക്താക്കളുടെ അഭാവം നേരിടുന്നതെന്നും വിഷയമേഖലാ വർക്കിംഗ് ഗ്രൂപ്പുകളിൽ മതിയായ ചർച്ചകൾ നടക്കാറില്ലെന്നും സ്ത്രീകളുടെ വികസന മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നില്ലെന്നും മാർഗ്ഗരേഖ പരിശോധിക്കാതെയും സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കാതെയും പദ്ധതികൾ ഏറ്റെടുക്കുന്നത് കൊണ്ടാണ് പോരായ്മകൾ സംഭവിക്കുന്നതെന്നാണ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ വിലയിരുത്തലെന്നും ജില്ലാ പ്ലാനിംഗ് ബോർഡ് ചീഫ് സമിതിയെ അറിയിച്ചു

73. നിലവിലെ മാർഗ്ഗരേഖയിൽ നിരവധി പദ്ധതികൾ വനിത ഘടക പദ്ധതിയായി ഏറ്റെടുക്കാൻ സാധിക്കുമെന്നും പൊതു ഇടങ്ങൾ ജന സൗഹൃദമാക്കുന്ന പദ്ധതികൾ, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി കലാസാംസ്കാരിക പരിപാടികൾ, ഫുട്ബോൾ-വോളിബോൾ-ഷട്ടിൽ ടൂർണമെന്റ്സ്, ജീവിതശൈലി രോഗങ്ങൾ തടയുന്നതിന് ദൈനംദിന വ്യായാമം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ, തൊഴിൽ നൈപുണ്യ പരിശീലനം, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള ഫിനിഷിംഗ് സ്കൂൾ, അഭ്യസ്തവിദ്യരായ വനിതകൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പിന്തുണ, അനുയോജ്യമായ തൊഴിൽ ലഭ്യമാക്കൽ, വനിതകളുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള നിരന്തര ഇടപെടലിനായി കൗമാരക്കാർക്കുള്ള കൗൺസിലിംഗ്, പ്രീമാര്യേജ് കൗൺസിലിംഗ്, ദമ്പതികൾക്കുള്ള കൗൺസിലിംഗ്, കരിയർ കൗൺസിലിംഗ്, ഹെൽത്തി പാരന്റിംഗ്, മദ്യം-മയക്കുമരുന്ന് എന്നിവയ്ക്കെതിരായുള്ള പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ, കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, ഭവനനിർമ്മാണം, വീട് വൈദ്യുതീകരണം തുടങ്ങിയ നിരവധി പദ്ധതികൾക്ക് 2025-2026 വരെയുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിലുള്ള പദ്ധതികളാണ് നിലവിലും നടപ്പാക്കികൊണ്ടിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു പുതിയ മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത്

നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

74. കൊല്ലം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

75. ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം നൽകേണ്ടി വരുന്നതിനാൽ ഗുണഭോക്താക്കളെ ലഭിക്കാതെ വരുന്ന അവസ്ഥ എന്നിവ പദ്ധതികൾ പരാജയപ്പെടുന്നതിനുള്ള കാരണമായി മനസ്സിലാക്കിയ സമിതി, ഗ്രാമ/വാർഡ് സഭകളിലും, വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായ ചർച്ച നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ഗുണഭോക്താക്കളെ ലഭിക്കാത്ത അവസ്ഥ ഉണ്ടാവില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. അതോടൊപ്പം മാർഗ്ഗരേഖകൾ പരിശോധിച്ച്, പദ്ധതിയുടെ ഓരോ ഘട്ടവും വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് തുടർച്ചയായ നിരീക്ഷണവും ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഉണ്ടാകണമെന്നും സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഗ്രാമ/വാർഡ് സഭകളിലും, വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

76. 2012-17-ൽ ഉൽപാദന മേഖലയിൽ തിരുവനന്തപുരം കോർപ്പറേഷൻ വനിതകൾക്കായി പദ്ധതികൾ ഉൾപ്പെടുത്തിയെങ്കിലും അർഹരായ ഗുണഭോക്താക്കളെ ലഭിക്കാത്തതുകാരണം പല പദ്ധതികളും പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നുയെന്നും, തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി മുഴുവൻ സബ്സിഡി നൽകുന്നതിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് ശിപാർശ നൽകിയിട്ടുള്ളതായി മനസ്സിലാക്കിയ സമിതി ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ചൂണ്ടികാണിക്കുന്നു.

77. തീരുമാനം നടപ്പിലാക്കുന്നതിലോ തുടർനടപടി സ്വീകരിക്കുന്നതിലോ അക്ഷന്തവ്യമായ കാലതാമസം തിരുവനന്തപുരം കോർപ്പറേഷന്റെ ഭാഗത്ത് ഉണ്ടായെന്ന് വിലയിരുത്തിയ സമിതി, ഗുണഭോക്തൃ വിഹിതം ഒഴിവാക്കി മുഴുവൻ സബ്സിഡി നൽകുന്നതിനായി കോർഡിനേഷൻ കമ്മിറ്റിയ്ക്ക് നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച

നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

78. തിരുവനന്തപുരം കോർപ്പറേഷൻ, ഉൽപാദനമേഖലയിൽ വനിതകൾക്കായുള്ള പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

79. കണ്ണാടി, മുണ്ടക്കയം, നടത്തറ, പുതൂർ, കായണ്ണ, പത്തനാപുരം, കാന്തല്ലൂർ, പെരിങ്ങമല, മുന്നിലവ് എന്നീ ഗ്രാമപഞ്ചായത്തുകളിന്മേലും, പത്തനംതിട്ട മുനിസിപ്പാലിറ്റി, കൊല്ലം ജില്ലാ പഞ്ചായത്ത് എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

(സി) **അടിസ്ഥാന സൗകര്യമേഖല**

സാമൂഹ്യവികസന സൊസൈറ്റി ഹാൾ/ഓഫീസ്, പെൺകുട്ടികളുടെ വിദ്യാലയങ്ങളിൽ ശുചിമുറികൾ/ വിശ്രമ മുറികൾ, പൊതുസ്ഥലങ്ങളിൽ അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള മുറികൾ എന്നിവ പോലെ വനിതകളുടെ ഉപയോഗത്തിനുള്ള വിവിധ തരത്തിലുള്ള പൊതു കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യമേഖലയിൽ പദ്ധതികൾ തയ്യാറാക്കിയിരുന്നത്. ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ 2012-17 കാലയളവിൽ ₹31.21 കോടിയുടെ 290 പദ്ധതികൾ നിർദ്ദേശിച്ചതിൽ (ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്നു)

എഎഫ്എസിൽ പോരായ്മകൾ വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക

സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് ചെയ്ത വർഷം	എഎഫ്എസും വാർഷിക ഓഡിറ്റും റിപ്പോർട്ടും പ്രസിദ്ധീകരിക്കാതിരിക്കൽ	എഎഫ്എസിൽ താരതമ്യ തുക ഉൾപ്പെടുത്താത്തത്	എഎഫ്എസിന്റെ അനുബന്ധ പത്രിക തയ്യാറാക്കാത്തത്	തുകകളെ തൊട്ടടുത്ത രൂപയിലേയ്ക്ക് മാറ്റാത്തത്	പ്രൊവിഷൻ വയ്ക്കാത്തത്
മുനിസിപ്പാലിറ്റികൾ						
കുത്തുപറമ്പ്	2011-12		1		1	
നെടുമങ്ങാട്	2013-14			1		1

കൽപ്പറ്റ	2013-14				1	
	ആകെ		**1**	**1**	**2**	**1**
ജില്ലാപഞ്ചായത്തുകൾ						
കാസർഗോഡ്	2013-14		1			
കോഴിക്കോട്	2013-14		1			1
	ആകെ		**2**			**1**
ബ്ലോക്ക് പഞ്ചായത്തുകൾ						
ചമ്പക്കുളം	2012-13		1	1		
പറവൂർ	2013-14		1	1		
ചിറ്റൂമല	2014-15	1		1		
ശാസ്താംകോട്ട	2013-14			1		
അതിയന്നൂർ	2014-15			1		1
ചേലന്നൂർ	2014-15		1			
കാറഡുക്ക	2013-14		1			
കാസർഗോഡ്	2012-13		1			
ഓച്ചിറ	2013-14	1				
	ആകെ	**2**	**5**	**5**		**1**
ഗ്രാമപഞ്ചായത്തുകൾ						
പീരുമേട്	2013-14	1		1		
വെൺമണി	2013-14	1				
മണിയൂർ	2013-14		1			
കാവാലം	2012-13			1		
മൺറോതുരുത്ത്	2012-13	1		1		
പായിപ്പാട്	2013-14			1		
കുമിളി	2013-14		1			1
മണിമല	2013-14		1			
കല്ലറ	2012-13			1		
ശാസ്താംകോട്ട	2014-15			1		
ചെങ്കൽ	2013-14	1		1		1
പനവൂർ	2013-14			1		

നാദാപുരം	2013-14		1	1		
കുലശേഖരപുരം	2013-14	1	1	1		
എലിക്കുളം	2014-15					1
നെടുമുടി	2014-15			1		
വാളകം	2013-14			1		
ആയവന	2014-15			1		
പാണാവള്ളി	2013-14					1
നാരങ്ങാനം	2014-15					1
ചോറോട്	2014-15		1		1	1
കോടംതുരുത്ത്	2013-14			1		
പുന്നപ്ര തെക്ക്	2014-15			1		1
കുറിച്ചി	2014-15			1		
വേങ്ങര	2012-13				1	
വരാപ്പുഴ	2014-15			1		
ഏരിയാട്	2014-15					1
ബാലുശ്ശേരി	2014-15		1			
പോരുവഴി	2013-14			1		
വേലൂർ	2014-15					1
കടപ്ര	2014-15			1		
ചെമ്മനാട്	2014-15		1		1	1
വട്ടവട	2014-15			1		
ആനിക്കാട്	2014-15			1		
പഴയന്നൂർ	2014-15			1		
കോടോം ബേളൂർ	2014-15		1		1	1
വാഴക്കാട്	2014-15			1		
മതിലകം	2015-16		1	1		
വരവൂർ	2014-15		1	1	1	

കാങ്കോൽ-ആലപ്പടമ്പ	2014-15		1			
ചപ്പാരപ്പടവ്	2014-15		1		1	
നാഗലശ്ശേരി	2014-15		1	1	1	
അശമന്നൂർ	2015-16		1	1	1	
കടകരപ്പള്ളി	2014-15		1	1		1
ആകെ		**5**	**16**	**28**	**8**	**12**
ഒട്ടാകെ		**7**	**24**	**34**	**10**	**15**

₹12.96 കോടി (41.54 ശതമാനം) വിനിയോഗിച്ച് 163 പദ്ധതികൾ നടപ്പിലാക്കി. ഇതിൽ ₹ 0.60 കോടിയുടെ ഏഴ പദ്ധതികൾ വനിതകൾക്ക് നേരിട്ട് പ്രയോജനം ഉള്ളതായിരുന്നില്ല.

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്ന മേഖലകൾക്കും കീഴിൽ വകയിരുത്തിയ ₹ 102.14 കോടി (ആകെ വകയിരുത്തലിന്റെ 35.58 ശതമാനം) വനിതകൾക്ക് നേരിട്ട് പ്രയോജനം ഉള്ള പദ്ധതികൾക്കായിരുന്നില്ല. ഇതിൽ ₹76.43 കോടി ചെലവാക്കിയിട്ടുണ്ട്. വനിതകൾക്ക് നേരിട്ട് പ്രയോജനമുള്ള വനിതാ ഘടക പദ്ധതി ചെലവ് 73.18 കോടി ആയിരുന്നു. ഇത് തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വികസന ഫണ്ടിന്റെ (₹ 3,062.15 കോടി) 2.39 ശതമാനം മാത്രമായിരുന്നു.

മൂന്ന് മേഖലകളിലെ ചെലവിന്റെ വിശകലനം വെളിപ്പെടുത്തിയത് വനിതകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുമായിരുന്ന പ്രസക്തമായ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിരുന്നില്ല എന്നാണ്. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമീപനം താത്കാലിക രീതിയിൽ ഉള്ളതും സ്ത്രീകളുടെ ശാക്തീകരണം എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനേക്കാളും വനിതാ ഘടക പദ്ധതിയ്ക്ക് നിയമപരമായ 10 ശതമാനം വകയിരുത്തൽ നടത്തണമെന്നത് പൊതുവെ പേരിന് മാത്രം നിറവേറ്റുക എന്ന ലക്ഷ്യത്തോടെയുമായിരുന്നു.

ഓഡിറ്റ് കണ്ടെത്തലുകളോട് കേരള സർക്കാർ യോജിക്കുകയും (2018 ജനുവരി) പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ കർശനമായി പാലിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കുലറുകൾ പുറപ്പെടുവിക്കും എന്നും കൂട്ടിച്ചേർത്തു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഖണ്ഡിക 3.1.9.1 (സി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

80. നിലവിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ വനിതാ സെക്ടറിൽ ഏറ്റെടുക്കുന്നില്ലെന്നും ഷീ ലോഡ്ജ്, കുടുംബശ്രീ കഫേ, പച്ചക്കറി വികസനം തുടങ്ങിയ നൂതന പദ്ധതികൾ മാത്രമേ വനിതാ സെക്ടറിൽ ഓഡിറ്റ് പരാമർശത്തിന് ശേഷം നടപ്പാക്കിയിട്ടുള്ളൂവെന്നും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

81. **മുണ്ടക്കയം, കാന്തല്ലൂർ, പുതൂർ, കണ്ണാടി, കായണ്ണ** എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

82. നിലവിൽ പദ്ധതികളെല്ലാം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ടെന്നും പ്രശ്നങ്ങളൊന്നും ഇല്ലെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

83. വനിത ഘടക പദ്ധതി പ്രകാരം ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതിയിൽ വേണ്ടത്ര തുക വകയിരുത്താത്തതും ചെലവഴിക്കാത്തതുമായ പ്രശ്നം ആദ്യ ഘട്ടത്തിലുണ്ടായിരുന്നെന്നും

പിന്നീട് മെച്ചപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉത്പാദന മേഖലയിൽ 2021-22, 2022-23 എന്നീ വർഷങ്ങളിൽ യഥാക്രമം 62, 86.4 ശതമാനം വീതവും സേവന, പശ്ചാത്തല സൗകര്യ മേഖലകളിൽ യഥാക്രമം 100, 90 ശതമാനം വീതവും മുൻ വർഷം വർദ്ധനവ് വന്നിട്ടുണ്ടെന്നും നടപ്പു വർഷം 100 ശതമാനം ചെലവ് വരുമെന്നും വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

84. **നെന്മേനി, നടത്തറ** എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

85. കഴിഞ്ഞ രണ്ട് വർഷങ്ങളായി സ്ത്രീകൾക്ക് വേണ്ടി ആരംഭിച്ച രണ്ട് പ്രിന്റിംഗ് പ്രസ്സുകൾ, ഒരു റൈസ് മിൽ, ഒരു ടാക്സ് കൺസൾട്ടന്റ് ഓഫീസ് തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. 2019, 2020 വർഷങ്ങളിൽ ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി കൂടുതൽ ഫണ്ട് വകയിരുത്തേണ്ടി വന്നതിനാൽ വനിത പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞില്ലെന്ന സർക്കാർ മറുപടി സംബന്ധിച്ച് സമിതി അംഗം ആരാഞ്ഞതിന് 2019-ൽ ഓഡിറ്റിന് കൊടുത്ത മറുപടിയാണതെന്നും 2019-ന് ശേഷം നടപ്പിലാക്കിയ കാര്യങ്ങളാണ് ഇപ്പോൾ അറിയിച്ചതെന്നും പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

86. വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കും വിധമാണ് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം, നവീകരണം, ഉല്പാദന-വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്നും മൂന്നിലവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ടി പദ്ധതികൾ ആവിഷ്കരിച്ചതിലുണ്ടായ അപാകതകൾ

പരിഹരിച്ചിട്ടുണ്ടോയെന്നും നിലവിലെ സ്ഥിതിയെന്തെന്നും പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കുന്നതെങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന് അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും വനിതകൾക്കുവേണ്ടിയുള്ള തൊഴിൽ പരിശീലനം നടപ്പാക്കുന്നതിനുവേണ്ടി പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നും നിലവിൽ അത് വനിതകൾക്കുവേണ്ടി തന്നെയാണ് ഉപയോഗിക്കുന്നതെന്നും മൂന്നിലവ്ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

87. **മുത്തോലി** ഗ്രാമപഞ്ചായത്ത്, **കൊച്ചി, തിരുവനന്തപുരം** എന്നീ കോർപ്പറേഷനുകൾ, **പിറവം** മുൻസിപ്പാലിറ്റി എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

88. കഴിഞ്ഞ ഭരണ സമിതിയുടെ കാലത്താണ് രണ്ട് ബസ് സ്റ്റാൻഡുകളിൽ ഇ-ടോയ്ലെറ്റുകൾ സ്ഥാപിച്ചതെന്നും ജനങ്ങൾ അത് വേണ്ടവിധം ഉപയോഗിക്കുന്നില്ലെന്നും ഷൊർണ്ണൂർ നഗരസഭ സെക്രട്ടറി അറിയിച്ചപ്പോൾ സാങ്കേതിക തടസ്സങ്ങളെ തുടർന്ന് പ്രവർത്തനം നിലച്ചെന്നും അത് റിപ്പയർ ചെയ്ത് ശരിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉടൻ പ്രവർത്തന സജ്ജമാക്കുമെന്നാണ് സർക്കാർ മറുപടിയെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. ഓഡിറ്റ് പരാമർശത്തിന് ശേഷം ബസ് സ്റ്റാൻഡുകളിലുള്ളവ പ്രവർത്തന സജ്ജമാക്കിയെങ്കിലും ജനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഷൊർണ്ണൂർ നഗരസഭ സൂപ്രണ്ട് ബോധിപ്പിച്ചു. ഉപയോഗിക്കാൻ ജനങ്ങളില്ല എന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും വൃത്തികേടായതുകൊണ്ടോ മെയിന്റനൻസ് വർക്കുകൾ ചെയ്യാത്തതുകൊണ്ടോ ആകാം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തതെന്നും സമിതി അഭിപ്രായപ്പെട്ടു. ടോയ്ലെറ്റ് ഉപയോഗയോഗ്യമല്ലെന്ന് അവലോകന യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻ അറിയിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. 2016-ൽ കെൽട്രോണാണ് മുൻസിപ്പാലിറ്റിയിൽ ഇ-ടോയ്ലെറ്റ് സ്ഥാപിച്ചതെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലൊന്നും നിലവിലില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയുടെ

ചോദ്യത്തിനുത്തരമായി അറിയിച്ചപ്പോൾ പ്രസ്തുത വിഷയത്തിലുള്ള സർക്കാർ നിലപാടെന്തെന്ന് സമിതി ആരാഞ്ഞു. ടോയ്ലെറ്റ് പ്രവർത്തനക്ഷമമാക്കാത്തതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും മെയിന്റനൻസ് വർക്കുകൾ നടത്തണമെന്നാ വശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ടോയെന്നും ഭാവിയിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നതും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ ജോയിന്റ് ഡയറക്ടറോട് ആവശ്യപ്പെടാമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു.

89. പദ്ധതി നിർവ്വഹണത്തിൽ ഗൗരവമായ അലംഭാവമാണ് ഉണ്ടായിരിക്കുന്നതെന്നും അതിന് ഉത്തരവാദികളായവർക്കെതിരെ കർശന നിലപാട് സ്വീകരിക്കണമെന്നും കെൽട്രോൺ സ്ഥാപിച്ച യൂണിറ്റിന്റെ ഉത്തരവാദിത്തം അവർ ഏറ്റെടുക്കണമെന്നും മുൻസിപ്പാലിറ്റി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നില്ലെന്നാണ് സൂപ്രണ്ടിന്റെ മറുപടിയിൽ നിന്ന് വ്യക്തമാകുന്നതെന്നും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്ലറ്റുകൾ ഉപയോഗപ്രദമല്ലാത്തത് സംബന്ധിച്ച് പരിശോധന നടത്തണമെന്നും ജനങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത സാങ്കേതികവിദ്യ തുടരേണ്ടതില്ലെന്നും അത് കറക്ട് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പദ്ധതി ഒഴിവാക്കണമെന്നും പ്രസ്തുത വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

90. **തലശ്ശേരി, പത്തനംതിട്ട** എന്നീ മുൻസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

91. അടിസ്ഥാനമേഖലയിൽ 2018-19, 2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം ₹ 2 ലക്ഷം, ₹ 6,66,000/-രൂപ വീതം വകയിരുത്തുകയും ₹ 1,78,000/-, ₹ 5,30,000/- രൂപ വീതം ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും 2021-22-ൽ ₹ 62,40,000/-രൂപ വകയിരുത്തിയതിൽ ₹ 56,00,000/- ചെലവഴിച്ച് ഷീ ലോഡ്ജ് നിർമ്മാണം

പൂർത്തീകരിക്കുകയും ആയത് നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്നും കുത്തുപറമ്പ് നഗരസഭാ സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട റിപ്പോർട്ട് യഥാസമയം നല്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത റിപ്പോർട്ട് ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടർക്കും പകർപ്പ് സമിതിക്കും നല്കിയിട്ടുണ്ടെന്ന് കുത്തുപറമ്പ് മുൻസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കിയപ്പോൾ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും റിവ്യൂ മീറ്റിംഗ് നടത്തിയപ്പോൾ ആവശ്യപ്പെട്ട പ്രകാരം തയ്യാറാക്കിയ റിപ്പോർട്ട് മാത്രമാണ് നല്കിയിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുവാനോ സമിതിക്ക് നല്കുവാനോ സാധിച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു. ഇത്തരം വീഴ്ചകൾ ഒഴിവാക്കണമെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

92. **പാറശ്ശാല, കൽപറ്റ, അട്ടപ്പാടി, തിരുരങ്ങാടി** എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

93. വനിതകൾക്ക് പ്രയോജനപ്രദമായ പൊതു കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കുന്നതാണെന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച സർക്കാർ മറുപടിയിലെ പരാമർശം സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന് അടിസ്ഥാന സൗകര്യമേഖലയിൽ ടോയ്ലെറ്റ് നിർമ്മാണം, സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലെറ്റ്, വനിതാ കാന്റീൻ നവീകരണം എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം വനിതാ ഉത്പന്ന നിർമ്മാണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി ന്യൂ ന്യൂപ്പ് കേന്ദ്രത്തിലെ ഉപകരണങ്ങളുടെ നവീകരണം, വനിതാ കാന്റീൻ നവീകരണം എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്നും ബാലുശ്ശേരി ബി.ഡി.ഒ. മറുപടി നൽകി. വനിതാ കാന്റീൻ നവീകരണം കൊണ്ടെന്താണുദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് കാന്റീനിലെ ഏരിയ വികസിപ്പിക്കുകയാണ് ചെയ്യുന്നതെന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ കാന്റീൻ നിലവിൽ നല്ല രീതിയിലാണ്

പ്രവർത്തിക്കുന്നതെന്നും, ബാലുശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചു.

94. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മറുപടിയല്ല നല്കിയിട്ടുള്ളതെന്ന് സമിതി അംഗവും വനിതകൾക്ക് നേരിട്ട് ഉപകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും നിലവിൽ വനിതകൾക്കായി പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്ന് റിപ്പോർട്ട് നല്കിയിട്ടുണ്ടെന്ന് ഡി.എ.ജി.യും വനിതാ ക്യാന്റീനിൽ പിന്നീട് മാറ്റാരെങ്കിലും നടത്തിപ്പുകാരാകാൻ സാധ്യതയുണ്ടെന്നും പ്രയോജനകരമായ മറ്റ് പദ്ധതികൾ നടപ്പാക്കാമായിരുന്നിട്ടും വനിതാ ക്യാന്റീനായി തുക ചെലവഴിച്ചതായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസ് ചീഫ് ചൂണ്ടിക്കാട്ടി. വനിതകൾ സ്വയം നടത്തുന്ന നിരവധി സ്ഥാപനങ്ങളുണ്ടെന്നും നല്ല നിലയിൽ നടത്തുന്ന ക്യാന്റീനുകളെ മറ്റാർക്കും കൈവശപ്പെടുത്താനോ അത്തരം പദ്ധതികളിൽ മാറ്റം വരുത്താനോ കഴിയില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ നല്ല രീതിയിൽ വനിതാ ക്യാന്റീനുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി.

95. കണ്ണൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

96. വനിതാ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ പരിശീലനത്തിനും എസ്.ടി. വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനത്തിനുമായി പദ്ധതി രൂപീകരിച്ചെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ലെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. വനിത ഘടക പദ്ധതി പ്രകാരം നടപ്പിലാക്കിയ കമ്പ്യൂട്ടർ പരിശീലനം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന് ചിലർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്നും മറ്റ് ചിലർ കമ്പ്യൂട്ടർ സെന്റർ നടത്തുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നല്കിയ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ/പ്രസ്തുത മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തണമെന്ന് അഭിപ്രായപ്പെട്ട സമിതി അംഗം നടപ്പിലാക്കിയ പദ്ധതി ഫലപ്രദമാണോയെന്ന് പരിശോധിക്കുന്നുണ്ടോയെന്ന് ആരാഞ്ഞു. നിലവിൽ അപ്രകാരം ചെയ്യുന്നില്ലെന്നും ഇനി ശ്രദ്ധിക്കാമെന്നും കോട്ടയം

ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇതിന് മറുപടിയായി അറിയിച്ചു വർക്കിംഗ് ഗ്രൂപ്പുകൾ ഫലം പരിശോധിക്കണമെന്നാണ് മാർഗ്ഗരേഖയിലുള്ളതെന്നും മോണിറ്ററിംഗ് നടക്കുന്നുണ്ടെങ്കിൽ ഫലം ഉണ്ടാകുമെന്നും മോണിറ്ററിംഗ് നടക്കാത്ത പദ്ധതികൾ ഒഴിവാക്കി പുതിയത് നടപ്പാക്കണമെന്നും പദ്ധതി നടപ്പാക്കുന്നത് പൊതു മാർഗ്ഗരേഖയുടെ ഭാഗമായതിനാൽ അതിൽ മാറ്റം വേണമെന്നും അഭിപ്രായപ്പെട്ട സമിതി ഇത്തരം പദ്ധതികളുമായി ബന്ധപ്പെട്ട് അപ്രകാരം നടക്കുന്നുണ്ടോയെന്ന് ആരാഞ്ഞു. മാർഗ്ഗരേഖ പുറപ്പെടുവിക്കാത്തതു കൊണ്ടാണ് അപ്രകാരം നടക്കാത്തതെന്നും അത്തരം ന്യൂനതകൾ പരിഹരിക്കേണ്ട സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകാറില്ലെന്നും വേണ്ടി വന്നാൽ ന്യൂനതകൾ കണ്ടെത്തി അവരെ ബോധ്യപ്പെടുത്താവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി.

97. സ്ത്രീകൾക്ക് ഉപകാരപ്രദമാവുകയും അതുവഴി നാടിന് ഗുണം ലഭിക്കുകയും ചെയ്യുക എന്നതാണ് വനിത ഘടക പദ്ധതിയുടെ ഉദ്ദേശ്യമെന്ന് ചൂണ്ടിക്കാട്ടിയ സമിതി പദ്ധതി പ്രകാരം പരിശീലനം ലഭിച്ച എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് പരിശോധിക്കാറുണ്ടോയെന്നും പദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായെന്നും ആരാഞ്ഞതിന് അത് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ലെന്നും 2013-2014, 2014-2015 കാലഘട്ടങ്ങളിലാണ് പദ്ധതി ആരംഭിച്ചതെന്നും നിലവിലുള്ള പദ്ധതികൾ കുടുംബശ്രീ വഴിയാണ് നടപ്പാക്കുന്നതെന്നും കണക്കുകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കാനുള്ള സംവിധാനങ്ങളുണ്ടോയെന്നും അവ വേണ്ടവിധം ഉപയോഗിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഒരു പദ്ധതിയുടെ ഇംപാക്ട് വിലയിരുത്തണമെങ്കിൽ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ലക്ഷ്യങ്ങൾ നിർവ്വചിച്ചിരിക്കണമെന്നും എത്ര പേർക്ക് പരിശീലനം കൊടുക്കണം, തുടർന്ന് അവർക്ക് വേണ്ടി എന്ത് ചെയ്യണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുമ്പോൾ ഇംപാക്ട് വിലയിരുത്തലാകുമെന്നും തുടർച്ചയുള്ള പദ്ധതികളുടെ ഇംപാക്ട് തുടർച്ചയായി

വിലയിരുത്തണമെന്നും പദ്ധതി രൂപീകരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. അത്തരം പദ്ധതികളിൽ എത്ര തൊഴിലവസരങ്ങളുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും കണക്കാക്കാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി ലക്ഷ്യങ്ങളിൽ വിശദീകരിച്ചാൽ അവ വിലയിരുത്താൻ എളുപ്പമായിരിക്കുമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു നടപ്പിലാക്കുന്ന ഓരോ പദ്ധതിയുടെയും നേട്ടങ്ങൾ/കോട്ടങ്ങൾ, കോട്ടങ്ങൾ പരിഹരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനത്തിന്റെ ഫലപ്രാപ്തി, 2013 മുതൽ നടത്തിയ കമ്പ്യൂട്ടർ പരിശീലന പരിപാടിയിൽ പങ്കെടുത്തവർ/തൊഴിൽ ലഭിച്ചവർ എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള ഡേറ്റ എന്നിവ കൈവശമുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയായതിനാൽ പ്രസ്തുത വിവരങ്ങൾ ജില്ലാ പഞ്ചായത്തിന്റെ കൈവശമുണ്ടായിരിക്കേണ്ടതാണെന്നും ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന് അവ ശേഖരിക്കുന്നതിനും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്നതിനുമുള്ള ബാധ്യതയുണ്ടെന്നും . അത് നടക്കാത്തത് കൊണ്ടാണ് പ്രസ്തുത ഓഡിറ്റ് പരാമർശമുണ്ടായതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി പ്രസ്തുത വിവരങ്ങളൊന്നും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ കൈവശമില്ലെന്ന് സൂചിപ്പിച്ചിട്ടുള്ളതായി സമിതി അറിയിച്ചപ്പോൾ വീഴ്ചകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഡേറ്റ സൂക്ഷിക്കേണ്ടതും അത്യാവശ്യമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (ചീഫ് രജിസ്ട്രാർ) ചൂണ്ടിക്കാട്ടി. അതിനുള്ള നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു പദ്ധതി വിശകലനത്തിൽ നിന്നും ഔട്ട്പുട്ടെന്തെന്ന് അറിഞ്ഞാൽ മാത്രമേ പദ്ധതി പ്രയോജനപ്രദമാണോയെന്ന് വിലയിരുത്താൻ കഴിയൂയെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടതിന് ഭാവിയിൽ പദ്ധതി തയ്യാറാക്കുമ്പോൾ ഔട്ട്പുട്ട് വിശകലനം നടത്തണമെന്ന് ശിപാർശ ചെയ്യണമെന്ന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസ് ചീഫ്

അഭ്യർത്ഥിച്ചു. പദ്ധതി തയ്യാറാക്കുമ്പോൾ അതിന്റെ ലക്ഷ്യവും തീരുമാനിക്കണമെന്ന് ഡി.എ.ജിയും അഭിപ്രായപ്പെട്ടു. നിലവിലുള്ള മോണിറ്റിംഗ് തൃപ്തികരമല്ലെന്ന നിർദ്ദേശം സർക്കാരിന് നല്കാൻ സമിതി തീരുമാനിച്ചു.

98. കൊല്ലം ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

99. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ നിലവിൽ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

100. വനിതാക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നഗരസഭാ പരിധിയിൽ സ്ഥാപിച്ച ഇ-ടോയിലറ്റ്, പ്രവർത്തന സജ്ജമാക്കിയെങ്കിലും ജനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, ഇ-ടോയിലറ്റ് വൃത്തികേടായതുകൊണ്ടോ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുകൊണ്ടോ ആയിരിക്കാം പൊതുജനങ്ങൾ ഇ-ടോയിലറ്റ് ഉപയോഗിക്കാത്തതെന്ന് സമിതി വിലയിരുത്തി.

101. പദ്ധതി നിർവ്വഹണത്തിലെ അലംഭാവം, ശരിയായ മോണിറ്ററിംഗ് എന്നിവയുടെ അഭാവം ജനങ്ങൾക്ക് ഉപകാരപ്രദമായ ഇത്തരം പദ്ധതികൾ ഉപയോഗപ്രദമല്ലാതായി തീരുന്നതിന് കാരണമാകുന്നുവെന്ന് ചൂണ്ടിക്കാണിച്ച സമിതി വനിതാക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നഗരസഭാ പരിധിയിൽ സ്ഥാപിച്ച ഇ-ടോയിലറ്റ് പദ്ധതി എന്ന വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു

102. വനിതാക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നഗരസഭാ പരിധിയിൽ സ്ഥാപിച്ച ഇ-ടോയിലറ്റ് പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

103. വനിതാ ഘടക പദ്ധതിയിൽ അടിസ്ഥാന സൗകര്യമേഖല എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ നിന്ന്

ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

104. സ്ത്രീകളെ ശാക്തീകരിച്ച് അതുവഴി സമൂഹത്തിന് നേട്ടം ഉണ്ടാക്കിയെന്നതാണ് വനിതാ ഘടക പദ്ധതിയുടെ ഉദ്ദേശ്യമെന്ന് സമിതി മനസ്സിലാക്കുന്നു. വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന പല പദ്ധതികളും നടപ്പിലാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന പ്രവണതയാണ് സമിതിയ്ക്ക് കാണാൻ കഴിയുന്നത്.

105. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതി പ്രകാരം എത്രപേർക്ക് അതിന്റെ പ്രയോജനം ലഭിക്കുമെന്ന് പഠനം നടത്തുന്നതിനോ, നടപ്പിലാക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ/കോട്ടങ്ങൾ, ഗുണഭോക്താക്കൾക്ക് പദ്ധതി കൊണ്ടുള്ള പ്രയോജനം എന്നിവ വിലയിരുത്തുന്നതിനോ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാകാത്തത് പദ്ധതികളുടെ പരാജയത്തിന് കാരണമായി സമിതി വിലയിരുത്തുന്നു. മാത്രമല്ല പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്താക്കളുടെ വിവരവും, അവർക്ക് പദ്ധതികൊണ്ട് ഉണ്ടായ നേട്ടങ്ങൾ വിശകലനം ചെയ്ത് രേഖയായി സൂക്ഷിക്കുന്നതിലും തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് പദ്ധതി നിർവ്വഹണത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം തൃപ്തികരമല്ലെന്നാണ് വ്യക്തമാക്കുന്നതെന്ന് സമിതി വിലയിരുത്തി, തൃപ്തികരമല്ലാത്ത മോണിറ്ററിംഗ് സംവിധാനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിലെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

106. പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിൽ, പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിർവ്വചിച്ച് പദ്ധതികൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ/കോട്ടങ്ങൾ വിലയിരുത്തുന്നതിന് ഒരു നിശ്ചിത കാലയളവ് നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പദ്ധതികൾ വിലയിരുത്തുന്നതിന് നിശ്ചിത കാലയളവ് തീരുമാനിക്കുന്ന കാര്യം സർക്കാർ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. പള്ളിവാസൽ, മുണ്ടക്കയം, കാന്തല്ലൂർ, പുളൂർ, കണ്ണാടി, കായണ്ണ, തൊണ്ടർനാട്,

വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മൂന്നിലവ്, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾ, പിറവം, തലശ്ശേരി, പത്തനംതിട്ട എന്നീ മുനിസിപ്പാലിറ്റികൾ, പാറശ്ശാല, കൽപ്പറ്റ, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കൊല്ലം ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വനിതകൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലനം

തൊഴിൽ മേഖലയിലെ വനിതകളുടെ പ്രാതിനിധ്യത്തെ ബാധിക്കുന്ന പ്രധാന തടസ്സം നൈപുണ്യത്തിന്റെ അഭാവമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) കേന്ദ്രസർക്കാർ മാർഗ്ഗരേഖകൾ നൈപുണ്യ വികസനത്തിന് വമ്പിച്ച ഉയർച്ചയും അതിനകമ്പടിയായി വനിതകൾക്ക് പരമ്പരാഗതമായ നൈപുണ്യങ്ങളിൽ നിന്ന് മാറി ലിംഗഭേദവ്യത്യാസമില്ലാതെ വനിതകളെ സഹായിക്കുന്ന പുതുതായി ഉയർന്നുവരുന്ന നൈപുണ്യങ്ങളിൽ നൈപുണ്യ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക ഉദ്യമങ്ങളും വിഭാവനം ചെയ്തിരുന്നു. ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് ടെക്നീഷ്യൻ, പ്ലംബർ, സെയിൽസ് വ്യക്തികൾ, ഓട്ടോ ഡ്രൈവർമാർ, ടാക്സി ഡ്രൈവർമാർ, മേസ്തിരിമാർ എന്നിവരായി വനിതകൾക്ക് പരിശീലനം നൽകുന്നത് നൈപുണ്യ വികസന പരിപാടികളിൽ ചേർക്കാൻ വിഭാവനം ചെയ്തിരുന്നു. കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നത് സ്വയംതൊഴിൽ സംരംഭങ്ങൾ/ഉദ്യമങ്ങൾ സ്ഥാപിക്കുന്നതിന് തൊഴിലധിഷ്ഠിത പരിശീലനം നൽകാമെന്നും വനിതാ ഘടക പദ്ധതികളുടെ ഭാഗമായി പരിശീലന പരിപാടികൾ മാത്രം ഉൾപ്പെടുത്താൻ പാടില്ലെന്നും പ്രത്യേകം പറയുന്നു.

തെരഞ്ഞെടുത്ത 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 12 എണ്ണം (അനുബന്ധം VIII ആയി ചേർത്തിരിക്കുന്നു), ₹1.91 കോടിയുടെ 34 നൈപുണ്യ വികസന പദ്ധതികൾ

നിർദ്ദേശിച്ചിരുന്നതിൽ ₹0.69 കോടി (36.13 ശതമാനം) വിനിയോഗിച്ച് 24 പദ്ധതികൾ മാത്രമേ ഭാഗികമായി/പൂർണ്ണമായി നടപ്പാക്കിയിരുന്നുള്ളൂ എന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ വെളിപ്പെടുത്തി. തൊഴിൽ നൽകുന്നതിന് ഒരു തുടർപദ്ധതിയും ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിരുന്നില്ല. ബാക്കിയുള്ള 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് യാതൊരു പദ്ധതിയും തയ്യാറാക്കിയിരുന്നില്ല.

പൂർത്തിയാക്കിയെങ്കിലും കാര്യമായ യാതൊരു ഫലവും നൽകാൻ സാധിക്കാത്ത ഒരു പദ്ധതിയുടെ ഉദാഹരണം താഴെ വിവരിക്കുന്നു.

250 എസ്.സി. വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകാനും സ്വയംതൊഴിലിന് ധനസഹായം നൽകുന്നതിനും ലക്ഷ്യമിട്ട് ₹50 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തുകയുള്ള ഒരു പദ്ധതി വനിതാ ഘടക പദ്ധതിക്ക് (2014-15)കീഴിൽ പാലക്കാട് ജില്ലാപഞ്ചായത്ത് നടപ്പാക്കി. പരിപാടിയുടെ ഭാഗമായി 25 പഞ്ചായത്തുകളിൽ നിന്നും 250 എസ്.സി. വനിതകൾക്ക് (10 വനിതകൾ വീതമുള്ള 25 യൂണിറ്റുകൾ) ഡെസ്ക് ടോപ്പ് പബ്ലിഷിംഗിൽ (ഡി.റ്റി.പി.) പരിശീലനം നൽകുകയും, 50 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും (₹0.36 ലക്ഷം കമ്പ്യൂട്ടറിന്), 25 ഡിജിറ്റൽ മൾട്ടിഫംഗ്ഷൻ പ്രിന്ററുകളും (₹0.88 ലക്ഷം ഒരു പ്രിന്ററിന്) 2015 മാർച്ചിൽ വാങ്ങിച്ചു. പരിശീലന പരിപാടിയും, ഉപകരണങ്ങൾ വാങ്ങിയതിനും യഥാക്രമം ₹10 ലക്ഷവും, ₹40 ലക്ഷവും ചെലവാക്കി. ഡി.റ്റി.പി. പരിശീലനം നൽകുന്നതിന് പാലക്കാട്ടുള്ള അസ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിനെ തെരഞ്ഞെടുത്തിരുന്നു(2014 ഫെബ്രുവരി). 11 ഗ്രാമപഞ്ചായത്തുകൾക്ക്[13] നൽകിയ കമ്പ്യൂട്ടറുകളും, പ്രിന്ററുകളും, ഉപകരണങ്ങൾ നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുകാരണം നിഷ്ക്രിയമായി കിടക്കുന്നതായി ഓഡിറ്റും ജില്ലാപഞ്ചായത്ത് ഉദ്യോഗസ്ഥരും സംയുക്തമായി നടത്തിയ സ്ഥലസന്ദർശനവും (2017 ആഗസ്റ്റ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മറുപടികളും വെളിപ്പെടുത്തി. പ്രൊഫഷണൽ വൈദഗ്ധ്യത്തിന്റെ അഭാവം കാരണം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ

13 ആനക്കര, അനങ്ങനാടി, എരിമയൂർ, കടംപഴിപ്പുറം, കുഴൽമന്ദം, ലക്കിടി പേരൂർ, മണ്ണൂർ, മുതലമട, പട്ടിത്തറ, പൂക്കോട്ടുകാവ്, വടക്കഞ്ചേരി

തുടങ്ങിയ ഡി.റ്റി.പി. സെന്റർ ഒരു ഫോട്ടോകോപ്പി സെന്റർ മാത്രമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നത് നൽകിയ പരിശീലനം മോശമായ ഗുണനിലവാരം ഉള്ളതായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്. പരിശീലനം ലഭിച്ച 250 വനിതകളിൽ, 50 വനിതകൾ മാത്രമേ ഡി.റ്റി.പി.യുമായി ബന്ധപ്പെട്ട സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്നുള്ളൂ. ഇത് ഉദ്ദേശ്യകാര്യം നേടാതിരിക്കുന്നതിനും 11 യൂണിറ്റുകൾക്ക് നൽകിയ ഉപകരണങ്ങൾ ₹17.60 ലക്ഷത്തിന്റെ[14] ഉപകരണങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിനും ഇടയാക്കി.

ഓഡിറ്റ് കണ്ടെത്തലുകൾ സമ്മതിക്കവെ കേരള സർക്കാർ പറഞ്ഞത് (2018 ജനുവരി) ഗുണഭോക്താക്കളുടെ നിസ്സഹകരണം മൂലം ചില സ്ഥലങ്ങളിൽ പദ്ധതി പരാജയമാണെന്നും ക്രമക്കേടുകൾ പരിഹരിക്കുന്നതിന് കൂടുതൽ ആസൂത്രണവും പദ്ധതികളും തയ്യാറാക്കുമെന്നും അവ നിരീക്ഷിക്കുമെന്നുമായിരുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഖണ്ഡിക 3.1.9.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

108. വനിതകൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലനം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ നെന്മേനി, പുളർ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

109. തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിലും നല്കണമെന്ന് ഓഡിറ്റ് പരാമർശമുണ്ടായതിനാൽ തൊഴിൽ പരിശീലന പദ്ധതികൾ ചെയ്തിട്ടില്ലെന്നും പശ്ചാത്തലസൗകര്യമൊരുക്കുന്ന പ്രവൃത്തിയാണ് മുൻ വർഷം വരെയും ചെയ്തതെന്നും ഏകദേശം 18,99,000/- രൂപ വിനിയോഗിച്ച് വനിതാ ഉത്പന്ന വിപണന കേന്ദ്രമൊരുക്കി കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം ചെയ്യുവരുന്നുണ്ടെന്നും ഏകദേശം 2970 പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഇതിലൂടെ സ്ഥിര വരുമാനം

14 രണ്ട് കമ്പ്യൂട്ടറുകളുടെ വില: ₹0.72 ലക്ഷം, ഒരു പ്രിന്ററിന്റെ വില: ₹0.88 ലക്ഷം, ആകെ: ₹1.60 ലക്ഷം, തസ്വഭ. സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ വില : ₹1.60 ലക്ഷം x11= ₹17.60 ലക്ഷം

ലഭിക്കുന്നുണ്ടെന്നും വനിതാ ജനകീയ ക്യാന്റീൻ നടത്തുണ്ടെന്നും പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് കുറവാണെങ്കിലും പരമാവധി തുക പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

110. കാന്തല്ലൂർ, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

111. തൊഴിലധിഷ്ഠിത പദ്ധതികൾ അധികം നടപ്പിലാക്കിയിട്ടില്ലെന്നും സ്ത്രീശാക്തീകരണ പ്രക്രിയയിൽ തൊഴിൽ നൈപുണ്യത്തിനായി 2017-ന് ശേഷം ജൈവസമൃദ്ധി പദ്ധതി, കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി, ജൈവ പച്ചക്കറി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ടെന്നും നിലവിൽ വനിത പരിശീലന പദ്ധതികളൊന്നും നടത്തിയിട്ടില്ലെന്നും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ വഴി സംരംഭങ്ങൾ നടത്തുന്നവർക്ക് സബ്സിഡി നല്കുന്ന പദ്ധതി മുൻ വർഷം നടപ്പാക്കിയിട്ടുണ്ടെന്നും പദ്ധതികൾ മോണിറ്റർ ചെയ്യുന്നുണ്ടെന്നും സമിതിയുടെ ചോദ്യങ്ങൾക്കുത്തരമായി പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

112. കായണ്ണ, നടത്തറ, പത്തനാപുരം, മൂന്നിലവ്, മുത്തോലി, തൊണ്ടർനാട് എന്നീ ഗ്രാമപഞ്ചായത്തുകളും കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും പിറവം, ഷൊർണ്ണൂർ, തലശ്ശേരി, പത്തനംതിട്ട, കുത്തുപറമ്പ് എന്നീ മുൻസിപ്പാലിറ്റികളും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

113. 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ എസ്.സി. വനിതകൾക്ക് തയ്യൽ പരിശീലനം നടപ്പിലാക്കിയിട്ടുണ്ടെന്നും തുക പൂർണ്ണമായും

ചെലവഴിച്ചിട്ടുണ്ടെന്നും പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വാങ്ങി നല്കുന്നതിന് പദ്ധതിയുണ്ടായിരുന്നെന്നും തയ്യൽ മെഷീൻ വാങ്ങാൻ തീരുമാനിക്കുമ്പോൾ യൂണിറ്റൊന്നിന് 25000/- രൂപയായിരുന്നെന്നും വാങ്ങുന്ന സമയത്ത് ഒരു പവർ മെഷീന് 45000/- രൂപയായി വർദ്ധിച്ചുവെന്നും ഫണ്ടില്ലാതിരുന്നതിനാൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും പരിശീലനം ലഭിച്ചവർ സ്വയം തൊഴിൽ ചെയ്യുന്നുണ്ടെന്നും കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

114. 2019-2020 വർഷത്തിൽ തയ്യൽ മെഷീൻ വിതരണം എന്ന പദ്ധതി ഉപേക്ഷിച്ചതിന് പകരമായി പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നല്കാൻ മറ്റെന്തെങ്കിലും സംവിധാനമൊരുക്കിയിരുന്നോയെന്ന് ആരാഞ്ഞ സമിതി തയ്യൽ മേഖലയിൽ ആധുനിക സംവിധാനങ്ങളും കാലോചിതമായ മാറ്റങ്ങളും ഉൾപ്പെടുത്തണമെന്നും ഗുണഭോക്താക്കളുടെ എണ്ണം കുറച്ചെങ്കിലും മെഷീൻ വിതരണം ചെയ്യാമായിരുന്നെന്നും സ്ത്രീശാക്തീകരണ പദ്ധതികൾക്ക് വേണ്ടത്ര പ്രാധാന്യം നല്കണമെന്നും അഭിപ്രായപ്പെട്ടു. കമ്മിറ്റി ചേർന്ന് മെഷീൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പറഞ്ഞു.

115. 'വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം' പദ്ധതി, പരിശീലനം നേടിയവർക്ക് തൊഴിൽ നല്കുന്ന പദ്ധതി എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കിയെന്നും ഒന്നാം ഘട്ടത്തിൽ പരമാവധി പേർക്ക് പരിശീലനം നല്കിയെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം തൊഴിൽ നല്കുന്ന പദ്ധതി 2015-2016-ൽ ഏറ്റെടുക്കാൻ സാധിച്ചില്ലെന്നും കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ചെയ്യാൻ സൗകര്യമൊരുക്കി പദ്ധതി വിജയിപ്പിക്കാമായിരുന്നെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. ഡ്രൈവിംഗ് പരിശീലനം സംബന്ധിച്ച് എന്ത് തുടർ നടപടി സ്വീകരിക്കാമെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ (ചീഫ് രജിസ്ട്രാർ) അറിയിച്ചു. സ്ത്രീശാക്തീകരണ പദ്ധതികൾ

വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഡ്രൈവിംഗ് പരിശീലനം ലഭിച്ച വനിതകൾക്ക് തൊഴിൽ നൽകാൻ കണ്ണാടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

116. ഓഡിറ്റ് പരാമർശത്തിന് തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ മറുപടി നല്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പത്ത് പേർ അടങ്ങുന്ന ഒരു യൂണിറ്റിനാണ് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഡി.റ്റി.പി. പരിശീലനം ലഭിച്ചതെന്നും തുടർന്ന് ജില്ലാ പഞ്ചായത്തിൽ ജില്ല കുടുംബശ്രീ മിഷൻ വഴി രണ്ട് കമ്പ്യൂട്ടറും ഒരു ഫോട്ടോകോപ്പി മെഷീനും ലഭിച്ചിട്ടുണ്ടെന്നും നിലവിൽ പഞ്ചായത്തിന്റെ മുമ്പിലായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിൽ പരിശീലനം ലഭിച്ച മൂന്ന് പേർ ജോലി ചെയ്യുന്നുണ്ടെന്നും 2015-ൽ അനുവദിച്ച ഫോട്ടോകോപ്പി മെഷീന് മാത്രമാണ് തകരാറുള്ളതെന്നും അത് പരിഹരിച്ച് നല്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും അത് സംബന്ധിച്ച് വിശദീകരണം കൊടുത്തിട്ടുണ്ടെന്നും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായതിനാൽ അവരാണ് മറുപടി നല്കേണ്ടതെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ (ചീഫ് രജിസ്ട്രാർ) ചൂണ്ടിക്കാട്ടിയപ്പോൾ മറുപടി നേരത്തേ സമർപ്പിച്ചിരുന്നെന്നും എല്ലാ ഡി.റ്റി.പി. സെന്ററും നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും 25 യൂണിറ്റിനാണ് പദ്ധതി കൊടുത്തതെന്നും 19 യൂണിറ്റും വർക്ക് ചെയ്യുന്നുണ്ടെന്നും സർക്കാരിൽ മറുപടി കൊടുത്തിട്ടുണ്ടെന്നും പാലക്കാട് നഗരസഭ സെക്രട്ടറി അറിയിച്ചു പ്രസ്തുത മറുപടി ലഭിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സൂചിപ്പിച്ചു

117. പ്രൊഫഷണൽ വൈദഗ്ധ്യത്തിന്റെ അഭാവം മൂലം ഡി.റ്റി.പി. സെന്റർ ഫോട്ടോകോപ്പി സെന്റർ മാത്രമായിട്ടാണ് പ്രവർത്തിക്കുന്നതെന്നാണ് ഓഡിറ്റ് പരാമർശമെന്നും നല്കിയ പരിശീലനത്തിന് ഗുണനിലവാരം ഇല്ലായിരുന്നെന്നാണ് ഓഡിറ്റിന്റെ നിരീക്ഷണമെന്നും ഡി.എ.ജി. പറഞ്ഞു. പ്രസ്തുത പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓൺലൈൻ മീറ്റിംഗിൽ

കൊടുത്തിരുന്നെന്നും ഓഡിറ്റ് വകുപ്പിന് മറുപടി തയ്യാറാക്കി നല്കാമെന്നും പാലക്കാട് നഗരസഭ സെക്രട്ടറി അറിയിച്ചു.

118. തൊഴിലധിഷ്ഠിത പരിശീലനവുമായി ബന്ധപ്പെട്ട് എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ നല്കലും പരിശീലനവും; എസ്.സി. വനിതകൾക്ക് എൽ.എം.വി. ഓട്ടോ പരിശീലനം എന്നിങ്ങനെ രണ്ട് പദ്ധതികളാണുള്ളതെന്നും ആദ്യത്തെ പദ്ധതി മുൻ വർഷത്തെ പദ്ധതിയുടെ തുടർച്ചയായിരുന്നെന്നും രണ്ട് വർഷം പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന്റെ ഫലമായാണ് 2016-17 വർഷത്തിൽ കാർഷികോപകരണങ്ങളുടെ പരിശീലന പദ്ധതി ഉൾപ്പെടുത്തിയിരുന്നതെന്നും പഞ്ചായത്ത് ഗുണഭോക്താക്കളെ അംഗീകരിച്ച് നല്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നും എസ്.സി. വനിതകൾക്കുള്ള എൽ.എം.വി. ഓട്ടോ പരിശീലന പദ്ധതി പ്രകാരം 21 വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നല്കുകയായിരുന്നു ലക്ഷ്യമെന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാതിരുന്നതിനാൽ 10 പേർക്ക് മാത്രമേ പരിശീലനം നല്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും പരിശീലനം നേടിയവരുടെ തൊഴിൽ സാധ്യതയെക്കുറിച്ച് അറിയില്ലെന്നും ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് നല്കാതിരുന്നതിനാൽ നിലവിൽ പരിശീലനം നടത്തുന്നില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾക്കെല്ലാം ഗുണഭോക്തൃ ലിസ്റ്റ് നല്കേണ്ടത് ഗ്രാമ പഞ്ചായത്തുകളാണെന്നും അവർ ലിസ്റ്റ് നല്കിയാൽ മാത്രമേ പരിശീലനം കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച ശേഷമാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആരംഭിച്ചതെന്നും 2015-16-ൽ കാർഷികോല്പന്നം വിതരണവും പരിശീലനവും പദ്ധതി വിജയകരമായിരുന്നതിനാലാണ് 2016-17-ലെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിരുന്നതെന്നും പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് നല്കാതിരുന്നതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചുവെന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

119. ഗുണഭോക്തൃ ലിസ്റ്റ് ഇല്ലായെങ്കിൽ പ്രസ്തുത പദ്ധതിക്ക് പകരം മറ്റേതെങ്കിലും പദ്ധതി നടപ്പാക്കാമായിരുന്നെന്നും പദ്ധതി ഉപേക്ഷിച്ച് പണം തിരിച്ചടയ്ക്കുന്നത്

ഒഴിവാക്കാമായിരുന്നെന്നും ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന് പകരം പത്രപരസ്യം കൊടുത്ത നടപടി തെറ്റായിരുന്നെന്നും സമിതി അംഗം ചൂണ്ടിക്കാട്ടിയതിന് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭകളാണ് ലഭ്യമാക്കേണ്ടതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടറും ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് സമിതി അംഗീകരിച്ച് നല്കാതിരുന്നതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പത്രപരസ്യം നല്കി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു. നിയമ വിരുദ്ധമായി കാര്യങ്ങൾ ചെയ്യരുതെന്നും ബ്ലോക്ക് പഞ്ചായത്തംഗങ്ങൾക്ക് ആവശ്യമായ ബോധവത്കരണം നല്കണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ പട്ടികജാതി വികസന ഓഫീസറാണെന്നും എസ്.സി.പി.യുടെ വിഹിതമാണെന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. പരിശീലനം പൂർത്തിയായിട്ടുണ്ടോയെന്ന് റിപ്പോർട്ടിൽ നിന്ന് അറിയാൻ കഴിയുന്നില്ലെന്നും ഗുണഭോക്താക്കൾ വരാത്തതിനാൽ ബാക്കി തുക നല്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിന്മേൽ പരിശോധന നടത്താത്തത് സംബന്ധിച്ച് വിശദീകരണം നല്കണമെന്നും സമിതി നിർദ്ദേശിച്ചതിന് സർക്കാർ തലത്തിൽ അപ്രകാരം മോണിറ്ററിംഗ് ഫലപ്രദമായി നടത്താറില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംഭരണ സ്ഥാപനങ്ങളായിക്കൊണ്ടിരിക്കുകയാണെന്നും അവർ പദ്ധതി ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെന്നും മാർഗ്ഗരേഖ പ്രകാരമുള്ള മോണിറ്ററിംഗ് സമിതിയിൽ രണ്ട് രീതിയാണുള്ളതെന്നും പദ്ധതി പൂർത്തിയാക്കുന്നതിനുള്ള മോണിറ്ററിംഗിന് ശേഷം മാത്രമേ ബിൽ കൊടുക്കുകയുള്ളൂവെന്നതിനാൽ ആദ്യത്തെ മോണിറ്ററിംഗ് നടത്തിയിട്ടുണ്ടെന്നും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് മനസിലാക്കാനാണ് പൂർത്തീകരണത്തിനുശേഷം മോണിറ്ററിംഗ് നടത്തുന്നതെന്നും പ്രസ്തുത മോണിറ്ററിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കാറില്ലെന്നും ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് സമിതിയുടെ ശിപാർശയും റിപ്പോർട്ടും വേണമെന്നും പ്രസ്തുത

പദ്ധതിയിൽ തുടർന്നുണ്ടായ കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

120. ചർച്ചയിൽ നിന്ന് വ്യക്തമാകുന്നത് പദ്ധതിയുടെ ഗുണം കിട്ടേണ്ട വിഭാഗങ്ങൾക്ക് കിട്ടുന്നില്ലെന്നാണെന്നും പഞ്ചായത്തുകൾ തെറ്റായ രീതി പിന്തുടരുന്നതായാണ് റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നതെന്നും ഇത് തടയുന്നതിനും മാറ്റം വരുത്തുന്നതിനും സമിതിയുടെ പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങളടങ്ങിയ റിപ്പോർട്ട് ശിപാർശയായി സർക്കാരിലേക്ക് നല്കാമെന്നും സമിതി അഭിപ്രായപ്പെട്ടതിന് പരിശീലന പദ്ധതി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും സങ്കീർണ്ണമായ പ്രവൃത്തിയായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ നിർവ്വഹിക്കാൻ പ്രയാസമായിരിക്കുമെന്നും കുടുംബശ്രീ, തൊഴിലുറപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിൽ തദ്ദേശീയമായി സ്കിൽ ഗ്യാപ് സ്റ്റഡി നടത്തുകയും നാഷണൽ സർട്ടിഫിക്കേഷൻ മുഖേന തൊഴിലിനോ സംരംഭങ്ങൾക്കോ ഉതകുന്ന സ്കീമുകൾ തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം നല്കുകയുമാണെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഇതിന്റെ ഇംപാക്ട് അനലൈസ് ചെയ്ത് എണ്ണം കണക്കാക്കി പ്ലേസ്മെന്റ് നടത്തുമെന്നും കരിക്കുലം എടുത്ത് പഠന പദ്ധതി തയ്യാറാക്കുകയോ അല്ലെങ്കിൽ തയ്യാറാക്കി വച്ചിരിക്കുന്ന പദ്ധതി തെരഞ്ഞെടുത്ത് നടപ്പിലാക്കുകയോ ചെയ്യണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

121. ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മൂലം ഗുണഭോക്താക്കൾ ഉദ്ദേശിച്ച വിഭാഗത്തിൽ നിന്നായിരുന്നില്ലെന്നും പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ വീഴ്ചകൾ കണ്ടെത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നിലവിലുള്ള സംവിധാനങ്ങളും കാര്യക്ഷമമല്ലെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പെർഫോമൻസ് ഓഡിറ്റ് വിംഗിൽ ഓരോ പഞ്ചായത്തും അതിന്റെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായില്ലെങ്കിൽ

പത്രപരസ്യത്തിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും അത് തെറ്റായ നടപടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ആരും തയ്യാറാകുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന് അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാരിന്റെ വിഭാഗമുണ്ടെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അത് പരിശോധിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ സമിതി പദ്ധതി നിർവ്വഹണം നേർവഴിക്കായിരിക്കണമെന്നും സമിതിക്ക് ഇതിൽ ഇടപെടാൻ കഴിയില്ലെന്നും വകുപ്പ് പരിശോധിക്കട്ടേയെന്നും അഭിപ്രായപ്പെട്ടതിന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു

122. ഗ്രാമസഭയിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് വാങ്ങാതെ പത്രപരസ്യം നല്കിയെന്നും 21 വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് അനുവാദം നല്കിയെങ്കിലും 10 പേർ മാത്രമേ വന്നുള്ളൂവെന്നും അവർ പരിശീലനം പൂർത്തിയാക്കിയില്ലെന്നും ഓഡിറ്റ് സംവിധാനമുള്ളതുകൊണ്ട് അത് കണ്ടെത്തിയെന്നും ചൂണ്ടിക്കാണിച്ചു

123. അട്ടപ്പാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളും കണ്ണൂർ ജില്ലാ പഞ്ചായത്തും സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു

124. കേന്ദ്ര സർക്കാരിന്റെ മഹിളാ കിസാൻ ശാക്തീകരണ യോജന എന്ന പദ്ധതിയുടെ ഭാഗമായി ലേബർ ബാങ്ക് തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം നൽകിയിരുന്നെന്നും കാർഷിക യന്ത്രോപകരണങ്ങളുടെ പരിശീലനമാണ് അവർക്ക് കൊടുത്തിരുന്നതെന്നും ആദ്യം കുറച്ചു ദിവസം ഉപയോഗിച്ചെങ്കിലും കൂടുതൽ പേരും തൊഴിലുറപ്പ് തൊഴിലാളികളായിരുന്നതിനാൽ യന്ത്രോപകരണങ്ങൾ അവർ ഉപയോഗിക്കുന്നില്ലെന്നും തെങ്ങ് കയറ്റ് മെഷീൻ, പുല്ല് വെട്ടുന്ന യന്ത്രം, ട്രാക്ടർ തുടങ്ങിയവയ്ക്കാണ് പരിശീലനം കൊടുത്തിരുന്നതെന്നും പ്രസ്തുത യന്ത്രങ്ങൾ തുടർന്ന് വിതരണം ചെയ്യാൻ കഴിയാഞ്ഞതിനാൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിലാണ്

അവർ ജോലി ചെയ്യുന്നതെന്നും കോവിഡിന് ശേഷം ഗ്രൂപ്പ് പ്രവർത്തനത്തിൽ മന്ദത വന്നിട്ടുണ്ടെന്നും തുർന്നുള്ള ഭരണ സമിതി യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്ത ശേഷം തൊഴിലാളികളെ ഗ്രൂപ്പായി തിരിച്ച് യന്ത്രോപകരണങ്ങൾ വിതരണം ചെയ്യാൻ ശ്രമം നടത്തിയിട്ടുണ്ടെന്നും തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

125. പള്ളിക്കത്തോട് പഞ്ചായത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് എസ്.സി.പി. ഫണ്ടുപയോഗിച്ചാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും കുറച്ച് കാലം പഞ്ചായത്ത് ഓഫീസായി പ്രവർത്തിച്ചുവെങ്കിലും നിലവിൽ തൊഴിൽ പരിശീലന കേന്ദ്രമായാണ് കെട്ടിടം ഉപയോഗിക്കുന്നതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പള്ളിക്കത്തോട് പഞ്ചായത്തിൽ 58 കോളനികളിലും പദ്ധതി നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാൽ അതിനെക്കുറിച്ച് അറിയില്ലെന്നും അവിടെ തൊഴിൽ പരിശീലനം നടക്കുന്നതായാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

126. തൊഴിലധിഷ്ഠിത പരിശീലനവുമായി ബന്ധപ്പെട്ട് പേപ്പർ ബാഗ്, പേപ്പർ കപ്പ് എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി ഇൻഡസ്ട്രിയൽ രജിസ്ട്രാരുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചെങ്കിലും ലാഭമില്ലാത്തതിനാൽ പദ്ധതി നിർത്തിവച്ചുവെന്നും നിലവിൽ പേപ്പർ ബാഗ് യൂണിറ്റ്, ബ്യൂട്ടീഷൻ കോഴ്സ്, തുണി സഞ്ചി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ 8 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. പദ്ധതി നിലവിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നടപ്പുവർഷം നടപ്പിലാക്കുന്നതിന് ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നും കെട്ടിടവും പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റിന്റെ

ഉപകരണങ്ങളും അവിടെയുണ്ടെങ്കിലും ഉപയോഗിക്കാൻ കഴിയാത്തതിനാൽ മറ്റൊരു പദ്ധതിയായ തുണി സഞ്ചി നിർമ്മാണ യൂണിറ്റാക്കി മാറ്റിയിട്ടുണ്ടെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

127. കൊല്ലം, പാലക്കാട് എന്നീ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

128. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കണ്ണാടി ഗ്രാമപഞ്ചായത്ത് എസ്.സി. വനിതകൾക്ക് തയ്യൽ പരിശീലനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും, എന്നാൽ പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തുടർ പദ്ധതിയെന്ന രീതിയിൽ തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് പദ്ധതിയുണ്ടായിരുന്നുവെങ്കിലും ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സ്ത്രീ ശാക്തീകരണ പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ തയ്യൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് പുതിയ രീതിയിലുള്ള (Power machine) തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

129. ഡ്രൈവിംഗ് പരിശീലനം ലഭിച്ച വനിതകൾക്ക് തൊഴിൽ നൽകാൻ കണ്ണാടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

130. വനിതകൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലനം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ തേക്കുറ്റശ്ശി ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

131. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ തൊഴിലധിഷ്ഠിത പരിശീലനവുമായി ബന്ധപ്പെട്ട് എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ നൽകലും പരിശീലനവും; എസ്.സി. വനിതകൾക്ക് എൽ.എം.വി. ഓട്ടോ പരിശീലനം തുടങ്ങിയ

പദ്ധതികളെ കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

132. കല്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ, എസ്.സി. വനിതകൾക്ക് എൽ.എം.വി. ഓട്ടോ പരിശീലനം എന്ന പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ പത്ര പരസ്യം വഴി കണ്ടെത്തുന്നതിന് തീരുമാനിക്കുകയുണ്ടായെന്ന് സർക്കാർ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന് പകരം പത്രപരസ്യം വഴി ഗുണഭോക്താക്കളെ കണ്ടെത്തിയ നടപടി ശരിയല്ലെന്ന് വിലയിരുത്തിയ സമിതി, തെറ്റായ നടപടി ക്രമം സ്വീകരിച്ചതിന്മേലുള്ള വിശദീകരണം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ആരായുന്നതിനും, ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

133. നെന്മേനി, പുത്തൂർ, വേങ്ങപ്പള്ളി, കാന്തല്ലൂർ, പള്ളിവാസൽ, പെരിങ്ങമ്മല, കായണ്ണ, നടത്തറ, പത്തനാപുരം, മൂന്നിലവ്, മുത്തോലി, തൊണ്ടർനാട്, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളും, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും, പിറവം, ഷൊർണ്ണൂർ, തലശ്ശേരി, പത്തനംതിട്ട, കുത്തുപറമ്പ് എന്നീ മുനിസിപ്പാലിറ്റികളും, പാറശ്ശാല, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളും, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫണ്ടുകൾ സൂക്ഷിച്ചിരുന്നത്

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്നെണ്ണത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ₹1.15 കോടിയുടെ വനിതാ ഘടക പദ്ധതി ഫണ്ടുകൾ താഴെ വിവരിക്കുന്നതുപോലെ പദ്ധതി നടപ്പാക്കാതെ മറ്റുള്ള ഏജൻസികൾ കൈവശം വച്ചിരുന്നു.

തലശ്ശേരി സർക്കാർ ആശുപത്രിയുടെ ഭാഗമായി ഒരു മാതൃശിശു ആശുപത്രി സ്ഥാപിക്കുന്നതിന് ഫണ്ടുകൾ നൽകാൻ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു- കീഴിലെ ഗ്രാമപഞ്ചായത്തുകൾ കണ്ണൂർ ജില്ലാപഞ്ചായത്ത് (ഡി.പി.), തലശ്ശേരി മുനിസിപ്പാലിറ്റി എന്നിവയ്ക്ക് കേരള സർക്കാർ അനുമതി നൽകി (2015 മാർച്ച്). അതിൻപ്രകാരം കണ്ണൂർ ജില്ലാപഞ്ചായത്തും തലശ്ശേരി മുനിസിപ്പാലിറ്റിയും വനിതാ ഘടക പദ്ധതി ഫണ്ടിൽ

നിന്നും ₹50 ലക്ഷം വീതം യഥാക്രമം 2015 ഏപ്രിലിലും ജൂലൈയിലും തലശ്ശേരിയിൽ മാതൃശിശു ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സംഘാടക സമിതിക്ക് നൽകി. നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമി തീരദേശ നിയന്ത്രണ മേഖല (സി.ആർ.ഇസഡ്.) ലംഘനം ഉള്ളതിനാൽ സമിതി ഭൂമി കൈവശമാക്കുന്നതിന് യാതൊരു ശ്രമവും നടത്തിയിരുന്നില്ല. സമിതിയോ തദ്ദേശസ്വയംഭരണ സ്ഥാപനമോ വേറൊരു ഭൂമി കണ്ടെത്താൻ യാതൊരു ശ്രമവും നടത്തിയതുമില്ല. അങ്ങനെ, ₹ ഒരു കോടി വരുന്ന വനിതാ ഘടക പദ്ധതി ഫണ്ടുകൾ രണ്ടു വർഷത്തിൽ കൂടുതലായി ഉപയോഗിക്കാതെ കിടക്കുകയും (2017 നവംബർ) സ്ത്രീകളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുമായിരുന്ന അമ്മയ്ക്കും കുഞ്ഞിനും മാത്രമായുള്ള ആശുപത്രി എന്ന പ്രയോജനം കൈവരിക്കാതിരിക്കുകയും ചെയ്തു.

- സമിതി ഉടൻ തന്നെ ഭൂമി വാങ്ങിക്കുമെന്നും ഫണ്ടുകളുടെ വിനിയോഗം ഓഡിറ്റിനെ അറിയിക്കുമെന്നും കേരള സർക്കാർ മറുപടി പറഞ്ഞു (2018 ജനുവരി). വനിതാ ഘടക പദ്ധതി ഫണ്ടുകൾ രണ്ടുവർഷത്തിലധികമായി ഉപയോഗിക്കാതെ പുറത്തുള്ള ഏജൻസിയുടെ കൈവശം ഇരിക്കുകയും, ഒരു മാതൃശിശു ആശുപത്രി എന്ന ലക്ഷ്യം കൈവരിക്കാതിരിക്കുകയും ചെയ്തതിനാൽ മറുപടി യുക്തിസഹമല്ല.

- റോഡരികിൽ ഭക്ഷ്യവസ്തുക്കൾ കച്ചവടം നടത്തുന്ന 129 വനിതാ കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനും, അവർക്ക് കിയോസ്കുകൾ[15] നൽകി അവരുടെ വരുമാനനില വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയ്ക്ക് കൊച്ചി കോർപ്പറേഷൻ രൂപം നൽകി. കിയോസ്കുകളുടെ യൂണിറ്റ് വില ₹ ഒരു ലക്ഷം ആയിരുന്നു. ഇതിൽ ₹25,000 സബ്സിഡിയും ₹70,000/- ബാങ്ക് വായ്പ, ₹5,000 ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെട്ടതായിരുന്നു. സബ്സിഡി തുകയായ ₹32.25 ലക്ഷം, (₹25,000 ഓരോ ഗുണഭോക്താവിനും) നടപ്പാക്കൽ ഏജൻസിയായ

15 പത്രം, ലഘുഭക്ഷണം, പാനീയം, ടിക്കറ്റുകൾ മുതലായവ വിൽക്കാനുള്ള മുൻവശം തുറന്ന ചെറിയ കടിലോ, കൂബിക്കിളോ

നഗരദാരിദ്ര്യ നിർമ്മാർജ്ജന വകുപ്പിന് (യു.പി.എ.ഡി.) കൈമാറി (2014 മാർച്ച്). 129 പേരിൽ 68 ഗുണഭോക്താക്കൾ മാത്രമേ ധനസഹായം വാങ്ങാൻ മുമ്പോട്ടു വന്നിരുന്നുള്ളൂ. ബാങ്ക് വായ്പ എടുക്കാനുള്ള വിമുഖതയും കോർപ്പറേഷൻ പരിധിയ്ക്കകത്ത് അനുയോജ്യമായ സ്ഥലം കിയോസ്കുകൾ സ്ഥാപിക്കാൻ കണ്ടെത്താത്തതും കാരണം ബാക്കി 61 ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പുറത്തുപോയി. ബാക്കി ₹15.25 ലക്ഷം യു.പി.എ.ഡി.യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു (2017 ഡിസംബർ). ചിലവാക്കാത്ത ബാക്കി തുകയായ ₹15.25 ലക്ഷം പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നിർദ്ദേശം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് യു.പി.എ.ഡി.യുടെ പ്രോജക്ട് ഓഫീസർ മറുപടി പറഞ്ഞു (2017 ഡിസംബർ).

അങ്ങനെ വനിതകൾക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്നതിന് വേണ്ടിയുള്ള രണ്ട് പദ്ധതികളുടെ ₹1.15 കോടി ഉപയോഗിക്കാതെ മറ്റ് ഏജൻസികളുടെ കൈവശം കിടന്നിരുന്നു. മൂകളിൽ പരാമർശിച്ച കേസുകളിൽ, രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ടുകൾ നടപ്പാക്കൽ ഏജൻസികൾക്ക് കൈമാറിയത് ധനകാര്യ വർഷത്തിന്റെ അവസാനപാദത്തിലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് സൂചിപ്പിക്കുന്നത് ഫണ്ടുകളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കുന്നതിനേക്കാളും ചെലവ് കാണിക്കുക എന്നതിലായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ താല്പര്യം എന്നാണ്.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഖണ്ഡിക 3.1.9.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

134. കണ്ണൂർ തലശ്ശേരിയിലെ മാതൃ-ശിശു ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും സി.ആർ.ഇസഡ്. വിഷയവും പ്രസ്തുത സ്ഥലം തണ്ണീർത്തടമായി

ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ മൂലമുള്ള പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ടെന്നും 58 കോടി രൂപയുടെ പദ്ധതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടെന്നും ടെസ്റ്റ് പൈലിംഗ് കഴിഞ്ഞുവെന്നും 50 ലക്ഷം രൂപ തലശ്ശേരി നഗരസഭയാണ് അനുവദിച്ചതെന്നും തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. മുഴുവൻ ഭൂമിയും വാങ്ങിയോയെന്ന് സമിതി ആരാഞ്ഞതിന് ജനകീയ സമിതി മുഖേനയാണ് ബാക്കി സ്ഥലം വാങ്ങിയതെന്നും പ്രശ്നങ്ങളെല്ലാം പരിഹരിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും തലശ്ശേരി മുൻസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

135. കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

136. കണ്ണൂർ ജില്ലാ പഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിഷ്ക്രിയമായ അടിസ്ഥാന സൗകര്യങ്ങൾ ₹7.30 കോടിയുടെ നിഷ്ഫല ചെലവിൽ കലാശിച്ചു

ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് വനിതകൾക്കായി വിവിധ കേന്ദ്രങ്ങൾ അതായത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, കച്ചവട കേന്ദ്രങ്ങൾ, വിശ്രമ മുറികൾ, മീറ്റിംഗ് ഹാളുകൾ, അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള മുറികൾ എന്നിവ സ്ഥാപിക്കുന്നതിനായി കെട്ടിടങ്ങൾ നിർമ്മിച്ചു. ലാക്ഷണിക പരിശോധന നടത്തിയ 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് പ്രത്യേകമായുള്ള പദ്ധതികൾക്കായി ₹28.77 കോടി വിനിയോഗിച്ച് നിർമ്മിച്ച 234 കെട്ടിടങ്ങളിൽ ₹ 7.30 കോടിയുടെ (25.37 ശതമാനം) 59 കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതായി

ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം, നിഷ്ക്രിയമായി കിടക്കുന്നത്, ഉൾപ്പെട്ട ചെലവ് ചുവടെ വിവരിക്കുന്നു.

നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം, നിഷ്ക്രിയമായവ, ചെലവായ തുക

ക്രമ നം.	തസ്വഭ സ്ഥാപനങ്ങളുടെ പേര്	നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം	വനിതാ ഘടക പദ്ധതിക്ക് കീഴിൽ വകയിരുത്തിയ ആകെ തുക (₹ കോടിയിൽ)	ആകെ ചെലവായത് (₹കോടിയിൽ)	നിഷ്ക്രിയമായി കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണം	നിഷ്ക്രിയമായത് മൂലമുള്ള നിഷ്ഫല ചെലവ് (₹ കോടിയിൽ)
1	കണ്ണൂർ ഡി.പി.	10	5.06	2.59	2	0.51
2	കൊല്ലം ഡി.പി.	28	5.57	5.08	11	2.24
3	കോട്ടയം ഡി.പി.	56	7.87	4.5	10	0.98
4	പാലക്കാട് ഡി.പി.	30	5.45	5.09	6	0.99
5	തിരുവനന്തപുരം കോർപ്പറേഷൻ	30	4.51	3.49	8	1.24
6	കൊച്ചി കോർപ്പറേഷൻ	45	13.81	5.91	7	0.52
7	കൽപ്പറ്റ ബി.പി.	2	0.22	0.11	1	0.08
8	തിരുരങ്ങാടി ബി.പി.	11	0.70	0.62	6	0.30
9	തലശ്ശേരി മുനിസിപ്പാലിറ്റി	7	1.73	0.63	1	0.04
10	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	2	0.37	0.17	1	0.10
11	കണ്ണാടി ജി.പി.	1	0.11	0.08	1	0.08
12	മുന്നലവ് ജി.പി.	3	0.06	0.06	1	0.06
13	മുത്തോലി ജി.പി.	4	0.32	0.28	1	0.08
14	മുണ്ടക്കയം ജി.പി.	2	0.13	0.07	1	0.03
15	നടത്തറ ജി.പി.	3	0.09	0.09	2	0.05
	ആകെ	**234**	**46**	**28.77**	**59**	**7.30**

ശ്രോതസ്സ് സംയുക്ത സ്ഥലപരിശോധനയും വർക്ക് ഫയലുകളും

നിഷ്ക്രിയമായി കിടക്കുന്ന 59 കെട്ടിടങ്ങളിൽ നാല് കെട്ടിടങ്ങൾ നാല് കൊല്ലത്തിലധികമായും, 10 കെട്ടിടങ്ങൾ മൂന്ന് കൊല്ലത്തിലധികമായും, 14 കെട്ടിടങ്ങൾ രണ്ട് കൊല്ലത്തിലധികമായും, 17 കെട്ടിടങ്ങൾ ഒരു കൊല്ലത്തിലധികമായും 14 കെട്ടിടങ്ങൾ ഒരു കൊല്ലത്തിൽ താഴെയുമായി നിഷ്ക്രിയമായി കിടക്കുന്നു (അനുബന്ധം IX ആയി ചേർത്തിരിക്കുന്നു) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതികൾ നടപ്പാക്കുന്നതിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധ്യതാ പഠനം നടത്തിയിരുന്നില്ല. ജില്ലാ പഞ്ചായത്തുകൾ നടത്തിയ നിർമ്മാണങ്ങളിൽ, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ചിരുന്നില്ല. കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിന്റെ മറ്റുള്ള പ്രധാന കാരണങ്ങൾ വൈദ്യുതി/ജലവിതരണ കണക്ഷനുകൾ ഇല്ലാത്തത്, പരിശീലന/ നൈപുണ്യ വികസന പരിപാടികൾ തയ്യാറാക്കാത്തത് മുതലായവയായിരുന്നുവെന്ന് ഓഡിറ്റ് സൂക്ഷ്മ പരിശോധന വെളിപ്പെടുത്തി. അങ്ങനെ, സ്ത്രീകളുടെ/ പെൺകുട്ടികളുടെ ഉന്നമനത്തിനായി കെട്ടിടങ്ങളുടെ തുടർ ഉപയോഗം ഉറപ്പാക്കാതെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ വിനിയോഗിച്ചിരുന്നത് എന്ന് ഇതിൽ നിന്ന് സ്പഷ്ടമാണ്. കെട്ടിടങ്ങളുടെ നിർമ്മാണം നടന്ന 13 ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ മറുപടി പറഞ്ഞത് അവർ ആവശ്യപ്പെടാതെയും പ്രാദേശിക ആവശ്യങ്ങൾ വിലയിരുത്താതെയുമാണ് കെട്ടിടങ്ങളുടെ നിർമ്മാണം നടത്തിയതെന്നും, അവർക്ക് ഔദ്യോഗികമായി കെട്ടിടങ്ങൾ കൈമാറാത്തതുകാരണം ഈ കെട്ടിടങ്ങളിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നുമായിരുന്നു. നിഷ്ക്രിയമായ ആസ്തികൾ ഉപയോഗിക്കാൻ വേണ്ട നടപടികൾ എടുക്കുമെന്ന് കേരള സർക്കാർ പറഞ്ഞു (2018 ജനുവരി).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), ഖണ്ഡിക 3.1.9.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. ചട്ടുകപ്പാറയിൽ ഉണ്ടായിരുന്ന പത്ത് കെട്ടിടങ്ങളിൽ എട്ടെണ്ണം വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ 15 കെട്ടിടങ്ങൾ ഉണ്ടായിരുന്നതിൽ 12 എണ്ണം വാടകയ്ക്ക് നല്കിയെന്നും 3 എണ്ണം അറ്റകുറ്റപ്പണി നടത്തിയെന്നുമാണ് സമിതിയെ അറിയിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. ആകെ ഉണ്ടായിരുന്ന പത്ത് കെട്ടിടങ്ങളിൽ എട്ടെണ്ണമാണ് വാടകയ്ക്ക് കൊടുത്തിരുന്നതെന്നും അവശേഷിക്കുന്നവ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്നും സംരംഭകർക്ക് കൊടുക്കാൻ തയ്യാറാണെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇതേ മറുപടിയാണ് പത്ത് വർഷം മുമ്പും ലഭ്യമാക്കിയിരുന്നതെന്ന് ഡി.എ.ജി. ചൂണ്ടിക്കാട്ടിയതിന് വെള്ളത്തിന് ദൗർലഭ്യമുള്ള സ്ഥലമായതിനാൽ അതിനനുയോജ്യമായ സംരംഭങ്ങളേ അവിടെ സാധ്യമാവൂയെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. വനിതകൾക്കല്ലാതെ കെട്ടിടങ്ങൾ മറ്റാർക്കും വാടകയ്ക്ക് കൊടുക്കാറില്ലേയെന്ന് സമിതി ആരാഞ്ഞതിന് വനിതകൾക്കാണ് സാധാരണ നല്കുന്നതെന്നും ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്ത് സംരംഭകരെ കണ്ടെത്താൻ ശ്രമിച്ചിരുന്നെന്നും ഒരെണ്ണം വാടകയ്ക്കെടുക്കുന്നതിന് ഒരു ടീം തയ്യാറായിട്ടുണ്ടെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

138. വനിതാ ഫണ്ട് ചെലവഴിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കി വിവിധ ഡിവിഷനുകളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ് ചെയ്യുന്നതെന്നും പിന്നീട് അറ്റകുറ്റപ്പണിക്കായി വലിയ തുക ചെലവഴിക്കുമെന്നും പരാമർശിത വിഷയം വളരെപഴക്കം ചെന്നതാണെന്നും പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് മാർഗ്ഗം കണ്ടെത്തണമെന്നും നിലവിലുള്ള സംരംഭകർക്ക് ഉപയോഗിക്കാമെങ്കിൽ അവർക്ക് നല്കാവുന്നതാണെന്നും പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നതിന് സംവിധാനമുണ്ടാക്കിയാൽ ഇത്തരം പ്രശ്നമുണ്ടാകില്ലെന്നും തീരുമാനങ്ങൾ യഥാസമയമെടുത്തില്ലെങ്കിൽ പൊതുനഷ്ടമുണ്ടാകുമെന്നും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

139. കൊല്ലം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് വകുപ്പിൽ നിന്ന് ലഭ്യമാക്കിയ

മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

140. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് കൈമാറിയ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം നിലവിൽ ബഡ്സ് സ്ക്കൂളായി പ്രവർത്തിക്കുന്നുണ്ടെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ശേഷം മോണിറ്റർ ചെയ്തിട്ടില്ലെന്നും പണം പാഴാക്കുകയാണെന്നും വനിത വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച 23 കെട്ടിടങ്ങളിൽ രണ്ടെണ്ണം - വെള്ളൂർ, പാമ്പാടി ഗ്രാമപഞ്ചായത്തുകളിൽ ഒരോന്നു വീതം - ഉപയോഗിക്കുന്നില്ലെന്നും മറ്റുള്ളവ പരിശീലന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്നും ചിലത് വനിതാ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്നുമുണ്ടെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

141. ജില്ലാ പഞ്ചായത്ത് കൈമാറിയ ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ള കെട്ടിടങ്ങൾ പരിശോധിക്കാൻ മറ്റുള്ളവരെ അനുവദിക്കില്ലെന്നും ത്രിതല പഞ്ചായത്തുകളിൽ തയ്യാറാക്കുന്ന പദ്ധതികൾ പരസ്പരം കൈമാറിയതിന് ശേഷം എന്താണ് നടക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തമല്ലെന്നും പദ്ധതി ലക്ഷ്യം കാണുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. മുമ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ഫലം പരിശോധിച്ച് വേണം വനിത ഘടക പദ്ധതികൾ നടപ്പാക്കേണ്ടതെന്നും സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കണമെന്നും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസ് ചീഫ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

142. നിലവിലെ ഭരണ സമിതി വന്ന ശേഷം കുടുംബശ്രീയുടെ എല്ലാ പരിശീലനങ്ങൾക്കും വേണ്ടി ചളവറയിലെ യൂട്ടിലിറ്റി സെന്റർ ഉപയോഗിച്ചിട്ടുണ്ടെന്നും ജെ.എൽ.ജി. ഗ്രൂപ്പുകളുടെ കാർഷിക വിളകളുടെ വില്പന കേന്ദ്രമായും പ്രസ്തുത സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ചളവറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ

തീരുമാനിച്ചു.

143. തൃശൂരിലെ യൂട്ടിലിറ്റി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ആദ്യം ഫാഷൻ ഡിസൈനിംഗ് കോഴ്സും തുടർന്ന് ടെയ്ലറിംഗ് യൂണിറ്റുമാണ് നടത്തിയിരുന്നതെന്നും കുത്താമ്പുള്ളിയിലെ കൈത്തറിയുടെ നിർമ്മാണ യൂണിറ്റുകളിൽ നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ ഫാബ്രിക് പ്രിന്റിംഗ് നടത്തുണ്ടെന്നും അംഗവൈകല്യമുള്ളവരാണ്, അവിടെ പ്രവർത്തിക്കുന്നതെന്നും തൃശൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലേറ്റസ്റ്റ് മറുപടി ലഭ്യമാക്കണമെന്ന് സീനിയർ ഓഡിറ്റ് ഓഫീസർ ആവശ്യപ്പെട്ടതിന് തലേദിവസം മറുപടി അയച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. വർഷങ്ങൾക്ക് മുമ്പുള്ള വിഷയത്തിൽ സമിതി യോഗത്തിന്റെ തലേദിവസമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്നും യഥാസമയം റിപ്പോർട്ട് ലഭ്യമാക്കിയാൽ വിളിച്ചുവരുത്തേണ്ടി വരില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

144. എരിമയൂരിലെ യൂട്ടിലിറ്റി കേന്ദ്രം, അയിയൂരിലെ യൂട്ടിലിറ്റി കേന്ദ്രം, കിഴക്കഞ്ചേരി യൂട്ടിലിറ്റി കേന്ദ്രം, വാണിയംകുളം യൂട്ടിലിറ്റി കേന്ദ്രം എന്നിവയിന്മേലുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

145. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ. തലശ്ശേരി, ഷൊർണ്ണൂർ മുൻസിപ്പാലിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

146. വനിത സാംസ്കാരിക കേന്ദ്രം പഞ്ചായത്തിന് കൈമാറിയിട്ടില്ലെന്നും വനിതാ സ്വയംസഹായ സംഘങ്ങളുടെ മീറ്റിംഗ്, ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വിവിധ പരിപാടികൾ, വിപണന മേളകൾ എന്നിവ അവിടെ നടത്തുന്നുണ്ടെന്നും അടുത്ത യോഗത്തിൽ എഗ്രിമെന്റ് വച്ചതിന് ശേഷം മാത്രമേ കെട്ടിടം പഞ്ചായത്തിന് കൈമാറാൻ കഴിയൂയെന്നും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

147. തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, കണ്ണാടി, മൂന്നിലവ്, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു

148. എസ്.സി. വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയ ആസ്തിയായി മാറിയത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും അത് പരിഹരിക്കുന്നതിനായി എസ്.സി. വനിതകൾക്ക് തുണി സഞ്ചി നിർമ്മാണം എന്ന പദ്ധതി നടപ്പു വർഷം നടപ്പാക്കുന്നതാണെന്നും പദ്ധതി നടപ്പിലാക്കിയിട്ട് പത്ത് വർഷമായെന്നും ഇടയ്ക്ക് പ്രവർത്തനം ആരംഭിച്ചെങ്കിലും നിലച്ചുപോയെന്നും നിലവിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും സംഘങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും മൂന്ന് മാസത്തിനുള്ളിൽ പദ്ധതി ആരംഭിക്കുന്നതാണെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

149. നടത്തറ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

150. കണ്ണൂർ ജില്ലാ പഞ്ചായത്ത് ചട്ടുകപ്പാറയിൽ നിർമ്മിച്ച 15 കെട്ടിടങ്ങളിൽ ബാക്കി വന്ന 3 കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

151. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി വനിതക്ഷേമ പ്രവർത്തനങ്ങൾക്കായി പണികഴിപ്പിച്ച കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

152. എസ്.സി. വനിത വ്യവസായ കേന്ദ്രം പദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകൾ പുനരാംരംഭിക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

153. കൊല്ലം, പാലക്കാട് ജില്ലാ പഞ്ചായത്തുകൾ തിരുവനന്തപുരം, കൊച്ചി

കോർഷറേഷനുകൾ, തലശ്ശേരി, ഷൊർണ്ണൂർ മുനിസിഷാലിറ്റികൾ, കൽഷറ്റ, തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണാടി, മുന്നിലവ്, മുത്തോലി, നടത്തറ ഗ്രാമപഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിഷോർട്ട് അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വനിതകൾക്ക് വേണ്ടി സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ വഴിമാറ്റിയത്

വനിതാ ഘടക പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് വനിതകൾക്ക് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾ/വാങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ എന്നിവ ഉദ്ദേശിച്ച കാര്യങ്ങൾക്കല്ല ഉപയോഗിച്ചിരുന്നതെന്നും, അങ്ങനെ, വനിതാ ഘടക പദ്ധതിക്ക് പിന്നിലെ ഉദ്ദേശ്യത്തെ തന്നെ പരാജയപ്പെടുത്തുന്നതുമായിരുന്നു എന്ന് ഓഡിറ്റിന്റെ സൂക്ഷ്മ പരിശോധന വെളിപ്പെടുത്തി.

വനിതാ ഘടക പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ₹4.78 കോടി ചെലവിൽ നിർമ്മിച്ച 31 കെട്ടിടങ്ങളും, തിരുവനന്തപുരം കോർപ്പറേഷൻ ₹0.14 കോടി മുടക്കി വാങ്ങിയ ഉപകരണങ്ങളും പട്ടികയിൽ കാണിച്ചിരിക്കുന്നപോലെ അവ സൃഷ്ടിച്ച /വാങ്ങിയ കാര്യങ്ങൾക്കല്ലാ ഉപയോഗിച്ചിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സ്റ്റാറ്റിഫൈഡ് സാംപ്ലിംഗ് രീതി ഉപയോഗിച്ച് തെരഞ്ഞെടുത്ത സാമ്പിളുകൾ

ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിനു വേണ്ടി ഡാറ്റാ അനലിറ്റിക് ടൂൾ ഉപയോഗിച്ചിരുന്നു. സുലേഖ, സാംഖ്യ ഡാറ്റാബേസുകളുമായി ബന്ധപ്പെട്ട എക്സ്റ്റേണൽ ഡംപ് ഡാറ്റാ കേരള സർക്കാരിന്റെ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിച്ചു തിരുവനന്തപുരത്തുള്ള അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളയുടെ ഓഫീസിൽ നിന്നും ശേഖരിച്ച വൗച്ചർതലത്തിലുള്ള കമ്പ്യൂട്ടർവൽക്കൃത വിവരങ്ങൾ, സെൻസസ് വകുപ്പിന്റെ പോർട്ടലിൽ നിന്നും ശേഖരിച്ച മുൻസിപ്പൽ കോർപ്പറേഷനുകളുടെയും മുൻസിപ്പാലിറ്റികളെയും സംബന്ധിച്ച ജനസംഖ്യാ വിവരങ്ങൾ, സെൻസസ് ഓപ്പറേഷൻസ് ഡയറക്ടറേറ്റിൽ നിന്നും ശേഖരിച്ച ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയെ സംബന്ധിക്കുന്ന ജനസംഖ്യാ വിവരങ്ങൾ മുതലായവ ഡാറ്റാ അനലിറ്റിക്സിന് ഉപയോഗിച്ചു.

ഡാറ്റാ അനലിറ്റിക്സിന്റെ അടിസ്ഥാനത്തിൽ അപാകതകൾക്കു സാദ്ധ്യതയുള്ള ആറു മേഖലകൾ കണ്ടെത്തിയിരുന്നു. അവ താഴെ വിവരിക്കുന്നു.

ക്രമ നമ്പർ	അപാകത സാധ്യതയുള്ള മാനദണ്ഡം
1.	വനിതകൾക്കുള്ള പദ്ധതികളുടെ വകയിരുത്തലിനെതിരെയുള്ള ചെലവ്
2.	വനിതകൾക്കായി ഫണ്ടുകൾ വകയിരുത്തിയതിലെ ന്യൂനത
3.	വനിതാഘടക പദ്ധതി (ഡബ്ല്യുസിപി)യ്ക്ക് കീഴിൽ നടപ്പാക്കിയ പദ്ധതികളുടെ എണ്ണം
4.	സ്ത്രീകളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി ഫണ്ടുകൾ വകയിരുത്തിയതിലെ ന്യൂനത
5.	എസ്റ്റി വനിതകളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി ഫണ്ടുകൾ വകയിരുത്തിയതിലെ ന്യൂനത
6.	സംസ്ഥാന ബജനാവിന് പുറത്ത് ഫണ്ടുകൾ സൃക്ഷിച്ചത്

ജനസംഖ്യയെ അപാകതകൾക്കു സാധ്യതയുള്ള മൂന്നു തട്ടുകളായി തരം തിരിച്ചു; തലം 1 – അപാകത സാധ്യത കുറഞ്ഞത് (150 വരെയുള്ള തലം അപാകത സാധ്യതാ സ്കോർ), തലം 2 - ഇടത്തരം അപാകത സാധ്യത (150 മുതൽ 250 വരെ സ്കോർ), തലം 3 - അപാകത കൂടിയത് (250 ഉം അതിനു മുകളിലും സ്കോർ). ഓരോതലത്തിലുമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പിളുകൾ പ്രത്യേകം തെരഞ്ഞെടുത്തു. അപാകത സാധ്യത കൂടിയ മേഖലയിൽ നിന്ന് 18 സാമ്പിളുകൾ തെരഞ്ഞെടുത്തു. ഇടത്തരം അപാകതകൾക്കു സാധ്യതയുള്ള മേഖലയിൽ നിന്ന് ഒൻപതും, അപാകത സാധ്യത കുറഞ്ഞ മേഖലയിൽ നിന്ന് മൂന്നും തെരഞ്ഞെടുത്തു. അതിനു ശേഷം ഐഡിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് ആവശ്യമായ സാമ്പിളുകൾ സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് രീതി മുഖാന്തിരം തെരഞ്ഞെടുത്തു.

അങ്ങനെ എടുത്ത 30 സാമ്പിളുകളിൽ രണ്ടു കോർപ്പറേഷനുകൾ, അഞ്ച് മുൻസിപ്പാലിറ്റികൾ, നാല് ജില്ലാ പഞ്ചായത്തുകൾ, അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ, 14 ഗ്രാമ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെട്ടിരുന്നു. തെരഞ്ഞെടുത്ത സാമ്പിളുകൾ താഴെ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തരം
1.	കൊച്ചി	കോർപ്പറേഷൻ
2.	തിരുവനന്തപുരം	കോർപ്പറേഷൻ
3.	പിറവം	മുനിസിപ്പാലിറ്റി
4.	ഷൊർണ്ണൂർ	മുനിസിപ്പാലിറ്റി
5.	തലശ്ശേരി	മുനിസിപ്പാലിറ്റി
6.	കണ്ണൂർ	ജില്ലാപഞ്ചായത്ത്
7.	കോട്ടയം	ജില്ലാപഞ്ചായത്ത്
8.	പാലക്കാട്	ജില്ലാപഞ്ചായത്ത്
9.	അട്ടപ്പാടി	ബ്ലോക്ക് പഞ്ചായത്ത്
10.	കൽപ്പറ്റ	ബ്ലോക്ക് പഞ്ചായത്ത്
11.	നെന്മേനി	ഗ്രാമ പഞ്ചായത്ത്
12.	വെൺമണി	ഗ്രാമ പഞ്ചായത്ത്
13.	കൊല്ലം	ജില്ലാപഞ്ചായത്ത്
14.	മൂന്നിലവ്	ഗ്രാമ പഞ്ചായത്ത്
15.	പെരിങ്ങമ്മല	ഗ്രാമ പഞ്ചായത്ത്
16.	പുളർ	ഗ്രാമ പഞ്ചായത്ത്
17.	തൊണ്ടർനാട്	ഗ്രാമ പഞ്ചായത്ത്
18.	വേങ്ങപ്പള്ളി	ഗ്രാമ പഞ്ചായത്ത്
19.	കുത്തുപറമ്പ്	മുനിസിപ്പാലിറ്റി
20.	പത്തനംതിട്ട	മുനിസിപ്പാലിറ്റി
21.	ബാലുശ്ശേരി	ബ്ലോക്ക് പഞ്ചായത്ത്
22.	പാറശ്ശാല	ബ്ലോക്ക് പഞ്ചായത്ത്
23.	തിരുരങ്ങാടി	ബ്ലോക്ക് പഞ്ചായത്ത്

24.	കാന്തല്ലൂർ	ഗ്രാമ പഞ്ചായത്ത്
25.	കായണ്ണ	ഗ്രാമ പഞ്ചായത്ത്
26.	നടത്തറ	ഗ്രാമ പഞ്ചായത്ത്
27.	പത്തനാപുരം	ഗ്രാമ പഞ്ചായത്ത്
28.	കണ്ണാടി	ഗ്രാമ പഞ്ചായത്ത്
29.	മുത്തോലി	ഗ്രാമ പഞ്ചായത്ത്
30.	പള്ളിവാസൽ	ഗ്രാമ പഞ്ചായത്ത്

വനിതാഘടക പദ്ധതികൾ തയ്യാറാക്കുന്നതിന് മുമ്പ്, ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതകളുടെ ആവശ്യങ്ങൾ പരിഗണിക്കുകയോ ബന്ധപ്പെട്ട ജില്ലാപഞ്ചായത്തുകളോ/മുനിസിപ്പൽ കോർപ്പറേഷനുകളോ യാതൊരുവിധ സാധ്യതാപഠനം നടത്തുകയോ ചെയ്തിട്ടില്ല.

വനിതാ ഘടക പദ്ധതി ഫണ്ടുകൾ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രവർത്തനങ്ങൾക്കേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന വനിത ഘടക പദ്ധതിയുടെ നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിച്ചിരുന്നില്ല. ഇതിന് വിപരീതമായി പദ്ധതി നിർദ്ദേശങ്ങൾ ഡി.പി.സി.യുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുകയും, പദ്ധതി പൂർത്തീകരിക്കുമ്പോൾ ആസ്തികൾ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുകയും, അങ്ങനെ വനിതാ ഘടക പദ്ധതിയുടെ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുകയും ചെയ്തിരുന്നു. കേരള സർക്കാർ ഓഡിറ്റ് നിരീക്ഷണങ്ങൾ സമ്മതിക്കുകയും വിഷയം പരിശോധിച്ച് വേണ്ട നടപടികൾ എടുക്കുമെന്നും പറഞ്ഞു (2018 ജനുവരി).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), ഖണ്ഡിക 3.1.95]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

154. കണ്ണമ്മൂല ഐ.ടി പാർക്കിലേക്കാവശ്യമായ ത്രീ ഫേസ് കണക്ഷൻ ഇല്ലാത്തതുകൊണ്ടാണ് കമ്പ്യൂട്ടർ സ്ഥാപിക്കാതിരുന്നതെന്നും കോർപ്പറേഷൻ ആസ്ഥാനത്തെ അക്ഷയ സെന്ററുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് പ്രവർത്തിക്കുകയാണെന്നും അക്ഷയ സെന്ററുകൾ നടത്തുന്നത് വനിതകളാണെന്നും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാകുന്ന മുറയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു. കണ്ണമ്മൂല ഐ.ടി പാർക്കിൽ അക്ഷയ സെന്ററുകൾ നടത്തുന്നത് വനിതകളാണോയെന്നും കെട്ടിടത്തിൽ ത്രീഫേസ് കണക്ഷൻ ലഭ്യമാക്കിയോയെന്നും പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

155. കൊച്ചി കോർപ്പറേഷൻ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ നടത്തറ ഗ്രാമപഞ്ചായത്ത് എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

156. കണ്ണമ്മൂല ഐ.ടി പാർക്കിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമായിട്ടുണ്ടോയെന്നും, കണ്ണമ്മൂല കാർ പാർക്കിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ, സ്ഥാപിച്ച തിരുവനന്തപുരം നഗരസഭയുടെ അക്ഷയ സെന്ററുകൾ നടത്തുന്നത് വനിതകളാണോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

157. കൊച്ചി കോർപ്പറേഷൻ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്ത്, നടത്തറ ഗ്രാമപഞ്ചായത്ത് എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികൾ ശരിയായ രീതിയിൽ നടപ്പാക്കാത്തത്.

വനിതാ ഘടക പദ്ധതി ഫണ്ടുപയോഗിച്ച മൂന്ന് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ നടപ്പാക്കിയ മൂന്ന് പദ്ധതികൾക്ക് ശരിയായ ആസൂത്രണത്തിന്റെയും നടപ്പാക്കലിന്റെയും അഭാവത്തിൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിരുന്നില്ല. ഇത് താഴെ വിവരിക്കുന്നു.

- കൊല്ലം ജില്ലാ പഞ്ചായത്ത് ആകെ പദ്ധതി ചെലവായ ₹40 ലക്ഷത്തിന് അതിന്റെ കീഴിൽ വരുന്ന 67 സർക്കാർ സ്കൂളുകളിൽ ഒരു സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷിനും രണ്ട് ഇൻസിനറേറ്ററുകളും വീതം സ്ഥാപിക്കുവാനുള്ള നിർദ്ദേശം 2016-17 ൽ തയ്യാറാക്കി. സമഗ്ര ശിശു വികസന സേവനങ്ങളുടെ (ഐ.സി.ഡി.എസ്.) പ്രോഗ്രാം ഓഫീസറാണ് പദ്ധതി നടപ്പാക്കിയത്. മെഷീനുകൾ വിതരണം ചെയ്യാനുള്ള കരാർ മെസ്സേഴ്സ് റെയ്ഡ്കോ കേരള ലിമിറ്റഡിന് നൽകുകയും കരാർ ഒപ്പിടുകയും ചെയ്തു (2017 മാർച്ച്). സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡർ പ്രകാരം, 67 സ്കൂളുകളിലും സപ്ലൈ ഓർഡർ തീയതി മുതൽ 10 ദിവസത്തിനകം മെഷിനുകൾ സ്ഥാപിക്കേണ്ടതും, സ്ഥാപിക്കൽ റിപ്പോർട്ട് ഹാജരാക്കിയതിന് ശേഷം മാത്രമേ തുക നൽകുവാൻ പാടുള്ളൂ എന്നതുമായിരുന്നു. ₹38.65 ലക്ഷത്തിന്റെ ഒരു ബില്ല് (ഒരു വെൻഡിംഗ് മെഷീന്റെ വില ₹16,633, രണ്ട് ഇൻസിനറേറ്ററുകൾക്ക് ₹41,050/-) മെസ്സേഴ്സ് റെയ്ഡ്കോ സമർപ്പിക്കുകയും (2017 മാർച്ച് 29) ജില്ലാ പഞ്ചായത്ത് 2017 മാർച്ച് 31-ന് തുക നൽകുകയും ചെയ്തു. മെഷീനുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയത് 32 സ്കൂളുകളിൽ മാത്രമായിരുന്നു എന്ന് ഓഡിറ്റ് സൂക്ഷ്മ പരിശോധന വെളിപ്പെടുത്തി. ബാക്കിയുള്ള 35 സ്കൂളുകളിൽ[16] മെഷിനുകൾ സ്ഥാപിക്കുകയോ/പ്രവർത്തന സജ്ജമാക്കുകയോ ചെയ്തിരുന്നില്ല (2017 ഒക്ടോബർ). അങ്ങനെ 35 സ്കൂളുകളിൽ ₹ 20.19 ലക്ഷത്തിന്റെ 35 വെൻഡിംഗ് മെഷീനുകളും 70 ഇൻസിനറേറ്ററുകളും നിഷ്ക്രിയമായി കിടന്നിരുന്നു. പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് സ്കൂളുകളിലെ ലഭ്യമായ സൗകര്യങ്ങൾ, അതായത് അനുയോജ്യമായ ശൗചാലയങ്ങൾ, വൈദ്യുതി വിതരണം മുതലായവ ജില്ലാ പഞ്ചായത്ത് വിലയിരുത്തിയിരുന്നില്ല എന്ന്

16 വൈദ്യുതീകരണം നടക്കാത്തതിനാൽ 18 സ്കൂളുകളിൽ മെഷിനുകൾ സ്ഥാപിച്ചിരുന്നില്ല. രണ്ട് സ്കൂളുകളിൽ കേടായ മെഷിനുകൾ സ്ഥാപിച്ചിരുന്നു. 15 സ്കൂളുകളിൽ ശൗചാലയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാലും മെഷീനുകൾ പ്രവർത്തിപ്പിക്കാനുള്ള താക്കോൽ കൈമാറ്റം ചെയ്യാത്തതിനാലും മെഷീനുകൾ സ്ഥാപിച്ചിരുന്നില്ല.

ഓഡിറ്റ് കണ്ടു. ഇതിനുപുറമേ മെസ്സേഴ്സ് റെയ്ഡ്കോയ്ക്ക് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററുകൾക്കുമുള്ള സപ്ലൈ ഓർഡർ നൽകിയത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലായിരുന്നു എന്നും നിരീക്ഷിച്ചു

- കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അഞ്ച് അംഗങ്ങൾ വീതമുള്ള വനിതകളുടെ ആറ് ഗ്രൂപ്പുകൾക്ക്, ബസ് നൽകുന്നതിനുള്ള ₹ 84 ലക്ഷത്തിന്റെ ഒരു പദ്ധതി (2012-13) വനിതാ ഘടക പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയിരുന്നു. പദ്ധതിയുടെ ഉദ്ദേശം ബി.പി.എൽ. കുടുംബങ്ങളിൽ നിന്നുള്ള 30 വനിതകൾക്ക് തൊഴിൽ നൽകുകയും നഗരപ്രാന്ത പ്രദേശങ്ങളിലും ചേരി പ്രദേശങ്ങളിലും വസിക്കുന്നവർക്ക് പൊതു ഗതാഗത സൗകര്യം ഒരുക്കുക എന്നിവയുമായിരുന്നു. ബസ് സർവ്വീസിന്റെ ഓരോ യൂണിറ്റിനും ചെലവ് ₹ 17.50 ലക്ഷം ആയിരുന്നു. ഇതിൽ ₹ മൂന്ന് ലക്ഷം വനിതാ ഘടക പദ്ധതി ഫണ്ടിൽ നിന്നുള്ള സബ്സിഡി ഭാഗവും, ₹ 0.50 ലക്ഷം ഗുണഭോക്തൃ വിഹിതവും, ₹ആറ് ലക്ഷം ബാങ്ക് വായ്പയും, ₹എട്ട് ലക്ഷം കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്തത്തിൻ കീഴിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) നിന്നുള്ള സ്പോൺസർഷിപ്പ് തുകയും ഉൾപ്പെട്ടതായിരുന്നു. നഗര ദാരിദ്ര്യ നിർമ്മാർജ്ജന വകുപ്പ് (യു.പി.എ.ഡി) ആയിരുന്ന നടപ്പാക്കൽ ഏജൻസി, ലക്ഷ്യമിട്ടിരുന്ന ആറ് ഗ്രൂപ്പുകളിൽ, മൂന്ന് ഗ്രൂപ്പുകൾ മാത്രം (മൂന്ന് സാമൂഹ്യവികസന സൊസൈറ്റികളിൽ (സി.ഡി.എസ്)-സൗത്ത് സി.ഡി.എസ്., വെസ്റ്റ് സി.ഡി.എസ്, ഈസ്റ്റ് സി.ഡി.എസ്. നിന്ന് ഓരോന്ന് വീതം) മാത്രമാണ് പദ്ധതി ഏറ്റെടുക്കാൻ തയ്യാറായത്. പിന്നീട് സബ്സിഡി തുകയായ ₹മൂന്ന് ലക്ഷം വീതം ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു (2013 മാർച്ച്).

മൂന്ന് ടാറ്റാ എൽപി 712/42 ബസ് ചട്ടക്കൂടുകൾ, ഓരോ ചട്ടക്കൂടിനും ₹ 8.38 ലക്ഷം വീതം മെസ്സേഴ്സ് പോപ്പുലർ മെഗാ മോട്ടോർസിൽ നിന്നും വാങ്ങാൻ കോർപ്പറേഷൻ തീരുമാനിച്ചു (2014 സെപ്റ്റംബർ). ഇതിനുപുറമെ മൂന്ന് ബസ്സുകളുടെയും ബോഡി നിർമ്മാണം ₹6.30 ലക്ഷം വീതം ഓരോ ബസ്സിനും ടെക്നോഫൈൻ ഓട്ടോബോഡിയെ

ഏൽപ്പിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചു (2015 ജനുവരി). മെസ്സേഴ്സ് ബി.പി.സി.എല്ലിൽ നിന്ന് ലഭിച്ച ₹24 ലക്ഷത്തിന്റെ ധനസഹായം മൂന്ന് ചട്ടക്കൂട് സപ്ലൈ ചെയ്യുന്നതിനായി മെസ്സേഴ്സ് പോപ്പുലർ മെഗാമോട്ടോഴ്സിന് നൽകി (2015 ജനുവരി). എന്നാൽ, രണ്ട് ചട്ടക്കൂടുകൾ മാത്രമേ രണ്ടു ഗ്രൂപ്പുകൾ (സൗത്ത് സി.ഡി.എസ്., ഈസ്റ്റ് സി.ഡി.എസ്.) ഏറ്റെടുത്തിരുന്നുള്ളൂ (2015 ജനുവരി). വെസ്റ്റ് സി.ഡി.എസിൽ നിന്നുള്ള മൂന്നാം ഗ്രൂപ്പിനെതിരെ വിജിലൻസ് അന്വേഷണം നിലനിൽക്കുന്നതിനാൽ ഈ ഗ്രൂപ്പിനനുവദിച്ച സഹായം മരവിപ്പിക്കുന്നതിന് യു.പി.എ.ഡി തീരുമാനിക്കുകയും (2015 മാർച്ച്) അതിനാൽ ബാങ്ക് വായ്പയും സബ്സിഡി ഭാഗവും ബാങ്ക് നൽകിയില്ല അതിനാൽ രണ്ട് ഗ്രൂപ്പുകൾ മാത്രമേ 2015-16-ൽ ബസ് സർവ്വീസ് തുടങ്ങിയിരുന്നുള്ളൂ. ₹എട്ട് ലക്ഷം നൽകിയ മൂന്നാമത്തെ ചട്ടക്കൂട് പോപ്പുലർ മെഗാമോട്ടോഴ്സിന്റെ പരിസരത്ത് നിഷ്ക്രിയമായി കിടന്നിരുന്നു.

ഈസ്റ്റ് സി.ഡി.എസ്. നടത്തിയിരുന്ന ബസ് സർവ്വീസ് ഭാരിച്ച പ്രവർത്തനചെലവ്, സംരക്ഷണ ചെലവ്, ഗ്രൂപ്പിലെ അംഗങ്ങളുടെ നിസ്സഹരണം മുതലായവ കാരണം നിർത്തിവെച്ചെന്ന് സി.ഡി.എസിന്റെ പ്രോജക്ട് ഓഫീസർ കോർപ്പറേഷനെ അറിയിച്ചു (2016 ഏപ്രിൽ). സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തപ്പോൾ, പ്രസ്തുത ഗ്രൂപ്പ്/സർവ്വീസ് നടത്തിയിരുന്ന ബസ് ടൗൺ ഹാൾ പരിസരത്ത് ഒരുവർഷത്തിലധികമായി നിഷ്ക്രിയമായി കിടക്കുകയായിരുന്നു എന്നാണ് കണ്ടത് (2017 നവംബർ). പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് വിജയസാദ്ധ്യതയെകുറിച്ചുള്ള പഠനം ഒന്നും നടത്തിയിരുന്നില്ലാ എന്നും ബസ് സർവ്വീസ് നടത്താനുള്ള ഈ ഗ്രൂപ്പുകളുടെ ശേഷിയെ കുറിച്ച് വിലയിരുത്തുകയോ കോർപ്പറേഷൻ ചെയ്തിരുന്നില്ല എന്നും ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട ഈസ്റ്റ് സി.ഡി.എസിന് ബസ് സർവ്വീസ് നടത്തികൊണ്ടുപോകാനുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പരിഹാര മാർഗ്ഗം കാണുവാൻ കോർപ്പറേഷന്റെയും യു.പി.എ.ഡിയുടെയും ഭാഗത്തുള്ള അലംഭാവവും, പണം നൽകികഴിഞ്ഞ ചട്ടക്കൂടുകൾ ഏറ്റെടുക്കാൻ വേറൊരു ഗ്രൂപ്പിനെ കണ്ടെത്തുവാൻ യു.പി.എ.ഡി.ക്ക് ഉണ്ടായ പരാജയവും ₹ 19 ലക്ഷത്തിന്റെ[17] (ബാങ്ക്

17 ബസിനുവേണ്ടി വന്ന ചെലവ് (ഈസ്റ്റ് സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ്) = ₹11 ലക്ഷം (₹8 ലക്ഷം + ₹ 3 ലക്ഷം)

വായ്പയും ഗ്രണഭോക്തൃ വിഹിതവും ഒഴികെ) പാഴ്ചെലവിനും ₹ 3 ലക്ഷം വെസ്റ്റ് സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതിലേയ്ക്കും നയിച്ചു. പദ്ധതി 30 വനിതകൾക്ക് വരുമാനം നൽകാൻ വിഭാവനം ചെയ്തിരുന്നെങ്കിലും, ₹33 ലക്ഷം[18] ചെലവാക്കിയതിന് ശേഷവും അഞ്ചു വനിതകൾക്ക് മാത്രമേ പ്രയോജനപ്പെട്ടുള്ളൂ. സി.ഡി.എസ്. മുഖാന്തിരം മറ്റ് ഗ്രൂപ്പുകളെ കണ്ടെത്താൻ ശ്രമം നടത്തിയെങ്കിലും, ഒരു ഗ്രൂപ്പും മുന്നോട്ടുവന്നിരുന്നില്ല എന്ന് യു.പി.എ.ഡി.എ.യുടെ പ്രോജക്ട് ഓഫീസർ പറഞ്ഞു (2017 ഡിസംബർ). എന്നാൽ പ്രോജക്ടിന് ഇറങ്ങിതിരിക്കുന്നതിന് മുമ്പ് കോർപ്പറേഷൻ സാധ്യതാ പഠനം നടത്തി താൽപര്യമുള്ള ഗ്രണഭോക്താക്കളെ കണ്ടെത്തിയിരുന്നില്ലാ എന്നും ഇത് ബസ്/ചട്ടക്കൂട് നിഷ്ക്രിയമായി കിടക്കുന്നതിലേക്ക് നയിച്ചു എന്നുള്ള വസ്തുത നിലനിൽക്കുന്നു.

കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14-ൽ വനിതാ ഘടകപദ്ധതിക്ക് കീഴിൽ ജില്ലാ കുടുംബശ്രീ മിഷനുമായി ചേർന്ന് ₹20 ലക്ഷം മുതൽ മുടക്കിൽ ഒരു സംയുക്ത സംരംഭ പദ്ധതിയായ 'മൊബൈൽ മാർക്കറ്റിന്' രൂപം നൽകി. അഞ്ച് അംഗങ്ങൾ വീതമുള്ള അഞ്ചു ഗ്രൂപ്പുകൾക്ക് പ്രയോജനം നൽകാൻ ഉദ്ദേശിച്ച പദ്ധതി വിഭാവനം ചെയ്തിരുന്ന ഓരോ യൂണിറ്റിന്റെയും ചെലവ് ₹നാല് ലക്ഷമായിരുന്നു. ഇതിൽ ₹0.75 ലക്ഷം വനിതാ ഘടക പദ്ധതി ഫണ്ടിൽ നിന്നും ബാക്ക് എൻഡ് സബ്സിഡിയും, ₹2.05 ലക്ഷം ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയും ₹ഒരു ലക്ഷം കുടുംബശ്രീ മിഷനിൽ നിന്നുള്ള ഇന്നോവേഷൻ ഫണ്ടും ബാക്കിയുള്ള ₹0.20 ലക്ഷം ഗ്രണഭോക്തൃ വിഹിതവുമായിരുന്നു. പദ്ധതി വിഭാവനം ചെയ്തിരുന്നത് സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് ഗ്രണനിലവാരമുള്ള വസ്തുക്കൾ ന്യായമായ വിലയ്ക്ക് ഗ്രാമീണ ജനതയ്ക്ക് വിപണനം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും തദ്വാര തൊഴിൽരഹിതരായ കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം ഉറപ്പാക്കുകയുമായിരുന്നു. അപ്രകാരം കുണ്ടറ, ഏഴുകോൺ, ഏരൂർ, തലവൂർ സി.ഡി.എസ്-കളിൽ നിന്നും നാല് ഗ്രൂപ്പുകളെ പദ്ധതിക്കായി തെരഞ്ഞെടുക്കുകയും

ബസിനുവേണ്ടി എന്ന ചെലവ് (വെസ്റ്റ് സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ്) = ₹ 8 ലക്ഷം ആകെ = ₹19 ലക്ഷം

18 ബി.പി.സി.എല്ലിൽ നിന്നും പോപ്പുലർ മെഗാ മോട്ടോഴ്സിനുള്ള ധനസഹായം ₹24 ലക്ഷം, ബാങ്കിലേക്ക് മാറ്റിയ സബ്സിഡി വിഭാഗം ₹9 ലക്ഷം, ആകെ ₹33 ലക്ഷം

വനിത ഘടകപദ്ധതി ഫണ്ടിൽ നിന്നും സബ്സിഡി തുകയായ ₹മൂന്നുലക്ഷം (₹75,000 വീതം ഓരോ ഗ്രൂപ്പിനും) ബാങ്കുകളിലേയ്ക്ക് മാറ്റുകയും (2015 ജനുവരി), ഓരോ ഗ്രൂപ്പും ബാങ്ക് വായ്പയായി ₹2.05 ലക്ഷം വീതം എടുക്കുകയും ചെയ്തു. ഈ ഗ്രൂപ്പുകൾ 2015 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള സമയത്ത് പ്രവർത്തനം ആരംഭിച്ചു

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രേഖകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ തലവൂർ സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. (2017 നവംബർ) എന്ന് വെളിപ്പെട്ടു. മറ്റു മൂന്നു ഗ്രൂപ്പുകളും[19] പ്രവർത്തനം നിറുത്തുകയും ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തുകയും ചെയ്തു. മൂന്നു സി.ഡി.എസുകളും മൊബൈൽ മാർക്കറ്റുകൾ സുഗമമായി പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും നിയമിച്ച ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും, ബ്ലോക്ക് കോ-ഓർഡിനേറ്ററും മൊബൈൽ മാർക്കറ്റുകളുടെ പ്രവർത്തനം നിരീക്ഷിച്ചിരുന്നില്ല. മൊബൈൽ മാർക്കറ്റുകൾ പ്രവർത്തിക്കാതിരുന്നത് വരുമാനം ഉണ്ടാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യം ഗുണഭോക്താക്കൾക്ക് നിഷേധിക്കുകയും അതിലുപരി ഗ്രൂപ്പിലെ അംഗങ്ങൾക്ക് കടബാദ്ധ്യത സൃഷ്ടിക്കുകയും ചെയ്തു.

ജൈവ പച്ചക്കറികളുടെ ലഭ്യതയിൽ ഇടിവുണ്ടായതു കാരണമാണ് രണ്ട് ഗ്രൂപ്പുകൾ പദ്ധതിയ്ക്ക് മുടക്കം വരുത്തിയതെന്നാണ് ഏഴുർ, കുണ്ടറ, ഗ്രാമപഞ്ചായത്തുകൾ മറുപടി പറഞ്ഞത് (2017 നവംബർ) ഡ്രൈവറുടെ ബാഡ്ജ് ഇല്ലാത്ത ഒരംഗം ഓടിച്ച വണ്ടി അപകടത്തിൽപ്പെട്ടെന്നും, ഇൻഷുറൻസ് ക്ലെയിം ചെയ്യാൻ സാധിച്ചില്ലാ എന്നും ഏഴുകോൺ ഗ്രാമപഞ്ചായത്ത് മറുപടി പറഞ്ഞു (2017 നവംബർ). ഇതിനു പുറമേ, ഇൻഷുറൻസ് പ്രീമിയം ഒടുക്കാൻ കുടുംബശ്രീ ഗ്രൂപ്പിന് കഴിയാതിരുന്നതും പദ്ധതി ഉപേക്ഷിക്കാൻ അവരെ പ്രേരിപ്പിച്ചു.

അനുചിതമായ ആസൂത്രണവും, വിജയ സാദ്ധ്യത ഉറപ്പാക്കാത്തതുമൂലം മൂന്ന് പദ്ധതികൾക്കായി ₹42.19 ലക്ഷം[20] ചെലവാക്കിയതിനു ശേഷവും പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.

---

19 കുണ്ടറ സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ് 2016 മാർച്ച് 28 മുതൽ പ്രവർത്തനം നിർത്തി. ഏഴുർ സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ് 2016 ജനുവരി മുതലും ഏഴുകോൺ സി.ഡി.എസിൽ നിന്നുള്ള ഗ്രൂപ്പ് 2016 ഒക്ടോബർ മുതലും പ്രവർത്തനം നിർത്തി.

20 .₹20.19 ലക്ഷത്തിന്റെ ഉപകരണങ്ങൾ നിഷ്ക്രിയമായി കിടക്കുന്നു. ₹ 22 ലക്ഷം രണ്ടു ബസുകൾക്ക് ചെലവായി.

ശിപാർശ -3

വനിതാ ഘടകപദ്ധതിക്ക് കീഴിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രായോഗിക സാദ്ധ്യത വിശകലനം ചെയ്യുന്നുണ്ടെന്നും പദ്ധതികളുടെ നടപ്പാക്കൽ നിരീക്ഷിക്കുന്നുണ്ടെന്നും കേരള സർക്കാർ ഉറപ്പാക്കേണ്ടതാണ്.

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.9.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

158. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 67 സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തതെന്നും ഓഡിറ്റിന്റെ പരിശോധനാ കാലയളവിൽ 32 സ്കൂളിൽ മെഷീൻ പ്രവർത്തന സജ്ജമാക്കിയിരുന്നെന്നും മറ്റ് സ്കൂളിലെല്ലാം പിന്നീട് സ്ഥാപിച്ചിട്ടുണ്ടെന്നും 2-3 സ്കൂളുകളിൽ മെഷീൻ കേടായതിനെത്തുടർന്ന് റിപ്പയർ ചെയ്ത് നല്കിയിട്ടുണ്ടെന്നും നിലവിൽ എല്ലാ സ്കൂളുകളിലും ആവശ്യമുള്ളപ്പോൾ മെഷീൻ പ്രവർത്തനക്ഷമമാണെന്നും അറ്റകുറ്റപ്പണി ആവശ്യമുള്ളപ്പോൾ ചില സ്കൂളുകളിൽ അനുബന്ധചെലവുകൾ റിക്കവർ ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയിട്ടുണ്ടെന്നും വനിത ഘടകപദ്ധതിയായ മൊബൈൽ മാർക്കറ്റ് നാല് ജില്ലാ പഞ്ചായത്തിലെ സി.ഡി.എസ്. വഴിയാണ് നടപ്പിലാക്കിയതെന്നും അഞ്ച് അംഗങ്ങൾ വീതമുള്ള അഞ്ച് ഗ്രൂപ്പുകൾക്ക് വേണ്ടിയായിരുന്ന പദ്ധതിയെന്നും പദ്ധതി പരാജയപ്പെട്ടതിനാലും വാഹനങ്ങളുടെ ബാങ്ക് ബാദ്ധ്യത അധികരിച്ചതിനാലും വാഹനം വിറ്റ് വായ്പ തിരിച്ചടച്ചുവെന്നും കുടുംബശ്രീ യൂണിറ്റുകൾ സാധ്യതാ പഠനം നടത്താതെയാണ് പദ്ധതി നടപ്പിലാക്കിയതെന്നും നിലവിൽ അത്തരം പദ്ധതി നടപ്പിലാക്കുന്നില്ലെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

159. വനിത ഘടകപദ്ധതി പ്രകാരം ആറ് ബസ്സ് വാങ്ങുന്നതിന് അംഗീകാരം ലഭിച്ചെങ്കിലും ഹെവി ഡ്രൈവിംഗ് ലൈസൻസുള്ള അപേക്ഷകരുടെ അഭാവം മൂലം മൂന്ന് ബസ്സുകളാണ് വാങ്ങിയതെന്നും വെസ്റ്റ് സി.ഡി.എസ്.-ലെ ജീവനക്കാരിക്കെതിരെ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആരംഭത്തിൽ തന്നെ നിർത്തിച്ചുവെന്നും ബസ്സിനായി അടച്ച തുക തിരികെ ലഭിച്ചുവെന്നും മറ്റ് രണ്ട് ബസ്സുകൾ കൊടുങ്ങല്ലൂർ - ഒറ്റപ്പാലം റൂട്ടിലാണ് സർവ്വീസ് നടത്തുന്നതെന്നും ഇടയ്ക്ക് ഈസ്റ്റ് സി.ഡി.എസ്. യൂണിറ്റ് നടത്തുന്ന ബസ് എറണാകുളം ടൗൺ ഹാൾ കോമ്പൗണ്ടിൽ മാറ്റിയിടേണ്ട സാഹചര്യമുണ്ടായെന്നും ഡീസൽ, ടാക്സ്, ഇൻഷുറൻസ്, മെയിന്റനൻസ് എന്നിവയ്ക്കുള്ള തുക ലഭിക്കാതെ വന്നതിനാലും യൂണിറ്റിലെ ഒരാൾ അസുഖം മൂലം മരണപ്പെടുകയും മറ്റുള്ളവർ രോഗാതുരരാവുകയും ചെയ്തതിനാലും കുറച്ച് നാൾ സർവ്വീസ് നിർത്തിവച്ചുവെന്നും പിന്നീട് സർവ്വീസ് തുടർന്നുവെന്നും അടച്ച തുക തിരിച്ചു നല്കിയതിനാൽ സാമ്പത്തിക നഷ്ടമില്ലെന്നും കൊച്ചി കോർപ്പറേഷൻ സൂപ്രണ്ട് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

160. കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14-ൽ വനിതാ ഘടകപദ്ധതിക്ക് കീഴിൽ ജില്ലാ കുടുംബശ്രീ മിഷനുമായി ചേർന്ന് 20 ലക്ഷം രൂപ മുതൽ മുടക്കിൽ നടപ്പിലാക്കിയ മൊബൈൽ മാർക്കറ്റിനെ സംബന്ധിച്ച വിശദമായ റിപ്പോർട്ടും, പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായ കടിശ്ശിക അടച്ച് തീർക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

161. കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

3.1.9.7 ജാഗ്രതാ സമിതികളുടെ രൂപീകരണം

നിലവിലുള്ള ലിംഗ അസമത്വങ്ങൾ ഒഴിവാക്കുകയും പൊതുസ്ഥലങ്ങളിൽ വനിതകൾക്ക് തുല്യ അവസരം ലഭിക്കുകയും, വിവേചനം, പീഡനം, അക്രമം

എന്നിവയിൽ നിന്ന് മോചനം നേടുകയും ചെയ്യുമ്പോൾ മാത്രമേ ലിംഗ സമത്വം കൈവരിക്കാൻ സാധിക്കുകയുള്ളൂ. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്ക് പരിഹാരം കാണുന്നതിനും, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, വികേന്ദ്രീകരണ പ്രക്രിയയിൽ ജെൻഡർ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും പഞ്ചായത്ത് വാർഡ് തലം മുതൽ മുകളിലോട്ട് ജില്ലാതലം വരെയുള്ള സംസ്ഥാന വനിതാ കമ്മീഷന്റെ (എസ്.ഡബ്ല്യു.സി.) ഒരു ഉദ്യമമാണ് ജാഗ്രതാ സമിതി. കേരള സർക്കാർ പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും (1997 മാർച്ച്) പിന്നീട് ഇത് യു.എൽ.ബി.കളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. (1999 മേയ്). ഫണ്ടുകളുടെ കുറവു കാരണം ഈ ജാഗ്രതാ സമിതികൾ ശരിയായ രീതിയിൽ പ്രവർത്തിക്കാതിരുന്നതിനാൽ വനിതാ കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരള സർക്കാർ ജാഗ്രതാ സമിതികളെ പുനഃസംഘടിപ്പിച്ചു (2004 മേയ്). ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനുള്ള ഫണ്ടുകൾ വനിത ഘടക പദ്ധതിയിൽ നിന്നും നൽകിയിരുന്നു.

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[21] മാത്രമേ ജാഗ്രതാ സമിതികൾ രൂപീകരിച്ചിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ജാഗ്രതാ സമിതികൾ രൂപീകരിച്ച 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, 11 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[22] 2012-13 മുതൽ 2016-17 വരെ ₹9.50 ലക്ഷം വകയിരുത്തിയിരുന്നതിൽ, ₹3.39 ലക്ഷം മാത്രമേ വിനിയോഗിച്ചിരുന്നുള്ളൂ. ലാക്ഷണിക പരിശോധന നടത്തിയ ആറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ[23] 2012-13 മുതൽ 2016-17 വരെ ലഭിച്ച 434 പരാതികളിൽ, 393 പരാതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിഹരിച്ചു (2017 ഒക്ടോബർ). കേരള സർക്കാർ ജാഗ്രതാ സമിതികൾ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വാർഡുതലത്തിലുള്ള (2007 ജൂൺ) പ്രകാരം ജാഗ്രതാ സമിതികളും, വില്ലേജ്/പഞ്ചായത്ത് തല ജാഗ്രതാ സമിതികളും കുറഞ്ഞത് എല്ലാ മാസവും ഒരു

---

21 .കുത്തുപറമ്പ, പത്തനംതിട്ട, ഷൊർണ്ണൂർ, തലശ്ശേരി, മുനിസിപ്പാലിറ്റികളും, കൊച്ചി കോർപ്പറേഷൻ, കൊല്ലം, പാലക്കാട്, ഡിപികൾ, കണ്ണാടി, കാന്തല്ലൂർ, കായണ്ണ, മുന്നിലവ്, മുണ്ടക്കയം, മുത്തോലി, നടത്തറ, നെന്മേനി, പള്ളിവാസൽ, പത്തനാപുരം, പുള്ളൂർ, തൊണ്ടർനാട്, വെങ്ങാപ്പള്ളി ജിപികൾ.

22 . കുത്തുപറമ്പ, പത്തനംതിട്ട മുനിസിപ്പാലിറ്റികൾ, കൊല്ലം, ഡി.പി, കണ്ണാടി, കാന്തല്ലൂർ, മുണ്ടക്കയം, നടത്തറ, നെന്മേനി, പള്ളിവാസൽ, പത്തനാപുരം, പുള്ളൂർ ജിപികൾ

23 . ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, പാലക്കാട് ഡി.പി., നടത്തറ, നെന്മേനി, പള്ളിവാസൽ, പത്തനാപും ജിപികൾ

പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്. ജാഗ്രതാ സമിതികൾ രൂപീകരിച്ചതിൽ ലാക്ഷണിക പരിശോധന നടത്തിയ ഒരു ഗ്രാമപഞ്ചായത്തും നിർദ്ദേശിച്ച പ്രകാരം യോഗങ്ങൾ നടത്തുകയോ, ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിന് അവബോധ പരിപാടികൾ നടത്തുകയോ ചെയ്തിരുന്നില്ല.

ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ജാഗ്രതാ സമിതികളുടെ മാർഗ്ഗരേഖകൾ നിർദ്ദേശിച്ചിരുന്നത് ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ എല്ലാ മാസവും ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിച്ച് അടുത്ത മാസം 5-നും 10- നും ഇടയിൽ ജില്ലാ ജാഗ്രതാ സമിതികൾക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ജാഗ്രതാ സമിതികൾ അത്തരം റിപ്പോർട്ടുകൾ എല്ലാ ഇടവിട്ടുള്ള മാസങ്ങളുടെയും 15-നും 30- നും ഇടയിൽ വനിതാ കമ്മീഷന് സമർപ്പിക്കേണ്ടതാണ്. ലാക്ഷണിക പരിശോധന നടത്തിയ ഒരു ജില്ലാ പഞ്ചായത്തും/ബ്ളോക്ക് പഞ്ചായത്തും കേരള സർക്കാരിന്റെ മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾ/നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല. അങ്ങനെ മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ജില്ലാ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാത്തത്/പ്രവർത്തിക്കാതിരുന്നത് സർക്കാർ അത്തരം ഒരു സ്ഥാപനത്തെ രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തിയിരുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തെക്കുറിച്ച് യാതൊരു റിപ്പോർട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വനിത കമ്മീഷന് നൽകുന്നില്ല എന്ന് കേരള വനിതാ കമ്മീഷന്റെ മെമ്പർ സെക്രട്ടറി പറഞ്ഞു (2017 ഡിസംബർ), സി-ഡിറ്റിന്റെ (സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി) സഹായത്തോടെ ഒരു വെബ് പോർട്ടലും മൊഡ്യൂളും തയ്യാറാക്കി ജാഗ്രതാ സമിതികളുടെ പ്രവർത്തനവും നിരീക്ഷണവും ശക്തിപ്പെടുത്തുമെന്നും കൂട്ടിചേർത്തു.

എല്ലാ ഗ്രാമപഞ്ചായത്തുകളും ജാഗ്രതാ സമിതികൾ രൂപീകരിച്ചെന്നും മിക്ക ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികളുടെ പ്രവർത്തനം മികച്ചതാണെന്നും കേരള സർക്കാർ പറഞ്ഞു (2018 ജനുവരി). എന്നാൽ, ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, 20 എണ്ണം ജാഗ്രതാ സമിതികളെ രൂപീകരിച്ചെങ്കിലും, ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും നിർദ്ദേശപ്രകാരമുള്ള യോഗങ്ങൾ വിളിക്കുകയോ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയോ

ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചതിനാൽ മറുപടി സ്വീകാര്യമല്ല. കേരള സർക്കാർ അവകാശപ്പെട്ടതുപോലെ ജാഗ്രതാ സമിതികളുടെ പ്രവർത്തനം അത്ര മികച്ചതായിരുന്നില്ല എന്ന് ഇത് കാണിക്കുന്നു.

ശിപാർശ 4

എല്ലാ പി.ആർ.ഐ.കളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും സുസജ്ജമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് കേരള സർക്കാർ ഉറപ്പാക്കണം. ഇതിനു പുറമേ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നേരിടുന്നതിൽ ജാഗ്രതാ സമിതികളുടെ പങ്ക് പ്രചരിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ത്രീകളുടെ ഇടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കണം.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.9.7]

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162. ജാഗ്രതാ സമിതികളുടെ രൂപീകരണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കായണ്ണ, പള്ളിവാസൽ, കാന്തല്ലൂർ, തൊണ്ടർനാട്, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

163. ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും നടപ്പു വർഷം ലഭിച്ച നാല് പരാതികളും പരിഹരിച്ചിട്ടുണ്ടെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ പ്രസ്തുത വിഷയം സംബന്ധിച്ച ലേറ്റസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

164. കൊച്ചി, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകൾ, പിറവം, ഷൊർണ്ണൂർ,

തലശ്ശേരി, പത്തനംതിട്ട, കൂത്തുപറമ്പ് എന്നീ മുനിസിപ്പാലിറ്റികൾ, അട്ടപ്പാടി, കൽപ്പറ്റ, ബാലുശ്ശേരി, പാറശ്ശാല, തിരുരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

165. ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

166. കായണ്ണ, പള്ളിവാസൽ, കാന്തല്ലൂർ, തൊണ്ടർനാട്, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മുത്തോലി, എന്നീ ഗ്രാമപഞ്ചായത്തുകൾ, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾ, പിറവം, ഷൊർണ്ണൂർ, തലശ്ശേരി, പത്തനംതിട്ട, കൂത്തുപറമ്പ് മുനിസിപ്പാലിറ്റികൾ, അട്ടപ്പാടി, കൽപ്പറ്റ, ബാലുശ്ശേരി, പാറശ്ശാല, തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതകൾക്ക് പ്രയോജനം ലഭിച്ച പദ്ധതികൾ വിജയകരമായി നടപ്പാക്കിയത്.

വനിതാ ഘടകപദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് വിജയകരമായി പദ്ധതികൾ നടപ്പാക്കി സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിന് സഹായിച്ച ഉദാഹരണങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ കണ്ടിരുന്നു. അവ താഴെ വിവരിക്കുന്നു.

- കണ്ണൂർ ജില്ലാ പഞ്ചായത്ത്, വനിതാ ഘടക പദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് മയ്യിൽ, കുറ്റ്യാട്ടൂർ ചെമ്പിലോട് ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിച്ച മൂന്നു കെട്ടിടങ്ങളിൽ മൂന്നു കുടുംബശ്രീ യൂണിറ്റുകൾ 81 അംഗങ്ങളായി തുടങ്ങിയ അപ്പാരൽ പാർക്കുകൾ 2014 മുതൽ പ്രവർത്തിച്ചു വരുന്നു.

- ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, 10 അംഗങ്ങൾ വീതമുള്ള രണ്ടു കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു പാദരക്ഷ ഇന്നൽ യൂണിറ്റും ഒരു നേഴ്സറിയും തുടങ്ങുന്നതിനായി യഥാക്രമം ₹1.10 ലക്ഷം , ₹2.50 ലക്ഷം ധനസഹായം നൽകി. രണ്ടു യൂണിറ്റുകളും 2014 മുതൽ പ്രവർത്തിച്ചു വരുകയും യൂണിറ്റിന് ഒരു മുന്തിയ പാദരക്ഷാ കമ്പനിയുമായി പാദരക്ഷയുടെ സോൾ വിതരണം ചെയ്യുന്നതിനുള്ള ഉടമ്പടിയും ഉണ്ട്.

- നടത്തറ ഗ്രാമപഞ്ചായത്ത്, ജ്വാല കുടുംബശ്രീ യൂണിറ്റിന് ചെറുകിട സംരംഭം തുടങ്ങുന്നതിന് ₹10,000/-ന്റെ ധനസഹായം നൽകി. അവർ 13 അംഗങ്ങൾ ഉള്ള ഒരു അച്ചാർ നിർമ്മാണ യൂണിറ്റ് നടത്തിവരുന്നു. യൂണിറ്റ് 2016 ജൂൺ മുതൽ പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ സ്റ്റാളുകളിലൂടെയും പൊതുവിപണിയിലൂടെയും ഉൽപ്പന്നം വിൽക്കുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.9.8]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

167. വനിതാ ഘടകപദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് വിജയകരമായി പദ്ധതികൾ നടപ്പാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തിയിൽ സമിതി തൃപ്തി രേഖപ്പെടുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി/ പ്രവൃത്തികളുടെ നടപ്പാക്കലിന്റെ നിരീക്ഷണം.

കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നത് പദ്ധതികളുടെ അംഗീകാരത്തിനുശേഷം (ഡബ്ലു.ജി.) നിരീക്ഷണ കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും അംഗീകരിച്ച പദ്ധതികളുടെ നടപ്പാക്കൽ ഫലപ്രദമായി

നിരീക്ഷിക്കേണ്ടതുമാണ്. പദ്ധതികൾ ഒന്നോ അതിലധികമോ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശത്താൽ തയ്യാറാക്കിയതെങ്കിൽ അത്തരം പദ്ധതികളുടെ നടപ്പാക്കൽ നിരീക്ഷിക്കേണ്ടത് ബന്ധപ്പെട്ട എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും കൂടിയാണെന്നും മാർഗ്ഗരേഖകകൾ പറയുന്നു. ഉദാഹരണത്തിന്, വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ തയ്യാറാക്കിയ ഒരു പദ്ധതി, കൃഷി എന്ന ഉപമേഖലയിൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുകയാണെങ്കിൽ, ഇതിൽ ഉൾപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, വനിതകൾക്കും കുട്ടികൾക്കും ഉള്ള വർക്കിംഗ് ഗ്രൂപ്പ്, കൃഷിയുടെ വർക്കിംഗ് ഗ്രൂപ്പ്, പട്ടികജാതി വികസനത്തിന്റെ വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് നിരീക്ഷിക്കേണ്ടതാണ്.

നിരീക്ഷണത്തിന്റെ വിശദാംശങ്ങൾ നൽകിയ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 13 എണ്ണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളോ ഉത്തരവാദപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളോ വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലുള്ള പദ്ധതികളുടെ തയ്യാറാക്കലോ നടപ്പാക്കലോ നിരീക്ഷിച്ചിരുന്നില്ലാ എന്ന് ഓഡിറ്റ് കണ്ടെത്തി. ബാക്കി ഒൻപത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണം നടത്തുന്നുണ്ടെന്ന് അവകാശപ്പെട്ടെങ്കിലും അവരുടെ അവകാശത്തെ സ്ഥാപിക്കുന്നതിനുവേണ്ട ഒരു റിപ്പോർട്ടും ഹാജരാക്കിയില്ല. നിരീക്ഷണത്തിന്റെ അഭാവം പദ്ധതികൾ കൃത്യത ഇല്ലാതെ നടപ്പാക്കുന്നതിനും വനിതകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിക്കാതിരിക്കുന്നതിനും ഇടയാക്കി. ഇതിനുപുറമേ മുൻഖണ്ഡികകളിൽ വിവരിച്ചിരുന്നതുപോലെ, വനിതകളുടെ പ്രയോജനത്തിന് സൃഷ്ടിച്ച ആസ്തികളിൽ മിക്കതും(234 കെട്ടിടങ്ങളിൽ ₹7.30 കോടി മുടക്കി നിർമ്മിച്ച 59 എണ്ണം) നിഷ്ക്രിയമായി കിടക്കുകയോ മറ്റ് പദ്ധതികൾക്കോ ആവശ്യങ്ങൾക്കോ വഴി മാറ്റുകയോ (₹4.92 കോടിയ്ക്ക് നിർമ്മിച്ച 32 കെട്ടിടങ്ങൾ/ വാങ്ങിയ ഉപകരണങ്ങൾ) ചെയ്തിരുന്നു.

പദ്ധതികളുടെ നടപ്പാക്കൽ വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നിരീക്ഷിക്കുന്നു എന്ന് ഉറപ്പാക്കാൻ നടപടികൾ എടുക്കുമെന്ന് കേരള സർക്കാർ പറഞ്ഞു (2018 ജനുവരി).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.10]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

168. വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി/പ്രവൃത്തികളുടെ നടപ്പാക്കലിന്റെ നിരീക്ഷണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പള്ളിവാസൽ, കാന്തല്ലൂർ. കായണ്ണ. പുളൂർ, കണ്ണാടി, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മൂന്നിലവ്, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ പാറശ്ശാല, കൽപ്പറ്റ, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

169. വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി പ്രവൃത്തികളുടെ നടപ്പാക്കലിന്റെ നിരീക്ഷണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പള്ളിവാസൽ, കാന്തല്ലൂർ, കായണ്ണ, പുളൂർ, കണ്ണാടി, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മുന്നിലവ്, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ പാറശ്ശാല, കൽപ്പറ്റ, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

നിഗമനം

തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാഘടക പദ്ധതി ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും വികസന ഫണ്ടിന്റെ നിയമപരമായ പരിധിയായ 10 ശതമാനത്തിലും താഴെയായിരുന്നു.

സ്ത്രീകളുടെ ആവശ്യങ്ങളും അവർക്ക് വേണ്ട കാര്യങ്ങളും, വിലയിരുത്തുന്നതിനാവശ്യമായ ആസൂത്രണ ഉപകരണങ്ങളായ ജെൻഡർ വിശകലനം, ജെൻഡർ വേർതിരിച്ച വിവരങ്ങൾ

ജെൻഡർ ബജറ്റിംഗ് എന്നിവ തയ്യാറാക്കുകയോ ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല. വിവിധ പദ്ധതികളുടെ പ്രായോഗിക സാധ്യതയും ആവശ്യകതയും ചർച്ച ചെയ്യേണ്ട വേദികളായ പ്രത്യേക ഗ്രാമസഭയുടെയും/വർക്കിംഗ് ഗ്രൂപ്പുകളുടെയും ഇടപെടലുകൾ അപര്യാപ്തമായിരുന്നു. വനിതകളുടെ പ്രയോജനത്തിനായുള്ള വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ യഥാർത്ഥ വിനിയോഗം വികസന ഫണ്ടിന്റെ 2.39 ശതമാനം മാത്രമായിരുന്നു. വനിതകളുടെ ശാക്തീകരണത്തിനായി വനിതകൾക്ക് ഉപയോഗിക്കാൻ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ ₹7.30 കോടി ചെലവാക്കി സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമായി കിടക്കുകയായിരുന്നു. അതുപോലെ വനിതാ ഘടക പദ്ധതി ഫണ്ടുപയോഗിച്ച് ₹4.92 കോടിക്ക് നിർമ്മിച്ച അടിസ്ഥാന സൗകര്യങ്ങൾ അവ നിർമ്മിച്ച ഉദ്ദേശ്യത്തിനല്ല ഉപയോഗിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ള ജാഗ്രതാ സമിതികൾ തെരഞ്ഞെടുത്ത 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 10 എണ്ണത്തിൽ പ്രവർത്തന സജ്ജമായിരുന്നില്ല.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഖണ്ഡിക 3.1.11]

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

170. പ്രത്യേക പരാമർശമില്ല.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I
പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	9	തദ്ദേശ സ്വയംഭരണ വകുപ്പ്	2012-13 മുതൽ 2016-17 കാലയളവിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതിക്കായി വികസന ഫണ്ടിന്റെ 10% വകയിരുത്തിയെങ്കിലും, അതിന്റെ പൂർണ്ണ വിനിയോഗം ഉറപ്പു വരുത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2012-17 കാലയളവിൽ വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയ തുക ചെലവാക്കുന്നതിൽ ഉണ്ടായ വീഴ്ച പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
2	28	തദ്ദേശ സ്വയംഭരണ വകുപ്പ്	മുത്തോലി ഗ്രാമപഞ്ചായത്ത് 2015-16, 2016-17 വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ ഗുണഭോക്താക്കളുടെ നിസ്സഹകരണം മൂലം പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ മുത്തോലി ഗ്രാമപഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.
	29	തദ്ദേശ സ്വയംഭരണ വകുപ്പ്	മാർഗ്ഗരേഖയനുസരിച്ച് വനിതാ ഘടക പദ്ധതി പ്രവർത്തനങ്ങൾ മുത്തോലി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	30	തദ്ദേശ സ്വയംഭരണ വകുപ്പ്	2016-17 വർഷം വനിതാ ഘടക പദ്ധതിക്കായി പിറവം നഗരസഭ വകയിരുത്തിയ തുക സ്പിൽ ഓവർ ആയി അടുത്ത സാമ്പത്തിക വർഷം ചെലവഴിച്ചതായി മനസ്സിലാക്കിയ സമിതി, സ്പിൽ ഓവർ ആയി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
	31	തദ്ദേശ സ്വയംഭരണ വകുപ്പ്	2017-18, 2018-19 വർഷങ്ങളിൽ വനിതാ ഘടക പദ്ധതികൾക്കായി 120.52 ലക്ഷം, 77.12 ലക്ഷം രൂപ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിരുന്നെങ്കിലും 63.02 ലക്ഷം, 48.79 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി, വകയിരുത്തിയ തുക ചെലവാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
	32	തദ്ദേശ സ്വയംഭരണ	വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പത്തനാപുരം, പള്ളിവാസൽ, പുളൂർ,

		വകുപ്പ്	കണ്ണാടി, പെരിങ്ങമല, തൊണ്ടർനാട്, നടത്തറ, മുന്നിലാവ്, വേങ്ങപ്പള്ളി, മുണ്ടക്കയം, നെൻമേനി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും, ക്ലത്തുപറമ്പ്, തലശ്ശേരി, കൊച്ചി, ഷൊർണൂർ, പത്തനംതിട്ട, തിരുവനന്തപുരം എന്നീ നഗരസഭകളുടെയും പറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെയും കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു
3	41	തദ്ദേശ സ്വയംഭരണ വകുപ്പ്	വനിതാ ഘടക പദ്ധതികളുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കൊച്ചി കോർപ്പറേഷനും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയും ലഭ്യമാക്കിയ മറുപടികൾ തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്ക് കൊച്ചി കോർപ്പറേഷന്റെയും, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെയും വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	42	തദ്ദേശ സ്വയംഭരണ വകുപ്പ്	വനിതാ ഘടക പദ്ധതികളുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ തിരുവനന്തപുരം കോർപ്പറേഷൻ, പിറവം, തലശ്ശേരി, പത്തനംതിട്ട, ക്ലത്തുപറമ്പ്, എന്നീ മുനിസിപ്പാലിറ്റികളുടെയും അട്ടപാടി, പാറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെയും, കണ്ണൂർ, കോട്ടയം, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.
	43	തദ്ദേശ സ്വയംഭരണ വകുപ്പ്	ലിംഗഭേദ കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് ഫണ്ടുകൾ വകയിരുത്തുന്നതിന് ജെന്റർ ബഡ്ജറ്റ് തയ്യാറാക്കേണ്ടത് ആവശ്യമാണെന്നും, സ്ത്രീ, പുരുഷൻ, വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഡാറ്റകൾ ഉണ്ടെങ്കിൽ മാത്രമേ ജെൻഡർ ബജറ്റിംഗ് ശരിയായ രീതിയിൽ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളുവെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിൽ ബജറ്റിംഗ് തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റകൾ ഇല്ലാത്ത കാര്യം സമിതി അതൃപ്തിയോടെ വീക്ഷിക്കുന്നു . ആയതിനാൽ ജെന്റർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ആയത് കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജെന്റർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് ഭരണ വകുപ്പിന്റെ ശ്രദ്ധയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
4	47	തദ്ദേശ സ്വയംഭരണ വകുപ്പ്	പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് വനിതാഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മുന്നിലവ് ഗ്രാമപഞ്ചായത്തിന്റെ വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു

	48	തദ്ദേശ സ്വയംഭരണ വകുപ്പ്	പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് വനിതാഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നെന്മേനി, പുളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൻമേലും, അട്ടപ്പാടി, പാറശ്ശാല, എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൻമേലും സർക്കാർ ലഭ്യമാക്കിയ മറുപടികൾ അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.
5	60	തദ്ദേശ സ്വയംഭരണ വകുപ്പ്	തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 2013-2017 കാലയളവിൽ വനിതാ ഘടകം പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ ചെലവാക്കിയ തുക സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
	61	തദ്ദേശ സ്വയംഭരണ വകുപ്പ്	മുത്തോലി ഗ്രാമപഞ്ചായത്ത് 2012-17 വരെ കാലയളവിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
	62	തദ്ദേശ സ്വയംഭരണ വകുപ്പ്	വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി 24 കെട്ടിടങ്ങൾ പൂർത്തീകരി ച്ച്, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, കെട്ടിട നിർമ്മാണം വനിതാ ഘടക പദ്ധതിയുടെ സേവന മേഖലയിൽ ഉൾപ്പെടുന്ന പദ്ധതിയല്ലെന്ന് ചൂണ്ടികാണിച്ചു. സേവന മേഖലയിൽ ഉൾപ്പെടുത്തിയ ഈ 24 കെട്ടിടങ്ങളിൽ വനിതകൾക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	63	തദ്ദേശ സ്വയംഭരണ വകുപ്പ്	പത്തനംതിട്ട മുൻസിപ്പാലിറ്റി 2012-2017 വരെയുള്ള കാലയളവിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
	64	തദ്ദേശ സ്വയംഭരണ വകുപ്പ്	മുണ്ടക്കയം, വേങ്ങപ്പള്ളി, പള്ളിവാസൽ, കാന്തല്ലൂർ, കായണ്ണ, പുളൂർ, കണ്ണാടി, പെരിങ്ങമ്മല, നടത്തറ, പത്തനാപുരം, മൂന്നിലവ്, നെൻമേനി, എന്നീ ഗ്രാമപഞ്ചായത്തുകളുടെയും, കൊച്ചി, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളുടെയും, പിറവം, തലശ്ശേരി, കുത്തുപറമ്പ്, എന്നീ മുനിസിപ്പാലിറ്റികളുടെയും, പാറശ്ശാല, കൽപ്പറ്റ, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളുടെയും, പാലക്കാട്, കൊല്ലം, കണ്ണൂർ, കോട്ടയം ജില്ലാ പഞ്ചായത്തുകളുടെയും സർക്കാർ മറുപടികൾ അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
6	75	തദ്ദേശ സ്വയംഭരണ വകുപ്പ്	ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം നൽകേണ്ടി വരുന്നതിനാൽ ഗുണഭോക്താക്കളെ ലഭിക്കാതെ വരുന്ന അവസ്ഥ എന്നിവ പദ്ധതികൾ പരാജയപ്പെടുന്നതിനുള്ള കാരണമായി മനസ്സിലാക്കിയ സമിതി, ഗ്രാമ/വാർഡ് സഭകളിലും, വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായ ചർച്ച നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ഗുണഭോക്താക്കളെ ലഭിക്കാത്ത അവസ്ഥ ഉണ്ടാവില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. അതോടൊപ്പം മാർഗ്ഗരേഖകൾ പരിശോധിച്ച്, പദ്ധതിയുടെ ഓരോ ഘട്ടവും വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് തുടർച്ചയായ നിരീക്ഷണവും ഉദ്യോഗസ്ഥരുടെ

			ഭാഗത്ത് ഉണ്ടാകണമെന്നും സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഗ്രാമ /വാർഡ് സഭകളിലും, വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.
7	99	തദ്ദേശ സ്വയംഭരണ വകുപ്പ്	പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ നിലവിൽ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
8	128	തദ്ദേശ സ്വയംഭരണ വകുപ്പ്	2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കണ്ണാടി ഗ്രാമപഞ്ചായത്ത് എസ്.സി. വനിതകൾക്ക് തയ്യൽ പരിശീലനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും, എന്നാൽ പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തുടർ പദ്ധതിയെന്ന രീതിയിൽ തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് പദ്ധതിയുണ്ടായിരുന്നുവെങ്കിലും ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സ്ത്രീ ശാക്തീകരണ പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ തയ്യൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് പുതിയ രീതിയിലുള്ള (Power machine) തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	129	തദ്ദേശ സ്വയംഭരണ വകുപ്പ്	ഡ്രൈവിംഗ് പരിശീലനം ലഭിച്ച വനിതകൾക്ക് തൊഴിൽ നൽകാൻ കണ്ണാടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു
	130.	തദ്ദേശ സ്വയംഭരണ വകുപ്പ്	വനിതകൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലനം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ തേക്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	131	തദ്ദേശ സ്വയംഭരണ വകുപ്പ്	കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ തൊഴിലധിഷ്ഠിത പരിശീലനവുമായി ബന്ധപ്പെട്ട് എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ നൽകലും പരിശീലനവും; എസ്.സി. വനിതകൾക്ക് എൽ.എം.വി. ഓട്ടോ പരിശീലനം തുടങ്ങിയ പദ്ധതികളെ കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	132	തദ്ദേശ സ്വയംഭരണ വകുപ്പ്	കല്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ, എസ്.സി. വനിതകൾക്ക് എൽ.എം.വി. ഓട്ടോ പരിശീലനം എന്ന പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ പത്ര പരസ്യം വഴി കണ്ടെത്തുന്നതിന് തീരുമാനിക്കുകയുണ്ടായെന്ന് സർക്കാർ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു . ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന് പകരം പത്രപരസ്യം വഴി

			ഗുണഭോക്താക്കളെ കണ്ടെത്തിയ നടപടി ശരിയല്ലെന്ന് വിലയിരുത്തിയ സമിതി, തെറ്റായ നടപടി ക്രമം സ്വീകരിച്ചതിന്മേലുള്ള വിശദീകരണം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ആരായുന്നതിനും , ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.
	133	തദ്ദേശ സ്വയംഭരണ വകുപ്പ്	നെന്മേനി, പുളൂർ, വേങ്ങപ്പള്ളി, കാന്തല്ലൂർ, പള്ളിവാസൽ, പെരിങ്ങമ്മല, കായണ്ണ, നടത്തറ, പത്തനാപുരം, മൂന്നിലവ്, മുത്തോലി, തൊണ്ടർനാട്, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളും, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും, പിറവം, ഷൊർണ്ണൂർ, തലശ്ശേരി, പത്തനംതിട്ട, കുത്തുപറമ്പ് എന്നീ മുനിസിപ്പാലിറ്റികളും, പാറശ്ശാല, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളും, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി , ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
9	136	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലാ പഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
10	150	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണൂർ ജില്ലാ പഞ്ചായത്ത് ചട്ടുകപ്പാറയിൽ നിർമ്മിച്ച 15 കെട്ടിടങ്ങളിൽ ബാക്കി വന്ന 3 കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു
	151	തദ്ദേശ സ്വയംഭരണ വകുപ്പ്	കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി വനിതക്ഷേമ പ്രവർത്തനങ്ങൾക്കായി പണികഴിപ്പിച്ച കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു
	152	തദ്ദേശ സ്വയംഭരണ വകുപ്പ്	എസ്.സി. വനിത വ്യവസായ കേന്ദ്രം പദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകൾ പുനരാംരംഭിക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു
	153	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം, പാലക്കാട് ജില്ലാ പഞ്ചായത്തുകൾ തിരുവനന്തപുരം കൊച്ചി കോർപ്പറേഷനുകൾ, തലശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികൾ, കൽപ്പറ്റ തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ കണ്ണാടി, മുന്നിലവ്, മുത്തോലി, നടത്തറ ഗ്രാമപഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി, ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
11	156	തദ്ദേശ സ്വയംഭരണ വകുപ്പ്	കണ്ണമ്മൂല ഐ.ടി പാർക്കിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമായിട്ടുണ്ടോയെന്നും, കണ്ണമ്മൂല കാർ പാർക്കിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ, സ്ഥാപിച്ച തിരുവനന്തപുരം നഗരസഭയുടെ അക്ഷയ സെന്ററുകൾ നടത്തുന്നത് വനിതകളാണോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	157	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊച്ചി കോർപ്പറേഷൻ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്ത്, നടത്തറ ഗ്രാമപഞ്ചായത്ത് എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി , ഓഡിറ്റ് പരാമർശം

			ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
12	160	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14-ൽ വനിതാ ഘടകപദ്ധതിക്ക് കീഴിൽ ജില്ലാ കുടുംബശ്രീ മിഷനുമായി ചേർന്ന് 20 ലക്ഷം രൂപ മുതൽ മുടക്കിൽ നടപ്പിലാക്കിയ മൊബൈൽ മാർക്കറ്റിനെ സംബന്ധിച്ച വിശദമായ റിപ്പോർട്ടും, പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായ കടിശ്ശിക അടച്ച് തീർക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	161	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
13	165	തദ്ദേശ സ്വയംഭരണ വകുപ്പ്	ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
	166	തദ്ദേശ സ്വയംഭരണ വകുപ്പ്	കായണ്ണ, പള്ളിവാസൽ, കാന്തല്ലൂർ, തൊണ്ടർനാട്, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മുത്തോലി, എന്നീ ഗ്രാമപഞ്ചായത്തുകൾ, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുൾ, പിറവം, ഷൊർണ്ണൂർ, തലശ്ശേരി, പത്തനംതിട്ട, കുത്തുപറമ്പ് മുനിസിപ്പാലിറ്റികൾ, അട്ടപ്പാടി, കൽപ്പറ്റ, ബാലുശ്ശേരി, പാറശ്ശാല, തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം എന്നീ ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി , ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
14	167	തദ്ദേശ സ്വയംഭരണ വകുപ്പ്	വനിതാ ഘടകപദ്ധതി ഫണ്ടുകൾ ഉപയോഗിച്ച് വിജയകരമായി പദ്ധതികൾ നടപ്പാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തിയിൽ സമിതി തൃപ്തി രേഖപ്പെടുത്തുന്നു.
15	169	തദ്ദേശ സ്വയംഭരണ വകുപ്പ്	വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി പ്രവൃത്തികളുടെ നടപ്പാക്കലിന്റെ നിരീക്ഷണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പള്ളിവാസൽ , കാന്തല്ലൂർ, കായണ്ണ, പുളൂർ, കണ്ണാടി, വേങ്ങപ്പള്ളി, നെന്മേനി, നടത്തറ, പത്തനാപുരം, മുന്നിലവ്, മുത്തോലി എന്നീ ഗ്രാമപഞ്ചായത്തുകൾ പാറശ്ശാല, കൽപ്പറ്റ, അട്ടപ്പാടി, തിരുരങ്ങാടി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ, കോട്ടയം, പാലക്കാട്, കൊല്ലം ജില്ലാ പഞ്ചായത്തുകൾ എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

അനുബന്ധം II

കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2017 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1-ന്മേലുള്ള നടപടി പരിഹാര പത്രിക

ക്രമ നമ്പർ	ഓഡിറ്റ് ഖണ്ഡിക നം.	ഓഡിറ്റ് പരാമർശവിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	3.1.7	**വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വിനിയോഗവും** **തെരഞ്ഞെടുത്ത 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വകയിരുത്തലും വനിയോഗവും പട്ടിക 3.2-ൽ വിവരിച്ചിരിക്കുന്നു.** **പട്ടിക 3.2 : തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വകയിരുത്തലും വിനിയോഗവും**	**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു** 2012-13 മുതൽ 2016-17 വരെ വർഷങ്ങളിലെ വനിത ഘടക പദ്ധതികളുടെ രൂപീകരണ വേളയിൽ സ്ത്രീകൾക്ക് മാത്രം പ്രയോജനകരമായ പദ്ധതികൾ രൂപീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് സംഭവിച്ച വീഴ്ച കാരണമാണ് വനിതാ ഘടക പദ്ധതികൾക്ക് നിർബന്ധിതമായി വകയിരുത്തേണ്ട 10% പദ്ധതി വിഹിതത്തിൽ കുറവുണ്ടായിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ വനിതാ ഘടകപദ്ധതി ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് വിധേയമായി മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവും പരാമർശവിധേയമായ ഗ്രാമപഞ്ചായത്തുകളുടെ മറുപടികളും ചുവടെ ചേർക്കുന്നു.

വർഷം	ആകെ വകയിരുത്തിയ വികസന ഫണ്ട്	വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലെ വകയിരുത്തലിന്റെ ശതമാനം	ആകെ വികസന ഫണ്ടിനഭിമുഖമായി വകയിരുത്തലിന്റെ ശതമാനം	നേരിട്ട ചെലവ്		സ്ത്രീകൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് നൽകിയ ഫണ്ട്	ആകെ വികസന ഫണ്ടിനഭിമുഖമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് നൽകിയ ഫണ്ടിന്റെ ശതമാനം	സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കുള്ള വിനിയോഗം	ആകെ വികസന ഫണ്ടിനഭിമുഖമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കുള്ള വിനിയോഗത്തിന്റെ ശതമാനം
				ആകെ	വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തലിനഭിമുഖമായി ചെലവിന്റെ ശതമാനം				

Financial	Fund total (in	Expense total (in	Percentage

2012-13	399.7	31.64	7.92	13.69	43.27	22.49	5.63	8.3	2.08
2013-14	563.12	52.07	9.25	24.09	46.26	37.75	6.7	14.56	2.59
2014-15	694.33	71.36	10.28	41.13	57.64	41.62	5.99	18.91	2.72
2015-16	770.25	63.11	8.19	35.05	55.54	37.67	4.89	15.51	2.01
2016-17	634.75	68.87	10.85	35.66	51.78	45.39	7.15	15.9	2.5
ആകെ	3062.15	287.05	9.37	149.62	52.12	184.92	6.04	73.18	2.39

വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗത്തിലും ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ താഴെ വിവരിക്കുന്നു.

- കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും

Year	crores)	crores)	
2016-17	400.16	215.55	53
2017-18	442.41	228.94	51
2018-19	431.69	226.20	52

പത്തനാപുരം ഗ്രാമപഞ്ചായത്ത്

പത്തനാപുരം ഗ്രാമപഞ്ചായത്തിൽ 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണം, കിണർ നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, പശു വളർത്തൽ, മുട്ടക്കോഴി വളർത്തൽ, വിവാഹ ധനസഹായം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പത്തനാപുരം ഗ്രാമപഞ്ചായത്ത് തികച്ചും ഒരു മലയോര പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഉണ്ണാഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾക്കായി വരുന്ന കുടുംബങ്ങളെ പരിശോധിച്ചാൽ സ്ഥിരവരുമാനമില്ലാത്ത പുരുഷന്മാരാണ് ഭൂരിഭാഗം കുടുംബങ്ങളിലും ഉള്ളത്. സ്ത്രീകളും പുരുഷന്മാരും കൂലിവേല ചെയ്താണ് കുടുംബം പുലർത്തി വരുന്നത്. കുടുംബങ്ങളെ സംബന്ധിച്ച ആവശ്യങ്ങളായ ടി വ്യക്തിഗത ആനുകൂല്യങ്ങൾ കുടുംബത്തിൽ മുതിർന്ന പുരുഷൻ ഉണ്ട് എന്ന കാരണത്താൽ മാത്രം നിഷേധിച്ചാൽ സ്ത്രീകളെയും കുട്ടികളെയും ഇത് ബാധിക്കുമെന്നും പ്രത്യേകിച്ചും

			സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നതനുസരിച്ച് വീട്/ശൗചാലയം നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ, അതുപോലെ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു പോലെ പ്രയോജനമുള്ള പദ്ധതികൾ, അംഗനവാടി കെട്ടിട നിർമ്മാണം, അംഗനവാടി പോഷകാഹാര പരിപാടി മുതലായവ വനിതാ ഘടക പദ്ധതിയ്ക്ക കീഴിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല. എന്നാൽ മുതിർന്ന പുരുഷ അംഗങ്ങൾ ഇല്ലാത്ത, സ്ത്രീകൾ തലപ്പത്തുള്ള കുടുംബങ്ങൾക്ക് ഉള്ള ഭവന പദ്ധതികൾ/ കുടിവെള്ള പദ്ധതികൾ എന്നിവ വനിത ഘടക പദ്ധതിയ്ക്ക കീഴിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല. എന്നാൽ, മുതിർന്ന പുരുഷ അംഗങ്ങൾ ഇല്ലാത്ത, സ്ത്രീകൾ തലപ്പത്തുള്ള കുടുംബങ്ങൾക്ക് ഉള്ള ഭവന പദ്ധതികൾ/ കുടിവെള്ള പദ്ധതികൾ എന്നിവ വനിത ഘടക പദ്ധതിയ്ക്ക കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി ആസൂത്രണവും/ സബ്സിഡിയും മാർഗ്ഗരേഖയ്ക്ക കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി ആസൂത്രണവും/ സബ്സിഡിയും മാർഗ്ഗരേഖയ്ക്ക വിരുദ്ധമായി സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്നതല്ലാത്ത കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണം/പുതുക്കി പണിയൽ, അംഗനവാടി കെട്ടിടങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, ഡിസ്പെൻസറികൾ, റോഡുകൾ മുതലായവയുടെ നിർമ്മാണം പോലുള്ള പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്തി. അത്തരം പദ്ധതികൾ ഒഴിവാക്കിയാൽ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ വനിതാ ഘടക പദ്ധതി ഫണ്ടുകൾ ആകെ വികസന ഫണ്ടിന്റെ 5.63 മുതൽ 7.15 ശതമാനമായിരുന്നു. തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന വെളിപ്പെടുത്തിയത് നിർദ്ദിഷ്ട 10 ശതമാനം വകയിരുത്തിൽ തദ്ദേശ സ്വയംഭരണ	പെൺകുട്ടികൾ ഉള്ള ഭവനങ്ങളിൽ പെൺകുട്ടികളുടെ സാമൂഹ്യാവസ്ഥ ഇതുമൂലം മെച്ചപ്പെട്ടുമെന്നും വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി എന്നിവിടങ്ങളിൽ നിന്നും ലഭിച്ച തീരുമാനപ്രകാരമാണ് ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ പ്രോജക്ടുകൾക്കും ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ടി പ്രോജക്ടുകൾ നടപ്പിലാക്കുന്നതു വഴി സ്ത്രീകളുടെ സാമൂഹ്യാവസ്ഥ, സുരക്ഷിതത്വം, സാമ്പത്തികാവസ്ഥ എന്നിവ മെച്ചപ്പെട്ടിട്ടുണ്ട് എന്ന വിവരം കൂടി ബോധിപ്പിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആഡിറ്റ് നിർദ്ദേശം പാലിച്ചു കൊണ്ട്, സ്ത്രീകൾ തലപ്പത്തുള്ള കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. **<u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്</u>** പള്ളിവാസൽ ഗ്രാമപഞ്ചായത്ത് എല്ലാ വർഷവും പദ്ധതി വിഹിതത്തിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിക്കായി വകയിരുത്തി വരുന്നു. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, പഞ്ചായത്ത് കമ്മിറ്റി, പ്രോജക്ട് അപ്രൂവൽ ഏജൻസികൾ, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവയുടെ ഇടപെടൽ പദ്ധതി അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാവുന്നുണ്ട്. എന്നാൽ പദ്ധതികൾ വിഭാവനം ചെയ്തതു പോലെ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ തുക പൂർണ്ണമായും ചെലവഴിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. **<u>പുളിയൻമല ഗ്രാമപഞ്ചായത്ത്</u>**

സ്ഥാപനങ്ങൾ കൈവരിച്ചത് 2014-15 ലും 2016-17 ലും മാത്രമായിരുന്നു എന്നാണ്. കായണ്ണ ഗ്രാമ പഞ്ചായത്ത് ഒഴികെ ലാക്ഷണിക പരിശോധന നടത്തിയ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ നിർദ്ദിഷ്ട 10 ശതമാനം വകയിരുത്തൽ 2012-13 മുതൽ 2016-17 വരെയുള്ള മുഴുവൻ കാലയളവിലും നടത്തിയിരുന്നില്ല (അനുബന്ധം XI) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സ്ത്രീകൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന പദ്ധതികൾ രൂപീകരിക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തത് വനിത ഘടക പദ്ധതിയുടെ കീഴിൽ പദ്ധതികൾ രൂപം നൽകുന്നതിനെയും നടപ്പാക്കലിനെയും പ്രതികൂലമായി ബാധിച്ചു എന്ന അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പറഞ്ഞു (2017 നവംബർ). പരിശീലനത്തിന്റെയും അവബോധത്തിന്റെയും അഭാവം കാരണം ചില വർഷങ്ങളിൽ പദ്ധതി രൂപീകരണ സമയത്ത് വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ 10 ശതമാനം വകയിരുത്തൽ നടത്തിയിട്ടില്ലെന്നും മറുപടി പറഞ്ഞു. വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്താൻ വർക്കിംഗ് ഗ്രൂപ്പ് തെരഞ്ഞെടുത്ത ധാരാളം പദ്ധതികൾ മുനിസിപ്പൽ കൗൺസിലിന്റെ ഭാഗത്തുള്ള താത്പര്യക്കുറവ് കാരണം പരിഗണിച്ചില്ല എന്ന് തലശ്ശേരി മുനിസിപ്പാലിറ്റി പറഞ്ഞു (2017 നവംബർ). മാർഗ്ഗരേഖകൾ പിൻതുടരണമെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു (2018 ജനുവരി). എന്നാൽ വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ആവശ്യമായ 10 ശതമാനം വകയിരുത്തൽ എന്നത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പാക്കിയിയില്ലെന്ന വസ്തുത നിലനിൽക്കുന്നു.

1) തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2012-17 പുതുർ ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിക്കുമ്പോൾ കാലാകാലങ്ങളായുള്ള സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വനിതാ ഘടകപദ്ധതിക്കായി മാനദണ്ഡപ്രകാരമുള്ള തുക വകയിരുത്താറുണ്ട്. എന്നാൽ സ്ത്രീ ശാക്തീകരണ പദ്ധതികൾ രൂപീകരണ വേളയിൽ സ്ത്രീകൾക്ക് മാത്രം ഗുണം ലഭിക്കുന്ന തരത്തിലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുകയും ഇത്തരം പദ്ധതികളിൽ മറ്റ് വിഭാഗക്കാർക്കും ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു കാരണം പ്രസ്തുത കാലഘട്ടത്തിലെ സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ മനസ്സിലാക്കുന്നതിൽ സംഭവിച്ച അപാകതയാണ്. മാത്രവുമല്ല നിർവ്വഹണം നടത്തുന്ന അവസരത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽ നോട്ടത്തിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാനദണ്ഡ പ്രകാരമുള്ള രേഖകൾ ഹാജരാക്കാൻ സാധിക്കാനാവാത്ത സാഹചര്യമുണ്ടായിരുന്നു. ആയതിനാൽ പ്രസ്തുത കാലയളവിലെ പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സം നേരിടുകയുണ്ടായി. മേൽ സാഹചര്യം ഉൾക്കൊണ്ട് നിലവിൽ വനിതാ ഘടകപദ്ധതി രൂപീകരിക്കുമ്പോഴും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോഴും കൂടുതൽ ശ്രദ്ധ ചെലുത്തുകയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതി മാനദണ്ഡം മുഴുവൻ കൃത്യമായി പാലിച്ച് സ്ത്രീ ശാക്തീകരണത്തിലൂടെ സാമൂഹികവും സാമ്പത്തികവുമായ തുല്യത ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

കണ്ണാടി ഗ്രാമപഞ്ചായത്ത്

എല്ലാ വാർഷിക പദ്ധതികളിലും ആകെ പദ്ധതി

കാലയളവിൽ, വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വിനിയോഗം വകയിരുത്തലിന്റെ 43.27 മുതൽ 57.64 ശതമാനമായിരുന്നു. ഈ കാലയളവിൽ, തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികളുടെയും വിനിയോഗിച്ച ഫണ്ടുകളുടെയും വിശദാംശങ്ങൾ അനുബന്ധം XI- ൽ കൊടുത്തിരിക്കുന്നു. 287.05 കോടി വകയിരുത്തിയതിൽ ചെലവാക്കിയത് 149.62 കോടി ആയിരുന്നു (52.12 ശതമാനം). ഇതിൽ 73.18 കോടി മാത്രമേ സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളായ സ്ത്രീകൾ തലപ്പത്തുള്ള കുടുബങ്ങൾക്ക് ഭവനം നിർമ്മിക്കുക, സ്ത്രീകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം, സ്ത്രീകളുടെ ക്ഷേമത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, സ്ത്രീകൾക്കുവേണ്ടി വൈദ്യപരിശോധനാ ക്യാമ്പുകൾ നടത്തുക മുതലായവയ്ക്ക് വിനിയോഗിച്ചുള്ളു. പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് ചെലവാക്കിയത് വികസന ഫണ്ടിനു കീഴിലെ ആകെ വകയിരുത്തലിന്റെ 2.39 ശതമാനം മാത്രമായിരുന്നു.

ആയതിനാൽ, എല്ലാ വർഷവും കുറഞ്ഞത് നിർദ്ദിഷ്ട 10 ശതമാനം ഫണ്ട് വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്താനും ഈ ഫണ്ടുകൾ സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ പരാജയം, സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുമായിരുന്ന പ്രയോജനങ്ങൾ നിഷേധിക്കുന്നതിന് ഇടയാക്കി. ലിംഗ ഭേദമില്ലാത്ത പദ്ധതികൾ നടപ്പാക്കേണ്ടത് പ്ലാൻ ഫണ്ട് (ജനറൽ) ഉപയോഗിച്ചാണെന്നും വനിത ഘടക പദ്ധതി ഫണ്ടുകൾ സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് മാത്രമേ വിനിയോഗിക്കാവൂ എന്നും അന്തിമ കൂടിക്കാഴ്ചയിൽ(2018 ജനുവരി) അഡീഷണൽ ചീഫ് സെക്രട്ടറി (എൽ.എസ്.ഡി.ഡി) പറഞ്ഞു വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ കുറഞ്ഞ വിനിയോഗം, ഭരണ സ്ഥിരതയില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ കുറവ്, ജലദൗർലഭ്യം, ഉകയുടെ 10% ൽ കുറയാത്ത ഉക വനിതാ ഘടകപദ്ധതികൾക്കായി വകയിരുത്താറുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത ഉക മുഴുവനായും ചെലവഴിക്കാൻ കഴിയാറില്ല. വരുന്ന വാർഷിക പദ്ധതികളിൽ പൂർണ്ണമായും വനിതാ സൗഹാർദ്ദപരമായ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നതും 100% ഉക ചെലവഴിക്കാൻ നടപടി സ്വീകരിക്കുന്നതുമാണെന്ന് ബോധിപ്പിക്കുന്നു.

പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

ഖണ്ഡിക പരാമർശത്തിലെ അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ വനിതാ ഘടക പദ്ധതിക്കു കീഴിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ കൂടുമെന്നും ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുമെന്നും സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിക്കുമെന്നും സ്ത്രീ ശാക്തീകരണം എന്ന വനിതാ ഘടകപദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതാണെന്നുമുള്ള വിവരം ബോധിപ്പിക്കുന്നു.

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

ഉടർന്നു വരുന്ന വർഷങ്ങളിൽ വനിതാ ഘടകപദ്ധതി ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് അനുയോജ്യമായ തരത്തിൽ വകയിരുത്തുന്നതാണെന്നും അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ആയത് 100 ശതമാനം

292

		ഗുണഭോക്തൃക്കളുടെ നിസ്സഹകരണം മൂലമാണെന്നും കേരള സർക്കാർ മറുപടി പറഞ്ഞു (2018 ജനുവരി). അപാകതകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമെന്നും കൂട്ടിചേർത്തു. സാദ്ധ്യമായ എല്ലാ ഉദ്യമങ്ങളും നടത്തി പദ്ധതികൾ നടപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യത ആയതിനാൽ മറുപടി സ്വീകാര്യമല്ല.	ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. **നടത്തറ ഗ്രാമപഞ്ചായത്ത്** പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ അനുസരിച്ച് തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി രൂപീകരണത്തിലെ അപര്യാപ്തത പരിഹരിച്ചിട്ടുണ്ട്. തുടർന്നു വരുന്ന വർഷങ്ങളിൽ വനിതാ ഘടകപദ്ധതി ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് അനുയോജ്യമായ തരത്തിൽ വകയിരുത്തുന്നതാണെന്ന് ബോധിപ്പിക്കുന്നു. **മുന്നിലവ് ഗ്രാമപഞ്ചായത്ത്** വനിതകൾ കുടുംബനാഥയായവർക്കുള്ള ഭവന നിർമ്മാണം എന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. സ്ത്രീ കുടുംബനാഥയായുള്ള നിരാലംബരായ ഗുണഭോക്തൃക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കാനുള്ള സാഹചര്യം ഉണ്ടായത്. ഓഡിറ്റ് പരാമർശം ഉൾകൊണ്ട കൊണ്ട് സ്ത്രീകൾക്കു മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്. **വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്** തുടർന്നു വരുന്ന വർഷങ്ങളിൽ വനിതാ ഘടകപദ്ധതി ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് അനുയോജ്യമായ തരത്തിൽ വകയിരുത്തുന്നതാണെന്നും അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ആയത് 100 ശതമാനം ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു.

മുത്തോലി ഗ്രാമപഞ്ചായത്ത്

2015-16, 2016-17 വർഷങ്ങളിൽ പദ്ധതി ഏറ്റെടുത്തിരുന്നു. എന്നാൽ ടി കാലയളവിൽ ഗുണഭോക്താക്കളുടെ നിസ്സഹകരണം മൂലം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് പദ്ധതി പ്രവർത്തനം നടത്തുന്നതാണ്.

മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ വനിതാ ഘടകപദ്ധതിയിൽ അംഗൻവാടി പോഷകാഹാര പരിപാടി ഉൾപ്പെടുത്തിയിരുന്നെങ്കിലും സ്ത്രീകൾക്കായി വകയിരുത്തേണ്ട പത്തു ശതമാനം തുകയിലും അധികമാണ് വകയിരുത്തിരിക്കുന്നത്. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് വനിതാ ഘടകപദ്ധതിയ്ക്ക് കീഴിൽ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് നിർബന്ധിത വകയിരുത്തലായ 10% തുക വകയിരുത്തിയിരുന്നത്. ഇതിൽ അധികരിച്ചു വരുന്ന തുകയാണ് നേരിട്ട് വനിതകൾക്ക് പ്രയോജനം ലഭിക്കാത്ത പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പരാമർശിത വർഷങ്ങളിൽ വനിതാ ഘടക പദ്ധതികളിൽ വകയിരുത്തിയിരുന്ന തുക വനിതകൾക്ക് ഗുണപ്രദമായ രീതിയിൽ തന്നെയാണ് ചെലവഴിച്ചിട്ടുള്ളത്.

നെന്മേനി ഗ്രാമപഞ്ചായത്ത്

തുടർന്നു വരുന്ന വർഷങ്ങളിൽ വനിതാ ഘടകപദ്ധതി ഫണ്ടുകൾ മാർഗ്ഗരേഖയ്ക്ക് അനുയോജ്യമായ തരത്തിൽ വകയിരുത്തുന്നതാണെന്നും

അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ആയത് 100 ശതമാനം ചെലവഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു.

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഉള്ള്യേരി നഗരസഭ

2014-15 സാമ്പത്തിക വർഷം ഒഴികെ 10% ൽ അധികം തുക വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

വനിതാ ഘടക പദ്ധതിക്കായി വകയിരുത്തിയ ഫണ്ട്

2012-13	10.6%
2013-14	12.68%
2014-15	7%
2015-16	10%
2016-17	14.43%

തലശ്ശേരി നഗരസഭ

തലശ്ശേരി നഗരസഭയുടെ 2012-13 വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതം പ്ലാൻ (ജനറൽ) 53048582/- രൂപയും വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയത് 5439001/- രൂപയുമാണ്. (പ്ലാൻ ഫണ്ട് ജനറൽ 10.25%) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ 14 എണ്ണമാണ് ഇതിൽ മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം എന്ന പ്രോജക്ടിന് തനത് ഫണ്ടിൽ 40 ലക്ഷം രൂപയാണ്

			വകയിരുത്തിയിട്ടുള്ളത്. ടി പ്രോജക്ടുകൾ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ വനിതാ വിഭാഗത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന രീതിയിൽ പ്രൊജക്ടിൽ വിശദീകരിച്ചിട്ടുണ്ട്. ഈ ന്യൂനത വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ വരാതെ ശ്രദ്ധിക്കുന്നതാണ്. 2013-14 സാമ്പത്തിക വർഷം ബജറ്റ് വിഹിതം പ്ലാൻ (ജനറൽ) 66267852/- രൂപയും വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയത് 5363795/- രൂപയുമാണ്. (8.09%). ഇതിൽ അംഗനവാടി വർക്കർ, ഹെൽപ്പർ ഹോണറേറിയം, പിന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള ഉന്നമനം ലക്ഷ്യമാക്കിയുള്ള ചിറ്റമ്മൽ കോളനിയിൽ പരീക്ഷാ പരിശീലന കേന്ദ്രം സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നു. 2014-15-ലെ തലശ്ശേരി നഗരസഭയുടെ പ്ലാൻ ഫണ്ട് വിഹിതം 74759001/- രൂപയാണ്. വനിതാ ഘടക പദ്ധതിയിൽ വകിയിരുത്തിയ തുക 13867166/- രൂപയുമാണ്. (18.55) എസ്.എസ്.എ. യുള്ള നഗരസഭാ വിഹിതം, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് വിതരണം ഇവ ഗുണഭോക്താക്കൾ കൂടുതലും വനിതകളായതിനാലാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 2015-16 സാമ്പത്തിക വർഷം പ്ലാൻ ജനറൽ ബഡ്ജറ്റ് വിഹിതം 85579158/- രൂപയും വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയത് 14206411/- രൂപയുമാണ്. (16.60%) ഇതിൽ അമ്മയും കുഞ്ഞും

487

			ആശുപത്രിക്കുള്ള നഗരസഭാ വിഹിതം ആംഗനവാടി പോഷകാഹാരം, അംഗനവാടി വർക്കർ, ഹെൽപ്പർ ഹോണറേറിയം ഇവയുടെ ഗുണഭോക്താക്കളായി വരുന്നവരിൽ ഏറിയ പങ്കും വനിതകളായതിനാലാണ് ഈ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പ്ലാൻ ജനറൽ ഇനത്തിൽ 67298102/- രൂപയും വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയത് 7545234/- രൂപയുമാണ് (11.21%). പദ്ധതികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ടെണ്ടർ നടപടികൾ ഇവയിൽ നേരിട്ട കാലതാമസം ഫണ്ട് വിനിയോഗത്തിൽ കുറവ് വരുന്നതിന് ഇടയാക്കിയിട്ടുണ്ട്. ആയത് വരും വർഷങ്ങളിൽ പരിഹരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. **<u>കൊച്ചി നഗരസഭ</u>** വനിതാ ഘടക പദ്ധതിയിൽ സർക്കാർ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഡി.പി.സി വാലിഡേഷൻ നൽകുന്നത് പ്രകാരമുള്ള ഫണ്ട് നഗരസഭ വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ ഫണ്ട് വിനിയോഗത്തിൽ കുറവ് വന്നിട്ടുള്ളതാണ്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ പലപ്പോഴും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് ഗുണഭോക്താക്കളുടെ ലഭ്യതക്കുറവ് കാരണമാണ്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖകളിലും പ്രതിപാദിക്കുന്ന മുൻഗണന/അർഹതാ മാനദണ്ഡങ്ങൾ പ്രകാരം

			ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കൊച്ചി പോലുള്ള നഗരസഭാ പ്രദേശത്ത് പൂർണ്ണ രീതിയിൽ നടപ്പാക്കാൻ സാധിക്കാതെ വരുന്നത് പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. **ഷൊർണ്ണൂർ നഗരസഭ** വാർഡുസഭകളിൽ കൂടുതൽ വനിതാ പ്രതിനിധികളാണ് പങ്കെടുക്കാറുള്ളത്. വനിതാ ജനപങ്കാളിത്തമുള്ള വാർഡുസഭകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വികസന സെമിനാറിൽ അവതരിപ്പിച്ചാണ് പദ്ധതികൾ തയ്യാറാക്കുന്നത്. പിന്നീട് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതികൾ നൽകുകയും ആയത് നടപ്പിലാക്കുകയും ചെയ്യുന്നു. വനിതാ പദ്ധതികൾ തയ്യാറാക്കുമെങ്കിലും, അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിലും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ടുകളിൽ ആയതിലുള്ള സാങ്കേതിക തടസ്സങ്ങൾ അനുഭവപ്പെടുന്നതിലൂടെയും, തുക ചെലവഴിക്കുന്നതിന് കഴിയാതെ വരാറുണ്ട്. എങ്കിലും ഈ അവസ്ഥ മറികടക്കുന്നതിനും, പദ്ധതി തുക മുഴുവൻ വിനിയോഗിക്കുന്നതിനും നഗരസഭ തുടർന്ന് മുൻകൈ എടുക്കുന്നതാണ്. ഇതിന്റെ ഭാഗമായി കൂടുതൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. **പത്തനംതിട്ട നഗരസഭ** വനിതകളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും വനിതകളുടെയും

			കുട്ടികളുടെയും സമഗ്ര വികസനത്തിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നതാണെന്ന് ബോധിപ്പിക്കുന്നു. **പിറവം നഗരസഭ** ഓഡിറ്റ് പരാമർശ പ്രകാരം ആകെ വികസന ഫണ്ടിന്റെ 7.78% തുകയാണ് നഗരസഭ വനിതാ ഘടക പദ്ധതിക്കായി 2016-17 വർഷം വകയിരുത്തിയിട്ടുള്ളത്. 2012-17 പഞ്ചവത്സര പദ്ധതിയിൽ 2016-17 മാത്രമാണ് നഗരസഭ രൂപീകൃതമായതിനു ശേഷം തയ്യാറാക്കിയിട്ടുള്ളത്. 01.11.2015 ലാണ് നഗരസഭ രൂപീകൃതമായത്. സ്റ്റാഫുകളുടെ പുനർവിന്യാസം മൂലവും പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം മൂലവും വകയിരുത്തിയ 23,76,638/- രൂപയിൽ (സ്പിൽ ഓവർ ഉൾപ്പെടെ) 5 പ്രോജക്ടുകൾക്കായി 1,80,000/- മാത്രമാണ് ചെലവഴിക്കുന്നതിന് സാധിച്ചിട്ടുള്ളൂ. ഏറ്റെടുത്ത പ്രവൃത്തികളിൽ സ്പിൽ ഓവറായ വിധവ ഭവന നിർമ്മാണം ഒഴികെ മറ്റുള്ളവ ടെണ്ടർ നടപടികൾ വേണ്ട പ്രോജക്ടുകളാകയാൽ ടി വർഷം തുക ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്. **തിരുവനന്തപുരം കോർപ്പറേഷൻ** തിരുവനന്തപുരം നഗരസഭ-ജനകീയാസൂത്രണ പദ്ധതി പ്രകാരം 2012-13 to 2016-17 വരെയുള്ള 5 വർഷങ്ങളിലായി വനിതാ ഘടക പദ്ധതികൾക്കായി വാർഡുകളിലെ വാർഡുസഭകൾ കൂടുകയും ലഭ്യമായ

			നിർദ്ദേശങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്ത് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ കൗൺസിലിന്റെ അനുമതിയോടുകൂടി 316 പ്രോജക്ടുകൾക്കായി 1081653833/- രൂപ വകയിരുത്തിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ ടി പദ്ധതികൾ നിർവ്വഹണം നടത്തുകയും ആയത് പ്രകാരം 209910967/- രൂപ ചെലവായിട്ടുമുണ്ട്. ടി കാലങ്ങളിൽ നഗരസഭ സർക്കാർ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരമാണ് പദ്ധതികൾ തയ്യാറാക്കിയത്. എന്നാലും 100 വാർഡുകളിലായി ഏറ്റെടുക്കുന്ന പദ്ധതികളിൽ കുറെയൊക്കെ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ ബഹു. സർക്കാർ അനുവദിച്ച റിവിഷൻ സമയങ്ങളിൽ നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഒഴിവാക്കി മറ്റ് വനിതാ പദ്ധതികൾ പുതുതായി ഉൾപ്പെടുത്തി പ്രവൃത്തി നടത്തുകയും ആയതു കാരണം അതാത് സാമ്പത്തിക വർഷം എല്ലാ പദ്ധതികളും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതും ടി പദ്ധതികൾ സ്പിൽ ഓവർ ആയി തുടർ വർഷങ്ങളിൽ (2017-22) നിശ്ചിത മാർഗ്ഗരേഖ പ്രകാരം വകയിരുത്തിയിട്ടുണ്ട്. 10% ഇതു വനിതാ ഘടക പദ്ധതികൾക്ക് മാത്രമായി മാറ്റിവച്ച് പുതിയ പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹണം നടത്തി വരുന്നതാണ്.

276

പ്രസ്തുത ഓഡിറ്റ് ബണ്ഡികയ്യ് ഗ്രാമവികസന കമ്മിഷണർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്

വനിതാ ഘടക പദ്ധതിയ്ക്ക് വേണ്ടി നിശ്ചിത ശതമാനം തുക നീക്കി വയ്ക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. വനിതാ ഘടക പദ്ധതിയ്ക്ക് വേണ്ടി മൊത്തം പദ്ധതി അടങ്കലിന്റെ 10% ഇപ്പോൾ നീക്കിവച്ച് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ വനിതാ ഘടകപദ്ധതിയ്ക്കായി 120.52 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 63.02 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ വനിതാ ഘടക പദ്ധതിയ്ക്കായി 77.12 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 48.79 ലക്ഷം വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

2012-13 മുതൽ 2016-17 വരെയുള്ള അഞ്ച് വർഷകാലയളവിൽ വനിതാ ഘടക പദ്ധതിയിലെ വകയിരുത്തലും ചെലവ് ശതമാനവുമാണ് ഓഡിറ്റിന് വിധേയമാക്കപ്പെട്ടത്. പ്രസ്തുത 5 വർഷവും ഈ മേഖലയിലെ ചെലവ് 90% നും മുകളിലാണ്. പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദനീയമായ മേഖലകളിൽ വനിതാ വികസന മേഖലകളിൽ റിവോൾവിംഗ്

			ഫണ്ട് നൽകൽ, മത്സ്യതൊഴിലാളി മേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾ, ചെറുകിട വ്യവസായ മേഖലയിൽ ആട്ടുവളർത്തൽ, ക്ഷീര മേഖലയിൽ പാലിനു സബ്സിഡി ഇടങ്ങിയവയാണ് പൊതുവായി ഈ മേഖലയിൽ എടുക്കുന്ന പദ്ധതികൾ. പദ്ധതി നിർവ്വഹണ മാനദണ്ഡ പ്രകാരം 10% തുക മാത്രമാണ് വനിതാ മേഖലയിൽ വകയിരുത്തേണ്ടതെങ്കിലും അതിനേക്കാൾ കൂടുതൽ തുക പ്രസ്തുത വർഷങ്ങളിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട്, ജൈവ പച്ചക്കറി കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ പദ്ധതികൾ ബാങ്ക് വായ്പാബന്ധിതമായതിനാൽ നടപടികൾ പൂർത്തീകരിച്ച് സാമ്പത്തിക വർഷവസാനം പദ്ധതി വിഹിത വിനിയോഗം 100%- ൽ എത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷത്തിന്റെ ആദ്യപാദങ്ങളിൽ തന്നെ തുക ചെലവഴിച്ച് നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. **കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്** കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ 2012-17 കാലയളവിൽ വനിതാ ഘടക പദ്ധതിയിൽ 10% തുക വകയിരുത്തിയിരുന്നു. എന്നാൽ മേൽ കാലയളവിൽ ചെലവ് ശതമാനം 2016-17 വർഷത്തിൽ ഒഴികെ ശരാശരി 45% ഉണ്ടായിരുന്നു. അവയിൽ യഥാർത്ഥത്തിൽ വനിതകൾക്ക് പ്രയോജനമുള്ള പദ്ധതികളുടെ ചെലവ് ശതമാനം

			ഇലോം കുറവായിരുന്നു. വനിതാ സമുച്ചയ കെട്ടിട നിർമ്മാണ പദ്ധതികളായിരുന്ന ഭൂരിഭാഗവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് വളരെയേറെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാക്കി. ടെണ്ടർ റീ -ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുൺ പ്രവൃത്തികൾ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയിലായിരുന്നു. പ്രതികൂല കാലാവസ്ഥയും കെട്ടിട നിർമ്മാണങ്ങളെ സ്വാധീനിച്ചു. മേൽ സാഹചര്യത്തിലാണ് ചെലവ് ശതമാനം വളരെ കുറയാൻ ഇടയായത്. 2018-19 സാമ്പത്തിക വർഷത്തിൽ വനിത ഘടക പദ്ധതിയിൽ 29.6% ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതുവരെ 49% തുക ചെലഴിച്ചു. ഈ സാമ്പത്തിക വർഷത്തിൽ മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. **<u>തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്</u>** തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് കാലയളവായ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, വനിതാ ഘടക പദ്ധതിയിൽ 2012-13 പദ്ധതി വർഷം ഒഴികെ തുടർന്നെല്ലാ വർഷങ്ങളിലും നിർദ്ദിഷ്ട 10% തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് ശതമാനം കുറവായിരുന്നു. വനിതാ ശാക്തീകരണ കെട്ടിട നിർമ്മാണ പദ്ധതികളായിരുന്ന ഭൂരിഭാഗവും. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് കാരണം പ്രോജക്ടുൾ

			നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായി. ടെണ്ടർ, റി-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പ്രവൃത്തികൾ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയിലായിരുന്നു. പ്രതികൂല കാലാവസ്ഥയും, കെട്ടിട നിർമ്മാണങ്ങളെ സ്വാധീനിച്ചു. മേൽ സാഹചര്യത്തിലാണ് ചെലവ് ശതമാനം വളരെ കുറയാൻ ഇടയായത്. അത് കൂടാതെ ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിക്ക് വിഹിതം നൽകൽ പ്രോജക്ടുകൾ 2013-14,2014-15, 2015-16 കാലയളവിൽ ഏറ്റെടുത്തെങ്കിലും തത് പദ്ധതികൾ വനിതാ ഘടക പദ്ധതിയായി സി ആന്റ് എ ജി പരിഗണിക്കാത്തതിനാൽ, ഓഡിറ്റ് റിപ്പോർട്ടിൽ, വനിത ഘടക പദ്ധതി ചിലവ് ശതമാനം കുറയാനിടയായി. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതികൾ സ്ത്രീകൾക്കു പ്രത്യേകിച്ചും നിരാലംബരും, വിധവകളും ആയ സ്ത്രീകൾക്കു മുൻഗണന നൽകിക്കൊണ്ടാണ് നടപ്പിലാക്കിയത്. 2017-18 , 2018-19 സാമ്പത്തിക വർഷങ്ങളിൽ വനിതാ ഘടക പദ്ധതിയിൽ നിർദ്ദിഷ്ട തുക വകയിരുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. **<u>ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>** ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിന്റെ നിർദ്ദിഷ്ട 10 ശതമാനം തുക വനിതാ ഘടക പദ്ധതികൾക്കായി വകയിരുത്താറുണ്ടെന്നും ഈ ഫണ്ടുകൾ സ്ത്രീകൾക്ക് മാത്രം നേരിട്ടു പ്രയോജനം

			ലഭിക്കുന്ന പദ്ധതികൾക്കായി വിനിയോഗിക്കുന്നതാണെന്നും അറിയിക്കുന്നു. സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ, സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന തൊഴിലധിഷ്ഠിത പരിശീലനം, വൈദ്യ പരിശോധനാ ക്യാമ്പുകൾ, വിധവകൾക്കായി ഭവന നിർമ്മാണം എന്നിങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. **<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>** ജനകീയാസൂത്രണ പദ്ധതി രൂപീകരണത്തിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ പ്രകാരം നിശ്ചിത നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷമാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി രൂപീകരിച്ചിരിക്കുന്നത്. വനിതാ ഘടക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് നിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് ബന്ധപ്പെട്ട് മേഖലയിൽ നിന്ന് ലഭ്യമായ ഔദ്യോഗിക വിശദാംശങ്ങൾ പരിഗണിച്ച് പുതുക്കിയ ശേഷം, വനിതാ മേഖലയിലെ ആവശ്യകതകൾ വിലയിരുത്തിയ ശേഷമാണ് കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. ജില്ലാ പഞ്ചായത്ത് അഭിസംബോധന ചെയ്യേണ്ട വിഷയങ്ങളെ യഥാവിധി പരിഗണിച്ച ശേഷമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത്. വനിതാ ഘടക പദ്ധതിയുടെ നിർബന്ധിത വകയിരുത്തൽ പൂർണ്ണമായ ശേഷം മാത്രമാണ് സുലേഖ സോഫ്റ്റ്

265

			വെയറിൽ വാലിഡേഷൻ ലഭ്യമാകുന്നത്. കൂടാതെ പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി കാലാകാലങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ അവലോകനം നടത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. **കോട്ടയം ജില്ലാ പഞ്ചായത്ത്** സി.ആന്റ് എ.ജി. ഓഡിറ്റ് നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ മാർഗ്ഗരേഖ കൃത്യമായി പാലിച്ചുകൊണ്ടും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ശ്രമിച്ചുവരികയാണ്. 2012-17 പദ്ധതി ആസൂത്രണത്തിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പറ്റാത്ത പദ്ധതികൾ ഉൾപ്പെടുത്തിയത് സംബന്ധിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തി ഉടർ വർഷങ്ങളിൽ ഇത്തരം പിഴവുകൾ സംഭവിച്ചിട്ടില്ലാത്തതാണ്. **പാലക്കാട് ജില്ലാ പഞ്ചായത്ത്** പാലക്കാട് ജില്ലാ പഞ്ചായത്ത് വനിതാ ഘടക പദ്ധതി എന്ന ഉപമേഖലയിലെ ഫണ്ടിന്റെ വകയിരുത്തലിൽ വളരെ ഗൗരവമായിക്കണ്ട് പദ്ധതി നിർദ്ദേശത്തിലെ 10% തുക നീക്കിവെക്കണമെന്ന

			പരിധി നോക്കാതെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.(ഉദാ:- 2012-13 - 12.22 %, 2014-15 - 24.23%) വനിത ഘടക പദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യക്തതയും, ഡിപിസി അംഗീകാരം നൽകുന്നതിലെ കാര്യക്ഷമതയും ഒരു പരിധി വരെ ടി മേഖലയിലെ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് സഹായകമായിട്ടുള്ള വിവരവും ബോധിപ്പിക്കുന്നു. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന മുഴുവൻ പദ്ധതികളുടെയും പൂർത്തീകരണം/ ലക്ഷ്യപ്രാപ്തി ഉറപ്പാക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. **<u>കൊല്ലം ജില്ലാ പഞ്ചായത്ത്</u>** കേരള സർക്കാരിന്റെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) നിർവ്വഹണവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ പഞ്ചായത്ത് 2012-13, 2013-14, 2014-15, വർഷങ്ങളിൽ വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട നിർദ്ദിഷ്ട 10 ശതമാനം തുക വകയിരുത്തിയാണ് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുള്ളത്. എന്നാൽ നിർവ്വഹണം നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന പദ്ധതികൾ പിന്നീട് കണ്ടെത്തുകയും

			ഭേദഗതി ചെയ്ത് ഒഴിവാക്കുകയും ചെയ്തിരുന്നു. ആയതിനാൽ വർഷാന്ത്യത്തിൽ നിർദ്ദിഷ്ട ശതമാനം വിഹിതം വനിതാ ഘടക പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞില്ല. 2015-16, 2016-17 വർഷങ്ങളിൽ നിർദ്ദിഷ്ട ശതമാനം വകയിരുത്തിയിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്തിന് മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമല്ലാത്തതിനാൽ നിർദ്ദിഷ്ട ശതമാനം നിലനിർത്തുന്നതിനായി അനിവാര്യ പദ്ധതികളിലെ വനിതാ ഘടക പദ്ധതികൾ കൂടി നിർദ്ദിഷ്ട ശതമാനത്തിൽ ഉൾപ്പെടുത്തിയാണ് ടി വർഷങ്ങളിൽ പദ്ധതി നിർവ്വഹണം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ ആത്യന്തികമായി വനിതകൾക്ക് ഗുണം ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ളത്.
2	3.1.8.1	3.18 ആസൂത്രണം **3.1.8.1വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികളുടെ രൂപീകരണത്തിലെ ന്യൂനതകൾ** തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതും സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക നിലവാരം ഉയർത്തുന്നതുമായ പദ്ധതികൾ മാത്രമേ വനിത ഘടക പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താവൂ എന്ന് കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. പദ്ധതി ആസൂത്രണ പ്രക്രിയയിലെ കുറവുകൾ സ്ത്രീകൾക്ക് പ്രയോജനമുള്ള പദ്ധതികൾ കണ്ടെത്താതിരിക്കുന്നതിനും അർഹമല്ലാത്ത പദ്ധതികൾ	ആഡിറ്റ് പരാമർശമനുസരിച്ച് ഭാവിയിൽ വനിതാ ഘടകപദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൻഡർ ബഡ്ജറ്റിംഗും ജൻഡർ അനാലിസിസും നിർബന്ധമായും നടപ്പിലാക്കുന്നതാണെന്നും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായും ചേരുന്നതാണെന്നും ലാക്ഷണിക പരിശോധന നടന്ന ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ അറിയിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് നഗരകാര്യ

ഉൾപ്പെടുത്തുന്നതിനും, വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

(എ) ജെൻഡർ ബജറ്റ് തയ്യാറാക്കാതിരിക്കൽ

ജെൻഡർ ബജറ്റിംഗ് (ജിബി) സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും, സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറിയും (2012 ഒക്ടോബർ) സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം സെക്രട്ടറിയും (2013 ഫെബ്രുവരി) സംസ്ഥാനചീഫ് സെക്രട്ടറിമാരോട് ആവർത്തിച്ച് ആവശ്യപ്പെട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും പാലിക്കേണ്ടുന്ന നിർദ്ദേശങ്ങളിൽ, എല്ലാ വകുപ്പുകളും, മുനിസിപ്പൽ സ്ഥാപനങ്ങളും, ജില്ലാ പഞ്ചായത്തുകളും ജെൻഡർ ബജറ്റിംഗ് സ്വീകരിച്ചതായ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിക്കൽ, ജെൻഡർ ബജറ്റിംഗ് സെല്ലിന്റെ രൂപീകരണം മുതലായവ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിരുന്നില്ല. ജെൻഡർ ബജറ്റിംഗ് തയ്യാറാക്കുന്നതിനുള്ള ഒരു പ്രധാന ആസൂത്രണ ഉപകരണമാണ് ജെൻഡർ വിശകലനം. ജെൻഡർ തരംതിരിച്ചുള്ള വിവരങ്ങൾ ജെൻഡർ വിശകലനത്തിന് ആവശ്യമായ വസ്തുതകൾ നൽകുന്നു.

2012-17 കാലയളവിൽ ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു ജെൻഡർ വിശകലനം നടത്തുകയോ ജെൻഡർ സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. എന്തെന്നാൽ ജെൻഡർ തിരിച്ചുള്ള വിവരങ്ങൾ അവർ സൂക്ഷിച്ചിരുന്നില്ല. ജെൻഡർ ബജറ്റിംഗ് സെൽ (ജിബിസി) ഇതുവരെ (2017 ഒക്ടോബർ) തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ചിട്ടില്ല എന്നും നിരീക്ഷിച്ചു. അതിനാൽ. ജെൻഡർ അനുകൂല പദ്ധതികൾ നടപ്പാക്കാനുള്ള ബജറ്റ് വിഹിതം ഉറപ്പാക്കുന്നതിനും ജെൻഡർ ബജറ്റിംഗ് സെൽ രൂപീകരിക്കുന്നതിനും ഡയറക്ടർ ലക്ഷ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

കൊച്ചി കോർപ്പറേഷൻ

നഗരസഭയുടെ 12-ാം പഞ്ചവത്സര പദ്ധതി രൂപീകരണ വേളയിൽ ഓരോ മേഖലയിലും തെരഞ്ഞെടുക്കപ്പെട്ട അംഗം ചെയർപേഴ്സണായി ഓരോ ഉപമേഖലയും പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും, ഇത്തരത്തിൽ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയുടെ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പദ്ധതി രൂപീകരണ സമയത്ത് കൃത്യമായി വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ച് ചേർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതാണെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളിലെ പങ്കാളിത്തം പലപ്പോഴും കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. 12-ാം പഞ്ചവത്സര പദ്ധതിയിലെ 2015-16, 2016-17 വർഷം ഒഴികെയുള്ള വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി കൂടുന്നതിന് സാധിച്ചിട്ടുണ്ട്. നഗരസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് വർഷവും ഇടർ വർഷവുമാണ് കൃത്യമായി ചേരുന്നതിന് കുറവ് വന്നിട്ടുള്ളത്. ആയത് പരിഹരിച്ച് ഇടർ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

തിരുവനന്തപുരം കോർപ്പറേഷൻ

ഓഡിറ്റ് നിർദ്ദേശ പ്രകാരം പരിശോധിച്ചതിൽ ജെൻഡർ ബഡ്ജറ്റ് തിരിച്ചുള്ള ഡാറ്റ എന്നിവ

വകയിരുത്തലുകൾ പര്യാപ്തമായിരുന്നോ എന്നും ഉദ്ദേശിച്ചതുപോലെ പണം യഥാർത്ഥമായി ചെലവഴിച്ചോ എന്നും, ആർക്ക് എന്തൊക്കെ പ്രയോജനങ്ങളാണ് നൽകിയത് എന്നും കൂടുതൽ ജെൻഡർ സമത്വം പ്രോത്സാഹിപ്പിക്കുകയും കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യം നേടിയോ എന്നും വിലയിരുത്തുവാനും മേൽ നിരീക്ഷിക്കാനും കേരള സർക്കാരിന് കഴിഞ്ഞിരുന്നില്ല. ഇത് ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യ വികസനം, പരിശീലനം, ശുചിത്വ പരിപാലനം, സാമൂഹ്യ സുരക്ഷാ ഭവന നിർമ്മാണം മുതലായ ഉപമേഖലകളിൽ സ്ത്രീകൾക്ക് ശാക്തീകരണം നൽകുക എന്നതുമായി ബന്ധപ്പെട്ട പദ്ധതികളുടെ/ പരിപാടികളുടെ അനുചിതമായ ആസൂത്രണത്തിനും നടപ്പാക്കലിനും ഇടയായി.

ജെൻഡർ ബജറ്റിംഗിനെ കുറിച്ചുള്ള നിരീക്ഷണം ഗ്രാമീണ മേഖലയിലെ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒഴിവാക്കാനാവാത്തതും മർമ്മ പ്രധാനവിഷയമാണെന്നും കേരള സർക്കാർ പറഞ്ഞു (2018 ജനുവരി). ഭാവിയിൽ ജെൻഡർ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുമെന്നും കൂട്ടിചേർത്തു.

ശുപാർശ 1

സ്ത്രീകളുടെ സാമ്പത്തിക സാമൂഹ്യ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനും അതിനനുസരണമായി പദ്ധതികൾക്ക് രൂപം നൽകുന്നതിനും ജെൻഡർ വിശകലനം, ജെൻഡർ ബജറ്റിംഗ് എന്നീ നടപടികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവലംബിക്കാവുന്നതാണ്.

(ബി) പ്രത്യേക ഗ്രാമസഭാ / വാർഡ് സഭാ യോഗങ്ങൾ വിളിച്ചു കൂട്ടൽ

ജനങ്ങൾക്ക അവരുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ ഉന്നയിക്കുന്നതിനും/നിർദ്ദേശിക്കുന്നതിനും, ഇതിനകം നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ചർച്ച ചെയ്യുന്നതിനും, വികസന നടപടികൾക്ക മുൻഗണന നിശ്ചയിക്കുന്നതിനും ഉള്ള വേദിയാണ്. ഗ്രാമ

തയ്യാറാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എന്നാൽ 2017-22 വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കിയപ്പോൾ വാർഡ് സഭ കൂടിയതിൽ തന്നെ വനിതകളുടെ പ്രത്യേക കണക്കെടുത്ത് വനിതകൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിന്റെ ഭാഗമായി ജെൻഡർ റിസോഴ്സ് സെന്റർ എന്ന പദ്ധതി ഡി.പി.സി അംഗീകാരം വാങ്ങി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

പിറവം മുനിസിപ്പാലിറ്റി

നഗരസഭ രൂപീകൃതമായതിനുശേഷം വനിതാ വികസന പദ്ധതി മോണിട്ടറിംഗിനായി 2015-16, 2016-17 വാർഷിക പദ്ധതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളതാണ്. പഞ്ചായത്തായിരുന്ന കാലയളവിലെ രേഖകൾ ലഭ്യമല്ലാതിരുന്നത് മൂലമാണ് മുൻ വർഷങ്ങളിലെ രേഖകൾ ഓഡിറ്റ് പരിശോധനക്കായി നൽകാൻ കഴിയാതിരുന്നത്. നഗരസഭ 2016-17 കാലയളവിൽ ഉൽപാദന മേഖലയിൽ പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ് ഏറ്റെടുത്ത 5 പ്രോജക്ടുകളിൽ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ഫീഡിംഗ് റൂം, രണ്ട് ആയുർവേദ ആശുപത്രികളിലായി വനിതാ തെറാപ്പി സെന്റർ, വനിതാ വാർഡ് നിർമ്മാണം എന്നിവ സേവന മേഖലയിൽ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുള്ളതും ബസ് സ്റ്റാന്റിൽ ഫീഡിംഗ് റൂം വനിതകൾക്ക് ഉറന്നു

		സഭ/ വാർഡ് സഭ(ജിഎസ്/ഡബ്ല്യുഎസ്) സ്ത്രീകളും, സമൂഹത്തിലെ മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും, ഗ്രാമസഭ/ വാർഡ് സഭ യോഗങ്ങൾക്ക് ഹാജരാകുമ്പോൾ പോലും അവരുടെ പ്രശ്നങ്ങളും വികസന ആവശ്യങ്ങളും ശരിയായി കണ്ടെത്തി പരിഹരിക്കുകയോ വികസന അജൻഡയിലെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയോ ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ, നിർദ്ദിഷ്ട നാല് ഗ്രാമ സഭ/ വാർഡ് സഭ യോഗങ്ങളിൽ ഒരെണ്ണം പ്രത്യേക വിഭാഗക്കാരായ കുട്ടികൾ, സ്ത്രീകൾ, യുവാക്കൾ, വികലാംഗർ, മുതിർന്ന പൗരൻമാർ ഇതുപോലുള്ളവർക്കായി സംഘടിപ്പിക്കണമെന്നും അങ്ങനെയായാൽ പ്രത്യേക വിഭാഗക്കാരുടെ ആവശ്യങ്ങൾക്കായി ഗ്രാമ സഭ/ വാർഡ് സഭകൾക്ക് ഊർജ്ജസ്വലമായ നടപടികൾ എടുക്കാൻ സാധിക്കുമെന്നും, പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ വിഭാഗക്കാരുടെ സജീവ സാന്നിദ്ധ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സാധിക്കുമെന്നും സർക്കാർ നിർദ്ദേശിച്ചു (2013 ജനുവരി). **(സി) <u>വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിക്കൽ</u>** കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട അംഗം ചെയർപേഴ്സണായി വ്യത്യസ്ത ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് (ഡബ്ല്യുജി) രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാറ്റസ് റിപ്പോർട്ടും കരടു പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പദ്ധതി രൂപീകരണം സംബന്ധിച്ച സ്റ്റാന്റിംഗ് കമ്മിറ്റിക്കോ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കോ ഉപദേശം നൽകുക സാദ്ധ്യതാ പദ്ധതികൾ തയ്യാറാക്കുക,	കൊടുത്തിട്ടുള്ളതുമാണ്. **<u>ഷൊർണ്ണൂർ മുനിസിപ്പാലിറ്റി</u>** ഓഡിറ്റ് വർഷങ്ങളിലെ വനിതാഘടക പദ്ധതികൾക്ക് വിവിധ വാർഡുകളിൽ നിന്നുള്ള വനിതാ പ്രതിനിധികളുടെ നിർദ്ദേശപ്രകാരമാണ് രൂപം കൊടുത്തിട്ടുള്ളത്. ഈ നഗരസഭയെ സംബന്ധിച്ച് വാർഡുസഭകളിൽ പങ്കെടുക്കുന്നവരിൽ വനിതാ പ്രാതിനിധ്യം വളരെ കൂടുതലാണ്. പദ്ധതികൾ തയ്യാറാക്കുന്നതിൽ വനിതകൾ പ്രമുഖമായ പങ്കാണ് വഹിക്കുന്നത്. നഗരസഭയിലെ ഭൂരിഭാഗവും സാധാരണക്കാരും, പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുമാണ്. ആയതിനാൽ വ്യക്തിഗത ആനുകൂല്യങ്ങളുടെ വിതരണങ്ങൾക്കാണമ് നഗരസഭ പ്രാധാന്യം കൊടുത്തു വരുന്നത്. ഇത്തരത്തിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് നഗരസഭ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. വനിതാ ഘടക പദ്ധതികൾ രൂപം കൊടുക്കുന്നതിന് കുടുംബശ്രീ ഒരു പ്രധാന പങ്കു വഹിച്ചു വരുന്നുണ്ട്. **<u>തലശ്ശേരി മുനിസിപ്പാലിറ്റി</u>** തലശ്ശേരി നഗരസഭ 2012-17 കാലയളവിൽ വനിത ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പ്രൊജക്ടുകളിൽ ചിലത് നിർവ്വഹണത്തിന്റെ സാധ്യത വിലയിരുത്താതെ തയ്യാറാക്കിയവയായിരുന്നു.

254

പദ്ധതികളുടെ നടപ്പാക്കൽ മേൽ നിരീക്ഷിക്കുക, മുതലായവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ, പദ്ധതി ആസൂത്രണത്തിന്റെ ആദ്യപടി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുക എന്നതാണ്. ആദ്യത്തെ പൊതുയോഗത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, കരട് പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടതും തുടർന്നുള്ള നിരന്തര പ്രവർത്തനങ്ങൾക്കുള്ള ഭാവി പരിപാടിയിൽ എത്തിച്ചേരേണ്ടതുമാണ്. ആവശ്യമുള്ളപ്പോൾ എല്ലാം യോഗങ്ങൾ കൂടണമെന്ന് മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നു.

ലാക്ഷണിക പരിശോധന നടത്തിയ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 9 എണ്ണത്തിൽ 2012-13 മുതൽ 2016-17 കാലയളവിൽ വനിതകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചില വർഷങ്ങളിൽ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 22 എണ്ണത്തിൽ ഒരു യോഗം മാത്രമേ ചില വർഷങ്ങളിൽ നടത്തിയിരുന്നുള്ളൂ (അനുബന്ധം (XII). ഓഡിറ്റ് നടത്തിയ കാലയളവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ നടത്തുന്നതിൽ താത്പര്യം കുറഞ്ഞുവരുന്ന പ്രവണതയും ഓഡിറ്റ് നിരീക്ഷിച്ചു. വർക്കിംഗ് ഗ്രൂപ്പുകളുടെ ഏൽപ്പിച്ചിട്ടുള്ള ഭാരിച്ച ചുമതലകൾ പരിഗണിച്ചാൽ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ശരിയായ ആസൂത്രണത്തിനും നടപ്പാക്കലിനും കൃത്യമായി യോഗങ്ങൾ ചേരേണ്ടത് അത്യാവശ്യമാണ്.

യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്താതിരുന്നത്, വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സാദ്ധ്യത വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തിയിരുന്നില്ല എന്നും ഓഡിറ്റ് കണ്ടെത്തി. തന്മൂലം പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ബന്ധപ്പെട്ട മേഖലയെക്കുറിച്ച് ആവശ്യമായ പഠനം നടത്താതെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള എന്ന് അവ നിർവ്വഹണം പൂർത്തീകരിക്കാൻ കഴിയാതെ വന്ന ഘട്ടത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. (ജൂബിലി കോംപ്ലക്സിലെ വനിതാ റീഡേഴ്സ് സെന്റർ നിർമ്മാണം) മേൽ സൂചിത പ്രൊജക്ടിന്റെ രൂപീകരണ ഘട്ടത്തിൽ പ്രായോഗികമായി വന്ന് പ്പെടാവുന്ന പ്രശ്നങ്ങൾ പരിഗണിക്കാതെയായിരുന്നു പ്രോജക്ട് രൂപീകരിക്കപ്പെട്ടത് (ആർക്കിയോളജി അനുമതി, ഇത്യാദി അനുമതി മുതലായവ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ, കെട്ടിട നിർമ്മാണം അനുബന്ധ പ്രവൃത്തികൾ ഇവയ്ക്കായുള്ള പ്രൊജക്ടുകൾ പലഘട്ടങ്ങളിൽ രൂപീകരിക്കപ്പെട്ടവ ആയതിനാൽ പൂർണ്ണതോതിലുള്ള പൂർത്തീകരണം സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചില്ല. ഇത് പദ്ധതി രൂപീകരണ ഘട്ടത്തിലുള്ള ജാഗ്രതക്കുറവു കൊണ്ട് സംഭവിച്ചതാണ്. ആയത് വരും നാളുകളിൽ രൂപീകരിക്കുന്ന പ്രോജക്ടുകളിൽ വരാതെ ശ്രദ്ധിക്കുന്നതാണ്. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പൊതു കേന്ദ്രമായി മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ വിഭാവനം ചെയ്തിരുന്നു. എന്നാൽ കെട്ടിട നിർമ്മിണം പൂർത്തീകരിക്കപ്പെട്ട ശേഷവും കുടിവെള്ള സൗകര്യം വൈദ്യുതീകരണം ഇവ അവിടെ ഒരുക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേന്ദ്രത്തിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ വരുത്തപ്പെട്ടിരുന്നില്ല. ഇത്തരം

		നിർദ്ദേശങ്ങൾ ഇല്ലാതെയും ആയിരുന്നു എന്ന് ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ വിവരിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ പതിവായി പങ്കെടുക്കാനും പദ്ധതി രൂപീകരണത്തിൽ സജീവമായി ഇടപെടാനും വിമുഖത കാണിക്കുന്നതും, ബന്ധപ്പെട്ട മേഖകളിലെ വിദഗ്ധരുടെ അഭാവവും/യോഗങ്ങളിൽ പങ്കെടുക്കാനുള്ള അത്തരം വിദഗ്ധരുടെ വിമുഖതയും വനിത ഘടക പദ്ധതിയ്ക്ക് കീഴിലെ പദ്ധതികളുടെ ഫലപ്രദമായ രൂപീകരണത്തെ പ്രതികൂലമായി ബാധിച്ചു എന്ന് മൂന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ പറഞ്ഞു. ഓരോ വർക്കിംഗ് ഗ്രൂപ്പായും ബന്ധപ്പെട്ട മേഖലകളെ സംബന്ധിച്ച പദ്ധതി ആഘാത വിലയിരുത്തൽ നടത്തണമെന്നും, പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ സഭ/ വാർഡ് സഭക്ക് മുമ്പാകെ ഹാജരാക്കുന്നതിനായി തദ്ദേശസ്വയംഭരണങ്ങൾക്ക് സമർപ്പിക്കണമെന്നും മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു (2016 ജനുവരി).അങ്ങനെ, ഓരോ വർക്കിംഗ് ഗ്രൂപ്പും നൽകുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രോഡീകരിക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾ (ജിപി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് (ബിപി) സമർപ്പിക്കുകയും, ബ്ലോക്ക് പഞ്ചായത്തുകൾ അവ ജില്ലാ പഞ്ചായത്തുകൾക്ക് (ഡിപി) നൽകുന്നു. എന്നാൽ സബ്ബിഡി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിരുന്ന പദ്ധതി ആഘാത വിലയിരുത്തൽ ലാക്ഷണിക പരിശോധന നടത്തിയ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെയ്തിരുന്നില്ല. ഓഡിറ്റിന്റെ കണ്ടെത്തലുകളോട് കേരള സർക്കാർ യോജിക്കുകയും (2018 ജനുവരി) ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് കർശനമായി പാലിക്കണമെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുമെന്നും മറുപടി പറഞ്ഞു. **ഖണ്ഡിക 2 :**	ന്യൂനതകൾ വരും വർഷങ്ങളിൽ വരാതിരിക്കുവാൻ പദ്ധതി രൂപീകരണ ഘട്ടത്തിൽ പ്രത്യേക വാർഡ് സഭ വിളിച്ചു ചേർക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പിന് നിർദ്ദേശം നൽകുന്നതിനും വിഷയം നഗരസഭ കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. **എ)** ജെൻഡർ ബജറ്റ് തയ്യാറാക്കൽ 2012-17 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ (വനിത ഘടക പദ്ധതി) വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റെയും പൊതു നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു. തലശ്ശേരി നഗരസഭ ജി.ഐ.എസ് മേപ്പിംഗ് നടത്തിയതിന്റെ ഭാഗമായി ഗാർഹിക സ്ഥിതി വിവര കണക്കുകൾ കൂടി എടുത്തിട്ടുണ്ട്. ആയത് പ്രകാരം ജെൻഡർ വിവരങ്ങൾ കൂടി ഭാവിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് സംബന്ധിച്ച് ജെൻഡർ സമത്വം പാലിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. **ബി) <u>പ്രത്യേക വാർഡ് സഭാ യോഗങ്ങൾ വിളിച്ചുകൂട്ടൽ</u>** തലശ്ശേരി നഗരസഭ 2012-17 കാലയളവിൽ പദ്ധതി രൂപീകരണ ഘട്ടത്തിൽ വാർഡ് സഭകൾ വിളിച്ചു ചേർത്ത് നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രത്യേക വാർഡ് സഭകളായി വിളിച്ചു ചേർത്തത് മത്സ്യസഭ ഭിന്നശേഷിക്കാരുടെ വാർഡ് സഭ ഇവയായിരുന്നു. വനിതകളുമായ ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് വരും നാളുകളിൽ

		ഗ്രാമസഭ/ വർക്കിംഗ് ഗ്രൂപ്പ് പോലുള്ള വേദികൾ വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനു വനിതകളെ ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ സജീവമായി ചർച്ച ചെയ്യുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.	പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ വനിതകൾക്കായി പ്രത്യേക വാർഡ് സഭാ യോഗങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. **സി) <u>വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിക്കൽ</u>** തലശ്ശേരി നഗരസഭ 2012-17 കാലയളവി. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ 14 യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. വനിത ഘടക പദ്ധതിക്കു കീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സാധ്യത വിവിധ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ അഭാവം വനിതാ ഘടക പദ്ധതിക്കു കീഴിലെ പദ്ധതികളുടെ ഫലപ്രദമായ രൂപീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വനിതകളെ ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കുന്ന വാർഷിക പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വരും നാളുകളിൽ ശ്രദ്ധിക്കുന്നതാണ്. **<u>പത്തനംതിട്ട മുനിസിപ്പാലിറ്റി</u>** ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ട പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകളിൽ അതാത് വർഷം തന്നെ ഉക	

248

				ചെലവഴിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. നിലവിൽ ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കുന്ന തരത്തിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നുണ്ട്. **<u>ഉള്ളൂപറമ്പ് മുനിസിപ്പാലിറ്റി</u>** 2014-15 മുതൽ നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് കരാട്ടെ പരിശീലനം, ബോധവൽക്കരണ ക്ലാസ്, കൗൺസലിംഗ് എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കുട്ടികളുടെ ബാലസഭ എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. ഓഡിറ്റ് പരാമർശ വിഷയങ്ങൾ 2018-19 മുതൽ വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും, വിശദമായി ചർച്ച ചെയ്യുകയും, വനിതകളുടെ ഉന്നമനത്തിനായി 2018-19 വർഷം താഴെ പറയുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുമുണ്ട്. 3.1.9 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി (പ്രോജക്ട് നം. 66/19). 3.1.10 വനിതകൾക്ക് മുട്ടക്കോഴി വിതരണ പദ്ധതി (പ്രൊജക്ട് നം.83/19). 3.1.11 വനിതാ കോഫീ ബാങ്ക് (പ്രോജക്ട് നം.131/19). 3.1.12 വനിതകൾക്ക് ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് (പ്രൊജക്ട് നം.195/19).

			3.1.13 വനിത ഹോസ്റ്റൽ മെയിന്റനൻസ് (പ്രോജക്ട് നം.5/19)(സേവന മേഖല) 3.1.14 സ്കൂൾ വിദ്യാർത്ഥിനികൾക്ക് കരാട്ടെ, യോഗ, തായ്ക്കോണ്ടോ പരിശീലനം (പ്രോജക്ട് നം.71/19) (സേവന മേഖല) കൂടാതെ പശ്ചാത്തല മേഖലയിലും വനിതകളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കി. തുടർന്ന് 2019-20 വർഷത്തിലും വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. എസ്.സി.പി വിഭാഗത്തിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്തിരുന്നു. എന്നാൽ ഗുണഭോക്താക്കളുടെ നിസ്സഹകരണം കൊണ്ട് പ്രസ്തുത പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാനോ പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ല. കുഞ്ഞുപറമ്പ് നഗരസഭയിൽ 110 കുടുംബം മാത്രമേ എസ്.സി.പി. വിഭാഗത്തിൽ ഉള്ളൂ. അവരിൽ തന്നെ പകുതിയിലേറെ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുമാണ്. ഇതു കാരണം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. എന്നാൽ 2018-19 വർഷം മുതൽ എസ്.സി പ്രൊമോട്ടർമാരെ കൊണ്ട്

			അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് എസ്.സി വിഭാഗം വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. **<u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>** അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ വനിതാ ഘടക പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ആയതിലേക്ക് ആവശ്യമായ തുക എല്ലാ വർഷങ്ങളിലും പദ്ധതിയിൽ ഉൾപ്പെടുത്തുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് 71.76 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 55.66 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് 45.00 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 43.03 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. **<u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>** പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ അനുശാസിക്കും വിധം വനിതാ വികസന മേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഖണ്ഡികയിൽ പരാമർശിക്കുന്ന 2012-13, 2015-16 വർഷങ്ങളിൽ പ്രസ്തുത മേഖലയിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2 വീതം യോഗങ്ങൾ

			നടത്തുകയും നടപടിക്രമങ്ങൾ രേഖപ്പെടുത്തിയിട്ടുമാണ്. ഖണ്ഡികയിലെ നിർദ്ദേശ പ്രകാരം ജെണ്ടർ ബഡ്ജറ്റിന്റെ പ്രാധാന്യം ഉൾക്കൊണ്ട് തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നിർവ്വഹണ നടപടികൾ ആസൂത്രണം ചെയ്യുന്നതാണ്. അതോടൊപ്പം വനിതാ ഘടക പദ്ധതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും കൃത്യമായി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. **<u>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്</u>** കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ തുടർന്നു വരുന്ന വർഷങ്ങളിൽ ജെൻഡർ ബജറ്റിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയിൽ ചർച്ച ചെയ്യുകയും, തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സാമൂഹ്യ ആവശ്യങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗ വനികൾക്ക് പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 49 ലക്ഷം രൂപ 2018-19 വർഷത്തിൽ വകയിരുത്തുകയും, ആയതിൽ 80% തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ വനിതാ ഘടക പദ്ധതിയിൽ വകിയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിക്കുന്നു.

240

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ, സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും, വിശകലനം ചെയ്യുകയും അത് സ്റ്റാറ്റസ് റിപ്പോർട്ടാക്കി പദ്ധതിരേഖയുടെ ഭാഗമാക്കി നിലവിൽ സൂക്ഷിച്ചു വരികയും ചെയ്തുണ്ട്.

നിലവിൽ വാർഷിക ബജറ്റിന്റെ ഭാഗമായി ജെൻഡർ ബജറ്റും ഉൾക്കൊ ള്ളുന്നുണ്ട്. സ്ത്രീകളുടെ സാമൂഹിക സാമ്പത്തീക ആവശ്യങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്.

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങൾ മൊത്തം 12 തവണ കൂടിയിട്ടുണ്ട്. പിന്നീടുള്ള വർഷങ്ങളിൽ വർക്കിങ് ഗ്രൂപ്പുകളെ കൂടുതൽ കാര്യക്ഷമമാക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സ്ത്രീകളുടെ സാമ്പത്തിക സാമൂഹ്യ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനും അതിനനുസരണമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ജെൻഡർ ബജറ്റിംഗ്, ജെൻഡർ വിശകലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജെൻഡർ ഡവലപ്പ്മെന്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിലെ സ്കൂളുകകളിൽ സ്ത്രീശാക്തീകരണ കാമ്പയിനുകൾ

239

			സംഘടിപ്പിക്കുകയും അംഗൻവാടികളിലും തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. സ്ത്രീകൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ വനിതാക്ഷേമ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിക്കുകയും ടോൾ ഫ്രീ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ 18004250187 **<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>** നിലവിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ വാർഷിക ബജറ്റിന്റെ ഭാഗമായി ജന്റർ ബജറ്റിംഗ് ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. വനിതാ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും അതിലേക്കുള്ള വകയിരുത്തലും വിശദമാക്കിക്കൊണ്ടും തന്മൂലം ലഭ്യമാകുന്ന നേട്ടങ്ങളുടെ ഗുണപരവും ഋണപരവുമായ ലക്ഷ്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന രീതി നിലവിൽ ജന്റർ ബജറ്റിന്റെ ഭാഗമായി സ്വീകരിച്ചു വരുന്നുണ്ട്. വരും വർഷങ്ങളിൽ ജന്റർ ബജറ്റിംഗ് മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതാണ്. **<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>** തുടർ വാർഷിക പദ്ധതി ആസൂത്രണത്തിൽ വനിതാ ഘടക പദ്ധതിയിൽ സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക ആവശ്യങ്ങൾ നടത്തുന്നതിനും അതിനനുസരണമായി പദ്ധതികൾക്ക് രൂപം

236

			നല്കുന്നതിനും ജെൻഡർ വിശകലനം, ജെൻഡർ ബജറ്റിംഗ് എന്നീ നടപടികള് അലവംബിക്കുന്നതാണ്. **കൊല്ലം ജില്ലാ പഞ്ചായത്ത്** കേരള സർക്കാരിന്റെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) നിർവ്വഹണവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ പഞ്ചായത്ത് വനിതാ ഘടക പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ആയതിന്റെ യോഗങ്ങൾ ചേരുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച തന്നെയാണ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഓഫീസ് ക്രമീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട ഫയലുകൾ നശിച്ചു പോയതിനാലാണ് ഓഡിറ്റ് വേളയിൽ വർക്കിംഗ് ഗ്രൂപ്പ് യോഗ വിവരം കൃത്യമായി ബോധ്യപ്പെടുത്താൻ കഴിയാതെ പോയിട്ടുള്ളത്. 2016-17 മുതൽ കൃത്യമായി വർക്കിംഗ് ഗ്രൂപ്പ് മിനിട്സും ബന്ധപ്പപ്പെട്ട ഫയലുകളും പരിപാലിച്ചു പോരുന്നുണ്ട്.
3	3.1.8.2	**3.1.8.2 പട്ടികജാതി/ പട്ടികവർഗ്ഗ വനിതകൾക്ക് വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകയിരുത്താതിരിക്കൽ** പട്ടികജാതി (എസ്.സി)/ പട്ടിക വർഗ്ഗ (എസ്.റ്റി) വനിതകൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.സി/ എസ്.റ്റി വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കുന്നതിനായി വനിതാ ഘടക പദ്ധതിയുടെ കീഴിലെ പദ്ധതികൾക്ക് ഫണ്ടുകൾ വകയിരുത്തുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ വിവരിക്കുന്നു. അപ്രകാരം ദുർബ്ബല വിഭാഗങ്ങളിലെ വനിതകൾക്ക് മെച്ചപ്പെട്ട ആരോഗ്യവും ജീവിതനിലവാരവും നിഷേധിക്കപ്പെട്ടു.	**നെന്മേനി ഗ്രാമപഞ്ചായത്ത്** വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ പ്രകാരം 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തേണ്ടത് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആകെ തുക കണക്കാക്കിയാണ്. ആയതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കായി പ്രത്യേകം തുക കണക്കാക്കിയിരുന്നില്ല. മേലിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ പട്ടികവർഗ്ഗ

		2) അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ എസ്.റ്റി. വനിതകൾ ആകെ വനിതകളുടെ 43.12 ശതമാനമായിരുന്നു. എന്നാൽ 2014-15 മുതൽ 2016-17 കാലയളവിൽ എസ്.റ്റി വനിതകളുടെ വികസനത്തിനായി ഫണ്ടുകൾ ഒന്നും തന്നെ വകയിരുത്തിയിരുന്നില്ല.	വിഭാഗത്തിനുള്ള വിഹിതത്തിന് ആനുപാതികമായി പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകൾക്ക് തുക വകയിരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. 2019-20 സാമ്പത്തിക വർഷം 1016000/- രൂപ ടി ഇനത്തിൽ വകയിരുത്തി ഡി പി സി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.
		3) നെന്മേനി ഗ്രാമപഞ്ചായത്തിൽ, എസ്.റ്റി. വനിതകളുടെ ജനസംഖ്യ 67.19 ശതമാനമായിരുന്നു. എന്നാൽ 2012-13, 2015-16, 2016-17 വർഷങ്ങളിൽ എസ്.റ്റി. വനിതകളുടെ നന്മയ്ക്കായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല.	**<u>മുന്നിലവ് ഗ്രാമപഞ്ചായത്ത്</u>** 2014-2015 വർഷക്കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച ഇരുമാപ്ര തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ 4 മുറികളുള്ള കെട്ടിടം തുടർ വർഷങ്ങളിൽ മെയിന്റനൻസ് നടത്തിയിട്ടുള്ളതും നിലവിൽ ടി കെട്ടിടം സേവാഗ്രാം, കുടുംബശ്രീ മീറ്റിംഗ് ഹാൾ, തൊഴിലുറപ്പ് പദ്ധതി സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഇടം എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നതുമാണ്.
		4) പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 9.20 ശതമാനമായിരുന്നു. എന്നാൽ 2012-13 മുതൽ 2015-16 വരെ എസ്.സി വനിതകൾക്ക് ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല. പക്ഷേ 2016-17 ൽ വകയിരുത്തിയ മുഴുവൻ തുകയും (40.16 ശതമാനം) വിനിയോഗിച്ചു. 2012-13 മുതൽ 2015-16 വരെ ഫണ്ടുകൾ വകയിരുത്തിയിരുന്നെങ്കിൽ, അവ ബ്ലോക്ക് പഞ്ചായത്തിലെ എസ്.സി വനിതകളുടെ വിനിയോഗിക്കാമായിരുന്നു.	**<u>പുള്ളൂർ ഗ്രാമപഞ്ചായത്ത്</u>** നിലവിൽ സാമൂഹികമായി ഒറ്റപ്പെട്ട ഇത്തരം വിഭാഗക്കാരുടെയും, അവരിലെ സ്ത്രീകളുടേയും സാമൂഹികവും സാമ്പത്തികവുമായ ഉല്യത ഉറപ്പാക്കുന്ന വിധത്തിലുള്ള പദ്ധതികൾ ആവഷ്കരിച്ചു നടപ്പിൽ വരുത്തുന്നുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട, സാമൂഹികമായി ഒറ്റപ്പെട്ട ജനതയ്ക് ശരിയായ ചികിത്സ സംവിധാനങ്ങൾ, ശുദ്ധമായ കുടിവെള്ളം, പോഷക സമ്പന്നമായ ഭക്ഷണം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതെന്നും ഒറ്റപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾക്കായി അവരവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി മാതൃകാ
		5) മുന്നിലവ് ഗ്രാമപഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 29.88 ശതമാനമായിരുന്നു. 2015-16 ലും 2016-17 ലും എസ്.സി വനിതികളുടെ ക്ഷേമത്തതിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല.	
		6) പുള്ളൂർ ഗ്രാമ പഞ്ചായത്തിൽ, എസ്.സി വനിതകളുടെ ജനസംഖ്യ 28. ശതമാനമായിരുന്നു. എന്നാൽ 2012-13, 2015-16, 2016-17 വർഷങ്ങളിൽ എസ്.സി വനിതകളുടെ വികസനത്തിനായി	

		ഫണ്ടുകൾ ഒന്നും വകയിരുത്തിയിരുന്നില്ല പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനത്തിനായുള്ള വകയിരുത്തലുകളുടെ പര്യാപ്തതയെ സംബന്ധിച്ച ആസൂത്രണം ഇല്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിദൂരങ്ങളിലും ഒറ്റപ്പെട്ട കിടക്കുന്നതുമായ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ആരോഗ്യ രക്ഷയുടെ അഭാവത്തെ കുറിച്ച് കേരള സർക്കാരിന്റെ 2013- ലെ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക നിലവാരത്തെ കുറിച്ചുള്ള റിപ്പോർട്ട് പ്രതിപാദിച്ചിരുന്നു. ഭക്ഷ്യ സുരക്ഷ, ശുചിത്വം, സുരക്ഷിതമായ കുടിവെള്ളം എന്നിവയുടെ അഭാവം, മോശമായ പോഷക ആഹാര വിതരണം, ഉയർന്ന ദാരിദ്ര നിലവാരം സാക്ഷരതയില്ലായ്മ, വിശ്വാസ സമ്പ്രദായവും സാംസ്കാരിക ആചാരങ്ങളും, അനാരോഗ്യകരമായ ജീവിതശൈലി എന്നിവ ഗോത്രവർഗ്ഗക്കാരുടെ മോശമായ ആരോഗ്യനിലവാരം സങ്കീർണ്ണമാക്കുന്നു. പഞ്ചായത്തുകളിലെ ദുർബ്ബല വിഭാഗങ്ങൾക്കിടയിൽ പരിശീലനവും അവബോധ പരിപാടികളും സംഘടിപ്പിക്കുമെന്നും, പട്ടിക വർഗ്ഗ വനിതകൾക്ക് പ്രയോജനം ഉണ്ടാകുന്ന മാതൃകാ വനിതാ ഘടക പദ്ധതികൾ ആവിഷ്കരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അന്തിമ കൂടിക്കാഴ്ചയിൽ പറഞ്ഞു (2018 ജനുവരി). ഓഡിറ്റ് കണ്ടെത്തലുകളോട് കേരള സർക്കാർ യോജിക്കുകയും പട്ടികജാതി/ പട്ടിക വർഗ്ഗ വനിതകൾക്കായി വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ഫണ്ടുകളുടെ നിയമപരമായ വകയിരുത്തലുകൾ ഉറപ്പാക്കാൻ അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും പറഞ്ഞു (2018 ജനുവരി).	പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. **അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്** അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ പട്ടികവർഗ്ഗ വനിതകളുടെ ഉന്നമനത്തിനായി നിലവിൽ ഫണ്ടുകൾ വകയിരുത്തുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. മേൽ വിഭാഗത്തിന്റെ ഉന്നമനത്തിനായി സ്വയം തൊഴിൽ പദ്ധതികളായ ആട് വളർത്തൽ, പശു വളർത്തൽ തുടങ്ങിയ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 9.26 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 5.79 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 15.00 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ 15.00 ലക്ഷവും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. **പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്** പദ്ധതി ആസൂത്രണ വേളയിൽ മൊത്തം വിഹിതത്തിൽ നിന്നും കുറഞ്ഞത് 10% തുക വനിതാ ക്ഷേമത്തിനായി നീക്കി വയ്ക്കാറുണ്ടെങ്കിലും അതിലേക്കായുള്ള വിഹിതം പൂർണ്ണമായും പൊതുവിഭാഗത്തിൽ നിന്നും കണ്ടെത്തുന്ന നടപടിയാണ് നാളിതുവരെ അനുവർത്തിക്കുന്നത്. പട്ടികജാതി മേഖലയിൽ ലഭ്യമാകുന്ന വിഹിതം താരതമ്യേന കുറവാണ്. അതിനാൽ ടി മേഖലയിലെ അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ലഭിക്കുന്ന തുക പട്ടികജാതി മേഖലയിലെ തന്നെ പശ്ചാത്തല/ അടിസ്ഥാന സൗകര്യ വികസന മേഖലയ്ക്ക്

230

			നീക്കിവെക്കേണ്ടി വരുമ്പോൾ വനിതകൾക്ക് മാത്രമായി പദ്ധതികൾ കണ്ടെത്തുന്നതിന് ഫണ്ട് തികയാതെ വരുന്നുണ്ട്. എന്നിരുന്നാലും ഖണ്ഡികയിലെ പരാമർശങ്ങൾ മുഖവിലക്കെടുത്ത് വരും വർഷങ്ങളിൽ ഇപ്രകാരം പട്ടികജാതി വനിതാ മേഖലയിൽ നൂതന പദ്ധതികൾ എടുക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.
4	3.1.9.1(എ)	**3.1.9. നടപ്പാക്കൽ** **3.1.9.1 വനിതാ ഘടകപദ്ധതിയ്ക്ക് കീഴിൽ തയ്യാറാക്കിയ/ നടപ്പാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിശകലനം** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി ഫണ്ടുകൾ വകിയിരുത്തിയിരുന്നത് മൂന്നു മേഖലകൾക്കാണ്- സേവനം, ഉത്പാദനം, അടിസ്ഥാന സൗകര്യം. സേവന മേഖലകളിൽ ഉൾപ്പെട്ടിരുന്നത് വിദ്യാഭ്യാസം, ആരോഗ്യം, മാതൃ ശിശു സംരക്ഷണം, തൊഴിൽ സാമൂഹ്യ ക്ഷേമം മുതലായവയാണ്. ഉത്പാദന മേഖലയിൽ ഉൾപ്പെട്ടിരുന്നത് കൃഷി, മണ്ണും ജലവും സംരക്ഷണം, ജലസേചനം, വ്യവസായം മുതലായവയാണ്. അടിസ്ഥാന സൗകര്യ മേഖലയിൽ ഉൾപ്പെട്ടിരുന്നത് ഊർജ്ജം, ഗതാഗതം, പൊതുകെട്ടിടങ്ങൾ മുതലായവയാണ്. ലാക്ഷണിക പരിശോധന നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതാ ഘടക പദ്ധതി ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും മേഖല തിരിച്ച് വിശകലനം ചെയ്തത് താഴെ വിവരിച്ചിരിക്കുന്നു. **(എ) സേവന മേഖല** 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ, 168.56 കോടി (1,148 പദ്ധതികൾ) വകയിരുത്തിയതിൽ 100.31 കോടി (59.51	**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു** **മുണ്ടക്കയം ഗ്രാമപഞ്ചായത്ത്** മുണ്ടക്കയം ഗ്രാമപഞ്ചായത്ത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ രൂപീകരിച്ച വാർഷിക പദ്ധതികൾ, സർക്കാർ ഉത്തരവു പ്രകാരം വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭകൾ ചേർന്ന്, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച്, പദ്ധതി തയ്യാറാക്കി വെറ്റിംഗ് ഓഫീസർമാർ അംഗീകരിച്ച് ഡിപിസി അംഗീകാരം ലഭ്യമാക്കിയാണ് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയിട്ടുള്ളത്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് പ്രയോജനകരമല്ലാത്ത രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. വരും വർഷങ്ങളിൽ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ മാത്രം ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. **തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്** 2012-13 വർഷത്തിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവന മേഖലയിൽ 4 പദ്ധതികൾ

ശതമാനം) വിനിയോഗിച്ചു (754 പദ്ധതികൾ). 168.56 കോടി വകയിരുത്തിയതിൽ 97.49 കോടി (57.84 ശതമാനം) വകയിരുത്തുന്നത് അനർഹമായ പദ്ധതികൾക്കാണ്. അതായത് വനിതകൾക്ക് നേരിട്ട് പ്രയോജനം ചെയ്യാത്ത പദ്ധതികൾ (അനുബന്ധം XIII) ഈ അനർഹമായ വകയിരുത്തലായ 97.49 കോടിയിൽ, 73.32 കോടി ചെലവാക്കി. അനർഹമായ വകയിരുത്തലിന്റെ 66.92 ശതമാനം വനിതികൾക്ക് പ്രയോജനം ചെയ്യുന്നതല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായിരുന്ന എന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഈ സന്ദർഭത്തിൽ, പരാമർശിക്കാൻ പ്രസക്തമായ ഒരു കാര്യം തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 മുതൽ 2016-17 വരെ ഭവന പദ്ധതികൾക്ക് വകയിരുത്തിയ 1035.49 കോടിയിൽ വിനിയോഗം (2017 മാർച്ച്) 429.52 കോടി (41.48 ശതമാനം) മാത്രമായിരുന്നു. അതിനാൽ വനിതികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്ത ഭവന പദ്ധതികൾക്കുള്ള ധനസഹായം വനിതഘടക പദ്ധതിയിൽ ഒഴിച്ചുള്ള ഇതര പദ്ധതികൾക്ക് കീഴിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

ലാക്ഷണിക പരിശോധന നടത്തിയ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകളുടെ സാമൂഹ്യ, ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുദ്ദേശിച്ച് വിദ്യാഭ്യാസം, ആരോഗ്യം എന്നീ ഉപമേഖലകളിൽ കഴിഞ്ഞ അഞ്ചു വർഷം വകയിരുത്തിയ ഫണ്ടുകൾ വനിത ഘടക പദ്ധതിയ്ക്ക് കീഴിൽ ആകെ വകയിരുത്തിയതിന്റെ 3.09 ശതമാനവും 5.31 ശതമാനവും മാത്രമായിരുന്നു. ഇതിൽ വിനിയോഗം യഥാക്രമം 53.75 ശതമാനവും 57.88 ശതമാനവുമായിരുന്നു. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട ഈ ഉപമേഖലകൾക്ക് ആവശ്യമായ ഊന്നൽ നൽകിയിരുന്നില്ല എന്നതാണ്.

ഈ ഉപമേഖലകളിലെ വകയിരുത്തലും വിനിയോഗവും ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് പ്രായോഗികമായ പദ്ധതികൾകണ്ടെത്തുന്നതിനും ഗുണഭോക്താക്കളെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 2268400/- രൂപ വകയിരുത്തുകയും 617650/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്(ചെലവ് 27.22%). വനിതാ ഘടക പദ്ധതിയിൽ ഭവന നിർമ്മാണം പോഷകാഹാര വിതരണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. 2013-14 വർഷത്തിൽ 6 പദ്ധതികളിലായി 2343400/- രൂപ വകയിരുത്തുകയും 1440849/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ചെലവ് 61.48%). 2014-15 വർഷത്തിൽ 1238400/- രൂപ വകയിരുത്തി 667802/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ചെലവ് 53.92%). 2016-17 വർഷത്തിൽ 7 പദ്ധതികളിലായി 3257878/- രൂപ വകയിരുത്തി 3062878/- രൂപ ചെലവഴിച്ചിട്ടുണ്ട് (94.01% തുക ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്). വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി സേവന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഭവന നിർമ്മാണം, പോഷകാഹാര വിതരണം എന്നിവ ആയിരുന്നു. ഇത് വനിതാ ഘടകപദ്ധതിയുടെ അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് വ്യത്യസ്തമായതിനാൽ പിന്നീടുള്ള വർഷങ്ങളിൽ പദ്ധതി നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

<u>വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

വനിതാ ഘടക പദ്ധതിയിലെ ഭവന നിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കൾ സമയബന്ധിതമായി കരാർ വക്കാത്തതും സ്റ്റേജ് ക്രമമനുസരിച്ച് പൂർത്തീകരിക്കാത്തതുമായ സ്ഥിതിവിശേഷം വന്നതിനാലാണ് വകയിരുത്തിയ

		തെരഞ്ഞെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നാണ് തൽഫലമായി, ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകിയും മെച്ചപ്പെട്ട് ആരോഗ്യ സംവിധാനങ്ങൾ പ്രദാനം ചെയ്യും തൊഴിലുകൾ ഏറ്റെടുക്കുന്നതിന് വനിതകളെ പ്രാപ്തരാക്കുക വഴി സ്ത്രീശാക്തീകരണം എന്ന വനിതാ ഘടക പദ്ധതിയുടെ ലക്ഷ്യം വേണ്ട രീതിയിൽ കൈവരിക്കാൻ കഴിഞ്ഞില്ല.	ുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വന്നത്. വനിതാ സ്വയംതൊഴിൽ സംരംഭക പദ്ധതികളിൽ തൊഴിൽ സംരംഭകർക്ക് വേണ്ടത്ര തൊഴിൽ നൈപുണ്യമില്ലാത്തതിനാൽ പദ്ധതി ുക ചെലവഴിക്കുന്നതിൽ കാലതാമസം നേരിട്ടു. പിന്നീടുള്ള വാർഷിക പദ്ധതികളിൽ മേൽ ന്യൂനത പരിഹരിച്ച് ുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. **<u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്</u>** ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമപഞ്ചായത്ത് കമ്മിറ്റി എന്നിവയിൽ നിന്നും പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് രൂപീകരിക്കുന്ന പദ്ധതികളാണ് നടത്തി വരുന്നത്. ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ വിവിധ ബോഡികളുടെ അംഗീകാരത്തിന് ശേഷമാണ് നടപ്പിലാക്കി വരുന്നത്. ടി ഏജൻസികൾ പദ്ധതികളുടെ ഫീസിബിലിറ്റി പരിശോധിച്ചാണ് നിലവിൽ അംഗീകാരം നൽകുന്നത്. **<u>കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്</u>** വാർഷിക പദ്ധതിയുടെ ഭാഗമായുള്ള വനിതാ ഘടകപദ്ധതി പ്രോജക്ടുകളിൽ സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, വനിതാ ശിശു സംരക്ഷണം, തൊഴിൽ, സാമൂഹ്യ സുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നല്കി ആസൂത്രണം ചെയ്യുന്നതിന് ഈ ഗ്രാമപഞ്ചായത്തിലെ വനിതാ വികസനം വർക്കിംഗ് ഗ്രൂപ്പും ഗ്രാമപഞ്ചായത്തും അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. സേവന മേഖലയിൽ വനിതാ പ്രോജക്ടുകൾക്കായി വകയിരുത്തുന്ന ുക ചെലവഴിക്കുന്നതിന് ഭൂമിശാസ്ത്രപരമായും	

224

			സാമൂഹികപരമായും തടസ്സം നിന്നിരുന്ന പല കാരണങ്ങളും വ്യക്തമായ ബോധവൽക്കരണത്തിലൂടെ മാറ്റുവാൻ ഈ പഞ്ചവൽസര കാലയളവിൽ സാധിച്ചിട്ടുണ്ടെന്നത് ആശാവഹമായ നേട്ടമാണ്. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭത്തിന് ഇരുചക്ര വാഹനങ്ങൾ നല്കുക തുടങ്ങിയ വ്യത്യസ്തമായതും തൊഴിലധിഷ്ഠിതവുമായ പ്രോജക്ടുകൾ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. **കായണ്ണ ഗ്രാമപഞ്ചായത്ത്** വനിതാ ഘടകപദ്ധതി സേവന മേഖലയിൽ വനിതകളുടെ വിദ്യാഭ്യാസവും ആരോഗ്യപരവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് തുടർന്നു വരുന്ന വർഷങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾക്കാവശ്യമായ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനാവശ്യമായ നടപടികൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സ്വീകരിച്ചു വരുന്നുണ്ട്. **പുതുർ ഗ്രാമപഞ്ചായത്ത്** നിലവിൽ പുതുർ ഗ്രാമപഞ്ചായത്ത്, പാർശ്വവത്കരിക്കപ്പെടുന്ന വിഭാഗങ്ങളിലെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായും ആരോഗ്യപരമായ സുരക്ഷിതത്വത്തിനായും. നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട് . **കണ്ണാടി ഗ്രാമപഞ്ചായത്ത്** കണ്ണാടി ഗ്രാമപഞ്ചായത്തിൽ സ്ത്രീകൾക്ക വേണ്ടിയുള്ള സ്വയംതൊഴിൽ പരിശീലനങ്ങളായ ടൈലറിംഗ്,

			ഡ്രൈവിംഗ് എന്നീ പദ്ധതികൾക്ക് വേണ്ടി ഫണ്ട് നീക്കി വെച്ചിട്ടുണ്ട്. സ്ത്രീ ഉന്നമനത്തിനു വേണ്ടി ഭാവിയിൽ കണ്ണാടി ഗ്രാമപഞ്ചായത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. **പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്** ഖണ്ഡിക പരാമർശത്തിലെ അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ വനിതാ ഘടകപദ്ധതിക്ക് കീഴിൽ വിദ്യാഭ്യാസവും പരിശീലനവും, മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ പ്രദാനം ചെയ്യും തൊഴിലുകൾ ഏറ്റെടുക്കുന്നതിന് വനിതകളെ പ്രാപ്തമാക്കുക വഴി സ്ത്രീ ശാക്തീകരണം എന്ന വനിതാ ഘടകപദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതാണെന്നുള്ള വിവരം ബോധിപ്പിക്കുന്നു. **നടത്തറ ഗ്രാമപഞ്ചായത്ത്** 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർദ്ദേശങ്ങൾക്കനുസൃതമായി ഡബ്ല്യുസിപി പ്രോജക്ടുകൾ രൂപീകരിക്കുകയും ഡിപിസി അംഗീകരിക്കുകയും ചെയ്തു. ആയതിനാലാണ് വനിതകൾക്കുള്ള വീടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, അത്തരം ചില പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നത്. പദ്ധതി രൂപീകരണത്തിലെ തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത അപാകത പരിഹരിച്ചിട്ടുണ്ട്. **പത്തനാപുരം ഗ്രാമപഞ്ചായത്ത്** 2019-20 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് സൂതികാമൃതം

			സ്ത്രീകൾക്ക് പ്രസവ ശ്രുശ്രൂഷ എന്ന പദ്ധതിയും സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭം എന്ന പദ്ധതിയിലൂടെ സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിക്കുകയും അതിലൂടെ സാമൂഹിക പദവി വർദ്ധിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. തുടർന്നും സ്ത്രീ ശാക്തീകരണത്തിനായി ഈ രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. **മുന്നിലവ് ഗ്രാമപഞ്ചായത്ത്** വനിതാ ഘടകപദ്ധതിക്കു കീഴിൽ തയ്യാറാക്കിയ സേവന മേഖലയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതികൾ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്തതായി ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ടി അപാകതകൾ പരിഹരിച്ച് പദ്ധതി തയ്യാറാക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു. **മുത്തോലി ഗ്രാമപഞ്ചായത്ത്** പദ്ധതി രൂപീകരണ വേളയിൽ ഗ്രാമസഭയിൽ മതിയായ നിർദ്ദേശങ്ങൾ ലഭിക്കാതിരുന്നതിനാലാണ് സേവന മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാതിരുന്നത്. ആയത് വരും വർഷങ്ങളിൽ ഗ്രാമസഭകൾക്ക് നിർദ്ദേശം നല്കി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. **നെന്മേനി ഗ്രാമപഞ്ചായത്ത്** വനിതാ ഘടക പദ്ധതിയിലെ ഭവന നിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കൾ സമയബന്ധിതമായി കരാർ വക്കാത്തതും സ്റ്റേജ് ക്രമമനുസരിച്ച് പൂർത്തീകരിക്കാത്തതുമായ സ്ഥിതിവിശേഷം വന്നതിനാലാണ് വകയിരുത്തിയ

			തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വന്നത്. വനിതാ സ്വയംതൊഴിൽ സംരംഭക പദ്ധതികളിൽ തൊഴിൽ സംരംഭകർക്ക് വേണ്ടത്ര തൊഴിൽ നൈപുണ്യമില്ലാത്തതിനാൽ പദ്ധതി തുക ചെലവഴിക്കുന്നതിൽ കാലതാമസം നേരിട്ട. പിന്നീടുള്ള വാർഷിക പദ്ധതികളിൽ മേൽ ന്യൂനത പരിഹരിച്ച് തുക ചിലവഴിക്കാൻ സാധിച്ചിട്ടുണ്ട്. **കൊച്ചി കോർപ്പറേഷൻ** സേവനം, ഉത്പാദനം, അടിസ്ഥാന സൗകര്യം എന്നീ മേഖലയിലായിട്ടാണ് വനിതാ ഘടക പദ്ധതിയിലെ ഫണ്ട് വകയിരുത്തുന്നത് സേവന മേഖലയിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസം, ആരോഗ്യം, മാതൃ-ശിശു സംരക്ഷണം, തൊഴിൽ, സാമൂഹ്യക്ഷേമം എന്നീ മേഖലയിലെ പദ്ധതികൾ രൂപീകരിക്കുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാത്തത് ഈ മേഖലയിലെ പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം ഗുണഭോക്താക്കളുടെ അഭാവവും ഈ മേഖലകളിലെ പദ്ധതി നിർവ്വഹണത്തെ പിന്നോട്ടടിക്കുന്നു. കൂടാതെ പല പദ്ധതികളുടെയും നിർവ്വഹണത്തിന് സ്ഥല സൗകര്യം ഇല്ലായ്മ ഒരു പ്രധാന ഘടകമാണ്. അതോടൊപ്പം ഗുണഭോക്തൃ വിഹിതം അടക്കുന്നതിന് കാണിക്കുന്ന വിമുഖത എന്നിവയെല്ലാം പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചു. ഓഡിറ്റ് ചൂണ്ടിക്കാണിച്ചുള്ള പരാമർശങ്ങൾ പരിഹരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണം നടത്താൻ മുൻകൈ

216

			എടുക്കുന്നതാണ്. **തിരുവനന്തപുരം കോർപ്പറേഷൻ** ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടർവർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കിയപ്പോൾ വനിതകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. **പിറവം മുനിസിപ്പാലിറ്റി** നഗരസഭ രൂപീകൃതമായതിന് ശേഷം 2016-17 വർഷം ആരോഗ്യ സാമൂഹ്യ മേഖലകളിൽ വനിതകളുടെ ശാക്തീകരണത്തിനുതകുന്ന പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ടി പ്രോജക്ടുകൾ പൂർത്തീകരിച്ചത് മൂലം യാത്രക്കാരായ സ്ത്രീകളുടെ സൗകര്യത്തിനായി ഫീഡിംഗ് റൂം ഉപയോഗപ്രദമാക്കുന്നതിനും ഹരിത കർമ്മസേന രൂപീകരിച്ച് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനും വനിതകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് തെറാപ്പി സെന്ററുകൾ വനിത വാർഡ് നിർമ്മാണത്തിനും സാധിച്ചിട്ടുണ്ട്. **ഷൊർണ്ണൂർ മുനിസിപ്പാലിറ്റി** വനിതാ ക്ഷേമ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ 24 കെട്ടിടങ്ങളുടെയും പണികൾ പൂർത്തീകരിച്ചിട്ടുള്ളതും, കെട്ടിടങ്ങളിലേക്ക് വേണ്ടതായ വെള്ളം, വെളിച്ചം തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. **തലശ്ശേരി മുനിസിപ്പാലിറ്റി** തലശ്ശേരി നഗരസഭയുടെ 2012-13 വർഷത്തിലെ പദ്ധതിയിൽ സേവന മേഖലയിൽ ഉൾപ്പെടുത്തിയ 9

214

			വനിത പദ്ധതികൾ വനിതകളായ പെൺകുട്ടികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നവയാണ്. എന്നാൽ നിർവ്വഹണ നടപടികളിൽ നേരിട്ട് കാലതാമസം കാരണം ഫണ്ട് വിനിയോഗം ഫലപ്രദമായി നടന്നില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പദ്ധതികൾ തന്നെയാണ് വനിത ഘടകത്തിലെ സേവന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ വന്ന പോരായ്മ നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. ആയത് തുടർ മാസങ്ങളിൽ പരിഹരിക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു. വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാത്ത പദ്ധതികൾ വരും വർഷങ്ങളിൽ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. **പത്തനംതിട്ട മുനിസിപ്പാലിറ്റി** **കുറ്റിപ്പുറം മുനിസിപ്പാലിറ്റി** കുറ്റിപ്പുറം നഗരസഭയിൽ വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന പദ്ധതികൾ തൻവർഷം പൂർത്തിയായില്ലെങ്കിൽ വരും വർഷങ്ങളിൽ സ്പിൽ ഓവറായി തുടരാറുണ്ട്. നഗരസഭയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ വളരെ ശക്തമായതിനാൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടിയുള്ള ധാരാളം പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. ആയതിനാൽ നഗരസഭാ പദ്ധതി തുകകൾ വനിതകളുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. 2018-19

			വർഷം മുതൽ വനിതകൾക്ക് ഉണപ്രദമായ പ്രൊജക്ടുകൾ സേവനമേഖലയിൽ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. **പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്** ഉണഭോക്താക്കൾക്ക് വ്യക്തികഗത ആനുകൂല്യം നൽകുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദനീയമല്ല. സേവന മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾക്കാണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് മുൻതൂക്കം നൽകിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഗ്രൂപ്പടിസ്ഥാനത്തിനുള്ള സംരംഭക പദ്ധതികൾ വായ്പാ ബന്ധിതമായതിനാൽ പട്ടികജാതി വനിതകൾ മാത്രമടങ്ങിയ ഗ്രൂപ്പുകൾ ഇതിനോട് താല്പര്യം പ്രകടിപ്പിക്കാറില്ല. ആയതിനാലാണ് പ്രസ്തുത വർഷങ്ങളിൽ ഈ മേഖലയിൽ ചെലവ് ശതമാനം കുറഞ്ഞതായി കാണുന്നത്. ഖണ്ഡികയിലെ ശുപാർശകൾ മുഖവിലക്കെടുത്ത് ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തുകയും പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ വാദ്യോപകരണങ്ങൾ മുതലായ വരുമാനദായക പദ്ധതികൾ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയും ചെയ്യുന്നുണ്ട്. **കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്** കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ 2012-17 കാലഘട്ടത്തിൽ വനിതാ ഘടക പദ്ധതിയിൽ വീടുകൾക്കുള്ള ധനസഹായം ഉൾപ്പെടുത്തിയിരുന്നു. ഐ.എ.വൈ. ഭവന പദ്ധതിയിൽ ഉണഭോക്താക്കൾക്കുള്ള തുക അനുവദിച്ചിരുന്നത് വനിതകൾക്കായിരുന്നു. വനിതകൾക്ക് നേരിട്ട്

പ്രയോജനം ലഭിക്കുന്ന പഴ വളർത്തൽ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ പദ്ധതികൾ തുടർ വർഷങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് വനിതകളുടെ സാമൂഹ്യ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിന് വനിത ഘടക പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തി വരുന്നുണ്ട്. ആരോഗ്യ മേഖലയിൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന അഗളി സാമൂഹികാരോഗ്യ കേന്ദ്രം, അട്ടപ്പാടി ഗവ: ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രി എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക നിലവിൽ വകയിരുത്തി വരുന്നു.

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ സ്ത്രീകളുടെ ഉപജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി എസ്.എച്ച്.ജി. ഗ്രൂപ്പുകൾ രൂപീകരിച്ച വനിതകൾക്കു, ഫുഡ് പ്രോസ്സെസ്സിംഗ്, പേപ്പർ ബാഗ് നിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് എന്നീ തൊഴലധിഷ്ഠിത പദ്ധതികൾ 2012-17 കാലഘട്ടത്തിൽ വനിതാ ഘടക പദ്ധതിക്കു കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കു വിശ്രമ കേന്ദ്രം നിർമ്മിച്ചു ആതുര സേവനം സ്ത്രീകളിലേക്ക് ഫലപ്രദമായി എത്തിക്കുന്നതിന് 2015-16 ൽ പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിയിരുന്നു. അതുപോലെ പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്തിലെ നെടുവ സി.എച്ച്.സി യിലും സ്ത്രീകൾക്കു വിശ്രമ കേന്ദ്രം

			സജ്ജമാക്കുന്നതിനുള്ള പദ്ധതിയും, 2017-19 കാലയളവിൽ. ജെൻഡർ റിസോഴ്സ് സെന്ററുകളും സ്കൂളുകളിൽ വനിതാ ശുചിത്വം ഉറപ്പുവരുത്തുന്നതിന്, ഷീ പാഡ് പദ്ധതിയും നടപ്പിലാക്കിയിരുന്നു. **<u>ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>** സ്ത്രീകൾക്ക് പ്രത്യക്ഷത്തിൽ ഉപകരിക്കുന്നതും നേരിട്ട് പ്രയോജനകരവും പ്രായോഗികവുമായ പദ്ധതികൾ സേവന മേഖലയിൽ ആവിഷ്കരിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീ ശാക്തീകരണം എന്ന വനിതാ ഘടക പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. **പാലക്കാട് ജില്ലാ പഞ്ചായത്ത്** പാലക്കാട് ജില്ലാ പഞ്ചായത്ത് വനിത ഘടക പദ്ധതിക്ക് കീഴിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ സേവന മേഖലയിൽ എടുത്തു പറയാവുന്നതും വനിതകൾക്ക് മാത്രമായി നേരിട്ട് പ്രയോജനം ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചേർക്കുന്നു. ● ജില്ലാ വനിത ശിശു ആശുപത്രി (അലോപ്പതി) പാലക്കാടിൽ നടപ്പാക്കിയ പദ്ധതികൾ പ്രോജക്ട് നം.686/2013-14 ചെലവ് - 78,75,000/-

			പ്രോജക്ട് നം.734/2013-14 ചെലവ് - 7,68,462/- പ്രോജക്ട് നം.428/2013-14 ചെലവ് - 5,50,493/- പ്രോജക്ട് നം.584/2013-14 ചെലവ് - 6,94,984/- പ്രോജക്ട് നം.615/2013-14 ചെലവ് - 15,49,676/- പ്രോജക്ട് നം.616/2013-14 ചെലവ് - 24,42,915/- പ്രോജക്ട് നം.617/2013-14 ചെലവ് - 9,34,068/- പ്രോജക്ട് നം.906/2013-14 ചെലവ് - 9,48,677/- 2. ജില്ലാതല ആശുപത്രികളിൽ വനിതാ വാർഡ് പ്രോജക്ട് നം.85/2012-13 ചെലവ് - 1,92,061/- പ്രോജക്ട് നം.61/2012-13 ചെലവ് - 8,68,737/- പ്രോജക്ട് നം.751/2014 -15 ചെലവ് - 15,23,424/- 3. പെൺകുട്ടികൾക്ക് കരാട്ട് പരിശീലനം പ്രോജക്ട് നം.22/2013-14 ചെലവ് - 9,80,540/- പ്രോജക്ട് നം.12/2014-15 ചെലവ് - 13,75,000/- പ്രോജക്ട് നം.616/2013-14 ചെലവ് - 15,00,000/- മേൽ പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് വനിത ഘടക പദ്ധതി എന്ന ഉപമേഖലയ്ക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം എന്നത് മാത്രമാണ്. ഓഡിറ്റ് പരാമർശത്തിന്റെ അനുബന്ധം XII ലെ സേവന മേഖലയിൽ സൂചിപ്പിച്ചിട്ടുള്ള പോഷകാഹാര

			പരിപാടി, അംഗൻവാടി കെട്ടിട നിർമ്മാണം./ പുതുക്കി പണിയൽ എന്നീ പദ്ധതികൾ പാലക്കാട് ജില്ലാ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. **കൊല്ലം ജില്ലാ പഞ്ചായത്ത്** കൊല്ലം ജില്ലാ പഞ്ചായത്ത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി പെൺകുട്ടികൾക്ക് ഐ.എച്ച്.ആർ.ഡി. വഴി പി.ജി.ഡി.സി.എ. പരിശീലനം, വനിതാ തൊഴിലാളികളെ ക്യാൻസർ/സ്ത്രീജന്യ രോഗങ്ങളുടെ നിർണ്ണയം നവജാത ശിശുക്കളുടെ കേൾവി പരിശോധന സംബന്ധിച്ച ക്ലിനിക്, ഗവ.വിക്ടോറിയ ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്, ഓട്ടിസം ക്ലിനിക്, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാരം, ആയുർ തോട്ടത്തറ ഫാമിൽ കുടുംബശ്രീ ടെയിനിംഗ് സെന്റർ, ഐ.എ.വൈ ഭവന പദ്ധതി - സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത പലിശയുടെ തിരിച്ചടവ്, നവജാത ശിശുക്കളിൽ ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ തുടങ്ങിയവ കണ്ടുപിടിച്ച് തുടർചികിത്സയുള്ള സ്വപ്നച്ചിറക്, ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും

			ഇൻസിനറേറ്ററും സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ വിവിധ എസ്.സി. കോളനികളിലെ കുടിവെള്ള പദ്ധതി, വനിതകളുടെ ആശുപത്രിയായ വിക്ടോറിയ ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ജനറേറ്റർ സ്ഥാപിക്കൽ, ടെലിവിഷൻ സ്ഥാപിക്കൽ, പീഡിയാട്രിക് വാർഡുകളിൽ സെൻട്രലൈസ്ഡ് ഓക്സിജൻ സ്ഥാപിക്കൽ തുടങ്ങിയവയും ഐ.എ.വൈ, പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയും സേവന മേഖലയിലെ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയായതിനാലാണ് പ്രസ്തുത പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയത്. ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ച അപാകതകൾ പിന്നീടുള്ള വർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ട്. 2017-18, 2018-19 വർഷങ്ങളിലായി ആരോഗ്യമേഖലയിൽ വനിതകളുടേയും കുട്ടികളുടെയും ആശുപത്രിയായ ഗവ.വിക്ടോറിയ ആശുപത്രിയിൽ മാതാവിനും കുട്ടികൾക്കും പ്രസവത്തോടനുബന്ധിച്ച് മാതൃശിശു കിറ്റ് വിതരണവുമായി ബന്ധപ്പെട്ട സ്നേഹസമ്മാനം, സപ്തവർണ്ണ ബെഡ് ഷീറ്റ് വിതരണവുമായി ബന്ധപ്പെട്ട മഴവിൽശയ്യ, മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കും സമഗ്ര

269

			മാനസികാരോഗ്യവുമായി ബന്ധപ്പെട്ട മാതൃസ്മിതം, നവജാത ശിശുക്കളിൽ ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ കണ്ടുപിടിച്ച് തുടർചികിത്സയുള്ള സ്വപ്നചിറക്, സ്ത്രീകളിലെ മാനസിക വിഷമതകൾക്ക് കൗൺസിലിംഗും അനുബന്ധ ചികിത്സയുമായി ബന്ധപ്പെട്ട മാതൃസാന്ത്വനം, അണുവിമുക്ത ടവ്വൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട സ്നേഹത്തുവൽ തുടങ്ങിയ പദ്ധതികളും വന്ധ്യതാ ചികിത്സാ സംവിധാനം, പാലിയേറ്റീവ് ട്രയിനിംഗ് സെന്ററിൽ വനിതകൾക്ക് ഹോംനഴ്സിംഗ് പരിശീലനം, മാമോഗ്രാഫി യൂണിറ്റ്, ഹോസ്പിറ്റൽ വെയ്സ്റ്റ് നിർമ്മാണം, വിക്ടോറിയ ആശുപത്രിയിലെ വിവിധ ഡിപ്പാർട്ട്മെന്റിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ, തുടങ്ങിയവയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ അംഗൻവാടി വഴി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം, അമ്മമാരെയും മക്കളെയും സംഘടിപ്പിച്ച് കൊണ്ട് പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ക്ലാസുകൾ നൽകൽ, ജെന്റർ റിസോഴ്സ് സെന്റർ, മാനിഷാദ, പി.എം.എ.വൈ ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 2019-20 വർഷം മേൽ പ്രോജക്ടുകൾ കൂടാതെ സൂതിക □ ഗർഭകാല പരിചരണ പദ്ധതി, പട്ടികജാതി വിഭാഗം വനിതകൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം തുടങ്ങിയ പദ്ധതികളും

			നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷവും മുകളിൽ വിവരിച്ചിരിക്കുന്ന പദ്ധതികൾ കൂടാതെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ജില്ലാ ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ, വന്ധ്യതാ ക്ലിനിക്കുമായി ബന്ധപ്പെട്ട താരാട്ട്, ഗവ.വിക്ടോറിയ ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ രോഗീസൗഹൃദ ഇരിപ്പിട സംവിധാനം ഒരുക്കൽ തുടങ്ങിയ പദ്ധതികളും പട്ടികജാതി വനിതാ വ്യവസായ എസ്റ്റേറ്റിന് അടിസ്ഥാന സൗകര്യ വികസനം, വനിതാ വ്യവസായ സംരംഭത്തിന് വാങ്ങുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ, പട്ടികജാതി വിഭാഗം ഗ്രൂപ്പുകൾക്ക് ക്ലോത്ത് ബാഗ് നിർമ്മാണ യൂണിറ്റ്, വനിത വ്യവസായ എസ്റ്റേറ്റുകളിൽ കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പട്ടികജാതി വനിതാ വ്യവസായ എസ്റ്റേറ്റുകൾക്ക് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പട്ടികജാതി വനിതാ വ്യവസായ എസ്റ്റേറ്റുകൾക്ക് കെട്ടിട നിർമ്മാണം, വനിതകൾക്കുള്ള സമൃദ്ധി - ആട് ഗ്രാമം പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി നിഷ്കർഷയോടെ പ്രവർത്തിച്ചതിന്റെ ഫലമായാണ് വ്യത്യസ്തവും നൂതനവുമായ ഒട്ടനവധി വനിതാ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ

കഴിഞ്ഞത്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്ത്

വനിതകളുടെ ശാക്തീകരണവും മെച്ചപ്പെട്ട ജീവിതാവസ്ഥയും സൃഷ്ടിക്കാനുതകുന്ന പദ്ധതികളാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും സുരക്ഷയും ശാക്തീകരണവും ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ സംവിധാനം വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്ന നിരവധി പദ്ധതികൾ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വച്ച് ഉള്ളവയാണ്. കൂടാതെ വനിതകൾക്ക് താല്ക്കാലിക താമസം അനുവദിക്കുന്ന 'ഷീ നൈറ്റ് ഹോം' സംവിധാനം ഒരു മാതൃകാ പദ്ധതിയാണ്. കൂടാതെ സ്ത്രീ ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള സാനിറ്ററി വെന്റിംഗ് മെഷീൻ, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ, സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി റെസ്റ്റ് റൂം സൗകര്യം, പൊതു ഇടങ്ങളിൽ സ്ഥാപിക്കപ്പെട്ട ആധുനിക സൗകര്യങ്ങളോടെയുള്ള മുലയൂട്ടൽ കേന്ദ്രങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.

കോട്ടയം ജില്ലാ പഞ്ചായത്ത്

സേവനമേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും വനിതാ ഘടകപദ്ധതിയിൽ പ്രായോഗികമായ പദ്ധതികൾ കണ്ടെത്തുന്നതിനും

ഇന്ത്യയുടെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) അദ്ധ്യായം III പ്രവർത്തനക്ഷമതാ ഓഡിറ്റ് -ലെ 3.1 മുതൽ 3.1.16 വരെയുള്ള ഖണ്ഡികകളിന്മേലുള്ള നൂനത പരിഹാര പത്രിക

ഖണ്ഡിക നം.	പരാമർശ വിഷയം	പരാമർശത്തിനുള്ള മറുപടി
3.1 3.1.1	**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതിയുടെ ആസൂത്രണവും നടപ്പാക്കലും** **ആമുഖം** കേന്ദ്ര സർക്കാർ (ജിഒഐ) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ (1997-2002) വനിതാ ഘടക പദ്ധതി (ഡബ് ളു സിപി) അതിന്റെ സുപ്രധാന പരിപാടിയായി അംഗീകരിച്ചു. കേരള സർക്കാർ (ജിഒകെ) 1998 ജൂണിൽ വനിതാ ഘടക പദ്ധതി തദ്ദേശ സ്വയംഭരണ തലത്തിൽ അവതരിപ്പിച്ചു. തുടർന്നുള്ള വർഷങ്ങളിലും കേരള സർക്കാർ വനിതാ ഘടക പദ്ധതി തദ്ദേശ തലത്തിൽ തുടരുകയും വികസന ഫണ്ടിന്റെ 10 ശതമാനം സ്ത്രീകൾക്ക് പ്രത്യേകമായുള്ള പദ്ധതികൾക്ക് മാറ്റിവയ്ക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തു. വനിതാ ഘടക പദ്ധതിയുടെ പ്രധാന ലക്ഷ്യം സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക എന്നതായിരുന്നു. കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകൾ (2013 നവംബർ) നിർദ്ദേശിക്കുന്നത് സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമൂഹ്യ സാമ്പത്തിക നിലവാരം ഉയർത്തുന്നതുമായ പദ്ധതികൾ , അതായത് സ്ത്രീകൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന പദ്ധതികൾ മാത്രമേ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവൂ എന്നതാകുന്നു. ഐക്യരാഷ്ട്ര സംഘടന (യുഎൻ) 2015 വർഷത്തിൽ 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും (സസ്റ്റെയിനബിൾ ഡെവലപ്പ്മെന്റ് ഗോൾ (എസ്ഡിജി) 169	നിയമസഭാ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ പങ്കെടുത്ത് സമിതി ആവശ്യപ്പെട്ടന്ന മറുപടി നൽകുന്നതിനായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് .

	അനുബന്ധ ലക്ഷ്യങ്ങളും നിർദ്ദേശിച്ചു. ഇത്, നമ്മുടെ ലോകം മാറ്റപ്പെടുന്നു: സുസ്ഥിരവികസനത്തിനുള്ള 2030 അജൻഡ എന്ന് ഔദ്യോഗികമായി അറിയപ്പെടുന്നു. സുസ്ഥിര വികസന ലക്ഷ്യം 5 പരാമർശിക്കുന്നത് ലിംഗസമത്വം കൈവരിക്കുന്നതിനെയും എല്ലാ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തെയും കുറിച്ചാണ് .ഐക്യരാഷ്ട്ര സംഘടനയുടെ എസ്ഡിജി കേരള സർക്കാർ അംഗീകരിക്കുകയും സ്ത്രീ ശാക്തീകരണത്തിനുള്ള പദ്ധതികൾ/ പരിപാടികൾ നടപ്പാക്കുന്നതിനായി കേരള സർക്കാരിന്റെ സാമൂഹ്യ നീതി വകുപ്പിനെ നോഡൽ വകുപ്പായി തെരഞ്ഞെടുക്കുകയും ചെയ്തു . 2030 ഓടെ എസ്ഡിജി കൈവരിക്കുന്നതിനായി വേണ്ട പദ്ധതികൾക്ക് രൂപം നൽകുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (തസ്വഭവ) പ്രത്യേക പരിഗണന നൽകണമെന്ന് സാമൂഹ്യ നീതി വകുപ്പ് നിർദ്ദേശിച്ചു.	
3.1.2	**സംഘടനാ രൂപം** വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾ/ ഏജൻസികൾ ഏർപ്പെട്ടിരിക്കുന്നു. ദ്ദേശീയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ പ്രിൻസിപ്പൽ സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി തലവനായ കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിനെ അധികാരപ്പെടുത്തിയിരിക്കുന്നു. ഗ്രാമീണനഗര പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (പിആർഐ) എന്നും നഗര തദ്ദേശ സ്ഥാപനങ്ങൾ (യുഎൽബി)എന്നും പരാമർശിക്കുന്നു. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ തലവും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്ക് (ഡിപിസി) സമർപ്പിക്കുകയും, വിവിധ നടപ്പാക്കൽ ഏജൻസികൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു.	അംഗീകരിക്കുന്നു.

	പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും യുഎൽബികളിലും ജാഗ്രതാസമിതികൾ കേരള സർക്കാർ രൂപീകരിച്ചു . സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വികേന്ദ്രീകരണ പ്രക്രിയയിൽ ജെൻഡർ മുഖ്യധാരയിൽ ആക്കുന്നതിനും വേണ്ടിയുള്ള സംസ്ഥാന വനിതാ കമ്മീഷന്റെ ഒരു സംരഭമാണ് ജാഗ്രതാസമിതി.	
3.1.3	**ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ** ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെ പറയുന്നവ വിലയിരുത്താനായിരുന്നു. i) സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, , സാമ്പത്തിക നിലവാരം എന്നിവ മെച്ചപ്പെട്ടുത്തുന്നതിനുള്ള വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള പദ്ധതികളും / പരിപാടികളും രൂപം നൽകിയതും നടപ്പാക്കിയതും ചെലവു ചുരുക്കിയും, കാര്യക്ഷമമായും, ഫലപ്രദമായും ആയിരുന്നോ എന്നും കേന്ദ്ര സർക്കാർ അംഗീകരിച്ച ഐക്യ രാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യത്തിലെ ജെൻഡർ ലീംഗ സമത്വം കൈവരിക്കാനുള്ള ലക്ഷ്യത്തോടെയായിരുന്നുവോ; ii) വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമവും, പദ്ധതികൾ/പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സാമ്പത്തിക സഹായം പര്യാപ്തമായിരുന്നുവോ.	പ്രത്യേക പരാമർശമില്ല
3.1.4	**ഓഡിറ്റിന്റെ മാനദണ്ഡം** പ്രവർത്തനക്ഷമതാ ഓഡിറ്റ് വിലയിരുത്തുന്നതിനായുള്ള ഓഡിറ്റ് മാനദണ്ഡം ഉരുത്തിരിഞ്ഞത് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നായിരുന്നു: i) 1994 -ലെ , കേരള മുനിസിപ്പാലിറ്റി നിയമം, ii) 1994 -ലെ കേരള പഞ്ചായതത് രാജ് നിയമം, iii) കേന്ദ്ര സർക്കാർ /കേരള സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇറക്കിയ പദ്ധതി/ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ / സർക്കുലറുകൾ /ഉത്തരവുകൾ, iv) ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ,	പ്രത്യേക പരാമർശമില്ല

	v) സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം ഇറക്കിയ ജെൻഡർ ബജറ്റിംഗ് ഹാൻഡ് ബുക്ക് 2007-ഉം 2015-ഉം	
3.1.5	**ഓഡിറ്റിന്റെ വ്യാപ്തിയും പ്രവർത്തന രീതിയും** 2012-13 മുതൽ 2016-17 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി പ്രവർത്തനക്ഷമതാ ഓഡിറ്റ് 2017 മേയ് മുതൽ ഒക്ടോബർ വരെ നടത്തി . പ്രവർത്തനക്ഷമതാ ഓഡിറ്റ് ആരംഭിച്ചത് തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസിജിഡി) അഡീഷണൽ സെക്രട്ടറിയുമായുള്ള ഒരു പ്രാരംഭ കൂടിക്കാഴ്ചയോടെയായിരുന്നു (2017 ജൂൺ). പ്രസ്തുത യോഗത്തിൽ ഓഡിറ്റിന്റെ ഉദ്ദേശ്യങ്ങൾ , മാനദണ്ഡം , ഓഡിറ്റിന്റെ പ്രവർത്തന രീതി എന്നിവ വിശദമായി ചർച്ച ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2018 ജനുവരി 9 ന് ഒരു സമാപന സമ്മേളനം നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. റിപ്പോർട്ടിന് അന്തിമ രൂപം നൽകിയപ്പോൾ ലഭിച്ച മറുപടികൾ പരിഗണിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ സൂക്ഷ്മ പരിശോധന, ചോദ്യാവലിയും , സംയുക്ത സ്ഥല പരിശോധനയിലൂടെയുമുള്ള വിവരശേഖരണം എന്നിവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ പ്രവർത്തന രീതി. സുലേഖാ , സാംഖ്യ എന്നീ ഡാറ്റാബേസുകളും , സെൻസസ് വിവരങ്ങളും ഡാറ്റാ അനലിറ്റിക്സിന് ലിങ്ക് ചെയ്തിരുന്നു. ഡാറ്റാ അനലിറ്റിക്സിൽ നിന്നും ഉരുത്തിരിഞ്ഞ ഫലങ്ങൾ ഓഡിറ്റ് ആസൂത്രണം ചെയ്യുന്നതിനും സാമ്പിളുകൾ തെരഞ്ഞെടുക്കുന്നതിനും , സബ്സ്റ്റാന്റീവ് ഓഡിറ്റിൽ ഓഡിറ്റ് ശ്രദ്ധിക്കേണ്ട സുപ്രധാന മേഖലകൾ കണ്ടെത്തുന്നതിനും ഉപയോഗിച്ചു, ഐഡിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് സ്റ്റാറ്റിഫൈഡ് സാംപ്ലിംഗ് രീതിയിലൂടെ വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് 30 യൂണിറ്റുകൾ തെരഞ്ഞെടുത്തു. ഇവ അനുബന്ധം X ൽ വിവരിച്ചിരിക്കുന്നു.	പ്രത്യേക പരാമർശമില്ല.
3.1.6	**ഫണ്ട് നൽകൽ** കേരള സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയം	നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10 ശതമാനം വനിതാഘടക പദ്ധതിയ്ക്കായി

ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത്, വനിതാ ഘടക പദ്ധതിയ്ക്ക് വികസന ഫണ്ടിന്റെ 10 ശതമാനം നിർബന്ധമായും വകയിരുത്തണമെന്നാണ്. 2012-13 മുതൽ 2016-17 കാലയളവിലെ വികസന ഫണ്ടിന്റെ ആകെ വകയിരുത്തൽ , വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തിയ തുക അതിന്റെ വിനിയോഗം എന്നിവ പട്ടിക 3.1 -ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1: വനിതാ ഘടക പദ്ധതിയ്ക്ക് സംസ്ഥാനത്താകെയുള്ള വകയിരുത്തലും ചെലവും

(₹ കോടിയിൽ)

വർഷം	ആകെ വികസന ഫണ്ട്	വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലെ വകയിരുത്തൽ	വകയിരുത്ത-ലിന്റെ ശതമാനം	വനിതാഘടക പദ്ധതിയ്ക്ക് കീഴിലെ ചെലവ്	വകയിരുത്തലിന് അഭിമുഖമായുള്ള ചെലവിന്റെ ശതമാനം
2012-13	3482.47	429.81	12.34	291.25	67.76
2013-14	4613.22	529.13	11.47	406.82	76.88
2014-15	5454.64	611.26	11.21	440.77	72.11
2015-16	5701.63	603.93	10.59	432.95	71.69
2016-17	4603.53	560.46	12.17	335.46	59.89
ആകെ	23855.49	2734.59	11.46	1907.43	69.75

2012-13 മുതൽ 2016-17 കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതിയ്ക്കായി ₹ 2734.59 കോടി വകയിരുത്തിയിരുന്നത് വികസന ഫണ്ടിന്റെ 11.46 ശതമാനമായിരുന്നു. അതിനാൽ നിർബന്ധമായുള്ള 10 ശതമാനം വകയിരുത്തൽ എന്നത് കൈവരിച്ചു. എന്നാൽ ഈ കാലയളവിലെ വനിതാ ഘടക പദ്ധതി ഫണ്ടിന്റെ വിനിയോഗം 59.89 മുതൽ 76.88 ശതമാനമായിരുന്നു. ഓഡിറ്റ് നിരീക്ഷണങ്ങളോട് യോജിക്കവെ കേരള സർക്കാർ പറഞ്ഞത് (2018 ജനുവരി) വനിതാ ഘടക പദ്ധതിയ്ക്ക് കീഴിലെ കുറഞ്ഞ ചെലവിന്റെ പ്രധാനകാരണങ്ങൾ

വകയിരുത്തുന്നതിനും അത് പൂർണ്ണമായും ചെലവഴിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ട് . വനിതാഘടക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് വകയിരുത്തുന്നതും പദ്ധതിമാർഗ്ഗരേഖയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പാലിച്ചായിരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

	പാരിസ്ഥിതിക, സാമൂഹ്യ , പ്രാദേശിക പ്രശ്നങ്ങളാണെന്നും, പദ്ധതി ആസൂത്രണ മാർഗ്ഗരേഖയും പ്രസക്ത സർക്കാർ ഉത്തരവുകളും പാലിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് (ജിപി) നിർദ്ദേശങ്ങൾ നൽകും എന്നും കൂട്ടി ചേർത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ നിർബന്ധിത 10 ശതമാനം വകയിരുത്തിയെങ്കിലും, അതിന്റെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്താൻ കേരള സർക്കാർ പരാജയപ്പെട്ടു എന്നുള്ള വസ്തുത നിലനിൽക്കുന്നു.	

M.S. SUKUTTAN
Assistant Secretary to Govt.
Local Self Government Dept.
Govt. Secretariat, Thiru.
TEN. 101250